**ധനകാര്യം**

## 2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരെ ഒൻപതാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2021-22 | | | | | | |
|---|---|---|---|---|---|---|---|---|
| | | 25.01.2021 ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | 10.06.2021 ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) |
| XII | പോലീസ് | 1442,82,04,000 | 18,25,56,000 | 1126,64,71,000 | 13,27,74,000 | 1895,61,54,000 | 23,23,39,000 | 1918,84,93,000 |
| XIII | ജയിലുകൾ | 59,99,12,000 | - | 44,99,35,000 | - | 74,98,90,000 | - | 74,98,90,000 |
| XIV | സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും | 218,02,81,000 | 2,96,00,000 | 163,52,10,000 | 2,22,00,000 | 272,53,51,000 | 3,70,00,000 | 276,23,51,000 |
| XXIII | വാർത്താവിതരണവും പ്രചരണവും | 34,02,40,000 | 1,40,00,000 | 25,51,80,000 | 1,05,00,000 | 42,53,00,000 | 1,75,00,000 | 44,28,00,000 |

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയെയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയെയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയെയും വാർത്താ

വിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

**ധനാഭ്യർത്ഥന നമ്പർ XII - പോലീസ്**

നയനിരാകരണത്തിനുള്ള വെട്ടികുറയ്ക്കൽ

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1918,84,93,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (രാഷ്ട്രീയ കൊലപാതകങ്ങളിലെ പ്രതികളെ പോലീസ് സംരക്ഷിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1918,84,93,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (രാഷ്ട്രീയ കൊലപാതകങ്ങൾ തടയുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1918,84,93,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (രാഷ്ട്രീയ ഇടപെടൽമൂലം പോലീസിന് സ്വതന്ത്രമായി പ്രവർത്തിക്കുവാൻ കഴിയാതെ വരുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1918,84,93,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സൈബർ കേസുകൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ സാങ്കേതിക പരിജ്ഞാനം നേടുന്നതിന് പോലീസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1918,84,93,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഗുണ്ടാ-ലഹരി മരുന്ന് മാഫിയകളുടെ പ്രവർത്തനം തടയുന്നതിന് പോലീസ് നടപടി സ്വീകരിക്കാത്തതായി

പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1918,84,93,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സ്ത്രീധന പീഡന മരണങ്ങളും ഗാർഹിക അതിക്രമങ്ങളും വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1918,84,93,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സ്ത്രീധന പീഡനങ്ങൾ തടയുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1918,84,93,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സ്ത്രീധനപീഡന കേസ്സുകൾ അന്വേഷിക്കുന്നതിൽ കാലതാമസം വരുന്നതായും, പ്രതികളെ രക്ഷപ്പെടാൻ

സഹായിക്കുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1918,84,93,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിൽ പരാജയപ്പെട്ടതായും പോക്സോ കേസ് പ്രതികളെ സംരക്ഷിക്കുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1918,84,93,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വാളയാർ പെൺകുട്ടികളുടെ മരണത്തിന് പിന്നിലെ കുറ്റവാളികളെ കണ്ടെത്തുന്നതിൽ പോലീസ് പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1918,84,93,000 രൂപ ഒരു

രൂപയായി കുറവ് ചെയ്യേണ്ടതാണ് (വർഗ്ഗീയ ശക്തികളെ പ്രോത്സാഹിപ്പിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1918,84,93,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (തിരുവനന്തപുരം വിമാനത്താവളത്തിലൂടെയുള്ള സ്വർണ്ണക്കടത്ത് കേസിൽ ഉൾപ്പെട്ടവരെ സംരക്ഷിക്കാൻ പോലീസ് ശ്രമിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1918,84,93,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സ്വർണ്ണക്കടത്തുമായി ബന്ധപ്പെട്ട ക്വട്ടേഷൻ സംഘങ്ങളെ അമർച്ചചെയ്യുന്നതിൽ പോലീസ് പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, പോലീസ് എന്ന XII-ാം നമ്പർ

ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1918,84,93,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പോലീസ് ക്യാമ്പിൽനിന്ന് വെടിയുണ്ടകൾ കാണാതായതായി സി.&എ.ജി. റിപ്പോർട്ട് ചെയ്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1918,84,93,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പോലീസ് ഓഫീസർമാർക്കുള്ള പാർപ്പിട പദ്ധതിയിൽ അഴിമതി നടന്നതായും പോലീസിനായി വൻ തുകയ്ക്ക് ഹെലിക്കോപ്റ്റർ വാടകയ്ക്കെടുത്തതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1918,84,93,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മുട്ടിൽ മരംമുറികേസിൽ ആദിവാസികൾക്ക് നേരെയുള്ള അതിക്രമം തടയാൻ നിയമപ്രകാരം ജില്ലാ ഭരണകൂടം പരാതി നൽകിയിട്ടും കുറ്റക്കാർക്കെതിരെ കേസ്

എടുക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സജീവ് ജോസഫ്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1918,84,93,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്തുടനീളം സദാചാര പോലീസ് എന്നപേരിൽ നടക്കുന്ന അതിക്രമങ്ങൾ തടയുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1918,84,93,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ലോക്കപ്പ് മർദ്ദനങ്ങൾ നടക്കുന്നില്ല എന്ന് ഉറപ്പുവരുത്താൻ എല്ലാ സ്റ്റേഷനുകളിലും സി.സി.ടി.വി സ്ഥാപിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1918,84,93,000 രൂപ ഒരു

രൂപയായി കുറവ് ചെയ്യേണ്ടതാണ് (സാമ്പത്തിക തട്ടിപ്പ് കേസ്സുകൾ നിയന്ത്രിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1918,84,93,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പോലീസ് നടത്തുന്ന മനുഷ്യാവകാശ ലംഘനങ്ങൾ നിയന്ത്രിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1918,84,93,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വാഹന പരിശോധന നടത്തി പോലീസ് പിരിച്ചെടുക്കുന്ന തുക കൃത്യമായി ട്രഷറിയിൽ ഒടുക്കുന്നു എന്ന് ഉറപ്പാക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1918,84,93,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് പോലീസ് പിടിച്ചെടുക്കുന്ന വാഹനങ്ങൾ നടപടികൾക്കുശേഷം ബന്ധപ്പെട്ടവർക്ക് തിരികെ നൽകാതെ സ്റ്റേഷൻ പരിസരങ്ങളിലും റോഡുകളിലും കൂട്ടിയിട്ടിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1918,84,93,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മാവോയിസ്റ്റ് പ്രവർത്തനം തടയുന്നതിന് പോലീസ് സേനയ്ക്ക് പ്രത്യേക പരിശീലനം നൽകണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മിതവ്യയ വെട്ടികുറയ്ക്കൽ

ശ്രീമതി കെ. കെ. രമ: സർ, പോലീസ് എന്ന XII-ാം നമ്പർ ബഡ്ജറ്റ് ഹെഡിനുകീഴെ 2055-00-101-99-01-5 എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 3,34,93,000 രൂപ 2,00,00,000 രൂപയായി കുറവ്

ചെയ്യേണ്ടതാണ് (സ്ത്രീപീഡന, ബാലപീഡന കേസുകളുടെ കുറ്റപത്രം നൽകാൻ വൈകിയതുമൂലം കുറ്റവാളികൾ രക്ഷപ്പെടാനിടയായതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: സർ, പോലീസ് എന്ന XII-ാം നമ്പർ ബഡ്ജറ്റ് ഹെഡിനുകീഴെ 2055-00-001-98-01-1 എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 115,71,000 രൂപ 110,00,000 രൂപയായി കുറവ് ചെയ്യേണ്ടതാണ് (നഗരങ്ങളിൽ അക്രമങ്ങൾ നടക്കുന്നത് തടയുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, പോലീസ് എന്ന XII-ാം നമ്പർ ബഡ്ജറ്റ് ഹെഡിനുകീഴെ 2055-00-115-98-25 എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 450,00,000 രൂപ 400,00,000 രൂപയായി കുറവ് ചെയ്യേണ്ടതാണ് (സൈബർ സുരക്ഷയുടെ ഭാഗമായി സംഘടിപ്പിച്ച കൊക്കൂൺ കോൺഫറൻസിന്റെ നടത്തിപ്പിൽ ക്രമക്കേട് നടന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ

അവതരിപ്പിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ്: സർ, പോലീസ് എന്ന XII-ാം നമ്പർ ബഡ്ജറ്റ് ഹെഡിനുകീഴെ 2055-00-101-99-01-5 എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 334,93,000 രൂപ 234,93,000 രൂപയായി കുറവ് ചെയ്യേണ്ടതാണ് (രാഷ്ട്രീയ കൊലപാതക കേസുകളിൽ യഥാർത്ഥ പ്രതികളെ കണ്ടെത്താത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, പോലീസ് എന്ന XII-ാം നമ്പർ ബഡ്ജറ്റ് ഹെഡിനുകീഴെ 2055-00-117-98-02 എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 300,00,000 രൂപ 200,00,000 രൂപയായി കുറവ് ചെയ്യേണ്ടതാണ് (മാവോയിസ്റ്റ് ബന്ധം ആരോപിക്കപ്പെട്ടവർക്കെതിരെ യു.എ.പി.എ. ചുമത്തിയതായും കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടത് വ്യാജ ഏറ്റുമുട്ടലിലാണെന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XIII – ജയിലുകൾ

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 74,98,90,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വധക്കേസിലെ പ്രതികൾ ഉൾപ്പെടെയുള്ളവർക്ക് കോവിഡിന്റെ മറവിൽ അനധികൃത പരോൾ അനുവദിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 74,98,90,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വധക്കേസിൽ ശിക്ഷിക്കപ്പെട്ട് ജയിലിൽ കഴിയുന്ന തടവുകാർക്ക് അനധികൃതമായി പരോൾ അനുവദിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 74,98,90,000 രൂപ ഒരു

രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ ജയിലുകൾ കേന്ദ്രീകരിച്ച് കുറ്റവാളികൾ സ്വർണ്ണ കള്ളക്കടത്തും ലഹരിക്കച്ചവടവും ആസൂത്രണം ചെയ്തു നടപ്പാക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ടി. തോമസ്: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 74,98,90,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സ്വർണ്ണ കള്ളക്കടത്ത് കേസിലെ പ്രതികളുടെ മൊഴിമാറ്റുന്നതിന് ജയിലിൽ വച്ച് സമ്മർദ്ദം ചെലുത്തിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 74,98,90,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പരോൾ നൽകുന്നതിൽ മാനദണ്ഡങ്ങൾ ലംഘിക്കുന്നില്ല എന്ന് ഉറപ്പു വരുത്തുന്നതിനായി നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 74,98,90,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജയിലുകൾ കുറ്റവാളികളുടെ ക്വട്ടേഷൻ കേന്ദ്രമാകുന്നുവെന്നും ജയിലുകളിൽ മയക്കുമരുന്ന് കച്ചവടം നടക്കുന്നുവെന്നും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 74,98,90,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (തടവുകാർ ജയിലിനു പുറത്തുള്ള ക്വട്ടേഷനുകൾ നിയന്ത്രിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 74,98,90,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ലഹരി പദാർത്ഥങ്ങൾ കടത്തി കൊണ്ടുവരുന്നതിന് ഉദ്യോഗസ്ഥർ സഹായം ചെയ്യുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം

ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. പി. എ. മജീദ്</u>: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 74,98,90,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (തടവുകാരെ ഭീഷണിപ്പെടുത്തി മൊഴിമാറ്റം നടത്താൻ പ്രേരിപ്പിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 74,98,90,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജയിലുകളുടെ സുരക്ഷ വർദ്ധിപ്പിക്കാത്തതുമൂലം ഉണ്ടാകുന്നതായി പറയപ്പെടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 74,98,90,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (തടവുകാർക്ക് ആനുപാതികമായി ജയിലുകളിൽ ജീവനക്കാരെ നിയമിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 74,98,90,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (തുറന്ന ജയിലുകളുടെ എണ്ണം വർദ്ധിപ്പിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 74,98,90,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജയിലുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 74,98,90,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വിചാരണത്തടവുകാരെ വീഡിയോ കോൺഫറൻസിംഗ് വഴി കോടതിയിൽ ഹാജരാക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 74,98,90,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (തടവുകാരുടെ മാനസിക സംഘർഷം ഒഴിവാക്കാൻ ആവശ്യമായ വിനോദസൗകര്യങ്ങൾ ഏർപ്പെടുത്തണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 74,98,90,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജയിലിൽ വിവിധ തൊഴിലുകൾ ചെയ്യുന്നവർക്ക് നൽകി വരുന്ന പ്രതിഫലം വർദ്ധിപ്പിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 74,98,90,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജയിലുകളിൽ സി.സി.ടി.വി സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന

ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## മിതവ്യയ വെട്ടികുറയ്ക്കൽ

ശ്രീമതി കെ. കെ. രമ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ബഡ്ജറ്റ് ഹെഡിനുകീഴെ 2056-00-001-99-01 എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 4,50,87,000 രൂപ 4,00,00,000 രൂപയായി കുറവ് ചെയ്യേണ്ടതാണ് (തടവുകാർ സ്വർണ്ണക്കടത്തുകാരിൽനിന്ന് സ്വർണ്ണം തട്ടിയെടുക്കുന്നതിന് ആസൂത്രണം നടത്തിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ബഡ്ജറ്റ് ഹെഡിനുകീഴെ 2056-00-001-99-01 എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 4,50,87,000 രൂപ 4,48,87,000 രൂപയായി കുറവ് ചെയ്യേണ്ടതാണ് (വധക്കേസിലെ പ്രതികൾക്ക് ജയിലിൽ മൊബൈൽ ഫോൺ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ നൽകി കുറ്റകൃത്യങ്ങൾ ആസൂത്രണം ചെയ്യാൻ സാഹചര്യമൊരുക്കിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 74,98,90,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ

ശ്രീ. പി. സി. വിഷ്ണുനാഥ്

ശ്രീ. സണ്ണി ജോസഫ്

ശ്രീ. ടി. സിദ്ദിഖ്

ശ്രീ. എം. വിൻസെന്റ്

ശ്രീ. ടി. ജെ. വിനോദ്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. അൻവർ സാദത്ത്

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീ. സജീവ് ജോസഫ്

## ധനാഭ്യർത്ഥന നമ്പർ XIV – സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും

നയനിരാകരണത്തിനുള്ള വെട്ടികുറയ്ക്കൽ

ശ്രീ. പി. കെ. ബഷീർ: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 276,23,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്(സർക്കാർ ആവശ്യങ്ങൾക്കായി വിതരണം ചെയ്യുന്ന സ്റ്റേഷനറി സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്)എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 276,23,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സർക്കാർ ഓഫീസുകൾക്ക് ആവശ്യമായ സ്റ്റേഷനറി സാധനങ്ങൾ ലഭ്യമാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റു

ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 276,23,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സ്റ്റേഷനറി സാധനങ്ങൾ വാങ്ങുന്നതിലെ ക്രമക്കേടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 276,23,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സർക്കാർ പ്രസ്സുകൾ ആധുനികവൽക്കരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 276,23,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സ്കൂൾ പാഠപുസ്തകങ്ങൾ പൂർണ്ണമായും സർക്കാർ പ്രസ്സുകളിൽ അച്ചടിക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്താത്തതായി

പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 276,23,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സർക്കാർ ഓഫീസുകളുടെ ഉപയോഗത്തിനാവശ്യമായ ഫോറങ്ങളും രജിസ്റ്ററുകളും സമയബന്ധിതമായി സർക്കാർ പ്രസുകളിൽ തയ്യാറാക്കി നൽകാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 276,23,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (അഗ്നിശമന സേനാ വിഭാഗത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റു

ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 276,23,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (അഗ്നിശമന സേനയ്ക്ക് ആധുനിക സാങ്കേതിക വിദ്യയോടുകൂടിയ വാഹനങ്ങൾ ലഭ്യമാക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 276,23,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഇടുങ്ങിയ സ്ഥലങ്ങളിൽ സ്ഥിതി ചെയ്യുന്ന വ്യാപാര സ്ഥാപനങ്ങളിലെ അഗ്നിബാധ ഉൾപ്പെടെയുള്ള ദുരന്തങ്ങൾ നേരിടുന്നതിനാവശ്യമായ യന്ത്രസാമഗ്രികൾ ലഭ്യമാക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 276,23,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ

അഗ്നിശമനസേനയുടെ സേവനം ഉറപ്പാക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 276,23,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ദുരന്തങ്ങൾ സംഭവിച്ചാൽ അടിയന്തരമായി അഗ്നിശമനസേനയുടെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 276,23,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഹോം ഗാർഡുകൾക്കു നൽകുന്ന ദിവസവേതനം കാലാനുസൃതമായി പരിഷ്കരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്.</u>: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 276,23,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഹോം ഗാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടിക്കുറയ്ക്കൽ</u>

സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 276,23,51,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീ. അൻവർ സാദത്ത്

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. ടി. ജെ. വിനോദ്

ശ്രീ. സി. ആർ. മഹേഷ്

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. പി. സി. വിഷ്ണുനാഥ്

ശ്രീ. എം. വിൻസെന്റ്

ശ്രീ. ടി. സിദ്ദിഖ്

ശ്രീ. സണ്ണി ജോസഫ്

ശ്രീ. പി. ടി. തോമസ്

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

ശ്രീ. സജീവ് ജോസഫ്

ശ്രീ. റോജി എം. ജോൺ

## ധനാഭ്യർത്ഥന നമ്പർ XXIII - വാർത്താവിതരണവും പ്രചരണവും

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. പി. കെ. ബഷീർ: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 44,28,00,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പബ്ലിക് റിലേഷൻസ് വകുപ്പ് തയ്യാറാക്കുന്ന ഷോർട്ട് ഫിലിമുകളിൽ സർക്കാർ സ്ഥാപനങ്ങളെ ഒഴിവാക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 44,28,00,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്(പബ്ലിക് റിലേഷൻസ് വകുപ്പു പ്രസിദ്ധീകരണങ്ങൾ രാഷ്ട്രീയ കക്ഷികളുടെ ഓഫീസിലൂടെ വിതരണം ചെയ്യുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള

44,28,00,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്(പബ്ലിക് റിലേഷൻസ് വകുപ്പു തയ്യാറാക്കുന്ന ലഘു ലേഖകൾ ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിൽ കെട്ടിക്കിടക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 44,28,00,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്(സർക്കാർ പ്രസിദ്ധീകരണങ്ങളുടെ ദുരുപയോഗം തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 44,28,00,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്(കോവിഡ് പ്രതിസന്ധി സാമ്പത്തിക പ്രതിസന്ധിക്ക് കാരണമാകുന്ന സാഹചര്യത്തിൽ സർക്കാർ പരസ്യങ്ങൾക്ക് വൻതുക ചെലവഴിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ

അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 44,28,00,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്(സാമ്പത്തികമായി ഞെരുക്കമുള്ള കോവിഡ് പശ്ചാത്തലത്തിലും സർക്കാർ പരസ്യങ്ങൾക്കായി വൻതുക ചെലവാക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 44,28,00,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്(പരസ്യ ഇനത്തിൽ മാധ്യമങ്ങൾക്കുള്ള കുടിശ്ശിക നൽകുന്നതിൽ കാലതാമസം വരുത്തുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള

44,28,00,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്(ചെറുകിട പത്രങ്ങൾക്ക് പരസ്യങ്ങൾ നിഷേധിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 44,28,00,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്(കേരള പത്രപ്രവർത്തകആരോഗ്യ സുരക്ഷാപദ്ധതി ആകർഷകമാക്കാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 44,28,00,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പത്ര ഏജന്റുമാർക്കും വിതരണക്കാർക്കും ക്ഷേമനിധി ഏർപ്പെടുത്തണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, വാർത്താവിതരണവും പ്രചരണവും

എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 44,28,00,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്(പത്രപ്രവർത്തക പെൻഷൻ സ്കീം മെച്ചപ്പെടുത്തണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 44,28,00,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്(പ്രസ്സ് അക്കാഡമിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുനന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മിതവ്യയ വെട്ടിക്കുറയ്ക്കൽ

ശ്രീ. ടി. സിദ്ദിഖ്: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ബഡ്ജറ്റ് ഹെഡിനു കീഴെ 2220-60-101-97 എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 10,00,00,000 രൂപ 8,00,00,000 രൂപയായി കുറവ് ചെയ്യേണ്ടതാണ് (സാമ്പത്തിക പ്രതിസന്ധിയുടെ

കാലത്ത് ഒരു സാമ്പത്തികവർഷ കാലയളവിൽ പരസ്യപ്രചരണത്തിനായി വൻതുക ചെലവഴിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ബഡ്ജറ്റ് ഹെഡിനു കീഴെ 2220-60-800-77 എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 5,50,00,000 രൂപ 5,00,00,000 രൂപയായി കുറവ് ചെയ്യേണ്ടതാണ് (സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ 'നാം മുന്നോട്ട് ' പരിപാടിക്ക് പണം ചെലവഴിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ

വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 44,28,00,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിക്കുന്നു.

ശ്രീ. മോൻസ് ജോസഫ്

ശ്രീ. കെ. ബാബു(തൃപ്പൂണിത്തുറ)

ശ്രീ. പി. ടി. തോമസ്

ശ്രീ. എം. വിൻസെന്റ്

ശ്രീ. പി. സി. വിഷ്ണുനാഥ്

ശ്രീ. സജീവ് ജോസഫ്

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. സി. ആർ. മഹേഷ്

ശ്രീ. ടി. ജെ. വിനോദ്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. അൻവർ സാദത്ത്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. റോജി എം. ജോൺ

**ചർച്ച**

ശ്രീ. മുരളി പെരുനെല്ലി: സർ, 2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബജറ്റിലെ പോലീസ്, ജയിലുകൾ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകൾ, വാർത്താവിതരണവും പ്രചരണവും തുടങ്ങിയ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്.

"മാമലകൾക്കപ്പുറത്തു മരതകപ്പട്ടുടുത്ത്
മലയാളമെന്നൊരു നാടുണ്ട് - കൊച്ചു
മലയാളമെന്നൊരു നാടുണ്ട്"

ഈ ഈരടികൾ മറുനാടൻ മലയാളികളുടെ മനസ്സിൽ എന്നും തങ്ങിനിൽക്കുന്ന ഒന്നാണ്. 'ദൈവത്തിന്റെ സ്വന്തം നാട്' എന്ന നമ്മുടെ പ്രിയപ്പെട്ട കേരളത്തിന് ലോക നെറുകയിലേയ്ക്ക് എങ്ങനെ കയറാൻ സാധിച്ചു എന്നുള്ളത് നമ്മൾ പരിശോധിക്കേണ്ടതാണ്. 1957-ലെ സഖാവ് ഇ.എം.സ്.-ന്റെ നേതൃത്വത്തിലുള്ള പ്രഥമ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് തുടങ്ങി വച്ച് സഖാവ് പിണറായി വിജയൻ നേതൃത്വം നൽകിയ സർക്കാർ അടക്കമുള്ള ഇടതുപക്ഷ അംശമുള്ള സർക്കാരുകൾ നടപ്പിലാക്കിയ ജനപക്ഷ ബദലുകളാണ് കേരളത്തെ ഈ പറയുന്ന നിലയിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരാനുള്ള പ്രധാനപ്പെട്ട കാരണം. പ്രതിപക്ഷത്തിന്റെ

എല്ലാ നുണപ്രചരണങ്ങളെയും ചവറ്റുകുട്ടയിലെറിഞ്ഞ് ഇക്കഴിഞ്ഞ നിയമസഭ തെരഞ്ഞെടുപ്പിൽ ഉന്നതിയിൽനിന്നും ഉന്നതിയിലേയ്ക്ക് സഖാവ് പിണറായി സർക്കാരിനെ എത്തിച്ചത് കേരളത്തിലെ മതനിരപേക്ഷ മനസ്സുള്ള കൈകളാണെന്നുള്ള കാര്യം നമുക്ക് കൃത്യമായി കാണാൻ കഴിയും. കേരളമക്കൾ മാത്രമല്ല കേരളത്തെ സ്നേഹിക്കുന്നത്, കേരളത്തിന് പുറത്ത് ലോകത്ത് പല പ്രദേശങ്ങളിൽനിന്നുള്ളവർ കേരളത്തെ സ്നേഹിക്കുകയാണ്. കേരളം പലർക്കും പ്രിയപ്പെട്ടതായി മാറിയത് കേരളത്തിന്റെ ക്രമസമാധാന രംഗമടക്കമുള്ള വിവിധ മേഖലകളിൽ ഇടതുപക്ഷ സർക്കാരുകൾ നടത്തിയ ഇടപെടലുകളാണെന്ന് നമുക്ക് കാണാൻ സാധിക്കും. ഈ അടുത്ത ദിവസം 'വിരമിച്ചാലും കേരളം വിടില്ല' എന്നുപറഞ്ഞ ഒരു വ്യക്തിയുണ്ട്, അത് മറ്റാരുമല്ല ജയിൽ മേധാവിയായി റിട്ടയർ ചെയ്ത ഡി.ജി.പി. ശ്രീ. ഋഷിരാജ് സിങാണ്. അദ്ദേഹം രാജസ്ഥാൻ സ്വദേശിയാണ്. ഉത്തർപ്രദേശ്, ബീഹാർ, രാജസ്ഥാൻ തുടങ്ങിയ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളെപ്പോലെ ക്രമസമാധാനപ്രശ്നമില്ലാത്ത, സമാധാനപൂർണ്ണമായ ഒരു സംസ്ഥാനമാണ് കേരളം എന്നാണ് അദ്ദേഹം പറഞ്ഞത്. ഇതുപോലെ പലരും പറയുന്നുണ്ട്. കേരളത്തെ അത്രമാത്രം എല്ലാവർക്കും പ്രിയപ്പെട്ടതാക്കിമാറ്റിയത് നേരത്തെ

സൂചിപ്പിച്ച 1957 മുതൽ ഇതുവരെയുള്ള ഇടതുപക്ഷ ഗവൺമെന്റുകളുടെ ശരിയായ ഇടപെടലുകളുടെ ഭാഗമായിട്ടാണ്. കേരള പോലീസിന്റെ മുഖഛായതന്നെ മാറിയ വർഷങ്ങളാണ് ഈ കഴിഞ്ഞ കാലഘട്ടങ്ങളിൽ നാം കണ്ടത്. യു.ഡി.എഫ്. ഭരണത്തിൽ ഭരണകൂടത്തിന്റെ മർദ്ദനോപകരണം എന്നുള്ള നിലയിലാണ് പോലീസ് പ്രവർത്തിച്ചിരുന്നതെങ്കിൽ അതിനപ്പുറത്ത് ഭരണകൂടത്തിന്റെ സേനയല്ല ജനങ്ങളുടെ സേനയാണ് എന്നുള്ള നിലയ്ക്ക് കേരളത്തിലെ പോലീസ് സേനയെ ഉയർത്തിക്കൊണ്ടുവന്നത് സഖാവ് പിണറായി വിജയൻ നേതൃത്വം കൊടുത്ത കഴിഞ്ഞ അഞ്ച് വർഷത്തെ ഗവൺമെന്റും ഇപ്പോഴത്തെ രണ്ടാം ഗവൺമെന്റുമാണെന്ന് കാണാൻ കഴിയും. ക്രമസമാധാനം വളരെ ഭദ്രമാണ്, ജനകീയമാണ് പോലീസ്, എന്നതുകൊണ്ടുതന്നെ നിരവധി ദേശീയ അന്തർ ദേശീയ പുരസ്കാരങ്ങൾ നമ്മുടെ പോലീസ് സേനയ്ക്ക് ലഭിച്ചിട്ടുണ്ട്. രാജ്യത്തെ ഏറ്റവും വലിയ സിവിലിയൻ പുരസ്കാരമായ സ്കോച്ച് അവാർഡിന് 2018, 2019 വർഷങ്ങളിൽ അർഹമായത് കേരള പോലീസാണ്. 2019-ലെ ഓൾ ഇന്ത്യ പോലീസ് മീറ്റിൽ കേരളാ പോലീസ് ആദ്യമായി മൂന്നാം സ്ഥാനം കരസ്ഥമാക്കി. 2018-ൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയം കണ്ണൂർ ജില്ലയിലെ

വളപട്ടണം പോലീസ് സ്റ്റേഷൻ രാജ്യത്തെ മികച്ച പോലീസ് സ്റ്റേഷനുകളിലൊന്നായി തെരഞ്ഞെടുത്ത കാഴ്ച നമ്മൾ കണ്ടു. ജനമൈത്രി പദ്ധതി (കോപ്റ്റുഡെ ഇന്റർനാഷണൽ) പോലീസ് എക്സലൻസ് അവാർഡ് കരസ്ഥമാക്കി. 2016-2017 വേൾഡ് ട്രേഡ് ഫെയറിൽ ഏറ്റവും മികച്ച എക്സിബിറ്റ് അവാർഡ് ലഭിച്ചത് കേരളാ പോലീസിനാണ്. കേരള പോലീസിന്റെ സോഷ്യൽ മീഡിയ സെല്ലിന്  ഇ-ഗവേണൻസ് പുരസ്കാരം ലഭിച്ചു. ഡിജിറ്റൽ ഇന്ത്യ നോളഡ്ജ് എക്സ്ചേഞ്ച്, എഫ്.ഐ.സി.സി.ഐ. സ്മാർട്ട് പോലീസിംഗ് അവാർഡ്, K7 സെക്യൂരിറ്റി മെഡൽ ഓഫ് ഓണർ അവാർഡ് തുടങ്ങി ഇക്കാലയളവിൽ കേരള പോലീസിനെ തേടിയെത്തിയ അവാർഡുകളുടെ പട്ടിക നിരത്താൻ സമയം തികയാത്തതുകൊണ്ട് പറയുന്നില്ല.  കുറ്റം പറയാൻ കഴിയില്ല.  ഒരു അവാർഡ് നിങ്ങൾക്കും കിട്ടി. ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിൽ ഒരു അവാർഡ് ലഭിച്ചത് നമ്മൾ കണ്ടതാണ്. ജനസമ്പർക്ക പരിപാടിക്കുള്ള ഒരു അവാർഡാണത്.  അവാർഡ് കിട്ടിയെന്നുള്ള പ്രചരണം നടത്തിയിരുന്നു. പക്ഷെ അതിന്റെ വസ്തുത പരിശോധിച്ചാൽ വളരെ രസകരമാണ്. 'എനിക്ക് അവാർഡ് തരുമോ സർ' എന്ന് ചോദിച്ചുകിട്ടിയ അവാർഡാണത്. ഭിക്ഷ

ചോദിക്കുന്നതുപോലെയല്ല അവാർഡിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതെന്ന് പറഞ്ഞ് അപേക്ഷ യു.എൻ. നിരസിച്ചു. അത് സർക്കാർ രണ്ടാമത് തിരുത്തിക്കൊടുത്തു. അങ്ങനെ യാചിച്ചുവാങ്ങിയ ഒരു അവാർഡ് എന്നതല്ലാതെ മറ്റൊന്നും കാണാൻ കഴിയില്ല. എന്നാൽ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ നേടിയ അവാർഡുകൾ ആരുടെ മുമ്പിലും യാചിച്ച് വാങ്ങിയതല്ല. കേരളത്തിന് അർഹതപ്പെട്ട അവർഡുകളാണ് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിൽ കേരളം നേടിയെടുത്തത് എന്നുള്ളത് നമുക്ക് അഭിമാനപൂർവ്വം പറയാൻ കഴിയും. യു.ഡി.എഫ്.-ന്റെ കാലത്തെ പോലീസിനെ സംബന്ധിച്ച് വളരെയധികം വിവരിക്കേണ്ട കാര്യമൊന്നുമില്ല. എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. പോലീസ് ഒരു ഗുണ്ടാസേനയെന്ന നിലയിലാണ് വിദ്യാർത്ഥി യുവജനപ്രസ്ഥാനങ്ങളെ ആ കാലഘട്ടത്തിൽ കൈകാര്യം ചെയ്തിട്ടുള്ളത്. തന്നെ വിളിച്ച ഒരു വിദ്യാർത്ഥി ആത്മഹത്യ ചെയ്തുവെന്ന കാരണത്താൽ കഴിഞ്ഞ സഭയിലെ അംഗമായിരുന്ന ശ്രീ. ജെയിംസ് മാത്യുവിനെ കൊലപാതക കുറ്റം ചുമത്തി ജയിലിലടച്ച ഒരു ഭരണകൂടമാണ് യു.ഡി.എഫ്.-ന്റേത്. ഇടുക്കി ജില്ലാ സെക്രട്ടറിയായിരുന്ന ഇപ്പോൾ

എം.എൽ.എ.-യും മുൻ മന്ത്രിയുമായിരുന്ന ശ്രീ. എം. എം. മണി, കണ്ണൂർ ജില്ലാ സെക്രട്ടറി ശ്രീ. പി. ജയരാജൻ, മോഹനൻ മാസ്റ്റർ, മുൻ എം.എൽ.എ. ശ്രീ. ടി. വി. രാജേഷ് ഇവരെയൊക്കെ രാഷ്ട്രീയ വൈര്യത്തിന്റെ പേരിൽ ജയിലിലടച്ച് സായൂജ്യമടഞ്ഞപ്പോൾ ക്രിമിനലുകളും അഴിമതിക്കാരും സായൂജ്യമടയുന്ന ഭരണമാണ് കേരളം ഇവിടെ കണ്ടത്. അതുപോലെ തീക്കട്ടയിൽ ഉറുമ്പരിക്കുമോ? അത് സാധാരണ പതിവില്ലാത്തതാണ്. തീക്കട്ടയിൽ ഉറുമ്പരിക്കില്ല. ഉറുമ്പരിക്കുന്ന ഒരു കാലഘട്ടമായിരുന്നു യു.ഡി.എഫ്.-ന്റെ ഭരണകാലഘട്ടം. പാറ്റൂർ കേസ്സുമായി ബന്ധപ്പെട്ട് വിജിലൻസ് ഡി.ജി.പി.-ക്ക് സംരക്ഷണം കൊടുക്കേണ്ടിവന്ന ഒരു ആഭ്യന്തര വകുപ്പുമന്ത്രിയാണ് നമ്മുടെ മുൻ പ്രതിപക്ഷ നേതാവ് എന്നുള്ളതും നമ്മൾ കണ്ടതാണ്. അപ്പോൾ തീക്കട്ടയിലും ഉറുമ്പരിക്കുന്ന ഒരു കാലഘട്ടമായിരുന്നു യു.ഡി.എഫ്.-ന്റെ ഭരണമെന്നത് നമുക്ക് കാണാൻ കഴിയും. ആ ഭരണത്തിൽ ഡി.ഐ.ജി. ഉൾപ്പെടെ സംസ്ഥാന പോലീസിൽ ആയിരത്തോളം ക്രിമിനലുകളുണ്ടായിരുന്നുവെന്നാണ് റിപ്പോർട്ട് പുറത്തുവന്നത്. ഒരാൾക്കെതിരെപ്പോലും നടപടിയെടുക്കുന്നത് കണ്ടിട്ടില്ല. തൃശ്ശൂരിലെ സെക്യൂരിറ്റി ജീവനക്കാരനെ വാഹനം കയറ്റികൊന്ന മുഹമ്മദ് നിസാം കേസ്സ്

യു.ഡി.എഫ്.-ന്റെ കാലഘട്ടത്തിലായിരുന്നു. മുഹമ്മദ് നിസ്സാമിനെ രക്ഷിക്കാൻ മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്നുള്ള നിർദ്ദേശപ്രകാരമാണ് അന്നത്തെ ഡി.ജി.പി. ഇടപെട്ടതെന്ന് ഗവൺമെന്റ് ചീഫ് വിപ്പുതന്നെ പരസ്യപ്പെടുത്തിയതാണ്. ഇതാണ് കേരളം കണ്ടുകൊണ്ടിരുന്നത്. അതുപോലെ തൃശ്ശൂർ അയ്യന്തോളിൽ ഗ്രൂപ്പ് വൈര്യത്തിന്റെ പേരിൽ രണ്ട് കോൺഗ്രസ് നേതാക്കന്മാർ കൊല്ലപ്പെട്ടു. അവരെ എതിരാളികൾ കൊന്നതല്ല. അതുസംബന്ധിച്ച അന്വേഷണം ആ കാലഘട്ടത്തിൽ ഉണ്ടായിട്ടില്ല. അതുപോലെ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ശ്രീ. രമേശ് ചെന്നിത്തലയ്ക്ക് പ്രോട്ടോക്കോൾ പ്രകാരം നൽകേണ്ട ബഹുമാനം നൽകാതെ ഒരു എ.ഡി.ജി.പി. അപമാനിച്ചപ്പോൾ തനിക്ക് അതിനുള്ള അർഹതയേയുള്ളുവെന്നുള്ള നിലയിൽ സുസ്മേരവദനനായി അത് വകവച്ചുകൊടുക്കുന്ന ഒരു ആഭ്യന്തര വകുപ്പുമന്ത്രിയാണ് നമ്മൾ ആ കാലഘട്ടങ്ങളിൽ കണ്ടത്. അന്ന് മാഫിയ വിളയാട്ടം രൂക്ഷമായിരുന്നു. മണൽ മാഫിയ അടക്കമുള്ള മാഫിയകളുടെ ഭരണമാണ് യു.ഡി.എഫ്.-ന്റെ കാലത്ത് കേരളം കണ്ടത്. പോലീസ് സ്റ്റേഷനിൽനിന്ന് മണൽ മാഫിയ സംഘം പ്രതികളെ ഇറക്കികൊണ്ടുവരുന്ന അവസ്ഥപോലും ഉണ്ടായിട്ടുണ്ട്.

പോലീസുകാരെ മൂന്നാംകിടക്കാരായി കണ്ട് ഒന്നാംതരം സേവനം പ്രതീക്ഷിക്കരുത് എന്നുപറഞ്ഞത് അന്നത്തെ ഡി.ജി.പി. ശ്രീ. ടി. പി. സെൻകുമാറാണ്. ഇത് പറഞ്ഞ ബി.ജെ.പി.-യും അന്നത്തെ ഭരണനേതൃത്വവും കുലുക്കമില്ലാതെ അധികാരത്തിൽ തുടരുന്ന ഒരു കാഴ്ചയാണ് കേരളത്തിൽ കണ്ടത്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. റൂൾ 50 പ്രകാരമുള്ള ചർച്ചാവേളയിൽ പ്രതിപക്ഷ നേതാവ് പറഞ്ഞത് മുഖ്യമന്ത്രി പശുവിനെപ്പറ്റി പറഞ്ഞാൽ തെങ്ങിനെ പറ്റിയാണ് പറയുന്നതെന്നാണ്. അത് ശരിയാണ്. പശുവിനെപ്പറ്റി പറയുമ്പോൾ പശുവിനെപ്പറ്റി, പശുവിനെ കെട്ടുന്ന കയറിനെപ്പറ്റി, ആരാണ് ആ കയർ പിടിച്ചതെന്നൊക്കെ പറയേണ്ടി വരും. സോളാർ എന്ന് പറയുമ്പോൾ സോളാർ ലൈറ്റ് മാത്രമാണോ പറയുന്നത്. അക്കാര്യങ്ങളെ സംബന്ധിച്ച് വളരെ സമഗ്രമായി മുഖ്യമന്ത്രി മറുപടി പറയും. അതിൽ ഒരു തർക്കവുമില്ല. പക്ഷെ നിങ്ങളോ? പശുവിനെ പറ്റി ചോദിച്ചാൽ പോത്തിനെപ്പറ്റിയാണ് മറുപടി പറയുക. പശുവിനെപ്പറ്റി ഒരക്ഷരം പറയില്ല. അരി എത്രയാണെന്ന് ചോദിച്ചാൽ പയർ അഞ്ഞാഴിയെന്ന മറുപടിപോലെയാണ് നിങ്ങളുടെ കാലഘട്ടങ്ങളിൽ നൽകിയിരുന്ന മറുപടി. തന്നെ ബി.ജെ.പി. പട്ടം

ചാർത്താൻ നോക്കേണ്ട എന്ന് പ്രതിപക്ഷ നേതാവ് ഇവിടെ പറഞ്ഞു. നിങ്ങളുടെ തലയിൽ അതിരിക്കുകയാണ്. ഞങ്ങളാരും ചാർത്തിതന്നതല്ലല്ലോ. അതിന് അവിടെ ഇരിക്കുന്ന ഉദാഹരണങ്ങളുണ്ടല്ലോ. പാവപ്പെട്ടവർക്ക് വീടുകൊടുക്കുന്ന ലൈഫ് പദ്ധതിയെ സംബന്ധിച്ചുള്ള വിപുലമായ പദ്ധതി ആവിഷ്കരിച്ചപ്പോൾ അതിനെ തകർക്കാൻ നിങ്ങളുടെ ഒരു എം.എൽ.എ. അല്ലേ സി.ബി.ഐ.-യ്ക്ക് കത്തുകൊടുത്തത്. കത്ത് കൊടുത്ത് മൂന്നാം ദിവസം സി.ബി.ഐ. അന്വേഷണത്തിന് വന്നു. അതേസമയം സി.ബി.ഐ.-യുടെ കൈവശം വർഷങ്ങളായിരിക്കുന്ന ഫയലുകളിൽ തൊടുന്നില്ല. അപ്പോൾ ബി.ജെ.പി.-യുമായിട്ടുള്ള ബന്ധം ആർക്കാണെന്നാണ് മനസ്സിലാകുന്നത്. ബി.ജെ.പി. കേന്ദ്രവുമായി ബന്ധമുള്ളതുകൊണ്ടാണ് ഇത്രയും പെട്ടെന്ന് അന്വേഷണം വന്നത്. അന്നത്തെ ആ സംഭവത്തിലെ വീട് മുടക്കിയായ എം.എൽ.എ. ഇപ്പോൾ വീട്ടിൽ ചൊറികുത്തിയിരിക്കുകയാണ്. അദ്ദേഹം ഈ നിയമസഭയിൽനിന്ന് പുറത്താകുന്ന ഒരു കാഴ്ചയാണ് നമ്മൾ കണ്ടത്. അങ്ങനെ നിരവധി കാര്യങ്ങൾ നമുക്ക് കാണാൻ കഴിയും. പ്രളയ കാലഘട്ടത്തിൽ ജനങ്ങളെ സംരക്ഷിക്കുന്നതിൽ പോലീസിനെപ്പോലെതന്നെ ഫയർ ഫോഴ്സിന്റെ

സേവനം വളരെയേറെ ശ്രദ്ധേയമായതാണ്. അവരുടെ സേവനം എന്റെ മണ്ഡലമടക്കമുള്ള പ്രദേശങ്ങളിൽ ഞങ്ങൾ നേരിട്ട് അനുഭവിച്ചതാണ്. തൃശ്ശൂർ ജില്ലയിൽ ഒരു ഫയർ സ്റ്റേഷൻ അനുവദിക്കുകയാണെങ്കിൽ അത് മണലൂർ മണ്ഡലത്തിലാകണമെന്നുണ്ട്. മണലൂരിൽ ഒരു ഫയർ സ്റ്റേഷൻ അനുവദിക്കാനാവശ്യമായ നടപടിയുണ്ടാകണമെന്നാണ് പറയാനുള്ളത്. കേരളത്തിലെ പോലീസ് സ്റ്റേഷനുകളെയെല്ലാം നവീകരിച്ചുകൊണ്ട് ഏറ്റവും മെച്ചപ്പെട്ട രൂപത്തിൽ ജനസേവകരുടെ ഒരു കേന്ദ്രമാക്കി മാറ്റുന്നതിനുവേണ്ടി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ഇടപെട്ടുകൊണ്ടിരിക്കുമ്പോൾ ഗുരുവായൂർ, വാടാനപ്പള്ളി എന്നീ പോലീസ് സ്റ്റേഷനുകൾ ഇപ്പോൾ വാടക കെട്ടിടത്തിൽ വളരെയേറെ പ്രയാസത്തിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യം പലവട്ടം ശ്രദ്ധയിൽകൊണ്ടുവന്നിട്ടുള്ളതാണ്. ഈ പോലീസ് സ്റ്റേഷനുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ നടപടിയുണ്ടാകണമെന്നാണ് പറയാനുള്ളത്. പുതിയ കാലം, പുതിയ പ്രവർത്തനം, പുതിയ പോലീസ് എന്നതാണ് ഗവൺമെന്റിന്റെ നിലപാട്. പുതിയ കാലത്തിനനുസരിച്ച് ജനസേവകരായ പോലീസിനെ വളർത്തിയെടുക്കാൻ വളരെ ശക്തമായ ഇടപെടലുകൾ നടത്തികൊണ്ടാണ്

ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ജനങ്ങളുമായി ഇഴുകിച്ചേർന്ന പ്രവർത്തനം നടത്തുന്ന പോലീസ് അടക്കമുള്ള വിവിധ ധനാഭ്യർത്ഥനകൾ നവകേരളത്തിന്റെ മുന്നേറ്റത്തിന് അനിവാര്യമായ ധനാഭ്യർത്ഥനകളാണെന്ന് കണ്ടുകൊണ്ട് നവകേരള സൃഷ്ടിക്കായി മുന്നോട്ടുപോകുന്ന ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി സന്തോഷപൂർവ്വം പിന്തുണച്ച് നിർത്തുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ജനറൽ അഡ്മിനിസ്ട്രേഷനെക്കുറിച്ച് പ്രിയപ്പെട്ട ശ്രീ. മുരളി പെരുനെല്ലി പറഞ്ഞത് സന്തോഷപൂർവ്വം കേട്ടുകൊണ്ടിരിക്കുകയായിരുന്നു. അതിന്റെ അർത്ഥം ആഭ്യന്തര വകുപ്പിനെകുറിച്ച് അദ്ദേഹത്തിന് പറയത്തക്ക വിധത്തിലുള്ള നിർണ്ണായകമായ ഒരു കാര്യവും കയ്യിലില്ലായെന്നുള്ളതിന്റെ തെളിവാണ്. എനിക്ക് വളരെ അടുപ്പമുള്ള ആളായതുകൊണ്ട് ഞാൻ അദ്ദേഹത്തെ വിമർശിക്കുന്നില്ല.

മി. സ്പീക്കർ: അടുപ്പമുള്ള ആരെയും വിമർശിക്കില്ലേ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ തർക്കമുള്ള കാര്യമല്ലല്ലോ പറയുന്നത്. അദ്ദേഹത്തെ ഉയർത്തിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് അദ്ദേഹം നടത്തികൊണ്ടിരിക്കുന്ന പ്രസംഗത്തെക്കുറിച്ച് എനിക്ക് വലിയ അഭിപ്രായവ്യത്യാസമില്ല. ഇവിടെ ഈ ഗവൺമെന്റിനെക്കുറിച്ച് പറയുമ്പോൾ പണ്ട് ഞാൻ തന്നെ ഈ നിയമസഭയിൽ പറഞ്ഞ ഒരു കാര്യമുണ്ട്. മരിച്ചുകിടക്കുന്ന ഒരു അപ്പനെ കണ്ടിട്ട് ചരമപ്രസംഗം നടത്തിയ ഒരു വ്യക്തി മരിച്ച ആളിനെക്കുറിച്ച് പൊക്കി പറഞ്ഞു. ഉടനെ അടുത്തിരുന്ന മകൻ ചോദിച്ചു, അമ്മേ ഇത് നമ്മുടെ അപ്പനെക്കുറിച്ചുതന്നെയാണോ പറഞ്ഞുകൊണ്ടിരിക്കുന്നത് എന്ന്. ഇങ്ങനെ മുഖസ്തുതി പറഞ്ഞാൽ ഈ ഗവൺമെന്റ് പോസിറ്റീവാകില്ല. ഞങ്ങൾ ശ്രീ. പിണറായി വിജയനെ സഹായിക്കുകയാണ്. മൈനസ് പോയിന്റുകൾ ഞങ്ങൾ ചൂണ്ടിക്കാണിക്കും. അത് മാറ്റുന്നതിനുവേണ്ടി ശ്രമിക്കണം. കഴിഞ്ഞ എൽ.ഡി.എഫ്. ഭരണകാലത്ത് നമ്മുടെ സംസ്ഥാനത്ത് 17071 സ്ത്രീപീഡന-സ്ത്രീധന പീഡന-ഗാർഹിക പീഡന കേസുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. തിരുവനന്തപുരത്ത് 6467 കേസ്സുകൾ തുടങ്ങി കാസർഗോഡുവരെയുള്ള

കേസുകളുടെ ലിസ്റ്റ് ഞാൻ വായിക്കുന്നില്ല. കാരണം ഗവൺമെന്റിന്റെ കയ്യിൽ അതിന്റെ ലിസ്റ്റുണ്ടാകും. അതിനാൽ ആവർത്തിച്ച് പറയേണ്ട കാര്യമില്ല. പാവപ്പെട്ട സ്ത്രീകൾക്കാണല്ലോ നിങ്ങൾ ഭക്ഷ്യക്കിറ്റൊക്കെ കൊടുത്തത്. ഇപ്പോൾ ആ സ്ത്രീകൾ പറയുന്നത് മിന്നുന്നതെല്ലാം പൊന്നല്ല എന്നാണ്. നമ്മൾ ചിലത് മിന്നി കണ്ടു. പക്ഷേ അത് മിന്നൽ പിണറായി ആയി നേരെയങ്ങ് പോയിയെന്നാണ്. നമ്മുടെ നാട്ടിൽ സ്ത്രീധന പീഡന കേസ്സുകളും സ്ത്രീകൾക്കെതിരായിട്ടുള്ള അതിക്രമങ്ങളും എത്രമാത്രമാണ് വർദ്ധിച്ചുവരുന്നത്. അവസാനമായി വന്നത് മലപ്പുറത്ത് നാല് വയസ്സുള്ള ഒരു കൊച്ചുകുട്ടിയെ പീഡിപ്പിച്ച കേസാണ്. ആ കേസ് അവസാനം പോലീസ് സ്റ്റേഷനിൽവച്ച് ഒത്തുതീർപ്പാക്കി. പല്ല് മുളയ്ക്കാത്ത കുഞ്ഞിന് കേസ്സിന്റെ ഏതെങ്കിലും ആസ്പെക്ടിനെക്കുറിച്ച് അറിയാമോ; അവസാനം ആ കുഞ്ഞിന്റെ അമ്മയെ സ്വാധീനിച്ച് ഞങ്ങൾക്ക് പരാതിയില്ലായെന്ന് എഴുതി വാങ്ങിപ്പിച്ച് കേസ്സിന് ഒത്തുതീർപ്പുണ്ടാക്കി. എന്തൊരു കഷ്ടമാണിത്; ഈ കേരളത്തിലല്ലേ നമ്മൾ ജീവിക്കുന്നത്. സാക്ഷരകേരളം അഭിമാനപൂരിതമാകണമെന്ന് അപ്പുറത്തുനിന്നും ഇപ്പുറത്തുനിന്നും നമ്മൾ പറയുന്നുണ്ടല്ലോ. ഇതിനകത്ത് എന്ത് അഭിമാനമാണുള്ളത്. പാവപ്പെട്ട

നമ്മുടെ പിഞ്ചുകുഞ്ഞുങ്ങൾക്കുപ്പോലും കരയുന്ന കാര്യങ്ങൾ മാത്രമല്ലേ പറയാനുള്ളൂ. അത് തിരുത്തണമെന്ന പോസിറ്റീവായിട്ടുള്ള കാര്യങ്ങൾ ഞങ്ങൾ പറയുമ്പോൾ എന്തിനാണ് നിങ്ങൾ അതിനെ എതിർക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്; നാട്ടിൽ നടന്നുകൊണ്ടിരിക്കുന്ന ഈ തെറ്റായ പ്രവർത്തനങ്ങളെ എതിർക്കുന്നതിനുവേണ്ടി ഭരണപക്ഷം-പ്രതിപക്ഷം എന്നതിനപ്പുറം ഒരുമിച്ച് നിൽക്കാൻ കഴിയണം. നിങ്ങൾ പൂർണ്ണമായും ഇപ്പുറത്ത് നിൽക്കില്ലായെന്ന് എനിക്കറിയാം. കയ്യടിയും ശബ്ദഘോഷവും നമ്മുടെ ആവരണമാക്കിയെടുത്തിരിക്കുന്ന നിയമസഭയാണ്. സ്വാഭാവികമായും നിങ്ങളുടെ പരിമിതി എനിക്കറിയാം. പക്ഷെ നിൽക്കാവുന്നിടത്തോളം നിൽക്കണമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. ഇവിടെ നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങൾ എന്താണ്; 2021 ജൂൺ 21-ന് കോഴിക്കോട് രാമനാട്ടുകരയിൽ അഞ്ചുപേരുടെ മരണത്തോടനുബന്ധിച്ച് ഒരന്വേഷണം നടന്നപ്പോഴാണ് കേരളത്തെ ഞെട്ടിപ്പിച്ച സ്വർണ്ണ കവർച്ചയുടെ കഥകളുടെ ചുരുളഴിയുന്നത്. അനധികൃതമായി കടത്തിക്കൊണ്ടുവന്ന സ്വർണ്ണത്തിന് സംരക്ഷണം നൽകാനാണ് ഈ സംഘത്തെ നിയോഗിച്ചതെന്ന് അന്വേഷണത്തിൽ പുറത്തുവന്നിരിക്കുകയാണ്. ഈ

അന്വേഷണം ചെന്നെത്തിയത് ഡി.വൈ.എഫ്.ഐ.-യുടെ നേതാവ് അർജ്ജുൻ ആയങ്കിയിലാണ് എന്നുള്ളത് എല്ലാവർക്കും അറിയാം. സൈബർ ഇടത്തിലെ സി.പി.ഐ.(എം.)-ന്റെ ഗുണ്ടയായി ആ ചെറുപ്പക്കാരൻ അറിയപ്പെടുന്നതിൽ എനിക്ക് ദു:ഖമുണ്ട്, പക്ഷേ അങ്ങനെയാണ് അറിയപ്പെടുന്നത്. അർജ്ജുൻ ആയങ്കിയെ ചോദ്യം ചെയ്തപ്പോൾ കേരളത്തെ ഞെട്ടിപ്പിക്കുന്ന വിവരങ്ങളാണ് പുറത്തുവന്നത്. സ്വർണ്ണക്കടത്ത് കേസ്സിലെ പ്രതികൾക്ക് ടി. പി. ചന്ദ്രശേഖരൻ വധക്കേസ്സിലെ പ്രതികൾ സഹായം നൽകിയെന്നും ടി. പി. ചന്ദ്രശേഖരൻ വധക്കേസ്സിലെ പ്രതികളായ കൊടി സുനിക്കും മുഹമ്മദ് ഷാഫിക്കും സ്വർണ്ണക്കടത്തിന്റെ പങ്ക് നൽകിയെന്നും പ്രതികളെ ഒളിവിൽ പോകാൻ സഹായിച്ചുവെന്നുമാണ് രാമനാട്ടുകര സ്വർണ്ണക്കടത്ത് കേസ്സിലെ പ്രധാനപ്രതി അർജ്ജുൻ ആയങ്കി കസ്റ്റംസിന് കൊടുത്തിരിക്കുന്ന മൊഴി. ആ മൊഴിയിൽ പറയുന്നത്, അതിക്രൂരമായി കൊലപാതകം നടത്തി ജയിലിൽ കഴിയുന്ന ആളുകളുടെ എല്ലാവിസ്താരവും നടത്തി അവസാനം ജഡ്ജി ശ്രീ. ആർ. നാരായണ പിഷാരടി ശിക്ഷിച്ച് ജയിലിലാക്കിയിരിക്കുന്ന ആളുകൾക്ക് ഒരുഷെയർ കൊടുത്തിട്ടാണ് സ്വർണ്ണകള്ളക്കടത്ത് നടത്തിക്കൊണ്ടിരിക്കുന്നതെന്ന് പറഞ്ഞാൽ കാര്യങ്ങൾ

എവിടെ ചെന്നെത്തിനിൽക്കുന്നുവെന്നതിനെക്കുറിച്ച് നമ്മൾ ആലോചിച്ചിട്ടുണ്ടോ; നമ്മൾ എവിടെയാണ് നിൽക്കുന്നത്. കേരളത്തിൽ ജീവിക്കാൻ ജനങ്ങൾക്ക് ഭയം തോന്നുകയാണ്. ടി. പി. ചന്ദ്രശേഖരൻ കേസ്സിലെ പ്രതികൾക്ക് അനധികൃതമായി ഫോൺ അടക്കമുള്ള സൗകര്യങ്ങൾ ഒരുക്കികൊടുത്തിട്ടുണ്ടെന്നത് സത്യമല്ലേ; സൗകര്യങ്ങൾ ഏർപ്പെടുത്തി കൊടുത്ത ജയിലിലെ ഉദ്യോഗസ്ഥർ ആരാണെന്ന് പരിശോധിച്ചിട്ടുണ്ടോ; ആ ഉദ്യോഗസ്ഥർ എന്തുകൊണ്ട് ഈ നടപടി ചെയ്തുവെന്ന് പരിശോധിച്ചിട്ടുണ്ടോ; ഉദ്യോഗസ്ഥരുടെ മനസ്സറിവില്ലാതെ ഈച്ചപോലും കടക്കാത്ത ജയിലിനകത്ത് വിദേശത്തേയ്ക്കുപോലും വിളിക്കാൻ കഴിയത്തക്ക വിധത്തിലുള്ള സ്മാർട്ട്ഫോൺ എങ്ങനെ എത്തിയെന്നുള്ളത് ആലോചിക്കണ്ടേ; ഈ കേസ്സിലെ പ്രതികൾക്ക് എല്ലാ സൗകര്യവും ഒരുക്കികൊടുക്കുകയാണ്, എല്ലാ ചട്ടങ്ങളും കാറ്റിൽ പറത്തുകയാണ്, പ്രതികൾക്ക് അനധികൃതമായി പരോൾ അനുവദിക്കുകയാണ്. കോവിഡ് വന്നാൽ അത് സൗകര്യപ്രദമായി വിനിയോഗിക്കാൻ കഴിയുമെന്നുള്ളത് ഇപ്പോഴാണ് ഞാൻ മനസ്സിലാക്കുന്നത്. കോവിഡിന്റെ പേര് പറഞ്ഞാണ് ജയിലിലെ പ്രതികളിൽ പലർക്കും പരോൾ അനുവദിച്ചിരിക്കുന്നത്. എനിക്ക്

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഒരുചോദ്യം ചോദിക്കാനുണ്ട്. കോവിഡ് വന്നതിനുശേഷം ജീവപര്യന്തം കഠിന തടവിന് വിധിച്ചിട്ടുള്ള എത്ര ആളുകളെ പുറത്തേയ്ക്ക് ഇറക്കിവിട്ടിട്ടുണ്ട്; സ്ത്രീകൾക്കെതിരെ അതിക്രമം ചെയ്ത ആളിന് പരോൾ കൊടുക്കാൻ കഴിയുമോ; അക്കാര്യങ്ങളെ സംബന്ധിച്ച് എന്നേക്കാൾ കൂടുതൽ അങ്ങേയ്ക്ക് അറിയാമല്ലോ. കൊലപാതക കേസ്സിലെ പ്രതികൾക്ക് പരോൾ കൊടുക്കാൻ കഴിയുമോ; Resumption കാലാവധിയിൽ റിഡംപ്ഷൻ കാലാവധികൂടി കൂട്ടി അവരുടെ ശിക്ഷാകാലം കാൽക്കുലേറ്റ് ചെയ്തിട്ടാണ് കോവിഡിന്റെ മറവിൽ പരോൾ കൊടുക്കുന്നത്. പരോളിൽ പോയവരാണ് ഈ കുറ്റകൃത്യങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നതെന്നുള്ള കാര്യം അങ്ങ് സ്വന്തമായി വിജിലൻസ് സംഘത്തെ നിയമിച്ച് അന്വേഷിച്ച് നോക്കണം. അവർ കുറ്റകൃത്യങ്ങൾ ചെയ്താൽ ആർക്കും പിടിക്കാൻ സാധിക്കില്ലല്ലോ. അവർ ജയിലിൽ കിടക്കുന്നവരല്ലേ, ഏത് കോടതിക്ക്, ഏത് വക്കീലിന് ഇതിൽ തെളിവുണ്ടാക്കാൻ സാധിക്കും; അവർ ജയിലിൽ കിടക്കുകയാണ്. ജയിലിൽ കിടക്കുന്ന ആളുകൾ കുറ്റകൃത്യം ചെയ്യുന്നതിന് സാധ്യതയില്ലല്ലോയെന്നുള്ള അനുമാനത്തിന്റെ പുറത്ത് ഈ കുറ്റകൃത്യങ്ങളൊക്കെ നടത്തിക്കൊണ്ടിരിക്കുകയാണ്. അനധികൃതമായി

ഇവരെല്ലാം ചെയ്ത ആക്ഷേപങ്ങളെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ; ജീവപര്യന്തം ശിക്ഷിക്കപ്പെട്ട കൊടുംക്രിമിനലുകൾക്ക് ജയിലിലിരുന്ന് അധോലോക പ്രവർത്തനം നടത്താൻ കഴിയുമോ; അവർക്ക് സ്മാർട്ട്ഫോൺ തരപ്പെടുത്തികൊടുത്തു. അവർ അന്താരാഷ്ട്ര കോളുകൾ വിളിക്കുന്നു, അവർക്ക് യഥേഷ്ടം പരോൾ ലഭിക്കുന്നു, ജയിൽഭരണം അവരുടെ കയ്യിലാണ്. ഇവിടെ ജയിലിൽ രണ്ട് ഡി.ജി.പി.മാരാണുള്ളത്. ഒന്ന് ജയിലിന്റെ ചാർജ്ജുള്ള ഡി.ജി.പി., മറ്റൊന്നാണ് ജയിലിലെ ആക്ച്വൽ ഡി.ജി.പി. - അത് കൊടി സുനിയാണ്. ജയിലിലെ de facto ഡി.ജി.പി., അയാളാണ് ഈ കാര്യങ്ങളൊക്കെ നിയന്ത്രിക്കുന്നത്. അയാൾക്കുമുമ്പിൽ ആരും ചെല്ലില്ല. കണ്ണൂർ ജയിലിലെ ഒരു ബ്ലോക്കിൽ 69 കൊലക്കേസ്സിലെ പ്രതികളെ ഒരുമിച്ച് പാർപ്പിച്ചിരിക്കുന്നത് ഞാൻ നേരിട്ട് കണ്ടിട്ടുണ്ട്. കൊലക്കേസ്സിലെ പ്രതികളെ പ്രത്യേകമായി പാർപ്പിക്കേണ്ടതല്ലേ; പക്ഷേ അവിടെ എല്ലാവരേയും ഒരുമിച്ച് താമസിപ്പിച്ചിരിക്കുകയാണ്. അവിടെ ആർക്ക് അനങ്ങാൻ കഴിയും. ജയിലർ പ്ലേറ്റുകളൊക്കെ കൊടുത്തിട്ട് ആത്മരക്ഷാർത്ഥം ജീവനുംകൊണ്ട് ഓടുകയാണ്. ഇവരെ നിയന്ത്രിക്കാൻ ആർക്കെങ്കിലും സാധിക്കുമോ; ഇവരെ

നിയമത്തിനുമാത്രമേ നിയന്ത്രിക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ നിയമം കെട്ടഴിച്ച് വിട്ടിരിക്കുകയാണ്, ഇവരുടെ മുമ്പിൽ നിയമം വഴിമാറി ഒഴുകുകയാണ്. ഇവർ നിൽക്കുന്നിടത്തൊക്കെ നിയമം നോക്കുകയില്ലായെന്നതാണ് കണ്ടുകൊണ്ടിരിക്കുന്നത്. ഈ രൂപത്തിൽ കുറ്റവാളികളുടെ സങ്കേതമായ ജയിലുകളിൽ പോലും തുറന്നുവിട്ടിരിക്കുന്ന ഒരവസ്ഥയാണ് നിൽക്കുന്നത്. അർജ്ജുൻ ആയങ്കിക്ക് വാഹന സൗകര്യം നൽകിയത് ആരാണ്; എനിക്ക് നിങ്ങളെ പ്രകോപിപ്പിക്കാൻ കഴിയാത്തതുകൊണ്ട് ഞാൻ പറയുന്നില്ല. എന്നാലും ഒന്ന് ഓർമ്മിക്കണം. കാര്യം പറയുമ്പോൾ എല്ലാം പറയണ്ടേ...... ഡി.വൈ.എഫ്.ഐ.-യുടെ ചെമ്പിലോട് മേഖല സെക്രട്ടറി സി. സജേഷ് ആണല്ലോ വാഹനസൗകര്യം ഏർപ്പെടുത്തികൊടുത്തത്. ഡി.വൈ.എഫ്.ഐ. നേതാക്കൾ പ്രകാശിനെതിരായി മൊഴി നൽകിയപ്പോൾ ആകാശ് തില്ലങ്കേരി ഡി.വൈ.എഫ്.ഐ.-ക്കെതിരെ ഫെയ്സ് ബുക്കിൽ പോസ്റ്റിട്ടു. ഒരക്ഷരം മിണ്ടിയോ നിങ്ങൾ, ഞങ്ങളുടെ നേരെ എടുത്തുചാടി വരുന്ന സ്നേഹിതൻമാർ ആകാശ് തില്ലങ്കേരിയുടെ മുമ്പിലൊന്ന് തലയുയർത്തി നിന്നിരുന്നെങ്കിൽ എന്ന് ഞാൻ മോഹിച്ചുപോകുകയാണ്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്. സമയം കഴിഞ്ഞു....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നമ്മുടെ നാട്ടിൽ നടന്നുകൊണ്ടിരിക്കുന്ന തെറ്റായ വഴിവിട്ട പ്രവർത്തനങ്ങൾ ഉള്ളതുകൊണ്ടാണ് ജയിലിനകത്തുനിന്നുപോലും...ശ്രീമതി കെ. കെ. രമയെ നിങ്ങൾക്ക് അറിയാമല്ലോ. ശ്രീമതി കെ. കെ. രമയുടെ മകൻ അഭിജിത്തിനെ കൊല്ലുമെന്നല്ലേ പറഞ്ഞത്. അക്കാര്യം രമയ്ക്ക് അറിയാമല്ലോ. ശ്രീമതി കെ. കെ. രമയെയും അവരുടെ വീട്ടിലെ എല്ലാവരെയും തട്ടുമെന്നല്ലേ പറഞ്ഞത്. ശ്രീമതി കെ. കെ. രമയുടെ അമ്മയെയും അച്ഛൻ മാധവേട്ടനെയും ഞാൻ അന്ന് വന്ന് കണ്ടത് ഓർക്കുന്നു. ആ കുടുംബത്തോടെങ്കിലും ഇങ്ങനെ ചെയ്യരുതെന്ന് ഞാൻ വിനയപൂർവ്വം ഓർമ്മിപ്പിക്കുകയാണ്. തെറ്റായ ഈ പ്രവർത്തനം നമ്മുടെ നാടിനെ നശിപ്പിക്കും. രാഷ്ട്രീയമായി തല്ക്കാലത്തേയ്ക്കൊരു നേട്ടമുണ്ടായിയെന്നും എതിരാളികളെ അടിച്ചമർത്തിയിരുത്തിയെന്നും വരാം. പക്ഷേ ഈ രാജ്യം തകർന്നുപോകും. അതിനുള്ള സാഹചര്യമുണ്ടാക്കരുതെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്.

<u>ശ്രീ. പി. ബാലചന്ദ്രൻ:</u> സർ, പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ അവതരിപ്പിച്ചിരിക്കുന്ന പോലീസ്, ജയിലുകൾ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും വാർത്താവിതരണവും പ്രചരണവും എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ മഞ്ഞ കണ്ണടയിലൂടെ സമകാലീന രാഷ്ട്രീയത്തിൽ പോലീസുമായി ബന്ധപ്പെട്ട് നടത്തിയ യാത്ര നന്നായിട്ടുണ്ട്. അദ്ദേഹത്തിന്റെ മുന്നിൽ വന്നിട്ടുള്ള പ്രശ്നങ്ങളെ, വിസ്താരഭയമുള്ളതിനാൽ അതുസംബന്ധിച്ച് കൂടുതൽ സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. തിരുവിതാംകൂർ-കൊച്ചി-മലബാർ പ്രദേശത്ത് പഴയ ബ്രിട്ടീഷ് മാന്വൽ അനുസരിച്ച് രാജ്യകിങ്കരസ്വഭാവത്തോടെ പ്രവർത്തിച്ചിരുന്ന പോലീസ് സേന നമുക്കുണ്ടായിരുന്നു. കമ്മ്യൂണിസ്റ്റ് നേതാക്കളെയും ഇടതുപക്ഷനേതാക്കളെയും സോഷ്യലിസ്റ്റുകളെയും വേട്ടയാടുകയായിരുന്നു ആ സേനയുടെ പ്രധാന ദൗത്യം. ഇന്ത്യൻ റിപ്പബ്ലിക്കിലെ ആദ്യത്തെ രക്തസാക്ഷി സർദാർ ഗോപാലകൃഷ്ണന്റെ മരണവും അതിശക്തമായ കൊലപാതകംവരെ എത്തിനിൽക്കുന്ന പോലീസിന്റെ നരനായാട്ടിന്റെ

ചരിത്രവും കേരളചരിത്രത്തിന്റെ ഭാഗമാണ്. 1957-ൽ ആദ്യമായി അധികാരത്തിൽവന്ന കേരളത്തിലെ ഗവൺമെന്റ് പ്രഥമ പരിഗണനകൊടുത്ത് പരിഗണിച്ച പ്രശ്നങ്ങളിൽ ഒന്ന്, തൊഴിലിടങ്ങളിലെ സമരങ്ങളിൽ പോലീസ് ഇടപെടില്ലെന്നും രണ്ട്, ലോക്കപ്പ് മർദ്ദനങ്ങൾ ഇനി കേരളത്തിൽ നടക്കാൻ പാടില്ലെന്നുമുള്ളതാണ്. ഈ രണ്ട് കാര്യങ്ങളിലും ഏറ്റവുമധികം മർദ്ദനം ഏറ്റുവാങ്ങിയത് കേരളത്തിലെ ഇടതുപക്ഷമാണ്. മൂന്നുംകൂട്ടി മുറുക്കിയപ്പോൾ ചുവന്നുവെന്ന് പറയുന്നതുപോലെ തിരുവിതാംകൂറും കൊച്ചിയും മലബാറുംകൂടി ഒന്നുചേർന്നപ്പോഴാണ് കേരളം ഇടതുപക്ഷ ഭരണത്തിന്റെ കീഴിലായത്. കേരളത്തിന്റെ കൈകളിൽ ചെങ്കൊടി ഏൽപ്പിക്കപ്പെട്ടത്. പോലീസിന് കേരളചരിത്രവുമായി അഭേദ്യമായി നിൽക്കുന്ന ബന്ധമുണ്ട്. പഴയ മുദ്ര തൊപ്പിവച്ച ദിവാൻ പോലീസ് മുതൽ ഇങ്ങേയറ്റത്ത് നവീകരിച്ച യൂണിഫോമോടെ ജനമൈത്രി പോലീസ് വരെയെത്തി നിൽക്കുന്ന പോലീസിന്റെ നവീകരണത്തിന്റെ നീണ്ട ചരിത്രമുള്ളതാണ് കേരളത്തിന്റെ ചരിത്രം. ആ ചരിത്രത്തെ ഒന്നുരണ്ട് കേസുകളുമായി ബന്ധപ്പെടുത്തി പുച്ഛിച്ച് തള്ളാൻ കഴിയില്ല. "ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോരതന്നെ കൊതുകിന്നു കൗതുകം" എന്ന്

പറയുന്നതുപോലെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ പോലുള്ളവർക്ക് ഇതുതന്നെയായിരിക്കും എന്നും കാണാൻ സാധിക്കുന്നത്. പക്ഷേ, അന്നത്തെ കേരളത്തിലെ പോലീസിനെ മനുഷ്യമുഖമുള്ള ജനാധിപത്യ ആഭിമുഖ്യമുള്ള പോലീസാക്കി മാറ്റിയതിന്റെ പിന്നിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരുകൾക്ക് നിർണ്ണായകമായ പങ്കുണ്ട്. കഴിഞ്ഞ ഗവൺമെന്റിന് അതിശക്തമായ പങ്കുണ്ടെന്ന് പരിശോധിച്ചാൽ കാണാൻ സാധിക്കും. സ്ത്രീധന പീഡനത്തിന്റെ പേരിലാണ് ഇവരൊക്കെ ഇപ്പോൾ പോലീസിന്റെ ധനാഭ്യർത്ഥന ബില്ലിനെ പരാമർശിച്ചുകൊണ്ട് സംസാരം ആരംഭിക്കുന്നത്. കേരളത്തിലെ സ്ത്രീജനങ്ങളുടെ സുരക്ഷയ്ക്കുവേണ്ടി ഒരു പോലീസ് സംവിധാനത്തിൽ പ്രത്യേക ശാഖയ്ക്ക് രൂപം കൊടുത്തവരാണ് കഴിഞ്ഞ ഭരണകാലത്തുണ്ടായത്. പിങ്ക് പോലീസെന്നു പറയുന്ന സ്ത്രീ-ശിശുസൗഹൃദ പോലീസ് സംവിധാനത്തിന് നേതൃത്വം കൊടുക്കാൻ കഴിഞ്ഞ കാലഘട്ടത്തിൽ കഴിഞ്ഞു. കേരളത്തിലെ എല്ലാ പോലീസ് സംവിധാനവും കുറ്റമറ്റതാക്കുന്നതിനും പരാതിക്കാരുടെ പരാതി കേൾക്കുന്നതിനും പരിഹരിക്കുന്നതിനുംവേണ്ടി പോലീസ് സേനയുടെ കർമ്മവിഭാഗത്തെ കുറ്റാന്വേഷണ വിഭാഗവും ക്രമസമാധാന പരിപാലന വിഭാഗവുമെന്ന

അടിസ്ഥാനത്തിൽ രണ്ടാക്കി തരംതിരിച്ചുകൊണ്ട്, ആ രണ്ട് മേഖലയെയും ശക്തിപ്പെടുത്തുന്നതിനുള്ള പരിഷ്കരണത്തിന് കഴിഞ്ഞ ഗവൺമെന്റ് നേതൃത്വം നൽകി. മാത്രമല്ല, ഇന്ത്യാ ഗവൺമെന്റ് കൊടുക്കുന്ന പോലീസ് എക്സലൻസ് അവാർഡുൾപ്പെടെയുള്ള പരമോന്നത നേട്ടങ്ങൾ പോലീസ് സേനയ്ക്ക് സ്വായത്തമാക്കാൻ കഴിഞ്ഞു. 24 രാഷ്ട്രങ്ങളിലെ പോലീസ് സേനയോട് കിടപിടിക്കുന്നൊരു പോലീസ് സേനയെ കേരളത്തിൽ സൃഷ്ടിക്കാൻ കഴിഞ്ഞ ഭരണസംവിധാനത്തിന് കഴിഞ്ഞുവെന്നതിന്റെ തെളിവാണ് സ്കോട്ട്ലൻഡ് യാർഡിലെ പോലീസ് സേനയ്ക്ക് സമാനമായൊരു പോലീസ് സേന ഈ കേരളത്തിൽ സൃഷ്ടിക്കാൻ സാധിച്ചത്. തൊട്ടതെല്ലാം പൊന്നാക്കുന്ന, അന്വേഷിച്ചതെല്ലാം രംഗത്തുകൊണ്ടുവരാൻ കഴിയുന്ന ഒരു പോലീസ് സംവിധാനം നമുക്കുണ്ട്. അടച്ചാക്ഷേപിക്കരുത്. എത്രയെത്ര കേസുകളാണ് ഇവിടെ തെളിയിക്കപ്പെട്ടിട്ടുള്ളത്? തെളിയിക്കപ്പെട്ട കേസുകൾ കാണാതിരിക്കുകയും അപഭ്രംശം വന്ന ഒന്നോരണ്ടോ പ്രശ്നങ്ങൾ സഭയ്ക്കുമുന്നിൽ അവതരിപ്പിച്ച് ഇതാണ് യാഥാർത്ഥ്യമെന്ന് വരുത്തി തീർക്കാൻ കഴിയുകയും ചെയ്യുന്നത്, മരം തടഞ്ഞുകൊണ്ട് കാട് കാണാതിരിക്കുന്നതിന് സമമാണെന്ന് ഞങ്ങൾ അവരോട് പറയുകയാണ്. കേരളത്തിൽ

ഇത്തരത്തിൽ ജനകീയ ജനമൈത്രി പോലീസ് സംവിധാനത്തിന് നേതൃത്വം കൊടുക്കാൻ ശ്രമിക്കുന്നതോടൊപ്പം, വളർന്നുവരുന്ന തലമുറയെ കുറ്റമറ്റരീതിയിൽ വളർത്തികൊണ്ടുവരുന്നതിനും പൗരാവകാശ ബോധവും ജനാധിപത്യബോധവും നീതി ബോധവും അവരിൽ വളർത്തികൊണ്ടുവരുന്നതിനുംവേണ്ടി സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് സമ്പ്രദായം ഇവിടെ ആരംഭിച്ചത് ഈ ഗവൺമെന്റാണ്. എല്ലാ പോലീസ് സ്റ്റേഷൻ പരിധിയിലേയ്ക്കും സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് സംവിധാനം വ്യാപിപ്പിക്കാൻ പോകുകയാണ്. സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുവേണ്ടി അവർക്കെതിരെയുള്ള പരാതികൾ ലഭിച്ചാൽ അവരുടെ വീട്ടിൽ പോയി പരാതി അന്വേഷിച്ച് പരിഹാരം കാണുന്നതിനുള്ള സംവിധാനത്തിലേയ്ക്ക് കേരള പോലീസ് എത്തിച്ചേർന്നുകൊണ്ടിരിക്കുകയാണ്. കേരള പോലീസ് അങ്ങനെയൊരു സംവിധാനമായി പരിണമിക്കുന്ന ഘട്ടത്തിലാണ് രണ്ടാം പിണറായി സർക്കാർ വീണ്ടും അധികാരത്തിൽ വരുന്നത്. നമുക്ക് ഇനിയും ധാരാളം മുന്നോട്ടുപോകേണ്ടതുണ്ട്. ഈ കാര്യങ്ങളെല്ലാം നിർവ്വഹിക്കണമെങ്കിൽ കേരളത്തിൽ അതിശക്തമായ സാമൂഹിക ബോധവത്ക്കരണം

ആവശ്യമാണ്. ഇന്നും പോലീസിന്റെ സഹായം അഭ്യർത്ഥിച്ച് പോലീസ് സ്റ്റേഷനുകളിലേയ്ക്ക് പോകുമ്പോൾ സാധാരണ ജനങ്ങൾക്ക് സാധ്യമല്ലാത്ത വിധത്തിലുള്ള ഒരു സംവിധാനമാണ് പോലീസ് എന്ന ധാരണ മുൻകാല ചരിത്രവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്നുവെങ്കിൽ, ഇനിയുള്ള കാലത്ത് അതവസാനിപ്പിച്ചുകൊണ്ട് പൊതുജന പ്രവർത്തകർക്കും ജനാധിപത്യ രാഷ്ട്രീയപാർട്ടികളിൽ പ്രവർത്തിക്കുന്നവർക്കുമെല്ലാം നീതിന്യായ പോലീസ് സംവിധാനവുമായി ബന്ധപ്പെട്ട് നല്ല രീതിയിൽ പ്രവർത്തിക്കുന്ന ജനമൈത്രി പോലീസിന്റെ കാലഘട്ടത്തിലേയ്ക്ക് കേരളത്തെ കൊണ്ടുവരികയാണ് ചെയ്യുന്നത്. കേരളത്തിലെ ജയിലുകളുടെ സ്ഥിതിയും അതുപോലെതന്നെയാണ്. ജയിലുകളെന്നത് വെറും തടവറകളും കോൺസെൻട്രേഷൻ ക്യാമ്പുകളുമല്ല. പീഡനമുറികളാൽ സമ്പന്നമായ പ്രത്യേക കോട്ടകളല്ല ജയിലുകളെന്ന് ആധുനിക ലോകം വിളിക്കുന്നത്, സ്വഭാവ പരിഷ്ക്കരണത്തിന്റെയും പുനഃപരിഷ്കരണത്തിന്റെയും മാർഗ്ഗത്തിലേയ്ക്ക് മനുഷ്യനെ നയിക്കുന്ന കേന്ദ്രങ്ങളാണ്. മനുഷ്യനെ മാറ്റിതീർക്കുന്ന ഒരു കേന്ദ്രമെന്നാണ് ആധുനിക ലോകത്ത് ജയിൽ എന്നുള്ള സങ്കൽപ്പമെന്നതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ ജയിലുകൾ

പരിശോധിക്കണം. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ പറഞ്ഞ കാര്യങ്ങളോടൊപ്പം കാണേണ്ട ചിലതുണ്ട്. ശിക്ഷിക്കപ്പെട്ട അന്തേവാസികൾ കൃത്യമായ സമയത്തിൽ അദ്ധ്വാനിച്ച് കൃഷിയും ഭക്ഷ്യോല്പാദനങ്ങളും വിറ്റ് വരുമാനമുണ്ടാക്കുന്ന പ്രക്രിയ നടക്കുന്നതും ഈ ജയിലുകളിലാണ്. നല്ല രീതിയിലുള്ള അന്തരീക്ഷമാണ് ജയിലുകളിലുള്ളത്. എല്ലാ ജയിലിനകത്തും നിർമ്മിക്കുന്ന ഭക്ഷ്യോല്പന്നങ്ങൾ പുറത്തേയ്ക്ക് കൊടുക്കുന്ന സമീപനമുണ്ടാകുന്നു. ഞാൻ തൃശ്ശൂരിൽ നിന്നാണ് വരുന്നത്. വിയ്യൂർ ജയിലിലെ തടവുകാർ ഉല്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ കൃത്യം മൂന്നുമണിക്ക് കോർപ്പറേഷൻ ഓഫീസിനുമുന്നിൽ രണ്ട് ടെമ്പോ വാനുകളിൽ വിൽപ്പനയ്ക്ക് എത്തും. മണിക്കൂറുകൾക്കുള്ളിൽ അത് വിറ്റഴിക്കപ്പെടുന്നു. ജയിലിനകത്ത് ഉൽപ്പാദന പ്രക്രിയയും കൃഷിയും നല്ലരീതിയിൽ നടക്കുന്നു. അവർക്ക് കൂടുതൽ വിഷയങ്ങളെക്കുറിച്ച് പഠിക്കാനും അവരെത്തന്നെ നവീകരിക്കാനുമുള്ള അന്തരീക്ഷമുണ്ടാകുന്നു. കേരളത്തിലെ പ്രധാനപ്പെട്ട ജയിലുകൾക്കകത്ത് നടക്കുന്ന ഈ പ്രക്രിയ കണ്ടില്ലെന്ന് നടിക്കുകയും ജയിലുകളിൽ വരുന്ന നവീകരണ പ്രക്രിയയ്ക്കെതിരെ മുഖം തിരിഞ്ഞ് നിൽക്കുകയും അവിടെ നടക്കുന്ന കൊടുംകുറ്റവാളികളുടെ കയ്യിൽനിന്നും വരുന്ന ഒന്നോ രണ്ടോ

കാര്യങ്ങൾ ചൂണ്ടിക്കാണിച്ച് കേരളത്തിന്റെ മൊത്തം സ്ഥിതി ഇതാണെന്ന് പറയുകയും ചെയ്യുന്നത് ശരിയല്ല. അത് കാട് അടച്ച് വെടിവയ്ക്കുന്നതിന് സമാനമാണ്. അതിനാൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനുൾപ്പെടെയുള്ള പ്രതിപക്ഷത്തെ പ്രഗത്ഭരായ സാമാജികർ ധനാഭ്യർത്ഥനകളെ എതിർത്താലും കേരളത്തിലെ ബഹുജനങ്ങൾ സാമാന്യം മാറിവരുന്ന പോലീസിന്റെ സംസ്കാരം എന്താണെന്ന്, ഇന്ന് സോഷ്യൽ ഓഡിറ്റിംഗിന് വിധേയമാകുന്ന പോലീസ് സംസ്കാരത്തെ, കേരളത്തിലെ ബഹുജനങ്ങളും യുവാക്കളും വിദ്യാർത്ഥികളും മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതിനാൽ ഈ ധനാഭ്യർത്ഥനകളെ സർവ്വാത്മനാ പിന്തുണയ്ക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ആഭ്യന്തര വകുപ്പിന്റെ അതായത് പോലീസിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തുന്ന ഒരു സന്ദർഭമാണിത്. നമ്മുടെ സംസ്ഥാനത്തെ കുറ്റകൃത്യങ്ങളുടെ പോക്കും ക്രമസമാധാന പരിപാലനവും ഇന്ന് എവിടെയാണ് എത്തിനിൽക്കുന്നത്. ആഭ്യന്തരം കൈയ്യാളുന്ന മുഖ്യമന്ത്രിയുടെ പാർട്ടി ലാളിച്ചുവളർത്തിയ ഗുണ്ടകൾ ഇന്ന് നമ്മുടെ സംസ്ഥാനത്തിന്റെ സ്വാസ്ഥ്യം കെടുത്തുകയാണ്. ഇവിടെ

സൂചിപ്പിച്ചതുപോലെ കോഴിക്കോട് എയർപോർട്ടിനുസമീപം രാമനാട്ടുകരയിൽ ഒരു വാഹനാപകടമുണ്ടായി അഞ്ച് ചെറുപ്പക്കാർ മരണപ്പെട്ടപ്പോൾ നമ്മളെല്ലാവരും വിഷമിച്ചു. എന്നാൽ അതിന്റെ പിന്നാമ്പുറങ്ങളിലേയ്ക്ക് പോയപ്പോൾ എന്താണ് കാണാൻ സാധിച്ചത്? കള്ളക്കടത്തിലൂടെ കോഴിക്കോടെത്തുന്ന സ്വർണ്ണം തട്ടിപ്പറിക്കുന്നതിന് രണ്ട് സംഘങ്ങൾ വന്നതിനെത്തുടർന്ന് അവർ തമ്മിലുള്ള മത്സര ഓട്ടത്തിനിടയിലാണ് ഈ അഞ്ച് വിലപ്പെട്ട ജീവനുകൾ നഷ്ടപ്പെട്ടത്. പ്രതീക്ഷകളായ അഞ്ച് ചെറുപ്പക്കാരാണ് കൊല്ലപ്പെട്ടത്. പരിശോധിച്ചുനോക്കിയപ്പോൾ രണ്ടു സംഘങ്ങളെയും സംരക്ഷിക്കുന്നത് ഒരേ പാർട്ടി തന്നെയാണ്. കേരളത്തിലെ ആഭ്യന്തര വകുപ്പിന് നേതൃത്വം നൽകുന്ന സി.പി.ഐ.(എം) പാർട്ടിയുടെ സംരക്ഷണയിലാണ് ഈ രണ്ടുകൂട്ടരും അവിടെ എത്തിയത്. കാര്യങ്ങൾ മുഴുവനായി പുറത്തുവന്നപ്പോൾ രണ്ട് അധോലോകനായകന്മാർ പിറവിയെടുക്കുകയാണ്. അർജ്ജുൻ ആയങ്കിയും ആകാശ് തില്ലങ്കേരിയും സി.പി.ഐ.(എം) -ന്റെ പാർട്ടി ഗ്രാമമായ മുടക്കോഴി മലയിൽ വിരിഞ്ഞ രണ്ട് അധോലോക കുസുമങ്ങളാണ്. എന്താണ് അവരുടെ വീരകഥകൾ; അവർക്ക് പാർട്ടിയുമായുള്ള ബന്ധമെന്താണ്? എല്ലാം പുറത്തു

വന്നുകൊണ്ടിരിക്കുകയാണ്. പാർട്ടിയുടെ സൈബർ പോരാളികളാണുപോലും ഈ അർജ്ജുൻ ആയങ്കിയും ആകാശ് തില്ലങ്കേരിയും. പിന്നെ അതിന്റെ പിന്നിലേക്ക് പോയപ്പോൾ, ഇവിടെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സൂചിപ്പിച്ചതുപോലെ, ഈ പ്രവർത്തനങ്ങൾക്കെല്ലാം നേതൃത്വം നൽകുന്നത് ജയിലിനകത്തിരുന്ന് കൊടി സുനിയും ഷാഫിയും കിർമാണി മനോജുമാണ്. ഇവിടെ വലിയൊരു അധോലോക സംഘം രൂപപ്പെടുകയാണ്. സി.പി.ഐ.(എം)-ന്റെ മേൽവിലാസത്തിൽ വളരുന്ന ഈ അധോലോക സംഘങ്ങളുടെ പിൻബലമെന്ന് പറയുന്നത് കേരളത്തിലെ ആഭ്യന്തര വകുപ്പാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ ചർച്ചാവേളയിൽ ഇവിടെ ഉണ്ടാകണമായിരുന്നു. നമ്മുടെ സംസ്ഥാനം എവിടേയ്ക്കാണ് പോയിക്കൊണ്ടിരിക്കുന്നത്. ഈ കാര്യങ്ങളെല്ലാം പുറത്തുവന്നപ്പോൾ ശ്രീ. എം. വി. ജയരാജൻ പത്രസമ്മേളനം നടത്തി അർജ്ജുൻ ആയങ്കിയെയും ആകാശിനെയും സജേഷിനെയും പുറത്താക്കി; സജേഷ് ഉത്തരവാദിത്തപ്പെട്ട പാർട്ടി പ്രവർത്തകനാണ്, ഭാരവാഹിത്വമുള്ളയാളാണ്. ഇവരെ മാത്രമല്ല, 50 ആളുകളെ ഇക്കൂട്ടത്തിൽനിന്നും പുറത്താക്കി. ശ്രീ. എം. വി. ജയരാജൻ പത്രസമ്മേളനം നടത്തി പുറത്താക്കിയത് 50 പേരെയാണ്.

ഇക്കാര്യങ്ങളിലെല്ലാം ആഭ്യന്തര വകുപ്പിന്റെ പ്രവർത്തനം കാണുമ്പോൾ.. നമ്മൾ സാധാരണ പറയാറുള്ളത് By the people, For the people അതാണ് ഡെമോക്രസിയെന്നാണ്. xxxxxxxxxxxxxxxxxxxxxx+. അർജ്ജുൻ ആയങ്കിയും അതുപോലെ ആകാശ് തില്ലങ്കേരിയുമൊക്കെ പണിയെടുത്തുണ്ടാക്കിയ ഗവൺമെന്റാണിത്. അതുകൊണ്ടുതന്നെ ഈ ഗവൺമെന്റ് അവർക്കുവേണ്ടി നിലകൊള്ളേണ്ടിവരുമല്ലോ; കോവിഡ് കാലത്ത് നമ്മളൊരുപാട് പുതിയ പ്രയോഗങ്ങൾ കേട്ടു. ലോക്ക്ഡൗൺ, ഐസൊലേഷൻ അങ്ങനെ പലതും കേട്ടു. ആ സമയത്ത് നമ്മൾ കേട്ട മറ്റൊരു പ്രയോഗമാണ് Work at home അല്ലെങ്കിൽ work from home, എന്നു പറഞ്ഞതുപോലെ ഈ കാര്യങ്ങളെല്ലാം പരിശോധിക്കുമ്പോൾ നമുക്ക് കാണാൻ കഴിയുന്നത് Work from Jail എന്നാണ്. കിർമാണി മനോജും കൊടിസുനിയുമൊക്കെ ജയിലിൽ വച്ചാണ് ഈ അധോലോക പ്രവർത്തനങ്ങളെല്ലാം നടത്തുന്നത്. ജയിലിനെ സംബന്ധിക്കുന്ന ധനാഭ്യർത്ഥനയുമുണ്ടിവിടെ. ജയിലിന് നമ്മൾ പണം കൊടുക്കണം.

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, പോയിന്റ് ഓഫ് ഓർഡർ...

---

\+ ബഹു സ്പീക്കറുടെ ഉത്തരവ് പ്രകാരം (ഫയൽ നം. 12025/ഇ.ബി./2021/നി.സെ തീയതി 26-07-2021) സഭാ രേഖകളിൽ നിന്നും നീക്കം ചെയ്യാൻ തീരുമാനിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, എനിക്ക് സമയം തരണം...

ശ്രീ. കെ. ബാബു (നെന്മാറ): സർ, ബഹുമാനപ്പെട്ട മെമ്പറുടെ പ്രസംഗത്തിനിടയിൽ xxxxxxxxxx+എന്ന രൂപത്തിലുള്ള പദപ്രയോഗം ചട്ടം 307 പ്രകാരം രേഖയിലുണ്ടാകാൻ പാടില്ലെന്നാണ് ഞാൻ ഉയർത്തുന്ന ക്രമപ്രശ്നം.

മി.ചെയർമാൻ: അത് പരിശോധിക്കാം.+

ശ്രീ. കെ. ബാബു (നെന്മാറ): സർ, പരിശോധിക്കുകയല്ല; ഉണ്ടാകാൻ പാടില്ല.

മി. ചെയർമാൻ: ശരി. പരിശോധിച്ച് ചെയ്യാം.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ജയിലിൽ കഴിയുന്ന അധോലോക സംഘങ്ങളാണ് ഈ പ്രവർത്തനങ്ങളെല്ലാം ഏറ്റെടുത്ത് ചെയ്യുന്നത്. ഇന്നിപ്പോൾ ജയിലുകൾക്ക് പണം കൊടുക്കാനാണ് ഈ ചർച്ച. ഇത്തരം ജയിലുകൾക്കാണോ പണം കൊടുക്കേണ്ടത്. ഈ ക്രിമിനലുകൾക്ക് ജയിലിൽ എല്ലാ സൗകര്യവുമുണ്ട്. അതായത് ഇവിടെ ഒരാഴ്ചയിൽ ഈ ക്രിമിനലുകൾ 300 ഫോൺകാളുകൾ ആണ് ചെയ്തത്. ശ്രീ. തിരുവഞ്ചൂർ

+ ബഹു സ്പീക്കറുടെ ഉത്തരവ് പ്രകാരം (ഫയൽ നം. 12025/ഇ.ബി./2021/നി.സെ തീയതി 26-07-2021) സഭാ രേഖകളിൽ നിന്നും നീക്കം ചെയ്യാൻ തീരുമാനിച്ചു.

+

രാധാകൃഷ്ണൻ സൂചിപ്പിച്ചതുപോലെ ജയിലുകളിൽനിന്ന് വിദേശത്തേയ്ക്കടക്കം വിളിച്ചത് 300 കോളുകളാണ്. ഇത് ഞങ്ങൾ വെറുതെ പറയുന്നതല്ല. 300 കോളുകൾ വിളിച്ചു. കൊടി സുനിക്ക് 2 സ്മാർട്ട് ഫോണും കിർമാണി മനോജിന് മൂന്ന് സ്മാർട്ട് ഫോണുമാണുള്ളത്. ഇവർക്കാവശ്യമുള്ളതെല്ലാം ജയിലിൽ ലഭിക്കുകയാണ്. എന്നിട്ടോ? ഈ ജയിലിലെ സൂപ്രണ്ടിന് ഓർഡർലി എന്നുപറയുന്ന ഒരു പരിപാടിയുണ്ട്. കൊള്ളാവുന്ന ഒരു പ്രതിയെ സൂപ്രണ്ടിനെ സഹായിക്കാൻ നിർത്തും. സ്കൂളുകളിൽ നല്ല കുട്ടികളെ ക്ലാസ് ലീഡർ ആക്കുന്നതുപോലെ ജയിലിൽ അബദ്ധത്തിൽ വല്ല കുറ്റകൃത്യവും ചെയ്ത് വന്നുപെട്ടവരെയാണ് ജയിൽ സൂപ്രണ്ടിന്റെ ഓർഡർലിയോ അസിസ്റ്റന്റോ കയ്യാളോ ആക്കുക. ഇവിടെ ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികളാണ് പൂജപ്പുര സെൻട്രൽ ജയിലിൽ സൂപ്രണ്ടിന്റെ ഓർഡർലിയായി പ്രവർത്തിക്കുന്നത്. എവിടെയാണ് നമ്മൾ നിൽക്കുന്നത്? ഇവിടെ ഇതിന്റെ കഥകളെല്ലാം വായിക്കുമ്പോൾ ഭയങ്കര രസമാണ്. അർജ്ജുൻ ആയങ്കി 22 പൊട്ടിക്കൽ നടത്തിയെന്നാണ് പറയുന്നത്. പൊട്ടിക്കൽ എന്നുപറഞ്ഞാൽ ശ്രീ. എൻ. ഷംസീറേ പഠിച്ചോളൂ, അത് പുതിയ വാക്കാണ്. എന്താ സംഗതി? ഈ കള്ളപ്പണവും സ്വർണ്ണവുമൊക്കെ തട്ടിപ്പറിക്കുന്നതിന് പറയുന്ന

പേരാണ് പൊട്ടിക്കലെന്ന്. കമ്മ്യൂണിസ്റ്റ് നിഘണ്ടുവിലേയ്ക്ക് വരാൻ പോകുന്ന പുതിയ പേരാണിത്. കാരണം ഈ പൊട്ടിക്കലിലൂടെ അർജ്ജുൻ ആയങ്കി കരസ്ഥമാക്കിയത് 6 കോടി രൂപയുടെ സ്വർണ്ണമാണ്. അർജ്ജുൻ ആയങ്കിയും ആകാശ് തില്ലങ്കേരിയും പാർട്ടി യൂണിഫോമിട്ട റെഡ് വോളന്റിയർമാരാണ്. ഇവരുടെ എത്രയോ ചിത്രങ്ങൾ നമുക്ക് സാമൂഹ്യമാധ്യമങ്ങളിൽ കാണാൻ സാധിക്കും. ഇവർ രണ്ടു പേരും ചേർന്നാണ് 22 പൊട്ടിക്കൽ നടത്തി ആറു കോടി രൂപ സമാഹരിച്ചത്. നിങ്ങളുടെ പിൻബലമില്ലാതെ ഇത് നടക്കുമോ; കയ്യൂരിന്റെയും കരിവള്ളൂരിന്റെയും പുന്നപ്ര വയലാറിന്റെയും കഥ പറഞ്ഞ് ചെറുപ്പക്കാർക്ക് ആവേശം പകരേണ്ടിടത്ത് ഇന്ന് പൊട്ടിക്കൽ കഥകൾ പറഞ്ഞുകൊടുക്കേണ്ട ദുരവസ്ഥയിലേയ്ക്ക് ഡി.വൈ.എഫ്.ഐ. പോയിട്ടുണ്ട് എന്നുള്ളത് നിങ്ങൾ കാണാതെ പോകരുത്. സ്വർണ്ണക്കള്ളക്കടത്തിന്റെ പേരിൽ നിങ്ങൾക്ക് ഡി.വൈ.എഫ്.ഐ.-ക്കാരെ പുറത്താക്കേണ്ടി വന്നിട്ടില്ലേ? എത്രയോ ഡി.വൈ.എഫ്.ഐ.-ക്കാരെ പുറത്താക്കി. സജേഷ് ഉത്തരവാദിത്തപ്പെട്ട ഭാരവാഹിയല്ലേ; ഞാൻ ചോദിക്കട്ടെ, ക്വട്ടേഷൻ സംഘങ്ങൾക്കെതിരെ ഡി.വൈ.എഫ്.ഐ. ഒരു പദയാത്ര നടത്തി. അത് ഉദ്ഘാടനം ചെയ്യാൻ വേണ്ടി സംസ്ഥാന സെക്രട്ടറി പോയപ്പോൾ അതിന്റെ

മുന്നിൽ നിന്ന് ഫെയ്സ് ബുക്ക് ലൈവ് പോസ്റ്റ് ഇട്ടതാരാണെന്ന് അറിയാമോ? ആകാശ് തില്ലങ്കേരി. കഴിഞ്ഞ ഫെബ്രുവരി മാസത്തിൽ ക്വട്ടേഷൻ സംഘങ്ങൾക്കെതിരെ ഡി.വൈ.എഫ്.ഐ. നടത്തിയ പദയാത്രയുടെ സമാപനത്തിൽ ഫെയ്സ് ബുക്ക് ലൈവ് ഇട്ടത് ആകാശ് തില്ലങ്കേരിയാണ്. എങ്ങനെയുണ്ട് മണിയാശാനേ! കൊള്ളാമല്ലോ; പറ്റിയ പുള്ളിയാണല്ലേ ഇത്; അവിടെനിന്ന് ഫെയ്സ്ബുക്ക് ലൈവ് പോസ്റ്റ് ഇടുന്ന ഒന്നാം നമ്പർ ക്വട്ടേഷൻ സംഘം. ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്.

മറ്റ് വിഷയങ്ങളെക്കുറിച്ചുകൂടി പറയേണ്ടതുണ്ട്. നമ്മുടെ പോലീസ് ഇന്നെവിടേയ്ക്കാണ് പോകുന്നത്. വംശീയതയുടെ പോലീസ് ആയി മാറി. പരസ്പരം ഏറ്റുമുട്ടിയുള്ള കൊലപാതകങ്ങൾ, കസ്റ്റഡി മരണങ്ങൾ എല്ലാം പോലീസിൽ ഉണ്ടാകുന്നുണ്ട്. ബഹുമാനപ്പെട്ട മോഡിയുടെ നിർദ്ദേശപ്രകാരം ശ്രീ. ലോക്നാഥ് ബഹ്റയെ നമ്മുടെ മുഖ്യമന്ത്രി പോലീസ് തലവനാക്കി. അതോടൊപ്പം ശ്രീ. രമൺ ശ്രീവാസ്തവയുടെ ഉപദേശം കൂടിയായപ്പോൾ നമ്മുടെ പോലീസിൽ വംശീയ പോലീസിംഗ് കൂടിപ്പോയി. വംശീയപോലീസിംഗിലെ വിശദാംശങ്ങളൊന്നും ഞാൻ പറയുന്നില്ല. ഐ.

ജി. ശ്രീ. സുരേഷ് രാജ്പുരോഹിത് പോലീസ് അക്കാദമിയിൽ ബീഫ് നിരോധിച്ചു. അവിടുന്നങ്ങോട്ട് തുടങ്ങി, ശബരിമലയിൽ ആർ.എസ്.എസ് മുഖ്യനായ വത്സൻ തില്ലങ്കേരിയ്ക്ക് മൈക്ക് പിടിച്ചുകൊടുത്ത പോലീസ് ആർ.എസ്.എസ്-ന്റെ പക്ഷത്തേയ്ക്കാണ് കേരളത്തിൽ പോയത്.

മി. ചെയർമാൻ: അങ്ങ് അവസാനിപ്പിക്കണം. അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇത് നിയന്ത്രിക്കേണ്ടതാണ്. ഇല്ലെങ്കിൽ പിണറായിയുടെ പോലീസ് യോഗി ആദിത്യനാഥിന്റെ പോലീസായി മാറാൻ ഇനി അധികം സമയം വേണ്ടിവരില്ല. കേരളത്തിലെ പോലീസ് വംശീയതയുടെ വക്താക്കളായി മാറുന്നു. ആർ.എസ്.എസ്.-കാർക്കുവേണ്ടി പാലത്തായിയിലെ കേസിൽ നിങ്ങൾ പോക്സോ ഒഴിവാക്കിക്കൊടുത്തു. ആ പിഞ്ചുകുഞ്ഞിന്റെ ശാപം ഈ സർക്കാരിനെ വേട്ടയാടുമെന്ന് പറയാൻ ഞാനാഗ്രഹിക്കുകയാണ്. അതുപോലെ തന്നെ ഇവിടെ വിശദീകരിച്ചല്ലോ;

മി. ചെയർമാൻ: അങ്ങയുടെ സമയം കഴിഞ്ഞു...

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കൊടകരയിലെ കേസ് ആവിയായിപ്പോയില്ലേ. പ്രതിയാകേണ്ട ശ്രീ. കെ. സുരേന്ദ്രൻ സാക്ഷിയായി

മാറിയത് നിങ്ങൾ തമ്മിലുള്ള ഒത്തുകളിയാണ്. ശ്രീ. നരേന്ദ്ര മോഡിയെ കാണാൻ പോയി ഷാൾ അണിയിച്ചതിനെക്കുറിച്ചൊക്കെ മുഖ്യമന്ത്രി ഇവിടെപ്പറഞ്ഞു. മോഡിയും ഇവിടത്തെ ആർ.എസ്.എസ്.-ഉം ആഗ്രഹിച്ചത് നിങ്ങളുടെ തുടർഭരണം തന്നെയാണ്. ആ അന്തർധാരയിലാണ് ഈ ഗവൺമെന്റ് ഉണ്ടായത്. അല്ലാതെ ഈ ഗവൺമെന്റുണ്ടായതോടുകൂടി നിങ്ങൾ ചെയ്ത പാപങ്ങളെല്ലാം പൊറുക്കപ്പെട്ടു, അല്ലെങ്കിൽ ഞങ്ങൾക്ക് വലിയ അംഗീകാരം കിട്ടി എന്നുപറയുന്നതിൽ ഒരർത്ഥവുമില്ല. ഞാൻ അവസാനിപ്പിക്കുകയാണ്. എന്റെ സ്നേഹിതൻ ഡോ. കെ. ടി. ജലീൽ അയാൾ കഥയെഴുതുകയാണ് എന്നുപറഞ്ഞതുപോലെ ചോദ്യം ചോദിച്ചുകൊണ്ടേയിരിക്കുകയാണ്. തരത്തിനൊത്തവരോട് വേണ്ടേ ചോദിക്കേണ്ടത്? ഡോ. കെ. ടി. ജലീൽ എന്നോട് ചോദിക്കട്ടെ. കുഞ്ഞാലി ക്കുട്ടി സാഹിബിനോടാണോ ചോദിക്കേണ്ടത് ? അദ്ദേഹത്തിന് എത്രയും പെട്ടെന്ന് നല്ല ഉത്തരം കിട്ടട്ടെ എന്നുമാത്രമാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഈ പോലീസ് നയങ്ങളെ അതിശക്തമായി എതിർക്കുന്നതോടൊപ്പം ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീമതി യു. പ്രതിഭ</u>: സർ, മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അവതരിപ്പിച്ച 2021-22 സാമ്പത്തിക വർഷത്തിലേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. ആഭ്യന്തര വകുപ്പുമായി ചേർന്ന് നമ്മുടെ ഗവൺമെന്റ് നടത്തിയ ഒരുപാട് കാര്യങ്ങൾ എനിക്ക് പറയാനുണ്ട്. പക്ഷേ എനിക്ക് മുമ്പ് സംസാരിച്ച ബഹുമാന്യനായ അംഗം ഇവിടെ പരസ്പരവിരുദ്ധമായ കുറേ കാര്യങ്ങൾ പറയുന്നതുകേട്ടു. അതുപോലെ നട്ടാൽ കുരുക്കാത്ത നുണ വിളിച്ചുപറഞ്ഞുകൊണ്ട്... നുണ പലയാവർത്തി പറയുമ്പോൾ സത്യമാകുമെന്നാണല്ലോ പറയുന്നത്, വളരെ സീനിയറായ പ്രതിപക്ഷത്തെ ഒരംഗവും വളരെയധികം നിയമ പരിജ്ഞാനം ആർജ്ജിക്കാൻ ശ്രമിക്കുന്നതും പറയുന്നതുമായിട്ടുള്ള മറ്റൊരു അംഗവും ആ രൂപത്തിൽ പറയുന്നതുകേട്ടു. ചില കാര്യങ്ങൾ ഞാൻ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ നമ്മുടെ ഗവൺമെന്റിന് മുമ്പുണ്ടായിരുന്ന യു.ഡി.എഫ്. ഭരണകാലത്ത്, ഒരു കൊലക്കേസ് പ്രതി ജയിലിൽനിന്നും തനിക്ക് എൽ.ഡി.എഫ്. വിരുദ്ധ സന്ദേശം അയച്ചുവെന്ന് അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രി പരസ്യമായി പറഞ്ഞ് പുളകംകൊണ്ട കാഴ്ച ഞാൻ ഈ അവസരത്തിൽ

ഓർത്തുപോകുകയാണ്. അതുപോലെ തൃശ്ശൂരിലെ അയ്യന്തോളിൽ കോൺഗ്രസ് ഗ്രൂപ്പ് വൈര്യത്തിന്റെ പേരിൽ ഉണ്ടായ കൊലപാതകത്തിൽ തൃശ്ശൂരിലെ മന്ത്രിയും എം.എൽ.എ.-യുമടക്കം ഉന്നത കോൺഗ്രസ് നേതാക്കൾക്ക് പങ്കുണ്ടെന്ന് വെളിപ്പെടുത്തിയിട്ടും യു.എ.പി.എ ചുമത്തിയിട്ടില്ല. നമ്മുടെ മുൻ വൈദ്യുതി വകുപ്പുമന്ത്രി ഞങ്ങളുടെയെല്ലാം പ്രിയപ്പെട്ട മണിയാശാൻ ഈ സഭയിലുണ്ട്. സി.പി.ഐ.(എം) നേതാക്കളുടെ പേരിൽ റ്റി. വി. രാജേഷ് അടക്കമുള്ള എം.എൽ.എ.-മാരുടെ പേരിൽ, വനിതാ എം.എൽ.എ.-മാരുടെ പേരിലടക്കം എത്ര കള്ളക്കേസ്സുകളാണ് യു.ഡി.എഫ്.-ന്റെ കാലത്ത് പോലീസിനെ ഉപയോഗിച്ചുകൊണ്ട് ഉണ്ടാക്കിയത്. യു.ഡി.എഫ്.-ന്റെ കാലത്തെ പോലീസിന് രണ്ടുമുഖവും ഇരട്ടനീതിയുമായിരുന്നു. അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രിയും ഇവിടെ ഇരിപ്പുണ്ട്. യു.ഡി.എഫ്.-ന്റേത് ഇരട്ടനീതി കൊടുത്തിരുന്ന ഒരു കാലഘട്ടമായിരുന്നു. പക്ഷേ ഇടതുപക്ഷ ജനാധിപത്യമുന്നണി കേരളം ഭരിക്കുന്ന അവസരത്തിൽ സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിൽ....... പോലീസിന്റെ ഭാഗമാണ് കുറ്റവും ശിക്ഷയും. കുറ്റകൃത്യങ്ങൾ ഒറ്റയടിക്ക് ഇല്ലാതാക്കാനൊന്നും ആർക്കും കഴിയില്ല. ഓരോ

കാലഘട്ടത്തിന്റെ പ്രത്യേകതയാണ് അത് ചിലപ്പോൾ ദാരിദ്ര്യത്തിൽനിന്നോ സാമൂഹ്യ അരാജകത്വത്തിൽനിന്നോ കുറ്റകൃത്യങ്ങളുണ്ടാകാം. അതിനെ കൃത്യമായി പഠിച്ച് അവലോകനം ചെയ്ത് കുറ്റകൃത്യങ്ങൾ കുറയ്ക്കാനുള്ള പരിശ്രമമാണ് കേരളത്തിൽ ഒന്നാം പിണറായി സർക്കാർ ചെയ്തിട്ടുള്ളത്. അതിന്റെ ഭാഗമായിത്തന്നെ നല്ലയളവിൽ കുറ്റകൃത്യങ്ങൾ കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ പറയുന്നതുകേട്ടാൽ തോന്നും യു.ഡി.എഫ്.-ന്റെ കാലഘട്ടത്തിൽ കേരളത്തിലെ അന്തരീക്ഷം വളരെ സമാധാനപരമായിരുന്നുവെന്ന്. ഇവിടെ എന്താണ് നടന്നെതെന്നോ ഭരണമുണ്ടായിരുന്നോ എന്നുപോലും ആർക്കുമറിയില്ല, കാരണമെന്താണ് യു.ഡി.എഫ്.-ന്റെ മുഖ്യമന്ത്രി ഇരുന്ന കസേരയിൽപോലും മാനസികാസ്വാസ്ഥ്യമുള്ള ഒരാൾ കയറിയിരിക്കുന്ന അവസ്ഥയായിരുന്നു അന്നുണ്ടായിരുന്നത്. ഡി.ജി.പി.-യും എ.ഡി.ജി.പി.-യും തമ്മിൽ പരസ്യമായി അസഭ്യം പറയുന്നു, പ്രശ്നങ്ങളുണ്ടാക്കുന്നു. അങ്ങനെ ആകപ്പാടെ കലുഷിതമായ പോലീസിംഗ് ഉണ്ടായിരുന്ന കാലഘട്ടമായിരുന്നു അത്. യു.ഡി.എഫ്.-ന്റെ ആദ്യ നാലുവർഷത്തെ കണക്കെടുത്ത് നോക്കുമ്പോൾ സമാധാനപരമായിരുന്നോ; മണ്ണാർക്കാട് എം.എൽ.എ അടക്കം

അറിയാനാണ് പറയുന്നത്, 54168 സ്ത്രീ പീഡന കേസ്സുകളും 7160 ബാലപീഡന കേസ്സുകളും ആ കാലഘട്ടത്തിൽ രജിസ്റ്റർ ചെയ്തു. 2015 ജൂലൈയിൽ ആഭ്യന്തര വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ പറയുന്നത് കസ്റ്റഡി മരണങ്ങൾ - 11, ക്വട്ടേഷൻ സംഘങ്ങളുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടത് - 4 പേർ, 215 വർഗ്ഗീയ സംഘട്ടനങ്ങൾ എന്നിവ ഉണ്ടായിരുന്നുവെന്നാണ്. സാമൂഹ്യമായ പ്രശ്നങ്ങളിലുണ്ടാകുന്ന കുറ്റകൃത്യങ്ങളെ നമുക്ക് പതുക്കെമാത്രമെ നിയന്ത്രിക്കാൻ കഴിയൂ. എന്നാൽ ഗവൺമെന്റ് ഇടപെട്ട് നിയന്ത്രിക്കാൻ കഴിയുന്ന തരത്തിലുള്ള വർഗ്ഗീയ കലാപങ്ങൾ ഒന്നുമില്ലാത്തൊരു നാടായി ഈ കേരളത്തെ മാറ്റാൻ കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ ഭരണത്തിന് കഴിഞ്ഞുവെന്ന് നമുക്ക് ഇന്ന് അഭിമാനത്തോടെ പറയാം. പോലീസിന്റെ മോട്ടോതന്നെ 'മൃദു ഭാവെ ദൃഢ കൃത്യേ' എന്നാണ്. അതിലേക്ക് നമ്മുടെ കേരളാ പോലീസ് ഇന്ന് എത്തിയിരിക്കുന്നു.

കോവിഡ് മഹാമാരി നാടിനെതന്നെ പിടിമുറുക്കിയ കാലഘട്ടത്തിൽ കേരളത്തിലെ ആരോഗ്യ മേഖലയെപ്പറ്റി നമ്മൾ എപ്പോഴും പറഞ്ഞിരുന്നു. എന്നാൽ ആരോഗ്യമേഖലയോടൊപ്പംനിന്ന് ഈ കേരളത്തെ

സംരക്ഷിക്കുന്നതിന് രാപ്പകലില്ലാതെ കഷ്ടപ്പെട്ട പോലീസ് ഫോഴ്സിന് തീർച്ചയായും ഈ സഭയുടെ ഒരു ബിഗ് സല്യൂട്ട് നൽകാൻ ഈ അവസരം ഞാൻ ഉപയോഗിക്കുകയാണ്. എത്ര വലിയ ജനകീയ ഇടപെടലായിരുന്നു കഴിഞ്ഞകാലത്ത് പോലീസ് സേന നടത്തിയത്. 5000-ത്തിലധികം പുതിയ നിയമനങ്ങൾ നടത്താൻ കഴിഞ്ഞു. ബഹുമാനപ്പെട്ട സീനിയർ അംഗം തിരുവഞ്ചൂർ രാധാകൃഷ്ണൻ, പഴയ പോലീസ് സ്റ്റേഷന്റെ മുഖമല്ല ഇന്ന്, പോലീസ് സ്റ്റേഷനുകളുടെ മുഖം മാറിയിരിക്കുന്നു. പോലീസ് സ്റ്റേഷൻ കണ്ടാൽ ഇന്ന് നമുക്ക് മനസ്സിലാകില്ല. അത്ര മനോഹരമായ പുതിയ കെട്ടിടങ്ങൾ, ഹൈടെക്ക് സ്റ്റേഷനുകൾ. മുമ്പ് പോലീസ് സ്റ്റേഷനുകൾക്ക് ഇരുണ്ട മുഖമായിരുന്നു. അതുകൊണ്ട് ഇരുണ്ട മുഖമുള്ള പോലീസ് സ്റ്റേഷനിലേക്ക് കടന്നുചെല്ലാൻ പലപ്പോഴും ജനങ്ങൾ തയ്യാറായില്ല. അപ്പോൾ പരാതികൾ കുറവാണെന്ന് നിങ്ങൾക്ക് തോന്നും. കാരണം പോലീസിന്റെ അടുത്തേക്ക് പോകാൻ പേടിയാണ്. ഇന്ന് പോലീസിന്റെ ഇരുണ്ട മുഖം മാറി പുതിയ വെളിച്ചം ആർജ്ജിക്കാൻ കഴിഞ്ഞു. ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് സേനയെ ശക്തിപ്പെടുത്താൻ കഴിഞ്ഞു. പരാതികൾ ഓൺലൈനായി സ്വീകരിക്കാനുള്ള സൗകര്യമൊരുക്കി.

കുട്ടികൾക്കെതിരെയുള്ള അതിക്രമം തടയാനായി UNICEF-ന്റെ സഹായത്തോടെ നടപ്പാക്കിയ children and police പദ്ധതിയിലൂടെ പോലീസ് സ്റ്റേഷനുകളെ ശിശുസൗഹൃദ സ്റ്റേഷനുകളാക്കിമാറ്റി. കുറ്റകൃത്യങ്ങൾ ഇല്ലെന്നല്ല പറയുന്നത്. നേരത്തെ പറഞ്ഞല്ലോ, മനുഷ്യരാണ്, ചിലപ്പോൾ മനുഷ്യ സഹജമായ തെറ്റുണ്ടാകാം. രാഷ്ട്രീയ പാർട്ടിയിലുള്ളവർക്ക് തെറ്റുണ്ടാകാൻ പാടില്ല. പക്ഷേ അവരെ കൃത്യമായി അറസ്റ്റ് ചെയ്യാനും അവർ ചെയ്ത കുറ്റത്തിന് ശിക്ഷ ഉറപ്പാക്കാനും ഈ ഗവൺമെന്റിന് കഴിയുന്നുവെന്നുള്ളിടത്താണ് ഞങ്ങളുടെ വ്യത്യാസം നിൽക്കുന്നത്.

സ്ത്രീ സുരക്ഷയ്ക്കായി കർശനമായ നടപടികൾ കൈക്കൊള്ളാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. ഒന്നോ, രണ്ടോ കേസ്സുകൾ നിങ്ങൾക്ക് എടുത്തുകാണിക്കാൻ കഴിയും. പക്ഷേ ആകെ പരിശോധിക്കുമ്പോൾ, വനിതാ സാമാജികരായ ഞങ്ങൾ അത് പരിശോധിച്ചുനോക്കാറുണ്ട്. സ്ത്രീ സുരക്ഷയ്ക്കായി വലിയ ഇടപെടൽ നടത്താൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. യു.ഡി.എഫ്.കാലത്തെ കേരളത്തിലെ പ്രമാദമായ കേസായിരുന്ന ജിഷ കൊലപാതകകേസ്. ഞാൻ ഓർക്കുന്നുണ്ട്. പ്രതി

ചെരുപ്പെടുക്കാൻ വരുമെന്ന് പറഞ്ഞ് രാത്രിയിൽ പോലീസ് ചെരുപ്പ് കെട്ടിത്തൂക്കിയിട്ടു. ആ കേസ്സിലെ പ്രതികളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവന്നത് ഇടതുപക്ഷത്തിന്റെ ഭരണകാലത്താണ്. എന്റെ മണ്ഡലത്തിനടുത്ത് അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രിയുടെ മണ്ഡലത്തിൽ പട്ടാപകലൊരു കൊലപാതകം നടന്നു, ജലജാ സുരന്റെ കൊലപാതകം. ആ ഭരണകാലത്ത് കേസിലെ പ്രതി വിലസിനടക്കുകയായിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രിയുടെ മണ്ഡലത്തിൽ നടന്ന കൊലപാതകത്തിന്റെ പ്രതിയെവരെ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞത്.

വനിതാ സാമാജികയെന്നുള്ള നിലയിൽ അഭിമാനത്തോടെ പറയട്ടെ പോലീസ് സേനയിലെ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കാൻ നമ്മുടെ ഗവൺമെന്റിന് കഴിഞ്ഞു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് ആദ്യമായി പുതിയ വനിതാ പോലീസ് ബറ്റാലിയൻ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. തിരുവനന്തപുരത്ത് വനിതാ പോലീസ് ബറ്റാലിയന് ഒരു ആസ്ഥാനമുണ്ടാക്കാൻ പത്തേക്കർ സ്ഥലം നല്കികൊണ്ടാണ് ഈ സർക്കാർ അതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചത്. അതുപോലെ നമുക്ക്

അഭിമാനത്തോടെ പറയാൻ കഴിയുന്നൊരു കാര്യമാണ് പിങ്ക് പട്രോളിംഗ് സംവിധാനം. എല്ലാ ജില്ലാപോലീസ് കേന്ദ്രങ്ങളിലേയ്ക്കും പിങ്ക് പട്രോളിംഗ് നടത്താൻ നമുക്ക് ഇപ്പോൾ കഴിയുന്നുണ്ട്. കഴിഞ്ഞ നാലുവർഷക്കാലമായി പിങ്ക് പട്രോളിംഗ് നന്നായി പോകുന്നുണ്ട്. എല്ലാകാര്യവും ചെയ്തുവെന്നല്ല. പോലീസ് ഉണ്ടായിരിക്കാം, പക്ഷേ അത് അനുഭവവേദ്യമാക്കാൻ നടത്തിയ പരിശ്രമത്തിൽ  ഗവൺമെന്റിന് പൂർണ്ണമായും വിജയിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതുപോലെ സ്ത്രീകൾക്കും കുട്ടികൾക്കും നേരെ വലിയ സൈബർ ആക്രമണം നമ്മുടെ നാട്ടിൽ നടക്കുന്നുണ്ട്. ഇത് തടയുന്നതിന് ഒരു പ്രത്യേക പദ്ധതി ആവിഷ്കരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കേരള പോലീസ് അക്കാദമിയിൽ ഒരു സൈബർ ഫോറൻസിക് ലാബ് തന്നെ സൃഷ്ടിച്ചുകൊണ്ട്, അതിൽ കേന്ദ്രീകരിച്ചുകൊണ്ട് ട്രെയിനിംഗ് സെന്ററുകൾ ആരംഭിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസമുള്ള പരിഷ്കൃത സമൂഹമാണ് നമ്മുടേതെങ്കിലും ഒറ്റയ്ക്ക് സഞ്ചരിക്കാൻ സ്ത്രീകൾക്ക് ഭയമാണ്. രാത്രി സഞ്ചാരം കുറവാണ്. നമ്മുടെ ഒരു രീതിയതാണ്. എന്നാൽ അങ്ങനെയും സഞ്ചരിക്കണം. അങ്ങനെ സഞ്ചരിക്കാൻ സുരക്ഷാ ഹസ്തവുമായി കേരളാ പോലീസ് 'നിഴൽ' എന്ന പദ്ധതിക്ക്

രൂപംകൊടുത്തിട്ടുണ്ട്. നമുക്ക് സുരക്ഷിതമായി സഞ്ചരിക്കാൻ കഴിയുന്ന മാനസിക തന്റേടം തരാൻ കേരള പോലീസിന് കഴിഞ്ഞിട്ടുണ്ട്. അതുപോലെ 112 എന്ന നമ്പറിലൂടെ emergency response system ആരംഭിച്ചത് എനിക്ക് ഏറ്റവും ആകർഷകമായി തോന്നിയിട്ടുള്ള പദ്ധതിയാണ്. കാരണം കേരളത്തിന്റെ ഏത് ഭാഗത്തൊരു കുറ്റകൃത്യം നടന്നാലും, ഒരു പരാതിവന്നാലും, എവിടെനിന്ന് വിളിച്ചുപറഞ്ഞാലും, അതെല്ലാംതന്നെ അടിയന്തര സാഹചര്യത്തിൽ തിരുവനന്തപുരത്തെ പോലീസ് ആസ്ഥാനത്തെ പോലീസ് കമാൻഡ് സെന്ററിൽ പ്രത്യേക സംവിധാനം ഒരുക്കാൻ നമുക്ക് ഈ കാലഘട്ടത്തിൽ കഴിഞ്ഞുവെന്ന് അങ്ങേയറ്റം അഭിമാനത്തോടുകൂടി സൂചിപ്പിക്കുകയാണ്. ഏതുജില്ലയിൽനിന്നും ഫോൺ മുഖേന ബന്ധപ്പെടാൻ കഴിയും.

ഓഖി ദുരന്തത്തിൽ അകപ്പെട്ടവരെ രക്ഷിക്കാൻ മത്സ്യത്തൊഴിലാളികൾ നടത്തിയ വലിയ പരിശ്രമത്തിനെ ആദരവോടുകൂടിയാണ് ഈ ഗവൺമെന്റ് കണ്ടത്. തീരദേശത്തെ 200 യുവാക്കളെ 14 തീരദേശ പോലീസ് സ്റ്റേഷനുകളിലേയ്ക്ക് നിയമിക്കാൻ ഈ ഗവൺമെന്റ് തയ്യാറായി. അതുപോലെ ചരിത്രപരമായിട്ടുള്ളൊരു തീരുമാനമാണ്, ട്രൈബൽ വിഭാഗത്തിൽനിന്ന്

പോലീസ് സേനയിലെ 75 തസ്തികകളിലേയ്ക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ്വഴി നിയമനം നടത്താൻ ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് കഴിഞ്ഞത്. അതിന്റെയെല്ലാം തുടർച്ചയായിരിക്കും ഇനി ചെയ്യാൻ പോകുന്ന കാര്യങ്ങൾ. അതുപോലെ രസകരമായൊരു സംഭവം, കഴിഞ്ഞ കാലത്ത് പോലീസ് സാമൂഹ്യമാധ്യമങ്ങളെ ഉപയോഗിച്ചത് എന്തിനാണെന്ന് നിങ്ങൾക്കറിയാമോ? കൂടുതലും തമ്മിൽ തല്ലാനായിരുന്നു. ഡി.ജി.പി.-യും എ.ഡി.ജി.പി.-യുമൊക്കെ തമ്മിൽ തല്ലാനായിരുന്നു ഔദ്യോഗിക ഫേസ്ബുക്ക് പേജ് ഉപയോഗിച്ചത്. ആ നാണംകെട്ട ഒരു കാലഘട്ടത്തിൽ നിന്ന് ഇന്ന് കേരള പോലീസിന്റെ ഔദ്യോഗിക ഫേസ്ബുക്ക് പേജ് ലോകത്ത് ഏറ്റവും കൂടുതൽ പേർ ഫോളോ ചെയ്യുന്ന പേജായി മാറ്റാൻ നമുക്ക് കഴിഞ്ഞു. അതുപോലെ കുട്ടികൾക്ക് പോലീസുകാരോട് വളരെ സ്വാതന്ത്ര്യത്തോടുകൂടി പോലീസ് മാമാ എന്ന് വിളിച്ചുസംസാരിക്കാൻ കഴിയുന്ന തരത്തിൽ ആ പേജിനെ സൗഹാർദ്ദപരമായ ഒരു പേജാക്കി മാറ്റാനും ഇൻഡ്യയിൽ ഒന്നാം സ്ഥാനത്തേയ്ക്ക് ആ പേജിനെ കൊണ്ടുവരാനും നമുക്ക് കഴിഞ്ഞു. കാരണം അതിലൂടെ ഒരു സെക്യൂരിറ്റി കിട്ടുന്നുവെന്നുള്ളതാണ്. പോലീസും ജനങ്ങളും തമ്മിലുള്ള ബന്ധം

ഊഷ്മളമാക്കി തീർക്കാൻ കഴിയുന്ന തരത്തിലേയ്ക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകാൻ ആ പേജിനെ ഉപയോഗിക്കാൻ കഴിയുന്നു. അതുപോലെ നിയമബോധവും പൗരബോധവുമുള്ള, ദുർബല വിഭാഗങ്ങൾക്ക് സഹാനുഭൂതി പുലർത്തുന്ന ഒരു പുതിയ തലമുറയെ വാർത്തെടുക്കുന്നതിനുവേണ്ടി എസ്.പി.സി. (സ്റ്റുഡന്റ് പോലീസ് കേഡറ്റ്) സംവിധാനം എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും കൊണ്ടുവരുന്നതിനുള്ള ശ്രമമുണ്ടാകണമെന്നാണ് എന്റെ ഒരു നിർദ്ദേശം.

അതുപോലെതന്നെ നമ്മുടെ ജയിലുകൾ ആധുനികവത്കരിക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിക്കേണ്ടതാണ്. ചില സാഹചര്യങ്ങളാൽ കുറ്റവാളികളായി ജയിലിൽ അകപ്പെട്ടുപോയവരുണ്ട്. കുറ്റകൃത്യം ചെയ്യുന്നവർ ഒരു പ്രത്യേക സാമൂഹിക പശ്ചാത്തലത്തിൽ ചെയ്തുപോകുന്നതാണ്. എന്നാൽ അവരെ സാധാരണ ജീവിതത്തിലേയ്ക്ക് കൊണ്ടുവരുന്നതിനുവേണ്ടി ഒരു കറക്ടീവ് ഫോഴ്സായി പ്രവർത്തിച്ച് നമ്മുടെ സമൂഹത്തിൽ ആളുകളെ നിലനിർത്തേണ്ടതുണ്ട്. ആരെങ്കിലും സാധാരണ ജീവിതത്തിലേയ്ക്ക് വരാൻ തയ്യാറാണെങ്കിൽ അവർക്കെല്ലാവിധമായ സപ്പോർട്ടും നല്കിക്കൊണ്ട് അവരെ അതിലേയ്ക്ക്

കൊണ്ടുവരാൻ കഴിയുന്ന സാഹചര്യങ്ങൾ ജയിലിലൊരുക്കി.

അതുപോലെ കോവിഡ് കാലഘട്ടത്തെ അഗ്നിരക്ഷാസേനയുടെ പ്രവർത്തനങ്ങൾ ഇവിടെ പരാമർശിക്കാതെ പോകാൻ കഴിയില്ല. കാരണം ഔഷധം എത്തിക്കുന്നതിനും ഒരു ജില്ലയിൽനിന്നും മറ്റൊരു ജില്ലയിലേയ്ക്ക് ആളുകളെ കൊണ്ടുപോകുന്നതിനും രോഗികളെ ട്രാൻസ്പോർട്ട് ചെയ്യുന്നതിനും ലോക്ഡൗൺ കാലത്ത് ഡിസ്ഇൻഫക്ഷനാണെങ്കിലും ശുചീകരണമാണെങ്കിലും അഗ്നിരക്ഷാസേന നടത്തിയിട്ടുള്ള ധീരമായ ഇടപെടലുകൾക്ക് അവരോട് പ്രത്യേകം നന്ദി പറയാൻ ഈ ചർച്ച ഞാൻ ഉപയോഗിക്കുകയാണ്. സിവിൽ ഡിഫൻസ്തന്നെ ഏറ്റവും ശ്രദ്ധേയമായി നടത്താൻ കഴിയും. ഇതൊക്കെ ചെയ്യുന്നതുകൊണ്ട് ഒട്ടേറെ അവാർഡുകൾ, ശ്രീ. മുരളി പെരുനെല്ലി എം.എൽ.എ. പറഞ്ഞതുകൊണ്ട് ഞാൻ ഇതൊന്നും ആവർത്തിക്കുന്നില്ല, പ്രവർത്തിച്ചതിന്റെ അംഗീകാരമായി ഒട്ടേറെ അവാർഡുകൾ കേരള ഗവൺമെന്റിനെ തേടിവന്നിട്ടുണ്ട്.

മദീനയിൽ ഖലീഫ ഉമറിന്റെ ഭരണകാലത്ത് അദ്ദേഹം പാതിരാത്രിയിൽ വേഷപ്രച്ഛന്നനായി ജനങ്ങളുടെ ഇടയിൽ പോകുന്നതിനെപ്പറ്റിയുള്ള കഥകൾ നമ്മൾ ആവേശത്തോടെ വായിച്ചിട്ടുണ്ട്.

ഈ ലോക്ഡൗൺ കാലഘട്ടത്തിൽ കേരളത്തിൽ വിശന്നുതളർന്ന് ഒരാളുപോലും ഉണ്ടാകരുതെന്ന് ആഗ്രഹിച്ചുകൊണ്ട് നമ്മൾ കൊടുക്കുന്ന പെൻഷൻ, കിറ്റുകൾ എന്നിവ വലിയ തരത്തിലാണ് ജനങ്ങൾക്ക് ആശ്വാസമാകുന്നത്. ഇത്തരത്തിൽ ആഹാരം കൊടുത്തുകൊണ്ട്, ദാരിദ്ര്യം ലഘൂകരിച്ചുകൊണ്ട് സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന മനുഷ്യരെ സപ്പോർട്ട് ചെയ്യുന്നതിലൂടെ കുറ്റകൃത്യങ്ങൾ കുറയ്ക്കാൻ നമുക്ക് കഴിയുന്നു. അവിടെയാണ് കേരളത്തിലെ മുഖ്യമന്ത്രി വേറിട്ട് നിൽക്കുന്നത്. "Only in the darkness you can see the stars" എന്നത് മാർട്ടിൻ ലൂഥർകിംഗിന്റെ പ്രസിദ്ധമായ വരികളാണ്. ആസുരമായ മഹാവ്യാധികൾ നമ്മുടെ നാടിനെ കീഴ്പ്പെടുത്തി, പ്രകൃതി ക്ഷോഭങ്ങൾ വന്നു, അതിനേക്കാൾ വലിയ രാഷ്ട്രീയ ലക്ഷ്യസമരങ്ങൾ ഈ മഹാമാരിയുടെ കാലത്ത് ഒരു വിഭാഗം ആളുകൾ നടത്തിയില്ലേ; അപ്പോഴെല്ലാം ഈ കൊടുംതമസ്സിൽ കേരളത്തിൽ പ്രകാശം ചൊരിഞ്ഞ് ദിശകാട്ടിയ നക്ഷത്രമാണ് കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ എന്ന് ആവർത്തിച്ചുപറയാൻ ഞങ്ങൾ ആഗ്രഹിക്കുകയാണ്.

അന്നം ഹി ഭൂതാനാം ജ്യേഷ്ഠം | തസ്മാത്.... - അരിയാണ് സർവ്വതിലും

ശ്രേഷ്ഠം. അരിയെന്നു പറയുമ്പോൾ ചിലർക്ക് പുച്ഛമാണ്. അരിയാണ് ശ്രേഷ്ഠം. അന്നം ഭവന്തു ഭൃദാൻ - അരിയാണ് ജീവജാലങ്ങളും സസ്യജാലങ്ങളുമായി മാറ്റപ്പെടുന്നത്. അന്നം ബ്രഹ്മമാണ്. അന്നംദാനം മഹാപുണ്യമാണ്. അന്നവിചാരം തന്നെയാണ് മുന്നവിചാരം. മലയാളികൾ അക്ഷരമെഴുതുന്നത് അരിയിലാണ്. ഈ അരി കൊടുക്കുന്നതിനെ പരിഹസിക്കുന്നവർ, ദാരിദ്ര്യമുള്ളവരെ കളിയാക്കുന്നവരൊക്കെ അപ്പുറത്തുണ്ട് എന്ന് ഞങ്ങൾക്കറിയാം. പക്ഷെ നിങ്ങൾ ഓർക്കുക, നിങ്ങളെങ്ങനെ നിങ്ങളായി എന്നുമാത്രമേ ഞങ്ങൾക്ക് പറയാനുള്ളൂ.

കേരളത്തിലെ സമാധാന അന്തരീക്ഷം ഉറപ്പാക്കുന്നതിനുവേണ്ടി പോലിസ് സേനയെ ഏറ്റവും കാര്യക്ഷമമാക്കുന്നതിനുവേണ്ടി നമ്മുടെ ഗവൺമെന്റ് എല്ലാ ഇടപെടലുകളും നടത്തുന്നുണ്ട്. ഒരു നിർദ്ദേശംകൂടി മുന്നോട്ടുവയ്ക്കാനുള്ളത്, നമ്മുടെ നാട്ടിൽ സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങളെന്ന് പറയുന്നത് പൊതുവെ അവരുടെ വീട്ടിലെതന്നെ അരക്ഷിതാവസ്ഥയാണ്. അതായത് സ്ത്രീകളെ ഹൈ റിസ്ക്, മീഡിയം റിസ്ക്, റിസ്ക് ലെസ് എന്നീ മൂന്ന് ഗ്രൂപ്പുകളായി തിരിക്കുന്നതിനുവേണ്ടി ഒരു ഇടപെടൽ ആഭ്യന്തരവകുപ്പിന് നടത്താൻ കഴിയണം. അതായത്, ഭർത്താക്കൻമാരുടെ

മർദ്ദനം, മദ്യപാനം, ദാരിദ്ര്യം ഇതിനെയൊക്കെ ഹൈ റിസ്ക് ഗ്രൂപ്പിൽ ഉൾപ്പെടുത്തി, ഇത്തരത്തിൽ അരക്ഷിതമാകുന്ന കുടുംബങ്ങളെ സഹായിക്കാൻ കഴിയുന്ന തരത്തിൽ ഒരു ഹോട്ട് ലൈൻ സംവിധാനം, ഒരു വനിതാ പോലീസ് ഓഫീസറെ 24 മണിക്കൂറും അവെയിലബിൾ ആക്കുന്ന തരത്തിൽ ഓരോ സ്റ്റേഷനിലും സ്ഥാപിക്കാൻ കഴിഞ്ഞാൽ നല്ലതായിരിക്കും. സ്ത്രീധനവുമായി ബന്ധപ്പെട്ട് അപരാജിത അടക്കമുള്ള സംവിധാനങ്ങളുണ്ട്. അതുപോലെ ആഹാരവും പണവുമുണ്ടെങ്കിലും പലപല കാരണങ്ങളാൽ സന്തോഷമില്ലാത്ത സ്ത്രീകളുണ്ടാകും. Happiness Index - Nil, അതും അഡ്രസ് ചെയ്യുന്നതിനായി തീർച്ചയായും ശ്രമിക്കണം. നമ്മുടെ കുഞ്ഞുങ്ങളെ ലൈംഗികമായി ഉപദ്രവിക്കുന്നത് തീർച്ചയായും അങ്ങേയറ്റം അപലപനീയമായ കാര്യമാണ്. അതിന് എത്രയുംവേഗം ശിക്ഷ നൽകുന്നതിനായി പ്രത്യേക നിയമം നിർമ്മിച്ച് അംഗീകാരം വാങ്ങുന്നതിനുവേണ്ടി കേരളാ നിയമസഭ ഇടപെട്ട് തയ്യാറാകണം. അത്തരം ചില നിർദ്ദേശങ്ങൾകൂടി വച്ചുകൊണ്ട് 2021-22 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി സർവ്വാത്മനാ പിന്തുണയ്ക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഞങ്ങൾ പ്രതിപക്ഷത്തുനിന്നും സംസാരിക്കുന്നത് രാഷ്ട്രീയപ്രേരിതമായാണ്, സത്യസന്ധമായിട്ടല്ല എന്ന നിലയിൽ അവസാനം സംസാരിച്ച ബഹുമാനപ്പെട്ട അംഗം ശ്രീമതി യു. പ്രതിഭ സൂചിപ്പിച്ചു. ബഹുമാനപ്പെട്ട മുൻ ആഭ്യന്തര വകുപ്പുമന്ത്രികൂടിയായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ശ്രീ. എൻ. ഷംസുദ്ദീനും ജയിലിൽ നടക്കുന്ന നടപടികളെ സംബന്ധിച്ച് ചൂണ്ടിക്കാണിച്ചു. അതുമായി ബന്ധപ്പെട്ട് എല്ലാ പത്രങ്ങളിലും പ്രസിദ്ധീകരിച്ച വാർത്ത ഞാൻ വായിക്കാം. " ജയിലിൽനിന്നും ഫോൺവഴി ലഹരി വ്യാപാരം, തടവുകാർക്കുള്ള സ്മാർട്ട് കാർഡ്വഴി കോൺഫറൻസ് കാൾ, ഗുരുതരമായ സുരക്ഷ ഭീഷണിയെന്ന് ജയിൽ മേധാവി, നിരീക്ഷിക്കാൻ ആളില്ലെന്ന് അധികൃതർ." കേരളത്തിലെ എല്ലാ പത്രങ്ങളിലും വ്യക്തമായി പ്രസിദ്ധീകരിച്ച വാർത്തയാണിത്. ഇതൊക്കെ ഗവൺമെന്റ് ശ്രദ്ധിക്കണ്ടേ. സ്മാർട്ട് ഫോൺ കിട്ടാതെ കേരളത്തിലെ മുഴുവൻ വിദ്യാർത്ഥികളും ജനപ്രതിനിധികൾ എന്ന നിലയിൽ ഞങ്ങളുടെയൊക്കെ മുന്നിൽ വരുന്നു, ഒരു ഫോണിനുവേണ്ടി കഴിയുന്നവരോടെല്ലാം വിളിച്ചുപറയുന്നു. ഇങ്ങനെ കുട്ടികളെ സഹായിക്കുന്നതിനുവേണ്ടി ഗവൺമെന്റ്

പോലും കഷ്ടപ്പെടുന്ന ഈ കാലത്ത് ഏറ്റവും വലിയ കൊലപാതകവും സർവ്വത്ര കൊള്ളയും നടത്തി ജയിലിൽ കിടക്കുന്ന ആളുകൾ വളരെ സുലഭമായി ഇതുപോലെ വാഴുകയും പ്രവർത്തിക്കുകയും ചെയ്യുന്നത് ആരുടെ സംരക്ഷണയിലാണെന്ന പ്രശ്നം പരിശോധിക്കണ്ടേ? ഗവൺമെന്റ് ഇത്തരം കാര്യങ്ങൾ ഗൗരവമായി കാണണമെന്ന സുപ്രധാനവിഷയമാണ് ഞങ്ങൾ ചൂണ്ടിക്കാണിക്കുന്നത്. കേരളം പോലൊരു സംസ്ഥാനത്ത് ഇത് ആവർത്തിക്കാൻ പറ്റുന്ന കാര്യമല്ല. ഇത് അവസാനിപ്പിക്കാൻ കഴിയുന്ന ഇടപെടലുണ്ടാകണം.

രണ്ടാമതായി മുൻ ഡി.ജി.പി.-യും മുൻ സുപ്രീംകോടതി ജഡ്ജിയും പറഞ്ഞത് കോളോണിയൽ നിയമങ്ങളുടെ തുടർച്ചയാണ് ഇപ്പോഴും നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്നതെന്നാണ്. പോലീസ് സ്റ്റേഷന്റെ കെട്ടുംമട്ടും മാറി, ഒരുപാട് മാറ്റങ്ങൾ വരുന്നുവെന്ന് ഇവിടെ ചൂണ്ടിക്കാണിച്ചു. അത് നല്ല കാര്യമാണ്. പക്ഷെ പോലീസിന്റെ മനോഭാവത്തിൽ മാറ്റം ഉണ്ടോ; പോലീസിന്റെ പെരുമാറ്റം മാറണ്ടേ; അത് മാറാൻ കഴിയുന്നവിധം എന്തു കാര്യങ്ങളാണ് ഇവിടെ നടക്കുന്നത്? പോലീസിന്റെ ഉന്നതഉദ്യോഗസ്ഥർ തന്നെ പറയുന്നു. പോലീസിന്റെ മുൻ ഡി.ജി.പി. സമീപകാലത്ത്

പറയുകയുണ്ടായി - 'പോലീസ് സേന ജനാധിപത്യരീതിയിൽ അല്ല പ്രവർത്തിക്കുന്നത്. അതിനുകാരണം കോളോണിയൽ ഭരണമാണ്. ഇവിടുത്തെ നിയമസംവിധാനങ്ങളിൽ മാറ്റം വേണം. ഇപ്പോഴും സ്റ്റാൻഡിംഗ് ഓർഡറിൽനിന്നും ഒരിഞ്ചുപോലും നമുക്ക് മുന്നോട്ടുപോകാൻ കഴിയുന്നില്ല. പരിഷ്കരണങ്ങളെല്ലാം തൊലിപ്പുറത്തുള്ള പേരുമാറ്റി ചികിത്സയായി മാത്രം മാറിപ്പോകുന്നു. ഇത്തരത്തിലുള്ള നിർഭാഗ്യകരമായ സ്ഥിതിവിശേഷങ്ങൾക്ക് മാറ്റമുണ്ടാകാതെ കേരളത്തിൽ പോലീസ് സേനയെ നവീകരിക്കാൻ കഴിയില്ല' എന്ന് ചൂണ്ടിക്കാണിക്കുന്ന സാഹചര്യം ഇവിടെ ഗൗരവമായി നമുക്ക് കാണേണ്ടതുണ്ട്.

ഒന്ന് രണ്ട് നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കാനുള്ളത്, ഒന്ന്, ലോ ആന്റ് ഓർഡർ അതുപോലെ ക്രൈം, ഇവ രണ്ടും സെപ്പറേറ്റ് ചെയ്യണമെന്നുള്ളതാണ്. 2008-ലെ സുപ്രീം കോടതി വിധി നമ്മുടെ കേരളത്തിൽ നടപ്പാക്കിയിട്ടില്ല. ഇത്രയും വലിയ പരിഷ്കാരങ്ങൾക്കെല്ലാം നേതൃത്വം കൊടുക്കുന്ന ഒരുപാട് കാര്യങ്ങൾക്ക് മാറ്റം വരുത്തുന്ന നമ്മുടെ സംസ്ഥാനത്ത് എന്തുകൊണ്ട് ഇതിലേയ്ക്ക് വരാൻ കഴിയുന്നില്ല? ഡൽഹി, മുംബൈ, തമിഴ്നാട് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിലെല്ലാം ഇത്

നടപ്പിലാക്കി. കേരളത്തിൽ ഇത് സെപ്പറേറ്റ് ചെയ്യാൻ ഇപ്പോഴും നമുക്ക് കഴിയുന്നില്ല. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഈ വിധിയും ഗവൺമെന്റുമായി ബന്ധപ്പെട്ടുനിൽക്കുന്ന സാഹചര്യങ്ങളും പരിശോധിക്കുമ്പോൾ നമ്മുടെ സംസ്ഥാനത്ത് എത്രയും വേഗം ചെയ്യേണ്ട ഒരു കാര്യമാണെന്ന് ചൂണ്ടിക്കാണിക്കുന്നത് ജനങ്ങൾക്ക് നീതി കിട്ടാൻ വേണ്ടിയാണ്. ഇന്ന് 16 ലക്ഷം കേസ്സുകൾ ഹൈക്കോടതിയുടെ നിരീക്ഷണത്തിൽ കേരളത്തിൽ പെൻഡിംഗാണെന്ന് പറയുന്നു. ഇത്രയും കേസുകൾ പെൻഡിംഗാകുമ്പോൾ ഇവിടെ ജനങ്ങൾക്ക് നീതികൊടുക്കാൻ കഴിയുന്നില്ല. ഈയൊരു ദുരവസ്ഥയ്ക്ക് അവസാനമുണ്ടാകേണ്ടതുണ്ട്. എഫ്.ഐ.ആർ.-ന്റെ ആവറേജ് എണ്ണം ഏകദേശം 8 ലക്ഷമായിരുന്നു. ഇപ്പോൾ ഈ കോവിഡിന്റെ കാലത്ത് പതിമൂന്നേമുക്കാൽ ലക്ഷമായി വർദ്ധിച്ചതായാണ് കാണാൻ കഴിയുന്നത്. പോലീസ് ഡിപ്പാർട്ടുമെന്റിലുണ്ടാകുന്ന സ്ട്രക്ച്ചറൽ പ്രോബ്ലംസ്, **ഡേ ആന്റ് ഡ്യൂട്ടി** വിഷയം ഉൾപ്പെടെ ഇവിടെ ചൂണ്ടിക്കാണിക്കപ്പെടുന്ന കാര്യങ്ങളാണ്. ഇതിനൊക്കെപോലും പരിഹാരമുണ്ടാകാതെ എങ്ങനെ പോലീസ് സേനയ്ക്ക് നന്നായി പ്രവർത്തിക്കാൻ കഴിയും. ഗവൺമെന്റ് ചെയ്യേണ്ടതായ

പ്രധാനപ്പെട്ട കാര്യങ്ങൾ ചെയ്യാതെ, പരിഷ്കാരങ്ങൾ വരുത്തിയിട്ടുണ്ട്, ഇവിടെയെല്ലാം ഭദ്രമാണ് എന്ന് പറഞ്ഞുപോയാൽ മതിയോ? അതുകൊണ്ട് ഈ ധനാഭ്യർത്ഥന ചർച്ചയുടെ ഭാഗമായി വ്യക്തമായ പരിശോധനകൾ പോലീസ് ഡിപ്പാർട്ടുമെന്റിൽ നടത്തണം. പോലീസുകളിൽ ക്രിമിനലുകൾ കടന്നുവരുന്നുവെന്ന വിഷയം ഗൗരവമായി കാണണം. ക്രിമിനലുകളുടെ അഴിഞ്ഞാട്ടം അവസാനിപ്പിക്കുന്നതിനാവശ്യമായ സാഹചര്യം സാമൂഹ്യ ജീവിതത്തിലുണ്ടാകണം. ഇവിടെ ലാ ആന്റ് ഓർഡർ ഉറപ്പ് വരുത്തുക, സമാധാനപൂർണ്ണമായി ജീവിക്കാൻ കഴിയുക എന്ന സാഹചര്യം ഉറപ്പ് വരുത്തുന്ന കാര്യത്തിൽ ഗവൺമെന്റ് മുൻഗണന കൊടുക്കുന്നു എന്നു പറയുന്നത് പ്രാവർത്തികമാക്കാൻ കഴിയുന്ന വിധത്തിലുള്ള നടപടികളാണ് നമ്മുടെ സംസ്ഥാനത്തുണ്ടാകേണ്ടത്. അതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ ഗവൺമെന്റ് നടത്താൻ തയ്യാറാകാത്ത സാഹചര്യത്തിൽ ഈ ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി എതിർക്കുന്നു.

ഇവിടെ വനിതാ പോലീസ് കോൺസ്റ്റബിളിന്റെ കാര്യം അംഗങ്ങൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരാൻ പോകുന്ന സാഹചര്യമാണുള്ളത്. ഗവൺമെന്റ് പരിശ്രമിച്ചാൽ

എത്രയും പെട്ടെന്ന് അവയിലെല്ലാം നിയമനങ്ങൾ നടത്താൻ സാധിക്കും. പോലീസ് സ്റ്റെങ്ത് വർദ്ധിപ്പിക്കുക എന്നത് പൊതുവായി എല്ലാ ചർച്ചകളിലും വരുന്ന വിഷയമാണ്. ട്രാഫിക്കിൽ അപകടങ്ങൾ വർദ്ധിക്കുന്ന സാഹചര്യം, വിവിധ ഡ്യൂട്ടികളിൽ പോകേണ്ടി വരുന്ന സാഹചര്യമുള്ളതിനാൽ പോലീസ് സേനയുടെ സ്റ്റെങ്ത് വർദ്ധിപ്പിക്കുകയെന്ന വിഷയം ഇപ്പോഴും പ്രധാനപ്പെട്ടതായി നിൽക്കുകയാണ്. അതുപോലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിത കോൺസ്റ്റബിൾമാരുടെ സേവനം ലഭ്യമാക്കേണ്ടത് മറ്റേത് കാലഘട്ടത്തേക്കാളും ഇന്ന് അത്യന്താപേക്ഷിതമാണ്. വനിതകൾക്ക്/സ്ത്രീകൾക്ക് പോലീസ് സ്റ്റേഷനിൽ പോയി സമാധാനത്തോടെ, ധൈര്യമായി പരാതികൾ പറയാൻ കഴിയുന്ന സാഹചര്യം ഉറപ്പുവരുത്തണമെങ്കിൽ എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാ പോലീസിന്റെ സേവനം ഫലപ്രദമായി കൊണ്ടുവരേണ്ടതായിട്ടുണ്ട്. ഇങ്ങനെയുള്ള കാര്യങ്ങൾക്ക് ഗവൺമെന്റ് മുൻഗണന കൊടുക്കണം. അതിനുള്ള നടപടികൾക്കാണ് ശ്രദ്ധ ചെലുത്തേണ്ടത് എന്നുള്ളതാണ് ചൂണ്ടിക്കാണിക്കാനുള്ളത്. ഗവൺമെന്റ് ഉത്തരവിറക്കിയിട്ടുള്ള പോലീസ്

സ്റ്റേഷനുകൾപോലും ഇപ്പോഴും ആരംഭിച്ചിട്ടില്ല. ഞാൻ പ്രതിനിധാനം ചെയ്യുന്ന കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അനുവദിച്ച്, കഴിഞ്ഞ എൽ.ഡി.എഫ്. പിണറായി സർക്കാർ തസ്തിക അനുവദിച്ചിരുന്ന കോട്ടയം ജില്ലയിലുള്ള മാഞ്ഞൂർ പോലീസ് സ്റ്റേഷൻ പ്രവർത്തനാമരംഭിക്കുന്നതിനുള്ള കെട്ടിടം വരെ സജ്ജമാണ്. അത് പ്രവർത്തനമാരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. ഇത്തരത്തിൽ സംസ്ഥാനത്ത് വിവിധഭാഗങ്ങളിൽ അനുവദിച്ച പോലീസ് സ്റ്റേഷനുകൾ ഇനിയുമുണ്ട്. അതെല്ലാം പ്രവർത്തനമാരംഭിക്കുവാൻ കഴിയുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരണക്കണമെന്നുകൂടി അഭ്യർത്ഥിക്കുന്നു. ഈ ധനാഭ്യർത്ഥനയെ എതിർത്തുകൊണ്ട് ഞാൻ ചുരുക്കുന്നു.

<u>ശ്രീ. ജോബ് മൈക്കിൾ:</u> സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. വികസനവും കരുതലും എന്താണെന്നും എങ്ങനെയാണെന്നും പ്രവർത്തിച്ച് കാണിച്ചുതന്ന ഒരു സർക്കാരാണ് കഴിഞ്ഞ അഞ്ചുവർഷം ഭരിച്ചത്. ഉണ്ടായ മാറ്റം നാം കണ്ടതാണ്. നമ്മുടെ നാട്ടിലെ സാധാരണക്കാരുടെ മക്കൾക്ക് ആധുനിക സൗകര്യങ്ങളോടുകൂടി സ്കൂളുകളിൽ പഠിക്കാനുള്ള സൗകര്യമുണ്ടായി; ആവശ്യത്തിന്

അധ്യാപകരുണ്ടായി; യോജിച്ച ഭൗതിക സാഹചര്യങ്ങളുണ്ടായി. എല്ലാം ഇന്ന് സർക്കാർ സ്കൂളുകളിലുണ്ട്. കോവിഡ് കാലത്ത് ഒരു വിദ്യാർത്ഥിയുടെ പോലും പഠനം മുടങ്ങാത്ത രീതിയിൽ അദ്ധ്യയനവർഷം നഷ്ടപ്പെടാത്ത രീതിയിൽ ഓൺലൈൻ പഠന സൗകര്യം നമ്മുടെ രാജ്യത്ത് ഏർപ്പെടുത്തിയ ഒരു മാതൃകാ ഗവൺമെന്റാണ് ഇന്ന് കേരളം ഭരിച്ചുകൊണ്ടിരിക്കുന്നത്.

കോവിഡ് കാലത്ത് പോലീസിന്റെ സേവനം വളരെ മഹത്തരമായിരുന്നു. പോലീസ് നന്നായി കേരളത്തിലെ ജനങ്ങളെ പരിപാലിച്ചു. പോലീസിന്റെ ഭാഗത്തുനിന്നും നല്ല കാര്യങ്ങൾ ചെയ്യുമ്പോൾ അവരെ സപ്പോർട്ട് ചെയ്യുവാൻ ആരും തയ്യാറാകുന്നില്ല. പക്ഷെ എന്തെങ്കിലും ഒരു ചെറിയ വീഴ്ചയുണ്ടായാൽ അതിനെ ഏറ്റവും വലിയ രീതിയിൽ വളരെ വിസ്തരിച്ച് കാണിക്കുവാൻ നമ്മൾ തയ്യാറാകുമ്പോൾ പോലിസിന്റെ മനോവീര്യം കെടുത്തുന്നുവെന്നുള്ള കാര്യം നാം മറക്കരുത്. നമുക്കറിയാം കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ പോലീസിനെ നന്നായി നയിച്ച് കൊണ്ടുപോകുന്നു. പോലീസിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്ന കാര്യങ്ങൾക്കൊക്കെ വേണ്ട രീതിയിലുള്ള സപ്പോർട്ടുകൾ ഗവൺമെന്റ് നൽകുന്നു. കേരളത്തിലെ ഒട്ടുമിക്ക പോലീസ്

സ്റ്റേഷനുകളും മികച്ച പോലീസ് സ്റ്റേഷനുകളാക്കി മാറ്റിക്കൊണ്ടിരിക്കുന്നു. ഇവിടെ സൂചിപ്പിച്ചതുപോലെ പോലീസ് സ്റ്റേഷന്റെ മുഖം മാറ്റി, ആധുനിക സൗകര്യങ്ങളുണ്ടാക്കി. ആർക്കും എപ്പോഴും കടന്നുചെല്ലാവുന്ന ഒരു മാതൃകാ സ്ഥാപനമാക്കി കേരളത്തിലെ പോലീസ് സ്റ്റേഷനുകളെ മാറ്റി. ഇവിടെ സൂചിപ്പിച്ചതുപോലെ ജയിലിൽ കിടക്കുന്നവരാരും മഹാന്മാരല്ല. ജയിൽ കിടക്കുന്നവരൊക്കെ ക്രിമിനലുകളായ ആളുകളാണ്. അവർ നടത്തുന്ന ക്രിമിനൽ പ്രവർത്തനങ്ങൾക്ക് കൂട്ടുപിടിച്ചുകൊണ്ട് ഗവൺമെന്റിനെ മോശമാക്കി ചിത്രീകരിക്കാൻ പ്രതിപക്ഷം ശ്രമിക്കുമ്പോൾ അതിനെ നമുക്ക് ന്യായീകരിക്കാൻ കഴിയില്ല.

ഈ ഗവൺമെന്റ് കാർഷിക മേഖലയിൽ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. കാർഷികോല്പന്നങ്ങൾക്ക് വില വർദ്ധനവുണ്ടാക്കിയിട്ടുണ്ട്. മണ്ണിലിറങ്ങാൻ മടിച്ചുനിന്നവർ പോലും സ്വന്തമായി വീട്ടിൽ ഒരു പച്ചക്കറിത്തോട്ടം വേണമെന്ന് ചിന്തിച്ച് തുടങ്ങി. ഇന്ന് എല്ലാവരുടേയും വീടുകളിൽ ഏതെങ്കിലും ഒരിനം പച്ചക്കറി കൃഷി ചെയ്യുന്നു. ഇതാണ് മാറ്റം. ഇങ്ങനെയൊരു മാറ്റമുണ്ടാക്കിയ സർക്കാരാണ് കേരളം ഭരിക്കുന്നത്.

സംസ്ഥാനത്തെ ക്രമസമാധാന നില മെച്ചപ്പെടുത്തുവാൻ ശക്തമായ

ഇടപെടലുകൾ സർക്കാർ നടത്തുന്നുണ്ട്. വർഗ്ഗീയ ശക്തികളെയും വർഗ്ഗീയ പ്രചരണങ്ങളെയും ചെറുക്കുന്നതിനും വർഗ്ഗീയ സംഘർഷങ്ങൾ ഉണ്ടാകാതിരിക്കുവാനുമുള്ള ശ്രമങ്ങളെ ശക്തമായി പ്രതിരോധിക്കുന്നതിനും ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. സ്ത്രീസുരക്ഷ, കുട്ടികളുടെ സംരക്ഷണം എന്നിവയ്ക്ക് സർക്കാരിന്റെ പ്രത്യേക സംവിധാനമൊരുക്കി വിവിധ പദ്ധതികൾ നടപ്പിലാക്കി. സംസ്ഥാനത്ത് ആദ്യമായി വനിതാ പോലീസ് ഓഫീസർമാരെ എസ്.എച്ച്.ഒ.-മാരായി നിയമിച്ചു. എല്ലാ പഞ്ചായത്തിലും നിർഭയ വോളന്റിയർമാരുടെ സേവനം ഉറപ്പാക്കി. സ്ത്രീകൾക്ക് സഹായത്തിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ്ലൈൻ, സ്ത്രീസുരക്ഷയ്ക്കായി ഷീ ടാക്സികൾ, പിങ്ക് ഓട്ടോകൾ, ഷീ ഓട്ടോ സംവിധാനങ്ങൾ, കുറ്റാന്വേഷണം കാര്യക്ഷമമാക്കാൻ സംസ്ഥാനത്ത് ക്രൈം പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ തുടങ്ങിയവ സ്വീകരിച്ചു. എല്ലാ ജില്ലകളിലും സൈബർ സ്റ്റേഷനുകൾ ആരംഭിച്ചു. ഇതിന്റെയൊക്കെ ഫലമായി കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ നിരവധി പുരസ്കാരങ്ങൾ കേരള പോലീസിന് ലഭിച്ചിട്ടുണ്ട്. നമ്മുടെ സ്കൂളുകളിൽ നടപ്പിലാക്കുന്ന സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി ഒരുദാഹരണമാണ്. ഈ

പദ്ധതികൾ കേരള പോലീസിന് അഭിമാനകരമായി തീർന്നിരിക്കുകയാണ്. എനിക്ക് ഇവിടെ ആവശ്യപ്പെടാനുള്ളത് എസ്.പി.സി.-യുടെ പ്രവർത്തനം എല്ലാ എയ്ഡഡ് സ്കൂളുകളിലും അനുവദിക്കണമെന്നാണ്. അതോടൊപ്പംതന്നെ ആവശ്യപ്പെടുന്ന കോളേജുകളിൽ കൂടി ഈ സംവിധാനമുണ്ടാക്കണമെന്ന് വളരെ വിനീതമായി ഈ സഭയിൽ ആവശ്യപ്പെടുകയാണ്. ക്രമസമാധാനത്തിനും സ്ത്രീസുരക്ഷയ്ക്കും വിദ്യാർത്ഥികൾക്കും എല്ലാ മേഖലയിലും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയത്. ഹോപ്പ്, കവചം, മാലാഖ ഇങ്ങനെ പോകുന്നു പദ്ധതികൾ. എല്ലാം ഞാൻ വിശദീകരിക്കുന്നില്ല. സംസ്ഥാന ജയിലുകളുടെ കാര്യം സംബന്ധിച്ച് പരിശോധിച്ചാലും ഇവിടെ വ്യക്തമാക്കിയതുപോലെ, ഇന്ന് ജയിലുകളിൽ വളരെ വലിയ മാറ്റങ്ങളുണ്ടായിരിക്കുന്നു. കുറ്റവാളികളെ തിരിച്ച് സമൂഹത്തിലെ സാധാരാണ ജീവിതത്തിലേയ്ക്ക് കൊണ്ടുവരാൻ വേണ്ടിയുള്ള പരിഷ്ക്കാരങ്ങളാണ് നടക്കുന്നത്. അതോടൊപ്പം തന്നെ നമുക്കറിയാം കഴിഞ്ഞ ദിവസങ്ങളിൽ കേന്ദ്ര ഗവൺമെന്റിന്റെ കോവിഡ് പ്രവർത്തനങ്ങളിലെ വീഴ്ചകൾ ചൂണ്ടിക്കാണിച്ച Dainik Bhaskar എന്ന ഹിന്ദി ദിനപ്പത്രത്തിന്റെ വിവിധ ഓഫീസുകളിൽ റെയിഡ് നടത്തി. ഹിന്ദി

ദിനപ്പത്രങ്ങളിൽ Dainik Bhaskar-നാണ് ഏറ്റവും കൂടുതൽ സർക്കുലേഷനുള്ളത്. കോവിഡുമൂലം മരണപ്പെട്ടവരുടെ മൃതശരീരങ്ങൾ ഗംഗയിലൊഴുകി നടക്കുന്നുവെന്ന് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആ പത്രത്തിന്റെ ഓഫീസുകളെല്ലാം റെയിഡ് നടത്തി. ഇവിടെ സ്വതന്ത്രമായിട്ടുള്ള മാധ്യമ പ്രവർത്തനങ്ങൾപോലും കേന്ദസർക്കാർ സമ്മതിക്കുന്നില്ല. പക്ഷെ, കേരളത്തിൽ അങ്ങനെയല്ല. ഈ സർക്കാർ എല്ലാ രീതിയിലുമുള്ള സപ്പോർട്ടുകൾ നൽകുകയാണ്. കോർപ്പറേറ്റുകളെ കൂട്ടുപിടിച്ചുകൊണ്ട് എന്തും നേടാമെന്ന രീതിയിലാണ് കേന്ദ്രസർക്കാർ ഭരിക്കുന്നത്. ശ്രീ. നരേന്ദ്രമോദി സർക്കാർ കോർപ്പറേറ്റുകൾക്കുവേണ്ടിയാണ് രാജ്യം ഭരിക്കുന്നത്. രാജ്യത്ത് വിലക്കയറ്റം രൂക്ഷമാണ്. കോവിഡ് പ്രതിസന്ധിയിൽ പെട്രോളിന്റെയും ഡീസലിന്റെയും വില എല്ലാ ദിവസവും വർദ്ധിപ്പിച്ചുകൊണ്ട് ജനങ്ങളെ എല്ലാ രീതിയിലും ഉപദ്രവിച്ചുകൊണ്ടിരിക്കുന്ന ഗവൺമെന്റാണ് കേന്ദ്രഗവൺമെന്റ്.

<u>മി. ചെയർമാൻ:</u> അങ്ങയുടെ സമയം കഴിഞ്ഞു.

<u>ശ്രീ. ജോബ് മൈക്കിൾ:</u> പക്ഷെ, ഇവിടെ നമുക്കറിയാം കേരളത്തിലാവശ്യമായ എല്ലാ സാഹചര്യങ്ങളും

ജനങ്ങൾക്കെത്തിച്ചുകൊടുക്കുന്ന ഒരു ഗവൺമെന്റുള്ളത്. അതാണ് ശ്രീ. പിണറായി വിജയൻ സർക്കാർ എന്നുപറയുന്നത്. അതുകൊണ്ടാണ് ശ്രീ. പിണറായി വിജയൻ സർക്കാരിനെ കേരളത്തിലെ ജനങ്ങൾ വീണ്ടും തെരഞ്ഞെടുത്തത്. ഒരു കാര്യംകൂടി മാത്രമേ പറയാനുള്ളൂ. ട്രാഫിക് പോലീസ് സ്റ്റേഷനുകൾ; ഭൗതികമായി സാഹചര്യങ്ങളില്ലാത്തിടത്ത് ഭൗതികമായ സാഹചര്യങ്ങളുണ്ടാക്കാൻ വേണ്ടി നടപടിയെടുക്കണം. ചങ്ങനാശ്ശേരി ട്രാഫിക് യൂണിറ്റുണ്ട്, പക്ഷെ, അവിടെ ഭൗതികമായ സാഹചര്യങ്ങളില്ല. അതോടൊപ്പം തന്നെ ഗസറ്റ് നോട്ടിഫിക്കേഷനിലൂടെ കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള അധികാരം കൂടി ട്രാഫിക് പോലീസ് യൂണിറ്റുകൾക്ക് നല്കണം. അങ്ങനെ ഗസറ്റ് നോട്ടിഫിക്കേഷൻ നൽകി അവർക്ക് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുന്നതിനുള്ള അധികാരം കൂടി നൽകിക്കൊണ്ട് മൊബൈൽ പോലീസ് പട്രോളിംഗ് സംവിധാനം കാര്യക്ഷമമാക്കിക്കൊണ്ട് നമ്മുടെ രാജ്യത്തെ ജനങ്ങൾക്ക് പ്രയോജനകരമായിട്ടുള്ള സംവിധാനമൊരുക്കണം. 2021-22 -ലെ ഈ ധനാഭ്യർത്ഥനയെ ഞാൻ പൂർണ്ണമായും പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്തുണയ്ക്കുന്നു. ഇന്നത്തെ കാലത്തിനനുസരിച്ച് പോലീസ് സേനയെ ആധുനീകരിക്കുകയും അഗ്നിശമന സേനാ വിഭാഗത്തെ ജനകീയവൽക്കരിക്കുകയും ജയിലുകളെ മനുഷ്യത്വപരമായി നവീകരിക്കുകയും ചെയ്തതിന്റെ അനുഭവങ്ങളിലൂടെയാണ് കേരളം മുന്നോട്ടുപോകുന്നത്. അതുകൊണ്ട് കേരളത്തെ സ്നേഹിക്കുന്ന ഏവരും ഈ ഗവൺമെന്റിന്റെ നയങ്ങളോടൊപ്പം ചേർന്നുനിൽക്കും എന്നുതന്നെയാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. ഈ ഗവൺമെന്റ് കഴിഞ്ഞ അഞ്ചുവർഷം നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ തുടർച്ചയായിട്ടാണ് ശ്രീ. പിണറായി വിജയൻ സർക്കാർ ഈ പുതിയ കാലത്ത് പോലീസ് രംഗത്തും മറ്റ് മേഖലകളിലും കാര്യങ്ങൾ നിർവ്വഹിച്ചുവരുന്നത്. ഈ ഗവൺമെന്റിന് എതിരായി മുമ്പ് ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്തിട്ടുള്ള മന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞിട്ടുള്ള കാര്യങ്ങൾ നമ്മുടെ സഭ ശ്രദ്ധിച്ചിട്ടുള്ള കാര്യമാണ്. അദ്ദേഹത്തിന് ഇത്രമാത്രം വേവലാതികളുണ്ടെന്ന് സംസാരിക്കുമ്പോഴാണ് കുറേക്കൂടി ബോധ്യം വരുന്നത്. ഒരു ഭീഷണിക്കത്ത് കൊണ്ട് കേരളത്തിൽ ജീവിക്കാൻ കഴിയാത്ത സ്ഥിതിയായിരിക്കുന്നു. ഭയം

തോന്നുകയാണ്. അതുകൊണ്ട് കേരളത്തിൽനിന്നും എവിടെയെങ്കിലും പോയി ജീവിക്കണമെന്ന മട്ടിലുള്ള ഒരു നിഗമനത്തിലേയ്ക്കാണ് അദ്ദേഹം എത്തിച്ചേരുന്നത്. ഞങ്ങൾ വളരെ ബഹുമാനത്തോടുകൂടി തന്നെ അദ്ദേഹത്തോട് ചോദിക്കുന്നു. എവിടേയ്ക്കാണ് അങ്ങ് ഈ ഭയം കൊണ്ട് മാറിപ്പോകാൻ ഉദ്ദേശിക്കുന്നത്? ഈ ഇടതുപക്ഷത്തിലെ ആർക്കാണ് ഭീഷണിക്കത്ത് കിട്ടാത്തവരായിട്ടുള്ളത്? എവിടെ നിന്നാണ് കത്ത് വരുന്നത്? കൊല്ലാൻ തീരുമാനിക്കുന്നവർ കത്തയച്ച് തീരുമാനിച്ച് കൊല്ലും എന്നൊന്നും നമ്മളാരും കരുതുന്നില്ലല്ലോ? കത്തിനെക്കുറിച്ചൊക്കെ സമഗ്രമായിട്ടുള്ള അന്വേഷണം നടത്തണം. അന്വേഷണം നടത്തേണ്ടത് അത്യാവശ്യമാണ്. ആഭ്യന്തര വകുപ്പ് അതിന് മുൻകൈയെടുക്കുമെന്നുള്ളതിലും ഞങ്ങൾക്ക് യാതൊരു സംശയവുമില്ല. ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നതിന് പ്രതിപക്ഷത്തിന്റെ കൈയ്യിലുള്ള ആയുധമെന്താണ്? മുസ്ലീം ലീഗിന്റെ പ്രതിനിധി ബഹുമാനപ്പെട്ട എം.എൽ.എ. സംസാരിക്കുമ്പോഴും, മുൻ ആഭ്യന്തര വകുപ്പ് മന്ത്രി സംസാരിക്കുമ്പോഴും പറഞ്ഞിട്ടുള്ളത് ഒരേ കാര്യമാണ്. ഈ അർജ്ജുൻ ആയങ്കിയും ആകാശ് തില്ലങ്കേരിയും, രാമാനാട്ടുകര സംഭവവുമില്ലെങ്കിൽ

നിങ്ങൾക്ക് ഈ സഭയിൽ ഈ ധനാഭ്യർത്ഥനയെ എതിർക്കുവാൻ നിങ്ങളുടെ കൈയ്യിൽ എന്ത് കോപ്പാ ബാക്കിയുണ്ടാകുന്നത്? പ്രതിപക്ഷം പറയട്ടെ. ഏത് കാര്യത്തെ ചൂണ്ടിയിട്ടാണ് നിങ്ങൾക്ക് ഈ ഗവൺമെന്റിന്റെ ഇപ്പോഴത്തെയും കഴിഞ്ഞ അഞ്ചുവർഷക്കാലത്തെയും എതിർക്കാൻ സാധിക്കുക. ഞങ്ങൾ ഒരു കാര്യം അസന്നിഗ്ധമായി പറയുന്നു. ഒരു ഡി.വൈ.എഫ്.ഐ. നേതാവിനെയും, സ്വർണ്ണക്കള്ളക്കടത്തുമായി ബന്ധപ്പെട്ട് നിൽക്കുന്നവരെ സംരക്ഷിക്കേണ്ട ചുമതല ഇടതുപക്ഷം, സി.പി.ഐ.(എം.) ഏറ്റെടുക്കുന്നില്ല. ഈ ഗവൺമെന്റ് അസന്നിദ്ധമായി പറഞ്ഞു. ഒരു കുറ്റവാളിയ്ക്കും സംരക്ഷണം കൊടുക്കുന്ന നിലപാട് ഈ ഗവൺമെന്റ് സ്വീകരിക്കില്ല. ഞങ്ങളുടെ ഇടയിലുണ്ടായിരുന്ന ചിലയാളുകൾ തെറ്റായ വഴിയിലേക്ക് പോയപ്പോൾ അവർക്കെതിരായി കൃത്യമായ നിലപാടെടുക്കാൻ ഞങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. സി.പി.ഐ.(എം.)-ന്, ഇടതുപക്ഷത്തിന് ആർജ്ജവമുണ്ട്. ഞങ്ങൾ ചോദിക്കട്ടെ, സ്വർണ്ണത്തിന്റെ കാര്യം വരുമ്പോൾ എവിടെയെങ്കിലും ലീഗ് ഇല്ലാത്ത സ്വർണ്ണത്തിന്റെ ഒരു ഇടപാടുണ്ടോ; കോൺഗ്രസ്സിനകത്തില്ലേ ഇങ്ങനെയൊക്കെയുള്ള ക്രിമിനലുകളുള്ളത്. നിങ്ങൾക്ക് ധീരമായി തന്റേടത്തോടെ നിലപാട്

സ്വീകരിക്കാൻ സാധിക്കുമോ. ഞങ്ങൾ ആ നിലപാട് സ്വീകരിച്ചിട്ടുണ്ട്. അർജ്ജുൻ ആയങ്കിയുടെയോ, ആകാശ് തില്ലങ്കേരിയുടെയോ സംരക്ഷണത്തിലോ, അവരുടെ ബലത്തിലോ അല്ല സി.പി.ഐ.(എം.) ഈ നാട്ടിൽ പ്രവർത്തിക്കുന്നത്, ഇടതുപക്ഷം പ്രവർത്തിക്കുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഏറ്റവും ഉജ്ജ്വലമായ രീതിയിലുള്ള ഒരു വിജയം കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ നേടിയത് ഇവരുടെ ആരുടെയെങ്കിലും ബലത്തിലാണോ? ഇവരുടെയാരുടെയെങ്കിലും സൗജന്യം കൊണ്ടാണോ? ജനങ്ങൾക്കിടയിലെ ഞങ്ങളുടെ പ്രവർത്തനങ്ങൾ വഴിയാണ്, ഈ ഗവൺമെന്റിന്റെ മാതൃകാപരമായ പ്രവർത്തനങ്ങളുടെ ഫലമായി തന്നെയാണ് ഞങ്ങൾക്ക് ഈ മുന്നേറ്റമുണ്ടാക്കാൻ സാധിച്ചത്. ഞങ്ങളെ സഹായിക്കാൻ സൈബർ ഗുണ്ടപോലും; ഇത് നേരത്തെ ചിലയാളുകൾ പറഞ്ഞുകൊണ്ടിരിക്കുന്ന ഒരു കാര്യമാണ്. ഈ സൈബർ ലോകത്ത് ഒരു സൈബർ ഗുണ്ടയുടെയും സഹായം ഇടതുപക്ഷത്തിന് വേണ്ടെന്ന് കൃത്യമായി പറയാൻ ഞങ്ങൾക്ക് തന്റേടവും ധൈര്യവുമുണ്ട്. ആ നിലയ്ക്കുള്ള നിലപാട് സ്വീകരിച്ചുമാത്രമേ ഇടതുപക്ഷം മുന്നോട്ട് പോയിട്ടുള്ളൂ. ഇവിടെ ജയിലിനെക്കുറിച്ചൊക്കെ പറഞ്ഞു. അതിനെക്കുറിച്ച് ഞങ്ങൾ

വിശദമായി പറയുന്നില്ല. പത്തനംതിട്ട ജയിലിൽവച്ച് ഒരു യുവതി (അങ്ങനെ പറയുന്നതാണ് നല്ലത്) തയ്യാറാക്കിയ 21 പേജുള്ള 164 സ്റ്റേറ്റ്മെന്റ് വന്നല്ലോ. അത് മൂന്നേമുക്കാൽ പേജായി ചുരുങ്ങിയത് ആരുടെ ഭരണകാലത്താണ്; യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്തല്ലേ? പത്തനംതിട്ട ജയിലിൽനിന്ന് തിരുവനന്തപുരത്തെ ജയിലിൽ എത്താനുള്ള സമയംകൊണ്ട് 21 പേജുള്ള സ്റ്റേറ്റ്മെന്റ് മൂന്നേമുക്കാൽ പേജായി ചുരുങ്ങി. ജയിലിനകത്ത് എന്തായിരുന്നുവെന്നുള്ളത് നമ്മൾ കണ്ടതല്ലേ; ആ നിലയ്ക്ക് കാര്യങ്ങൾ നടക്കുന്ന സംസ്ഥാനമായി ഇപ്പോൾ കേരളം നിൽക്കുന്നുണ്ടോ? ഇവിടെ ജയിലുകളിൽ ഫോണും മറ്റ് സഹായങ്ങളുമുണ്ട്. ശ്രീ. ഋഷിരാജ് സിംഗ് എന്ന ഡി.ജി.പി.-യെ നിയോഗിച്ച് ജയിൽ ശുദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ച ഗവൺമെന്റാണിത്. ഒരു ശക്തിക്കുമുന്നിലും ഒരു വിട്ടുവീഴ്ചയുടെയും നിലപാടില്ലെന്ന നയം സ്വീകരിച്ചിട്ടുള്ള സർക്കാരാണിത്. ജയിലിനകത്ത് എല്ലാ ഭീകരതയും ഇപ്പോൾ നടമാടുന്നുവെന്ന് നിങ്ങൾ പറഞ്ഞു. ഞങ്ങൾ ഒരിക്കലും മറക്കുകയില്ല, ശിക്ഷിക്കപ്പെട്ട് ജയിലിൽ വന്നിട്ടുള്ള ഒരാൾ കൊലചെയ്യപ്പെട്ടിട്ടുള്ളത് ഏതുകാലത്താണ്? 2004-ൽ കണ്ണൂർ സെൻട്രൽ ജയിലിനുള്ളിൽവച്ച് കുറ്റ്യാടിയിലെ രവീന്ദ്രൻ എന്ന

തടവുകാരനെ നിഷ്ഠുരമായി കശാപ്പുചെയ്യപ്പെട്ടത് യു.ഡി.എഫ്. സർക്കാരിന്റെ കാലത്തല്ലേ? ജയിലുകളിലെല്ലാം ഇങ്ങനെയാണെന്ന് ഞങ്ങൾ പറയുന്നില്ല. അങ്ങനെ പറയാൻ പറ്റുമോ? ജയിലിനകത്ത് തെറ്റായ പ്രവണതകളുണ്ടെങ്കിൽ ആ പ്രവണതകളോട് ഇടതുപക്ഷ സർക്കാർ വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിക്കുമെന്നുള്ളതിൽ ഒരു സംശയവും വേണ്ട. നിലപാട് സ്വീകരിച്ചുതന്നെ ഞങ്ങൾ മുന്നോട്ടുപോകും.

ഇപ്പോൾ കോവിഡ് കാലത്ത് പരോൾ കൊടുത്തതിനെക്കുറിച്ച് പറയുന്നു. പരോൾ കൊടുക്കണമെന്ന് സുപ്രീംകോടതി പറഞ്ഞു. പരോളിലിറങ്ങിയവർ തിരിച്ച് വേഗം ജയിലിലേയ്ക്ക് വരേണ്ടതില്ലെന്ന് സുപ്രീംകോടതി പറയുന്നു. ക്രിമിനലുകൾക്കുവേണ്ടി അനധികൃതമായി പരോൾ കൊടുക്കുന്നെന്നാണ് ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഇവിടെ ചില അംഗങ്ങൾ പറഞ്ഞത്. പരോൾ എല്ലാവരും വാങ്ങുന്നുണ്ട്. ജയിലുകളിൽ കഴിയുന്ന യു.ഡി.എഫ്. അനുഭാവികളും പരോൾ വാങ്ങിയിട്ടുണ്ട്. അത് സ്വാഭാവികമായ കാര്യമാണ്. നിയമവിരുദ്ധമായി ആർക്കെങ്കിലും പരോൾ കൊടുത്തിട്ടുണ്ടെന്ന് തെളിവുകളോടെ പറയാൻ സാധിക്കുമോ? നിയമവിരുദ്ധമായ ഒരു കാര്യത്തെയും ഞങ്ങൾ അംഗീകരിക്കുന്നില്ലെന്നുള്ളത്

കേരളത്തിൽ നമ്മൾ കണ്ടില്ലേ; മുഖ്യമന്ത്രിയുടെ കസേരയിൽ മാനസിക വിഭ്രാന്തിയുള്ള ഒരാൾ ഇരിക്കുന്നുവെന്ന് നേരത്തെ ഒരു മെമ്പർ പറഞ്ഞില്ലേ; യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഇതായിരുന്നു സ്ഥിതിയെന്നുള്ളത് തർക്കമില്ലാത്ത കാര്യമല്ലേ? പോലീസുകാരനാണോ ഡി.ജി.പി.-യുടെ ജോലി ചെയ്യുന്നതെന്ന് കേരള ഹൈക്കോടതി ചോദിച്ചു. ഒരു ഗവൺമെന്റിനോട് ഹൈക്കോടതിക്ക് ഇങ്ങനെ ചോദിക്കേണ്ടിവന്നത് ഏതുകാലത്താണ്? സലിംരാജാണെന്ന് ഉമ്മൻ ചാണ്ടി സാറിന് കൃത്യമായി അറിയാമല്ലോ. ഞാൻ ആ പേര് പറയണമെന്ന് ഉദ്ദേശിച്ചതല്ല. നിങ്ങൾ മറന്നുപോകാതിരിക്കണം. ജൂഡീഷ്യൽ കമ്മീഷനുമുന്നിൽ കുറ്റവാളിയെപ്പോലെ എത്രയോ മണിക്കൂറുകൾ ഇരുന്ന് വിയർത്തുകുളിച്ച് ഒരു മുഖ്യമന്ത്രിക്ക് ഇറങ്ങി വരേണ്ടിവന്നിട്ടുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നേതൃത്വമായി നിൽക്കുന്ന മുഖ്യമന്ത്രിയല്ലല്ലോ അന്നവിടെ ഇരുന്നത്. ജൂഡീഷ്യൽ കമ്മീഷൻ ആ മുഖ്യമന്ത്രിക്കെതിരായി ഒരു കുറ്റപത്രംതന്നെ പ്രസിദ്ധീകരിച്ചിട്ടുള്ളത് നമ്മൾ കണ്ടിട്ടുള്ളതല്ലേ? ഇന്ന് കേരളത്തിൽ നീതിയും ന്യായവും ശരിയായ രീതിയിൽ നടപ്പിലാക്കിയാണ് മുന്നോട്ടുപോകുന്നത്. ഇവിടെ നേരത്തെ ചർച്ചയ്ക്ക് തുടക്കം കുറിച്ചുകൊണ്ട്

എം.എൽ.എ. സംസാരിച്ചതുപോലെ, എത്രയെത്ര ബഹുമതികളാണ് കേരളത്തിന് ലഭിച്ചിട്ടുള്ളത്. ഇതാ ഇന്ത്യക്ക് മാതൃകയായി ഒരു സംസ്ഥാനമെന്ന് ഇൻഡ്യാ ടുഡേ പറഞ്ഞത് ഈ കേരളത്തിന്റെ കാര്യമാണ്. ക്രമസമാധാന പാലനത്തിൽ ഇന്ത്യക്ക് മാതൃകയായി മുന്നിട്ടുനിൽക്കുന്ന സംസ്ഥാനമുണ്ടെങ്കിൽ അത് കേരളമാണെന്ന് പറഞ്ഞത് കേരളത്തിന് ആകെ കിട്ടിയിട്ടുള്ള ബഹുമതിയാണ്. അതിൽ പ്രതിപക്ഷത്തിനും ഭരണപക്ഷത്തിനും അവകാശമുണ്ട്. ഓരോ മലയാളിക്കും അഭിമാനിക്കാൻ കഴിയുന്ന കാര്യമാണത്. ഒറ്റപ്പെട്ട ചെറിയ കാര്യങ്ങൾ വച്ചുകൊണ്ട് മഹനീയമായ വഴികളിലൂടെ മുന്നോട്ടുപോകുന്ന ഈ കേരളത്തെ അപമാനിക്കുന്നതിനുവേണ്ടി നടത്തുന്ന നീക്കം ദയനീയമാണ്. നിങ്ങളുടെ ശോചനീയവസ്ഥയാണ് അതിൽ പ്രകടമാകുന്നത്. നാളെയും അപ്പുറത്തിരിക്കേണ്ട സ്ഥിതി വരുമെന്നനിലയിൽ നിങ്ങൾ ശുഷ്കിച്ച് പോകുമെന്നതിന്റെ കൃത്യമായ അവസ്ഥയിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നതെന്നുള്ളത് പറയാതിരിക്കാൻ സാധിക്കുകയില്ല.

കേരളത്തിലെ പോലീസ് സംവിധാനം, ജയിൽ, അഗ്നിശമന സേനാ വിഭാഗം ഇതെല്ലാം വളരെ ഫലപ്രദമായി പ്രവർത്തിക്കുന്നു. ഞങ്ങൾ വെറുതെ

പറയുന്നതല്ല. സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങളുടെ കണക്കൊക്കെ ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ചു. നേരത്തെ നമ്മുടെ എം.എൽ.എ. അതിന്റെ വസ്തുതാപരമായ കണക്ക്, മുമ്പത്തെ കണക്കും ഇപ്പോഴത്തെ കണക്കും പറഞ്ഞു. ഈ ഘട്ടത്തിൽ ഏറ്റവും വിവാദമായി ഉയർന്നുവന്ന വിഷയമാണ് സ്ത്രീധനത്തിന്റെ പേരിലുള്ള കൊലപാതകം. വളരെ നിഷ്ഠൂരമായിട്ടുള്ള കൊലപാതകം ഈ കേരളത്തിൽ നടന്നു. ഇന്നത്തെ മാധ്യമങ്ങളുടെയൊക്കെ സാദ്ധ്യതകൾ വച്ചുകൊണ്ട് ലോകം മുഴുവനും അതെത്തിക്കുന്നതിന് സാധിക്കുന്നുണ്ടെന്നുള്ളത് നല്ല കാര്യമാണ്. കാരണം ഇത്തരം പ്രവണതകളെ ചെറുക്കുന്നതിന് സമൂഹത്തെ ബോധവൽക്കരിക്കുന്നതിന് വഴിയൊരുക്കുന്ന കാര്യമാണ്. യു.ഡി.എഫ്. സർക്കാരിന്റെ കാലം അവസാനിക്കുന്ന 2016-ൽ സ്ത്രീധനത്തിന്റെ പേരിൽ കൊലചെയ്യപ്പെട്ടിട്ടുള്ളവരുടെ എണ്ണം എത്രയാണ്? അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രിക്ക് പറയാൻ കഴിയുമോ? അന്ന് കൊലചെയ്യപ്പെട്ടവരുടെ എണ്ണം 25 ആണ്. ഓരോ കൊല്ലവും നിങ്ങളെടുത്ത് നോക്കുക. ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിൽവന്ന് ഒരു വർഷം കഴിയുമ്പോൾ അത് 12 ആയി ചുരുങ്ങി. 2018-ൽ 17-ഉം 2019-ൽ - 6-ഉം ആണ്. 2020-ൽ 6-

ൽ തന്നെനിൽക്കുന്നു. 2021-ലും രണ്ടുമൂന്ന് സംഭവങ്ങളുണ്ടായിട്ടുണ്ട്. ജനങ്ങളെ ബോധവൽക്കരിച്ച് കടുത്ത നിയമപരമായ നിലപാടുകളിലൂടെ ഈ ഗവൺമെന്റിന് മുന്നോട്ട് പോകാൻ സാധിക്കുന്നതുകൊണ്ടാണ് സ്ത്രീധനത്തിന്റെ പേരിലുള്ള മാരകമായ ഹത്യകൾ കേരളത്തിൽ നിയന്ത്രിച്ചുനിർത്തുന്നതിന് സാധിക്കുന്നതെന്നുള്ളത് ചെറിയ കാര്യമല്ല.

കേരളത്തിലെ ക്രമസമാധാനത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. 2011-16-ൽ കേരളത്തിൽ നടന്നിട്ടുള്ള കൊലപാതകത്തിന്റെ എണ്ണം 1791-ഉം 2016-21-ൽ 1378-ഉമാണ്. മൂന്നിലൊന്നായി ചുരുങ്ങി. യു.ഡി.എഫ്.സർക്കാരിന്റെ കാലത്തെ ഭവനഭേദനം 15241-ഉം ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ കാലത്തേത് 10424-ഉം ആണ്. കൂടാതെ കവർച്ചയുടെ കണക്കുകളുമുണ്ട്. ഗവൺമെന്റിന്റെ കയ്യിലുള്ള ഈ കണക്കുകൾ എല്ലാവർക്കും ലഭിക്കുന്നതല്ലേ? യു.ഡി.എഫ്. ഭരണകാലത്തെ കവർച്ചാ കേസുകൾ 385-ഉം ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണകാലത്തേത് 327-ഉം ആണ്. കുറ്റകൃത്യങ്ങൾ സമ്പൂർണ്ണമായും ഇല്ലാതായെന്ന് ഞങ്ങൾ പറയുന്നില്ല. പക്ഷേ അവയെ നിയന്ത്രിച്ച് കൊണ്ടുവരുന്നതിന് ജനങ്ങളെ നന്നായി ബോധവൽക്കരിക്കുന്നതിനായി എല്ലാ മേഖലയിലും

പോലീസിന്റെയും മറ്റ് സംവിധാനങ്ങളുടെയും ഇടപെടൽ ശക്തിപ്പെടുത്താൻ ഇക്കാലത്ത് കഴിഞ്ഞിട്ടുണ്ടെന്നുള്ളത് എല്ലാവർക്കും ബോദ്ധ്യമുള്ള കാര്യമാണ്. രാഷ്ട്രീയ വിരോധംവച്ച് ആരെയെങ്കിലും തടവിലിടാൻ ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ലെന്നുള്ളത് അസന്നിഗ്ദ്ധമായി പറയാൻ ഞങ്ങൾക്കഭിമാനമുണ്ട്. ഈ സഭയിലെ ഏറ്റവും സീനിയറായിട്ടുള്ള നേതാവാണ് മണി ആശാൻ. നിങ്ങൾ അദ്ദേഹത്തെ പിടിച്ച് തടവിലിട്ടു. അതുകൊണ്ട് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ മണി ആശാന് 30 ഇരട്ടി വോട്ട് കൂടുതൽ കിട്ടി. അങ്ങനെ എത്രയെത്രപേരെ നിങ്ങൾ ജയിലിലാക്കി. രാഷ്ട്രീയ വിരോധംവച്ച് ഞങ്ങളും ആ നിലപാട് സ്വീകരിച്ചിരുന്നെങ്കിൽ പ്രതിപക്ഷത്തുള്ള എത്രപേർ ഇപ്പോൾ ജയിലിൽ കിടക്കുന്നുണ്ടാകും. ആ നിലപാടല്ല ഈ ഗവൺമെന്റിന്റെ നിലപാട്. നീതിയും സത്യവും ന്യായവും ശരിയായ രീതിയിൽ ഇവിടെ പുലരണമെന്ന് ഇടതുപക്ഷം ആഗ്രഹിക്കുന്നു. അതിന് സഹായകമാകുന്ന ധനാഭ്യർത്ഥനയാണ് ഈ സഭയുടെ മുന്നിൽ വച്ചിട്ടുള്ളത്. അതിനെ പിന്തുണച്ചുകൊണ്ട് ഞാൻ ഉപസംഹരിക്കുന്നു.

<u>ശ്രീമതി കെ. കെ. രമ</u>: സർ, 2021-22 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ XII, XIII, XIV, XXIII എന്നീ ധനാഭ്യർത്ഥനകളെ ഞാൻ

എതിർക്കുകയാണ്. സ്വർണ്ണക്കള്ളക്കടത്ത്, കുഴൽപ്പണത്തട്ടിപ്പ്, രാഷ്ട്രീയ കൊലപാതകങ്ങൾക്കും ക്വട്ടേഷൻ മാഫിയ സംഘങ്ങൾക്കുംകിട്ടുന്ന ഭരണ സംരക്ഷണം, ഇഷ്ടക്കാരായ തടവുകാർക്ക് ലഭിക്കുന്ന ചട്ട വിരുദ്ധ പരോൾ, പോക്സോ കേസുകളിൽ തെളിവ് നശിപ്പിക്കൽ എന്നിവയാണ് നടക്കുന്നത്. നമ്മുടെ ജയിലും പോലീസ് സംവിധാനവുമെല്ലാം നമ്മുടേതായ ജനാധിപത്യബോധമത്രയും ഹനിക്കുന്ന കാഴ്ചകളുടെ തുടർച്ചയല്ലേ കേരളം കാണുന്നത്. ഈ യാഥാർത്ഥ്യങ്ങളെ മറച്ചുവയ്ക്കാനും സർക്കാരിന്റെ ഇല്ലാപ്പെരുമ പ്രചരിപ്പിക്കാനുമാണ് സർക്കാർ പ്രചരണത്തിനുപരി ഭരിക്കുന്ന പാർട്ടിയുടെ രാഷ്ട്രീയ പ്രചരണോപാധിയായി സർക്കാരിന്റെ വാർത്താവിതരണ പ്രചരണ വകുപ്പുകളെ മാറ്റിത്തീർക്കുന്ന കാലത്തെ ഈ ധനാഭ്യർത്ഥനകൾ ഇന്ന് സഭയിൽ പാസാക്കാനായി വച്ചിരിക്കുന്നത്. കോവിഡ് ലോക്ക്ഡൗണിൽപ്പെട്ട് പട്ടിണിയിലായ പാവങ്ങളുടെ നികുതിപ്പണത്തിൽനിന്ന് കോടികൾ ഉപയോഗിച്ച് നടത്തുന്ന ഇത്തരം പി. ആർ. സ്വഭാവമുള്ള പ്രചരണ കോലാഹലങ്ങൾക്കുള്ള ചെലവുകളാണോ ഈ ധനാഭ്യർത്ഥന ചർച്ചയിൽ ഞങ്ങൾ അംഗീകരിക്കേണ്ടത്. ഒരു ജനാധിപത്യ ഭരണക്രമത്തിൽ നീതി നിർവ്വഹണപ്രക്രിയയുടെ അഭിഭാജ്യഘടകമാണ്

അവിടുത്തെ ജയിലുകളുടെ കാര്യക്ഷമമായ നടത്തിപ്പ്. പക്ഷേ ദൗർഭാഗ്യപരമെന്ന് പറയട്ടെ, ജനാധിപത്യ കാഴ്ചപ്പാടിന് അനുസൃതമല്ല നമ്മുടെ സംസ്ഥാനത്തെ ജയിലുകളിൽ പലതിന്റേയും പ്രവർത്തനം എന്ന് നൂറുകണക്കിന് അനുഭവങ്ങളുടേയും റിപ്പോർട്ടുകളുടേയും വെളിച്ചത്തിൽ ഖേദപൂർവ്വം ചൂണ്ടിക്കാണിക്കേണ്ടിവരികയാണ്. കേരള പ്രിസൺസ് ആന്റ് കറക്ഷണൽ സർവ്വീസസ് എന്നാണല്ലോ നമ്മുടെ ജയിൽ വകുപ്പിന്റെ ഔദ്യോഗികമായ നാമധേയം. എന്ത് കറക്ഷൻ സർവ്വീസാണ് നമ്മുടെ ജയിലുകളിൽ നടന്നുകൊണ്ടിരിക്കുന്നത്. രാഷ്ട്രീയ ഭരണ സ്വാധീനമുള്ള കൊടുംകുറ്റവാളികളാണ് കഴിഞ്ഞ കുറെ വർഷങ്ങളായി നമ്മുടെ ജയിലുകൾ അധികാരത്തോടെ ഭരിച്ചുകൊണ്ടിരിക്കുന്നതെന്ന അതിഗുരുതര പ്രശ്നം ഞങ്ങളേപ്പോലുള്ള പ്രവർത്തകർ എത്രയോവട്ടം ചൂണ്ടിക്കാണിച്ചതാണ്. അന്നൊക്കെ സാങ്കേതികമായ മറുപടിയിലൂടെ തലയൂരിയ സർക്കാരിനും ജയിൽ വകുപ്പിനുമെല്ലാം തലയൂരാനും കൈമലർത്താനും കഴിയാത്ത വിധം തെളിവുകളുടെ ഘോഷയാത്ര നടക്കുകയാണ്. കറക്ഷൻ സെന്റർ എന്നതിനുപകരം കേരളത്തിലെ ജയിലുകൾ ക്വട്ടേഷൻ കോൾ സെന്ററുകളായി പ്രവർത്തിക്കുന്നതിന്റെ അപമാനകരമായ അനുഭവങ്ങൾക്ക്

മുൻപിൽ നാമെല്ലാം നാണിച്ച് തലകുനിച്ച് നിൽക്കേണ്ട അവസ്ഥയാണ് വന്നുചേർന്നിരിക്കുന്നത്. മൊബൈൽ ഫോണുകൾ, സിം കാർഡുകൾ, ഫോൺ ചാർജ്ജറുകൾ, പവർബാങ്കുകൾ, റീചാർജ്ജ് ബാറ്ററികൾ, ഹെഡ് ഫോണുകൾ, മദ്യം, മയക്കുമരുന്ന്, ആയുധങ്ങൾ തുടങ്ങി തങ്ങളുടെ സ്വന്തം ക്രിമിനൽ സംഘങ്ങൾക്കുവേണ്ടത് എന്തും ജയിലറയ്ക്കുള്ളിൽ ലഭ്യമാക്കുന്ന ആസൂത്രിത ക്രിമിനൽ പ്രവർത്തനമാണ് ഏറെ വർഷങ്ങളായി നമ്മുടെ ജയിലുകളിൽ യഥേഷ്ടം നടമാടിക്കൊണ്ടിരിക്കുന്നത്. അതീവ സുരക്ഷ ഉറപ്പാക്കേണ്ട ജയിലുകളിൽപ്പോലും ഗുണ്ടാസംഘങ്ങളെ നിയന്ത്രിക്കാനും സംഘടിത ക്രിമിനൽ പ്രവർത്തനങ്ങൾ തടയുവാനും കഴിയുന്നില്ലെങ്കിൽ വകുപ്പുമന്ത്രി എന്തിനാണ് തൽസ്ഥാനത്ത് തുടരുന്നത്. സംസ്ഥാനത്തെ ഏറ്റവും സുശക്തമായ സായുധസുരക്ഷയുള്ള ജയിലുകൾക്കുള്ളിലേയ്ക്ക് മുഖ്യമായും സി.പി.ഐ.(എം.) ക്രിമിനൽ ക്വട്ടേഷൻ സംഘങ്ങൾക്കുവേണ്ടി ഇങ്ങനെ സംഘടിതമായും നിയമ വിരുദ്ധമായും സാധനങ്ങൾ കടത്തുന്ന ചാനലുകളെക്കുറിച്ച് എന്ത് അന്വേഷണമാണ് നാളിതുവരെ നടന്നിട്ടുള്ളത്. അത്തരം സംഭവങ്ങളിൽ ആരെയൊക്കെയാണ് പ്രതിചേർത്ത് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ആ കേസുകളിൽ ഏതൊക്കെ പ്രതികൾക്കാണ്

നിയമാനുസൃതമായ ശിക്ഷ ലഭിച്ചിട്ടുള്ളത്. ഇത് സഭയിൽ വിശദീകരിക്കേണ്ട ആർജ്ജവം മുഖ്യമന്ത്രിക്ക് ഉണ്ടോ? ടി.പി. കേസ് പ്രതികളായ കൊടി സുനിയും മുഹമ്മദ് ഷാഫിയും കിർമാണി മനോജും ഉൾപ്പെടെ കൊടുംക്രിമിനലുകൾ ജയിലുകളിൽ നടത്തുന്ന ഗുരുതരമായ നിയമവിരുദ്ധ പ്രവൃത്തനങ്ങളെ സംബന്ധിച്ച് ഈ സംസ്ഥാനത്തെ മാദ്ധ്യമങ്ങളും ഞങ്ങളെപ്പോലുള്ള പൊതുപ്രവർത്തകരുമെല്ലാം ഉന്നയിച്ച നൂറുകണക്കിന് പരാതികൾ ഒന്നിലെങ്കിലും സത്യസന്ധമായി അന്വേഷണം നടത്താൻ കഴിഞ്ഞിട്ടുണ്ടോ? ഈ കൊടുംക്രിമിനൽ സംഘത്തിന് നമ്മുടെ ജയിൽ വകുപ്പ് വാരിക്കോരിക്കൊടുത്ത അനർഹമായ പരോൾ ആനുകൂല്യങ്ങൾ പരസ്യമായി കഴിഞ്ഞിട്ടുണ്ട്. ഈ ആനുകൂല്യങ്ങൾ പിൻപറ്റി എന്തെല്ലാം ക്രിമിനൽ പ്രവർത്തനങ്ങൾക്കും ദേശവിരുദ്ധ പ്രവർത്തനങ്ങൾക്കുമാണ് ഈ സംഘം നേതൃത്വം കൊടുക്കുന്നത്. രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയെത്തന്നെ തകർക്കാൻ ഉന്നമിടുന്ന രാജ്യാന്തരകള്ളക്കടത്ത് സംഘങ്ങളുമായി ചേർന്ന് അധോലോക ഇടപാടുകളാണ് സി.പി.ഐ.(എം.) നേതൃത്വത്തിന്റെ അതിവിശ്വസ്തരായ ടി. പി. കേസ് പ്രതികളും സംഘവും ജയിലുകളിൽക്കിടന്ന് ജയിൽ വകുപ്പിന്റെ ഒത്താശയോടെ യഥേഷ്ടം

നടത്തിക്കൊണ്ടിരിക്കുന്നത്. കരിപ്പൂർ സ്വർണ്ണകള്ളക്കടത്തുമായി ബന്ധപ്പെട്ട് രാമനാട്ടുകരയിലുണ്ടായ യാദൃശ്ചികമായ വാഹനപകടമാണ് അധോലോക ഇടപാടുകൾ വീണ്ടും വെളിച്ചത്തേക്ക് കൊണ്ടുവന്നത്. അല്ലാതെ ഏതെങ്കിലും തരത്തിലുള്ള പോലീസ് അന്വേഷണത്തിന്റെ ഭാഗമായിട്ടല്ല. ആയങ്കിമാർക്കും ആകാശ് തില്ലങ്കരിമാർക്കുമൊക്കെ പാർട്ടി ബന്ധമില്ലന്ന് പറഞ്ഞ് പതിവ് കൈകഴുകൽ പ്രഹസനമാണ് സി.പി.എം. നേതൃത്വം ഇപ്പോഴും നടത്തിക്കൊണ്ടിരിക്കുന്നത്. സി.പി.ഐ.(എം.)-ന് വേണ്ടി ഷുഹൈബ് എന്ന ചെറുപ്പക്കാരനെ അരിഞ്ഞുതള്ളിയ പാർട്ടിയുടെ വിശ്വസ്ത ക്രിമിനലാണ് ആകാശ് തില്ലങ്കേരി. ഷുഹൈബ് കേസിൽ കണ്ണൂർ സെൻട്രൽ ജയിലിൽ കിടക്കുമ്പോൾ വഴിവിട്ട എന്തെല്ലാം സഹായങ്ങളാണ് ഈ സർക്കാർ തില്ലങ്കേരിക്കൊക്കെ ചെയ്തുകൊടുത്തതെന്ന് കേരളം കണ്ടതല്ലേ? സ്വർണ്ണക്കടത്തുകേസിൽ പ്രതി ഫയാസിനെ കോഴിക്കോട് ജയിലിൽ കാണാനെത്തിയത് സി.പി.ഐ.(എം.) ജില്ലാ സെക്രട്ടറി പി. മോഹനൻ ആയിരുന്നുവെന്ന് സി.സി.ടി.വി. ദൃശങ്ങളിലൂടെ നാം നേരിട്ട് കണ്ടതാണ്. കൊടുവള്ളിയിലെ കള്ളക്കടത്ത് കേസിലെ പ്രതി കാരാട്ട് ഫൈസൽ ജാഗ്രതാ ജാഥ നയിച്ചത് ഏതെങ്കിലും ലോക്കൽ നേതാവല്ല സി.പി.ഐ.

(എം.)-ന്റെ പൊളിറ്റ് ബ്യൂറോ അംഗമായ സാക്ഷാൽ കോടിയേരി ബാലകൃഷ്ണൻ തന്നെയായിരുന്നു. കൊടുവള്ളി നഗരസഭയിലേയ്ക്ക് സ്വന്തം പാർട്ടി സ്ഥാനാർത്ഥിയെ പൂജ്യം വോട്ടിൽ നാണംകെടുത്തി ആറ് മാസം മുൻപ് തദ്ദേശ തെരഞ്ഞെടുപ്പിൽ ഇതേ കാരാട്ട് ഫൈസലിനെ വോട്ടുമറിച്ച് ജയിപ്പിച്ചതിന്റെ പിന്നിൽ എത്ര സമുന്നതരായ നേതാക്കളുണ്ടാകുമെന്ന് സി.പി.ഐ.(എം.)-ന്റെ സംഘടന സംവിധാനമറിയുന്ന ആർക്കും ഊഹിക്കാവുന്നതാണ്. സ്വന്തം സ്ഥാനാർത്ഥിയുടെയോ പാർട്ടിയുടെ ബ്രാഞ്ച് സെക്രട്ടറിയുടെയോപോലും വോട്ട് ലഭിക്കാൻ കഴിഞ്ഞിട്ടില്ല. ജയിലിൽ കിടക്കുന്ന ഈ കൊടുംകുറ്റവാളി സംഘത്തിന്റെ വ്യക്തിപരമായ കാര്യങ്ങൾ മുഴുവൻ നിറവേറ്റുന്നത് സി.പി.ഐ.(എം.)-ന്റെ പ്രമുഖ നേതാക്കൻമാർ തന്നെയല്ലേ? മുഹമ്മദ് ഷാഫി എന്ന കൊടുംക്രിമിനലിന്റെ കല്ല്യാണം നടത്തിക്കൊടുക്കാൻ നിർലജ്ജം പോയത് നമ്മുടെ സഭാംഗം കൂടിയായ ബഹുമാനപ്പെട്ട തലശ്ശേരി അംഗമല്ലേ? നമ്മുടെ ജയിലുകൾ തീർച്ചയായും തിരുത്തൽ കേന്ദ്രങ്ങളായി മാറുകതന്നെവേണം. അതിന് ജയിൽ വകുപ്പിനെയാണ് ആദ്യം തിരുത്തേണ്ടത്. കക്ഷി-രാഷ്ട്രീയ ഇടപെടലിൽനിന്ന് ജയിൽ ഭരണം പൂർണ്ണമായും വിമുക്തമാക്കുന്നതിനുള്ള നടപടികൾ

ഉണ്ടാകണം. ജയിൽ ഭരണം ഒരു സ്വതന്ത്ര ജുഡീഷ്യൽ സംവിധാനത്തിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരേണ്ടത് ആവശ്യമാണ്. ജയിൽ വകുപ്പിനെ ആധുനിക കാഴ്ചപ്പാടോടെ നയിക്കാൻ വൈദഗ്ദ്ധ്യമുള്ള എക്സ്പേർട്ട് കമ്മിറ്റി രൂപവൽക്കരിക്കണം. നിർഭയവും നിതിയുക്തവുമായ തീരുമാനങ്ങളെടുക്കാൻ ജയിൽ വകുപ്പിന് സ്വാതന്ത്ര്യം ഉണ്ടാകണം. പരോളും ശിക്ഷാ ഇളവുകളും തീർത്തും നിഷ്പക്ഷമായി നിർവഹിക്കപ്പെടുന്നതിന് ആവശ്യമായ തിരുത്തൽ നടപടിക്രമങ്ങളാണ് വരുത്തേണ്ടത്. പൊതു നീതിനിർവ്വഹണത്തിൽ ഇത്രയേറെ അലംഭാവം കാണിക്കുന്ന സർക്കാർ രാഷ്ട്രീയ കൊലപാതകങ്ങൾ നടത്തിയ പ്രതികളെയും ഉന്നത നേതാക്കളേയും സംരക്ഷിക്കാൻ പൊതുഖജനാവിൽനിന്ന് കോടികൾ ചെലവഴിക്കുന്നത് കേരളം കണ്ടതാണ്. കൊച്ചുകുട്ടികൾക്കുനേരെ നടക്കുന്ന പീഡനങ്ങൾ, കൊലപാതകങ്ങൾ, കൊടകര കുഴൽപ്പണക്കേസ്, സ്വർണ്ണക്കടത്ത് കേസ്, മരംമുറി കേസ് തുടങ്ങി എല്ലാ കേസുകളും അട്ടിമറിക്കപ്പെടുകയോ ഒത്തുതീർപ്പാക്കുകയോ ചെയ്യുകയാണ്. ഇതൊന്നും പോലിസിന്റെ കഴിവുകേടല്ല. എത്രയോ വിഷയങ്ങളിൽ കേരള പോലിസ് മികവുറ്റ അന്വേഷണം കാഴ്ചവച്ചിട്ടുണ്ട്. ഭരണ നേതൃത്വത്തിന്റെ അവിഹിതമായ ഇടപെടൽകൊണ്ടാണ് കേരളം ഈ

കാണുന്ന ഭീകരാവസ്ഥയിൽ എത്തിച്ചേർന്നിരിക്കുന്നത്. തീർച്ചയായിട്ടും ഈ ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുകയാണ്.

ശ്രീ. പി. ടി. എ. റഹീം: സർ, പുതിയ കാലം പുതിയ പോലിസ് എന്ന നയവുമായി വളരെ ശുഷ്കാന്തിയോടുകൂടി പ്രവർത്തനം നടത്തുന്ന കേരള പോലീസിനും ഫയർഫോഴ്സിനുംവേണ്ടിയുമൊക്കെ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. ഈ സർക്കാരിനെ സംബന്ധിച്ചിടത്തോളം പോലീസ് വകുപ്പ് ഏറ്റവും നല്ല പ്രവർത്തനമാണ് നടത്തുന്നത് എന്നുള്ളതിന് ഒരുപാട് പുരസ്കാരങ്ങളാണ് ലഭിച്ചിട്ടുള്ളത്. ഏതുകാര്യത്തിലാണ് നമുക്ക് എതിർക്കാൻ സാധിക്കുക. വനിത ബറ്റാലിയൻ, ജനമൈത്രി പോലീസ്, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, ഹോപ്പ്, കവചം, മാലാഖ, ഇ-ചെല്ലാൻ പദ്ധതി, പൊൽ-ആപ്പ്, ടോക്ക് വിത്ത് കോപ്സ്, ലോക്ക് ഡൗൺ താങ്ങും തണലും, ചിരി, ഒരു വയർ ഊട്ടാം ഒരു വിശപ്പകറ്റാം, പ്രശാന്തി, ഇ-വിദ്യാരംഭം പദ്ധതി തുടങ്ങിയിട്ടുള്ള നിരവധി പദ്ധതികളുമായി സന്ദർഭോചിതമായി സന്ദർഭത്തിനനുസരിച്ച് നമ്മുടെ പോലീസ് സമൂഹത്തിൽ ഇടപെട്ടുകൊണ്ടിരിക്കുകയാണ്. രാത്രികാലങ്ങളിൽ കോവിഡ് കാലത്ത് ഭക്ഷണം കിട്ടാതെപോകുന്ന ദീർഘദൂര ലോറിക്കാർക്കുൾപ്പെടെ

ഭക്ഷണം എത്തിച്ചുകൊടുത്തുകൊണ്ട്, ഓൺലൈൻ പഠനം നടത്തുന്ന വിദ്യാർത്ഥികളെ കൂടെനിന്ന് സഹായിച്ചുകൊണ്ട്, പ്രയാസമനുഭവിക്കുന്ന എല്ലാ മേഖലകളിലും നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ ഫയർഫോഴ്സ് മരുന്ന് അത്യാവശ്യക്കാർക്ക് എത്തിക്കുന്നത് ഉൾപ്പെടെയുള്ള വർത്തമാനകാലഘട്ടത്തിലെ എല്ലാ കാര്യങ്ങളിലും അഡ്രസ് ചെയ്തുകൊണ്ടാണ് നമ്മുടെ സംവിധാനങ്ങൾ മുമ്പോട്ടുപോകുന്നത്. അതിന് ഏറ്റവും വലിയ ഉദാഹരണം നമ്മുടെ പോലിസ് സ്റ്റേഷനുകളൊക്കെ എത്ര സ്മാർട്ടാണ്. ഞാൻ കുന്നമംഗലത്തുനിന്നാണ് വരുന്നത്. കേരളത്തിലെ ഏറ്റവും നല്ല മൂന്ന് പോലീസ് സ്റ്റേഷനുകളിൽ ഒന്ന് കുന്നമംഗലത്താണ്. ആ പോലീസ് സ്റ്റേഷനൊന്ന് വന്നുകാണണം. എന്റെ നിയോജകമണ്ഡലത്തിൽ പന്തീരാങ്കാവ് പുതിയ പോലീസ് സ്റ്റേഷൻ അനുവദിച്ചിട്ടുണ്ട്. പോലീസ് സ്റ്റേഷന്റെ പുതിയ കെട്ടിടത്തിന് രണ്ട് കോടി രൂപയാണ് സർക്കാർ നൽകിയിരിക്കുന്നത്. മറ്റൊന്ന് മാവൂർ പോലീസ് സ്റ്റേഷനാണ്, അതൊന്ന് വന്നുകാണണം. പോലീസ് സ്റ്റേഷനിലേയ്ക്ക് ഒന്നുനോക്കിയാൽ ആ പഴയ രൂപവും ഭാവവും ഒന്നുമല്ല ഇന്ന് പോലീസ് സ്റ്റേഷനുള്ളത്. കുന്നമംഗലം പോലീസ് സ്റ്റേഷന്റെ ലോക്കപ്പ് റൂമിൽ ഇന്നുവരെ ആർക്കും

കിടക്കേണ്ടിവന്നിട്ടില്ല. അങ്ങനെ കിടക്കേണ്ടിവന്നാൽ മഴയുൾപ്പെടെയുള്ള പ്രകൃതി ഭംഗി കണ്ട് ആസ്വദിച്ച് ആ ലോക്കപ്പിലുള്ള ആളുകൾക്ക് നിൽക്കാൻ സാധിക്കുന്ന സാഹചര്യം ഇന്ന് നമ്മുടെ പോലീസ് സ്റ്റേഷനിലുണ്ട്. അങ്ങനെ എല്ലാ പോലീസ് സ്റ്റേഷനുകളും സ്മാർട്ടായി വരികയാണ്. കുന്നമംഗലത്ത് പുതിയ സബ്ഡിവിഷൻ രൂപികരിച്ചുകൊണ്ട് പോലീസുകാരുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ സൗകര്യം ഏർപ്പെടുത്തുന്ന ഒരു സംവിധാനം കൂടി ഈ സംസ്ഥാനത്തുണ്ട്. അങ്ങനെ എല്ലാ മേഖലകളിലും വളരെ ശക്തമായ നിലപാടുകൾ സ്വീകരിക്കുന്നു എന്നുള്ളതാണ്. ഈ ഭദ്രമായ ക്രമസമാധാനത്തിനുവേണ്ടി, പോലീസിനുവേണ്ടി അവതരിപ്പിച്ചിരിക്കുന്ന ഈ ധനാഭ്യർദ്ധനകളെ പിന്താങ്ങുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. പക്ഷെ ഇവിടെ ചില ആളുകൾ ആഭ്യന്തരവകുപ്പിനെ സംബന്ധിച്ച് ചില കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. കുഴൽപ്പണവുമായി ബന്ധപ്പെട്ട് സാധാരണ പോലിസുകാർ ഒരു മോട്ടോർസൈക്കിൾ പരിശോധിക്കുമ്പോൾ അതിലൊരു പത്ത് ലക്ഷം രൂപകിട്ടിയാൽ അത് കളവ് മുതലാണോയെന്ന് നോക്കും. അല്ലെങ്കിൽ ഇൻകംടാക്സിനെ ഏൽപ്പിക്കും അല്ലെങ്കിൽ ഇ.ഡി.-യെ ഏൽപ്പിക്കും. അവർ അതിന്റെ

ഇൻകംടാക്സ് കഴിച്ച് ബാക്കി രൂപ തിരിച്ച് കൊടുക്കും. അങ്ങനെയാണല്ലോ പത്ത് കോടി രൂപയുടെ കാര്യത്തിൽ ഉണ്ടായത്. മൂന്നേമുക്കാൽ കോടി എടുത്തിട്ട് ബാക്കി അങ്ങ് കൊടുത്തില്ലേ; ഇവിടെ ചില ആളുകൾ പറയുന്നത്, ഇ.ഡി.-യെ ഏൽപ്പിക്കണം ഇൻകംടാക്സിനെ ഏൽപ്പിക്കണമെന്നാണ്. അത് അതിന്റെ അവസരത്തിൽ ഏൽപ്പിക്കാതെ തന്നെ എടുക്കാനുള്ള സ്വാതന്ത്ര്യം അവർക്കുണ്ട്. പക്ഷെ, അവർ അത് ചെയ്യുന്നില്ല. ഇവിടെ ചില ആളുകൾ പറയുന്നത്, ഏൽപ്പിച്ചുകൊടുത്താൽ ഇൻകംടാക്സ് കഴിച്ച് ബാക്കി രൂപകിട്ടുമെന്നാണ്. അതുതന്നെയാണ് മറ്റവരും കാത്തിരിക്കുന്നത്. ഇതുപോലെയുള്ള കാര്യങ്ങൾ പറയുകയും ആളുകളെ തെറ്റിദ്ധരിപ്പിക്കുകയും ചെയ്തുകൊണ്ടുള്ള ഒരു സമീപനമാണ് ഇവിടെ ചില ആളുകൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

എനിക്ക് വളരെ പ്രധാനപ്പെട്ട ഒരു കാര്യം സൂചിപ്പിക്കാനുള്ളത്, ഇവിടെ പോലീസ് വകുപ്പ് വളരെ ശക്തമാണ്. പക്ഷെ, നമ്മുടെ നാട്ടിൽ ചില പ്രവണതകൾ വളർന്നുവരുന്നുണ്ട്. ചില ആളുകൾ മുസ്ലീം സമുദായത്തിന് മുറിവേറ്റുവെന്നുള്ള മുദ്രാവാക്യവുമായി മുന്നോട്ടുവരുന്നുണ്ട്. നമ്മുടെ ഇന്റലിജൻസ് സംവിധാനം കൂടുതൽ ശക്തമായി നിൽക്കേണ്ട ഒരു

കാലഘട്ടമാണെന്ന് ഓർമ്മിപ്പിക്കാൻവേണ്ടിയാണ് ഞാനിത് പറയുന്നത്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ 80:20 സംബന്ധിച്ച് കേസ് പരിഗണിച്ചപ്പോൾ ഗവൺമെന്റ് ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ കോടതിയിൽ ബോധിപ്പിച്ചിട്ടില്ലായെന്നുള്ള ഒരു പരാമർശം ഇവിടെ നടക്കുകയുണ്ടായി. ഈ കേസിൽ കേരളാ ഗവൺമെന്റ് മാത്രമാണോ കക്ഷിയായി ഉണ്ടായിരുന്നത്? Minority Indian planning and Vigilance Commission Trust എന്നുപറയുന്ന ഒരു മൈനോറിറ്റിയുടെ റെപ്രസന്റേറ്റീവായി യു.ഡി.എഫ്.-ന്റെ കാലത്തുണ്ടായിരുന്ന അഡ്വക്കേറ്റ് വി. കെ. ബീരാൻ, അഡ്വക്കേറ്റ് ഹാരിസ് ബീരാൻ ഇവരൊക്ക ഹാജരായി ഇക്കാര്യത്തിൽ കൃത്യമായി കാര്യങ്ങൾ വാദിച്ചിട്ടുണ്ട്. ഇത്തരം വാദങ്ങൾ നടത്തിയിട്ടും ബഹുമാനപ്പെട്ട കോടതി ഇവരുടെ വാദങ്ങളൊന്നും അംഗീകരിച്ചിരുന്നില്ല. ഈ കേസിൽ ഗവൺമെന്റിനൊപ്പം വാദമുയർത്തിയിട്ടുള്ള സംഘടനകളുണ്ട്. അക്കാര്യങ്ങളൊക്കെ മറച്ചുവച്ച് തെറ്റായ രീതിയിൽ മുസ്ലീം സമുദായത്തിന് മുറിവേറ്റെന്ന തരത്തിലുള്ള പ്രചരണങ്ങൾ ചില ആളുകൾ നടത്തുകയാണ്. അതുകൊണ്ടാണ് ഞാൻ വിജിലൻസ് സംവിധാനം കൂടുതൽ ശക്തമാക്കണമെന്ന് പറയുന്നത്.

ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അഞ്ചാം മന്ത്രിയുടെ കാലഘട്ടത്തിലുള്ള സാമൂഹ്യപശ്ചാത്തലം പരിശോധിച്ചിട്ടുവേണം കാര്യങ്ങളൊക്കെ ചെയ്യാൻ എന്ന് പറഞ്ഞിട്ടുണ്ട്. ക്രമസമാധാന നില വഷളാക്കാൻവേണ്ടിയുള്ള നിരന്തരമായ ശ്രമം നമ്മുടെ രാജ്യത്ത് നടന്നുകൊണ്ടിരിക്കുന്നുവെന്നുള്ള വസ്തുതയാണ് ഞാൻ സൂചിപ്പിക്കുന്നത്. ഇവിടെ മുറിവേറ്റത് അപ്പുറത്തിരിക്കുന്ന ആളുകൾക്കാണ്. കാരണം 10 വർഷം പ്രതിപക്ഷത്തിരിക്കാനുള്ള ശേഷി അവർക്കില്ല. അവർക്കാണ് യഥാർത്ഥത്തിൽ മുറിവേറ്റിട്ടുള്ളത്. അങ്ങനെ ചിലർ തെറ്റായ പ്രചണ്ഡ പ്രചരണങ്ങൾ നമ്മുടെ നാട്ടിൽ നടത്തിക്കൊണ്ടിരിക്കുകയാണ്.

ഞാൻ ഒരു കാര്യംകൂടി സൂചിപ്പിക്കുകയാണ്, ഇവിടെ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ലഭിക്കുന്ന പദ്ധതികളൊക്കെ ചില ആളുകൾക്കുമാത്രമാണെന്നുള്ള ഒരു പ്രചരണം നടക്കുന്നുണ്ട്. ഒരു ഭാഗത്തുനിന്ന് സമുദായത്തിന് മുറിവേറ്റെന്ന് പറയുന്നു; മറ്റുചിലർ അപ്പുറത്തുനിന്ന് ചില കാര്യങ്ങൾ പറയുന്നു. കേന്ദ്രത്തിന്റെ പദ്ധതിയിൽ ഈരാറ്റുപേട്ടയിൽ ഒരു പദ്ധതി അംഗീകരിച്ചത് ഞാൻ പറയാം. Outline land of Meenachilar-ആ മീനച്ചിലാർ നന്നാക്കിയാൽ ആർക്കാണ്

അതിന്റെ ഗുണം? അത് ഏതെങ്കിലും ഒരു സമുദായത്തിന് മാത്രമല്ല. അതുപോലെതന്നെ Thrippalangodu-Construction of building for CSE, Aalingal- Construction of classroom building for Govt. Upper Primary School, Manjeri- Construction of classroom building for Govt. Vocational Higher Secondary School, Manjeri Municipality-Construction of classroom building for Govt. Girls Higher Secondary School, Kottakkal Municipality-Construction of classroom building for Govt. Rajaas Higher Secondary School, Malappuram Municipality -Integrative Centre for Ayurveda and Yoga. ഇങ്ങനെ ഓരോ ജില്ലകളിലും നടപ്പിലാക്കിയ പദ്ധതികൾ പരിശോധിച്ചാൽ എല്ലാവർക്കും ഉപയോഗപ്രദമായിരുന്നുവെന്ന കാര്യം വ്യക്തമാകും. വടകര മുനിസിപ്പാലിറ്റിയുമായി ബന്ധപ്പെട്ട പദ്ധതികളാണ് Upgradation of Family Health Centre, Agricultural & Heritage Market. അവിടെ ഏതെങ്കിലും ഒരു സമുദായത്തിൽപ്പെട്ടവരാണോ ഇതിന്റെ ആനുകൂല്യം കൈപ്പറ്റുന്നത്? ഒരു പദ്ധതിയും ഏതെങ്കിലും ഒരു മതവിഭാഗത്തിന് മാത്രമായി ഇല്ല. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കായുള്ള പദ്ധതി

നടപ്പിലാക്കുന്ന അവസരത്തിൽ 51 ശതമാനം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ ഉൾപ്പെട്ടിട്ടുണ്ടോ എന്നാണ് പരിശോധിക്കുന്നത്. അതുപോലെതന്നെ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്ന അവസരത്തിൽ അവിടെ 51 ശതമാനം മൈനോറിറ്റി വിഭാഗത്തിൽപ്പെട്ടവർ ഉണ്ടോ എന്നുമാത്രമേ പരിശോധിക്കാറുള്ളൂ. സച്ചാർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇന്ദിരാ ആവാസ് യോജന പദ്ധതിയിൽ വീടുകൾ അനുവദിച്ചപ്പോൾ അത് മൈനോറിറ്റിയുടെ പോപ്പുലേഷന്റെ അടിസ്ഥാനത്തിൽ വേണമെന്ന് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ചു. ഇന്നത്തെ ഇൻഡ്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദി ആയിരുന്നു അന്നത്തെ ഗുജറാത്ത് സംസ്ഥാനത്തെ മുഖ്യമന്ത്രി. അദ്ദേഹംപോലും അതിനെ എതിർത്തില്ല. ആ പദ്ധതി അങ്ങനെതന്നെ നടപ്പാക്കി. എന്നാൽ അന്നത്തെ ഉമ്മൻചാണ്ടി സർക്കാർ ഇത് കേരളത്തിൽ നടപ്പാക്കാൻ സാധിക്കില്ലായെന്നുപറഞ്ഞ് തിരിച്ചയച്ചു. കേന്ദ്രം അതിന് മറുപടി അയയ്ക്കാതിരുന്നിട്ടുപോലും അത് ആ രീതിയിൽ നടപ്പാക്കാൻ തയ്യാറായില്ല.

മലപ്പുറം ജില്ലയിൽ അവകാശത്തെക്കുറിച്ച് പറയുന്ന ആളുകളുണ്ടല്ലോ; സാധാരണഗതിയിൽ ഒരു സംവരണം ഇല്ലെങ്കിൽപ്പോലും 80-90 ശതമാനം

വീടുകൾ മലപ്പുറം ജില്ലയിലുള്ള ആളുകൾക്ക് ലഭിക്കും. ബഹുമാന്യരായ ഉമ്മൻ ചാണ്ടിയുടെയും കെ. സി. ജോസഫിന്റെയും കാലഘട്ടത്തിൽ ന്യൂനപക്ഷത്തിന് 15 ശതമാനം വീടുകളാണ് അനുവദിച്ചത്. അന്നത്തെ മുഖ്യമന്ത്രിയുടെ വീടിനുമുന്നിൽ സമരം നടത്തുന്നതിന് ന്യൂനപക്ഷ സമൂഹത്തിൽപ്പെട്ട മതാദ്ധ്യക്ഷന്മാരുൾപ്പെടെയുള്ള ആളുകളുണ്ടായിരുന്നു. ഞാനും ഡോ. കെ. ടി. ജലീൽ സാഹിബും അവിടെ പ്രസംഗിക്കാൻ പോയതിന് ഞങ്ങളുടെ പേരിൽ കേസെടുത്തു. ആ കേസ് ബഹുമാനപ്പെട്ട പിണറായി സർക്കാർ വന്നതിനുശേഷമാണ് പിൻവലിച്ചത്. സെക്രട്ടേറിയറ്റിനുമുന്നിൽ എത്ര സമരങ്ങൾ നടത്തി; എന്തെല്ലാം പ്രശ്നങ്ങളുണ്ടായി? നിരവധി ന്യൂനപക്ഷ സമുദായങ്ങൾ സമരം ചെയ്തില്ലേ? എന്നിട്ട് അന്ന് നിങ്ങൾക്കൊന്നും മുറിവേറ്റിട്ടില്ല. ഇപ്പോഴാണ് നിങ്ങൾക്ക് മുറിവേൽക്കുന്നത്. എത്ര മനോഹരമായ ഒരു പദ്ധതിയാണ് സച്ചാർ കമ്മിഷൻ റിപ്പോർട്ടിലുണ്ടായിരുന്നത്.

ഇവിടെ നിങ്ങൾ സൂചിപ്പിച്ചതുപോലെ, മദ്രസാ നവീകരണ പദ്ധതി യഥാർത്ഥത്തിൽ ഏതെങ്കിലും ഒരു സമുദായത്തിനുവേണ്ടി മാത്രമുള്ളതല്ല. കേരളത്തിൽ മാത്രമാണ് മദ്രസ എന്ന ഒരു സംവിധാനമുള്ളത്. മദ്രസ്സയിൽ

പോകാത്ത കുട്ടികളില്ല. വടക്കേ ഇൻഡ്യയിൽ 9 സംസ്ഥാനങ്ങളിൽ മദ്രസാ ബോർഡുകളുണ്ട്. ഇവ നിയന്ത്രിക്കുന്നത് അവിടെയുള്ള ഗവൺമെന്റുകളാണ്. അവിടെയെല്ലാവർക്കും പഠിക്കാം. മുസ്ലീം കുട്ടികൾ മാത്രമല്ല പഠിക്കുന്നത്. അവിടെ പത്താം ക്ലാസ്സ് മദ്രസ്സയിൽ പാസ്സായാലും കോളേജിൽ പഠിക്കാം. അതാണ് സംവിധാനം. ഇതുപോലെ രണ്ടുവിഭാഗം ആളുകൾ എന്തെല്ലാം പ്രശ്നങ്ങൾ ഇവിടെ ഉണ്ടാക്കിയിട്ടുണ്ട്. യു.ഡി.എഫ്.-ന്റെ ഭരണ കാലത്ത് പാലക്കാട് ജില്ലയിലെ ഒരു പള്ളി ദർസിൽ 18 വയസ്സിന് താഴെയുള്ള കുട്ടികൾ പഠിക്കുന്നുവെന്ന് പറഞ്ഞ് നിങ്ങൾ പോലീസിനെ അയച്ചു. അന്ന് നിങ്ങൾക്ക് ഈ പ്രശ്നമൊന്നുമുണ്ടായിട്ടില്ല. അന്നവും വിദ്യയും തേടി ബീഹാറിൽനിന്ന് വന്ന കുട്ടികളെ തീവ്രവാദികളെപ്പോലെ കണ്ട് നാലുദിവസം അവർക്ക് ബുദ്ധിമുട്ടുകളുണ്ടാക്കി. അതിനുശേഷം മുക്കം യത്തീംഖാനയുടെ സാരഥികളായ ആളുകൾക്കെതിരെ നിങ്ങൾ കേസുകൊടുത്തു. അവർക്ക് അവസാനം സുപ്രീംകോടതിവരെ പോകേണ്ടിവന്നു. ഇങ്ങനെയുള്ള സന്ദർഭത്തിലൊന്നും ഈ സമുദായത്തിന് മുറിവേല്ക്കാതെയിരുന്നിട്ട് ഇപ്പോഴാണോ നിങ്ങൾക്ക് മുറിവേൽക്കുന്നത്? ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്താ ചെയ്യേണ്ടത്? ആർക്കും

നഷ്ടം വരാത്ത രീതിയിൽ ഹൈക്കോടതിവിധി വന്നു. ആറേമുക്കാൽ കോടി രൂപയാണ് ആർക്കും ഒരു പ്രശ്നവും ഉണ്ടാകരുതെന്ന് കരുതി അധികമായി അനുവദിച്ചത്. അതിനുപുറമെ, സുപ്രീംകോടതിയിൽ ഭരണഘടനാപരമായ ചില പ്രശ്നങ്ങളുണ്ട്. ആ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി സുപ്രീംകോടതിയിൽ കേസിനുപോകാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രി തീരുമാനിച്ച കാര്യം ഇവിടെ പറഞ്ഞു. എന്നിട്ടും ചില ആളുകൾ ഇപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്നത് ഞങ്ങൾക്ക് എന്തോ പ്രശ്നങ്ങളുണ്ട്; സമുദായത്തിന് മുറിവേറ്റുവെന്നാണ്. വേറൊരു കാര്യവും ഈ നാട്ടിൽ ചെലവാകാത്തതുകൊണ്ട് നിങ്ങൾക്ക് ഇനി അതുപറയാനേ നിവൃത്തിയുള്ളൂ. ഈ ഗവൺമെന്റിന് ശക്തമായ പിന്തുണ ജനങ്ങൾ നൽകിയതുകൊണ്ടാണ് 99 സീറ്റുകളിൽ ജയിച്ച് ഇവിടെ എത്തിയത്. ഞാൻ പോലീസ് വകുപ്പിന്റെ കാര്യത്തിൽ പറഞ്ഞതുപോലെ ഇന്റലിജൻസ് വിഭാഗം വളരെ ശക്തിപ്പെടുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. സമുദായങ്ങളെ തമ്മിൽ ഭിന്നിപ്പിക്കാനുള്ള വലിയ ശ്രമങ്ങൾ നടക്കുന്നതുകൊണ്ട് കൂടുതൽ ഊർജ്ജസ്വലമായി, ശക്തിയോടുകൂടി, കരുതലോടുകൂടി മുന്നോട്ടുപോകണം എന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനകളെ

ഞാൻ പിന്താങ്ങുകയാണ്.

ശ്രീ. വി. ജോയി: സർ, പുതുക്കിയ ബഡ്ജറ്റിന്മേലുള്ള ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. ആറ് പതിറ്റാണ്ട് പോലീസ് സേനയ്ക്കും ആഭ്യന്തരവകുപ്പിനും നേടാൻ കഴിയാതിരുന്ന വളർച്ചയാണ് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ നടന്നിട്ടുള്ളത്. കുറ്റാന്വേഷണ മികവിന്റെയും സാങ്കേതികവിദ്യയുടെയും സാമൂഹിക ഉത്തരവാദിത്തത്തിന്റെയും കാര്യങ്ങളിൽ കേരള പോലീസും ആഭ്യന്തര വകുപ്പും രാജ്യത്തെ ഏറ്റവും മികച്ച മാതൃകയായി മാറിയിട്ടുണ്ട്. ലോകം മുഴുവൻ ശ്രദ്ധിക്കപ്പെടുന്ന തരത്തിലേയ്ക്ക് കേരള പോലീസിന്റെ പ്രവർത്തനം ഒട്ടേറെ മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. കുറ്റാന്വേഷണരംഗത്ത് കേരള പോലീസിനെ ഒരുവിധത്തിലും മാറ്റിനിർത്താൻ കഴിയാത്ത തരത്തിലുള്ള പ്രവർത്തനമാണ് പോലീസിന്റെ ഭാഗത്തുനിന്നുണ്ടാകുന്നത്. കുറ്റാന്വേഷണ രംഗത്തെ പോലീസിന്റെ കഴിഞ്ഞകാല പ്രവർത്തനങ്ങളെ സംബന്ധിച്ച് ഭരണപക്ഷത്തെ നിരവധി എം.എൽ.എ.മാർ സൂചിപ്പിച്ചതുകൊണ്ട് അതുസംബന്ധിച്ച് ദീർഘമായി സംസാരിക്കുന്നില്ല. യു.ഡി.എഫ്. ഗവൺമെന്റുകൾ പോലീസിനെ പലപ്പോഴും ഒരു മർദ്ദക ഉപകരണമായാണ്

കണ്ടിരുന്നതെന്ന് നമുക്കറിയാം. ഇവിടെ പലരും പോലീസിന്റെ പ്രവർത്തനങ്ങളെ പ്രകീർത്തിച്ച സമീപകാല സംഭവങ്ങളുണ്ട്. കോവിഡിന്റെയും പ്രളയത്തിന്റെയും കാലഘട്ടങ്ങളിലെല്ലാം പോലീസും ഫയർഫോഴ്സുമടക്കമുള്ള സംവിധാനങ്ങൾ മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത് ശ്രദ്ധേയമായ കാര്യമാണ്. യു.ഡി.എഫ്. എങ്ങനെയാണ് പോലീസിനെ കൈകാര്യം ചെയ്തിരുന്നതെന്നതിനെ സംബന്ധിച്ച് ഒരു ചർച്ചയുടെയും ആവശ്യം നമുക്കില്ല, അതുസംബന്ധിച്ച് ഇവിടെ പലരും സൂചിപ്പിച്ചു. കൃത്യമായ കേസ്സുകളില്ലാതിരുന്നിട്ടുപോലും നിയമസഭാംഗങ്ങളെ ജയിലിലടയ്ക്കാൻ പരിശ്രമിച്ച, ജയിലിലടച്ച ഒരു ഭരണകൂടത്തിന്റെ ആളുകളാണ് ഇപ്പോൾ പോലീസിനെതിരെ സംസാരിക്കുന്നത്. അതുമായി ബന്ധപ്പെട്ട നേതാക്കന്മാരുടെ പട്ടിക സംബന്ധിച്ചും മറ്റുമൊന്നും ദീർഘമായി സംസാരിക്കുന്നില്ല. പോലീസിനെ അന്ന് ഉപയോഗിച്ചിരുന്നത് സംബന്ധിച്ച് നമുക്കറിയാം. സോളാർ അഴിമതി വിഷയത്തിൽ സമരം ചെയ്ത ഒരു ചെറുപ്പക്കാരന്റെ ജനനേന്ദ്രിയം തകർത്തതുൾപ്പെടെയുള്ള സംഭവങ്ങൾ സഭയിലെ ആളുകൾക്ക് നന്നായി അറിയാം. ഇവിടെ ചില എം.എൽ.എ.മാർ സംസാരിച്ചപ്പോൾ, സമീപകാലത്തെ ചില സംഭവങ്ങൾ

വന്നില്ലായിരുന്നെങ്കിൽ ബഹുമാന്യനായ മുൻ ആഭ്യന്തര വകുപ്പുമന്ത്രിക്ക് ഒരുപക്ഷേ ഈ ധനാഭ്യർത്ഥനയെ പിന്താങ്ങേണ്ടി വരുമായിരുന്നുവെന്ന് പറഞ്ഞു. മിന്നുന്നതെല്ലാം പൊന്നല്ലെന്നും ഞങ്ങളുടെ കാലത്തുള്ളതിനെക്കാൾ വലിയ പ്രശ്നങ്ങളാണ് ഇന്ന് പോലീസുമായി ബന്ധപ്പെട്ട് വരുന്നതെന്നുമാണ് മുൻ ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞത്. അന്നത്തെ കാലത്തെ ചില സംഭവങ്ങൾ ഓർമ്മപ്പെടുത്താൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതി ശരിവച്ച തടവുശിക്ഷയ്ക്ക് ഇളവനുവദിച്ച ഭരണമായിരുന്നു ശ്രീ. ഉമ്മൻ ചാണ്ടിയുടെ അന്നത്തെ ഭരണം. നേരത്തെ സൂചിപ്പിച്ചതിന് തെളിവായി സ്വീകരിക്കാൻ സാധിക്കുന്ന കാര്യമാണിത്. സുപ്രീംകോടതി ശിക്ഷിച്ച തിരുവനന്തപുരം ജില്ലയിലെ മലയം, ചെറുവിള ഡേവിഡ് ലാലിയുടെ തടവ് ശിക്ഷയാണ് ഒഴിവാക്കിക്കൊടുത്തത്. ജയിലുകളെ സംബന്ധിച്ച് ബഹുമാന്യനായ മുൻ ആഭ്യന്തര വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിച്ചു. ജയിലുകളിൽ ഫോണുകൾ ഉപയോഗിക്കുന്നുവെന്നും ജയിലിൽ നിന്ന് പലതും നിയന്ത്രിക്കുന്നുവെന്നും അദ്ദേഹം ഇവിടെ സൂചിപ്പിച്ചു. ശ്രീമതി യു. പ്രതിഭ എം.എൽ.എ.യും അതുസംബന്ധിച്ച് പറഞ്ഞു. കൊലക്കേസ് പ്രതി ജയിലിൽനിന്ന് തനിക്ക്

സന്ദേശമയച്ചെന്ന് അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞു. എന്റെ പ്രസംഗത്തിനുശേഷം അതുസംബന്ധിച്ച് അദ്ദേഹം സംസാരിക്കും. കൊലക്കേസ് പ്രതി ജയിലിൽനിന്ന് അദ്ദേഹത്തിന് സന്ദേശമയച്ചെന്നാണ് പറയുന്നത്, ഏത് വിധത്തിലാണ്? ഗാന്ധിപാർക്കിൽ നടന്ന യു.ഡി.എഫ്.-ന്റെ പൊതുയോഗത്തിൽവച്ച് അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞതാണിത്. ഇത് ഒരു സമയത്തുമാത്രമുണ്ടാകുന്ന പ്രശ്നങ്ങളല്ല. ചില പ്രശ്നങ്ങൾ വരും അതാത് കാലത്തെ ഗവൺമെന്റുകൾ ആ പ്രശ്നങ്ങളിൽ ഇടപെട്ട് ആവശ്യമായ നടപടി സ്വീകരിക്കും. മുൻ ആഭ്യന്തര വകുപ്പുമന്ത്രി കാര്യങ്ങൾ പർവ്വതീകരിച്ച് പറയാൻ വിദഗ്ധനാണ്. അദ്ദേഹം അത് പർവ്വതീകരിച്ചുപറയുകയാണ്. നിങ്ങളുടെ കാലത്താണ് വളപട്ടണം പോലീസ് അറസ്റ്റ് ചെയ്ത മാഫിയകളെ വിട്ടുകൊടുക്കുന്നതിനുവേണ്ടി ഇന്നത്തെ കെ.പി.സി.സി. പ്രസിഡന്റ് ആ സ്റ്റേഷനിലേയ്ക്ക് പോയത്. അന്ന് അവിടെ വലിയ വിവാദമുണ്ടായി, അവിടെനിന്നും പിടിച്ചിറക്കിക്കൊണ്ടുവരുന്ന സാഹചര്യമുണ്ടായി. അതിന്റെ പേരിൽ കേസ്സെടുത്തു, ഞാൻ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ അഭിനന്ദിക്കുകയാണ്, ആഭ്യന്തര വകുപ്പ് ഒഴിയുന്നതുവരെ അന്നെടുത്ത കേസ് പിൻവലിക്കാൻ

താങ്കൾ തയ്യാറായില്ല. ഏത് സമയത്താണ് ആ കേസ് പിൻവലിച്ചത്? അതിനുശേഷം ആഭ്യന്തരവകുപ്പുമന്ത്രിയായി വന്നയാളാണ് ആ കേസ് പിൻവലിച്ചത്. നമുക്കറിയാവുന്ന ധാരാളം കാര്യങ്ങളുണ്ടെന്നത് മനസ്സിലാക്കണം. നിങ്ങളുടെ കാലത്തുള്ളതിനെക്കാൾ പ്രശ്നങ്ങൾ പരിഹരിച്ച് ഏറ്റവും ജനനന്മയിലൂന്നി പ്രവർത്തങ്ങൾ നടത്താൻ കേരള പോലീസിന് കഴിയുന്നുണ്ടെന്നത് കാണേണ്ട കാര്യമാണ്.

പോലീസുമായി ബന്ധപ്പെട്ട ചില നിർദ്ദേശങ്ങൾ എനിക്ക് പറയാനുണ്ട്. പോലീസ് സ്റ്റേഷന്റെ ദൈനംദിന ചെലവുകൾക്കായി പെർമനന്റ് അഡ്വാൻസ് സാധാരണ നിലയിൽ നൽകാറുണ്ട്. ഇത് മേലുദ്യോഗസ്ഥന്മാർ താഴെയുള്ളവർക്ക് നൽകാറില്ല, അതുകൊണ്ട് സ്റ്റേഷനിൽ വരുന്നവരെക്കൊണ്ട് പേപ്പറും പേനയും വാങ്ങിപ്പിക്കുകയും മറ്റ് ചില കാര്യങ്ങൾ നടത്തുകയും ചെയ്യുന്ന സമീപനമുണ്ട്. ആഭ്യന്തരവകുപ്പ് ഇടപെട്ട് അത്തരം പ്രവർത്തനങ്ങളിൽ അടിയന്തര നടപടി സ്വീകരിക്കണം. പോലീസ് സ്റ്റേഷനുകളുടെ പണ്ടത്തെ രൂപവും ഭാവവുമെല്ലാം മാറി. ഞാൻ ടൂറിസ്റ്റ് ഡെസ്റ്റിനേഷനായ വർക്കലയെ പ്രതിനിധീകരിക്കുന്ന എം.എൽ.എ. ആണ്. വളരെ ആകർഷകമായ പോലീസ് സ്റ്റേഷനാണ് നമുക്കുള്ളത്.

അടുത്ത സമയത്ത് പണികഴിപ്പിച്ചതാണ്. പക്ഷേ പോലീസ് സ്റ്റേഷനുകളുടെ സ്ട്രെങ്ത് വളരെ പരിതാപകരമാണ്. പലപ്പോഴും പോലീസുകാരില്ലാത്ത സാഹചര്യമുണ്ടാകുന്നു. ജനസംഖ്യാനുപാതികമായും കേസ്സുകളുടെ എണ്ണവും കണക്കിലെടുത്ത് ആവശ്യമായ സ്ട്രെങ്ത് പോലീസ് സ്റ്റേഷനിൽ നൽകണമെന്നത് പ്രധാനപ്പെട്ട കാര്യമാണ്. അതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. വിവിധ കേസുകളിൽ പിടിക്കുന്ന വാഹനങ്ങൾ വലിയ സാമൂഹ്യപ്രശ്നം സൃഷ്ടിക്കുകയാണ്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി നേരത്തെ ഇതുസംബന്ധിച്ച് സൂചിപ്പിച്ചു. അത് പരിഹരിക്കുന്നതിന് നിയമനിർമ്മാണം നടത്താൻ സാധിക്കുമോയെന്ന് പരിശോധിക്കണം.

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, കഴിഞ്ഞദിവസം ബഹുമാനപ്പെട്ട ആലത്തൂർ എം.പി. കുമാരി രമ്യാ ഹരിദാസിന്റെ നേതൃത്വത്തിൽ ഈ ലോക്ഡൗൺ കാലത്ത് ഒരു ഹോട്ടലും തുറന്നുപ്രവർത്തിക്കാൻ പാടില്ലെന്ന് ആരോഗ്യ വകുപ്പ് പറഞ്ഞിട്ടും അതിനെ ലംഘിച്ച്.........(ബഹളം)........

<u>ശ്രീ. വി. ജോയി</u>: അക്കാര്യം ഞാൻ വിശദമാക്കാം. കഴിഞ്ഞദിവസം ബഹുമാനപ്പെട്ട മൂവാറ്റുപുഴ എം.എൽ.എ. ഇവിടെ സംസാരിച്ചപ്പോൾ

കോവിഡ് വ്യാപിക്കുകയാണെന്നും കേരളം ഇപ്പോൾ തലകുനിച്ചുനിൽക്കുകയാണെന്നും ദേശീയ മാധ്യമങ്ങളിൽ വാർത്തവരുകയാണെന്നുമൊക്കെ പറഞ്ഞു. എങ്ങനെയാണ് കോവിഡ് വ്യാപിക്കുന്നത്? ഒരു കോവിഡ് രോഗി പോലുമില്ലാത്ത ആദിവാസി കേന്ദ്രത്തിൽ എം.പി. പോകുകയാണ്. സമ്പൂർണ്ണ ലോക്ഡൗണായ ഞായറാഴ്ച ദിവസം വേറെയൊരു എം.പി. ഹോട്ടലിൽ പോകുകയും അവിടെയിരുന്ന് ഭക്ഷണം കഴിക്കുകയുമാണ്. അത് ചോദ്യം ചെയ്ത ചെറുപ്പക്കാരനെ എം.പി. അടിക്കുകയാണ്. എന്തെല്ലാമാണ് ഈ നാട്ടിൽ നടക്കുന്നത്? ഇത്തരം സംഭവങ്ങൾ നാട്ടിൽ നടക്കുന്നുണ്ടെന്നത് നമ്മൾ കാണണം. മുസ്ലീംലീഗ് കോൺഗ്രസ്സിനെ കെട്ടിപ്പിടിച്ചുനിൽക്കുകയാണ്. എന്നിട്ടും പെരുന്നാൾ ദിവസത്തിൽ ചില വിട്ടുവീഴ്ചകൾ ചെയ്യാൻ കേരളത്തിലെ ഇടതുപക്ഷ മുന്നണി ഗവൺമെന്റ് തീരുമാനിച്ച അവസരത്തിൽ യു.പി.-യിലെ ക്യാൻവാർ യാത്ര നടത്തുന്നത് തെറ്റാണെങ്കിൽ കേരളത്തിൽ വലിയ പെരുന്നാൾ ആഘോഷവും പാടില്ലെന്നാണ് കോൺഗ്രസ്സിന്റെ ഔദ്യോഗിക വക്താവ് ശ്രീ. മനു അഭിഷേക് സിംഗ്‌വി പറഞ്ഞത്. ഇതുമായി ബന്ധപ്പെട്ട് നിങ്ങൾക്കെന്തെങ്കിലും പറയാനുണ്ടോ? ഇല്ല. അപ്പോൾ

നിങ്ങൾക്ക് മുറിവേറ്റില്ല.

ഇന്ന് രാവിലെ ചില ഒത്തുകളികളെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ത്യയുടെ പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയ വേളയിൽ അദ്ദേഹം പ്രധാനമന്ത്രിക്ക് ഒരു ഷാൾ ഇട്ടുകൊടുത്തപ്പോൾ അത് വലിയ അപരാധമായി നിങ്ങൾ കണ്ടു. ലോക്സഭയിൽ കോൺഗ്രസ്സിന്റെ നേതാവ് ശ്രീ. രാഹുൽ ഗാന്ധി ഇന്ത്യയുടെ പ്രധാനമന്ത്രിയെ കെട്ടിപ്പിടിച്ചു. അതിൽ യാതൊരു പ്രശ്നവുമില്ല. മാധ്യമങ്ങളുടെ അന്തിചർച്ചയിൽ ചില വ്യക്തികൾ പലതരത്തിലുള്ള വർത്തമാനങ്ങൾ പറയും. ആ വർത്തമാനങ്ങളുടെ ശീലുപിടിച്ചുകൊണ്ട് ചില കാര്യങ്ങൾ കേൾക്കാനിടയായി. അതൊരു പ്രധാനപ്പെട്ട കാര്യമാണ്. ചില ആളുകളുടെ ഉപദേശങ്ങൾ സ്വീകരിച്ച് അന്ധമായ മാർക്സിസ്റ്റ് വിരോധം പ്രകടിപ്പിച്ചുകൊണ്ടുള്ള കാര്യങ്ങൾ ചെയ്യുകയാണ്. നിങ്ങൾ ആരെയാണ് പേടിപ്പിക്കുന്നത്; സഖാവ് പിണറായി വിജയനെയാണോ; കേരളത്തിന്റെ മുഖ്യമന്ത്രിയെയാണോ നിങ്ങൾ പേടിപ്പിക്കുന്നത്? അദ്ദേഹം പേടിക്കുന്നയാളല്ല. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് ഇപ്പോൾ ഇവിടില്ല. കേരളത്തിന്റെ ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി ഇവിടെയില്ല. മാറാട്

കലാപത്തിനുശേഷം, അവിടം സന്ദർശിക്കാനായി അന്നത്തെ മുഖ്യമന്ത്രി ശ്രീ എ. കെ. ആന്റണിയും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബും പോയിരുന്നു. മുസ്ലീംങ്ങളായിട്ടുള്ള ആരും ഇങ്ങോട്ട് വരണ്ടായെന്നും ഒരാളെയും അതിനകത്ത് കയറ്റില്ലെന്നും ശ്രീ. കുമ്മനം രാജശേഖരൻ പറഞ്ഞു. അന്നത്തെ മുഖ്യമന്ത്രി ശ്രീ. കുഞ്ഞാലിക്കുട്ടി സാഹിബിനോടും കൂടെ വന്ന ആളുകളോടും ഗസ്റ്റ് ഹൗസിൽ പോയി വിശ്രമിക്കാൻ പറഞ്ഞു. എന്നാൽ അടുത്ത ദിവസം സഖാവ് പിണറായി വിജയൻ, എളമരം കരീം, പാലൊളി മുഹമ്മദ് കുട്ടി എന്നിവർ മാറാട് സന്ദർശിച്ചു. ഇവരെല്ലാം എത്തിയപ്പോഴും കുമ്മനം രാജശേഖരൻ ഇതുതന്നെയാണ് പറഞ്ഞത്. എന്നാൽ തന്റെകൂടെ വന്നവരെയുംകൊണ്ട് മാത്രമേ സ്ഥലം സന്ദർശിക്കുകയുള്ളൂ എന്ന നിലപാടാണ് സഖാവ് പിണറായി വിജയൻ സ്വീകരിച്ചത്. അത്തരത്തിൽ നിലപാടുകൾ സ്വീകരിച്ച ചരിത്രമാണ് സഖാവിനുള്ളതെന്ന കാര്യം ഓർക്കണം. അതുകൊണ്ട് ഉടുക്കുകൊട്ടി പേടിപ്പിക്കേണ്ടെന്ന് നിങ്ങളോട് പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. സഭയിൽ പ്രസംഗിക്കാൻ നിൽക്കുമ്പോൾ ബഹുമാനപ്പെട്ട തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി ഒരു അപകടവും കൂടാതെ ഇന്ന് സഭയിലെത്തിയതുകൊണ്ട് നമുക്കെല്ലാവർക്കും വളരെയധികം സന്തോഷമുണ്ട്. അതുമാത്രമേ ഞാൻ അക്കാര്യത്തിൽ പറയുന്നുള്ളൂ. സി. പി. ഐ.(എം.)-ന്റെ സെക്രട്ടേറിയറ്റ് ഈയിടെ ഒരു തീരുമാനമെടുക്കുകയും ആ തീരുമാനം പത്രത്തിൽ വരികയുംചെയ്തു. ക്വട്ടേഷൻ സംഘത്തിലുള്ളവരെ പാർട്ടിയിൽ വച്ച് പൊറുപ്പിക്കില്ലെന്നായിരുന്നു ആ തീരുമാനം. അത്തരത്തിലുള്ള ഒരു കടുംകൈ നിങ്ങൾ ചെയ്യാൻ പാടില്ലെന്നാണ് എനിക്ക് പറയാനുള്ളത്. കോൺഗ്രസ്സും മുസ്ലീംലീഗും കേരളത്തിൽനിന്നും ഇല്ലാതാകാൻ നിങ്ങൾ ആഗ്രഹിക്കുന്നു. പക്ഷെ കേരളത്തിൽ സി.പി.ഐ.(എം.) ഇല്ലാതാകാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. ക്വട്ടേഷൻ സംഘത്തിലുള്ള എല്ലാവരെയും പാർട്ടി പുറത്താക്കിയാൽ ഒരുപക്ഷെ ഞങ്ങളെല്ലാവരുടെയും പ്രിയ സുഹൃത്ത് എ. എൻ. ഷംസീർ മാത്രമായിരിക്കും ആ പാർട്ടിയിൽ അവശേഷിക്കുന്നത്. ബഹുമാന്യനായ മുഖ്യമന്ത്രിയുടെ ചില പ്രസംഗങ്ങൾ എന്നെ ആവേശംകൊള്ളിച്ചിട്ടുണ്ടെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

ഒന്ന്, സെക്രട്ടേറിയറ്റ് ജീവനക്കാരോട് ഓരോ ഫയലും ഓരോ ജീവിതമാണെന്ന് അദ്ദേഹം നടത്തിയ പ്രസംഗം. എന്നാൽ സെക്രട്ടേറിയറ്റിൽ എത്ര ഫയലുകളാണ് തീരുമാനമാകാതെ കിടക്കുന്നതെന്നുള്ള കണക്ക് നമുക്ക് പരിശോധിക്കാം. രണ്ട്, നാല് വോട്ടിനുവേണ്ടിയും ഒരു സീറ്റിനുവേണ്ടിയും പറഞ്ഞ വാക്ക് മാറ്റില്ലെന്നാണ് അദ്ദേഹം പറഞ്ഞത്. കെ. എം. മാണി ബജറ്റ് അവതരിപ്പിച്ച വർഷം, രാപ്പകൽ സമരം കേരളത്തിന് അന്ന് പരിചയപ്പെടുത്തിക്കൊടുത്തത് മാർക്സിസ്റ്റ് പാർട്ടിയാണ്. ആ സമരം എങ്ങനെയാണ് അവസാനിപ്പിച്ചതെന്ന് നമുക്കെല്ലാവർക്കും അറിയാം. തിരുവനന്തപുരം നഗരത്തിൽ കക്കൂസില്ലാത്തതുകൊണ്ട് ഞങ്ങൾ സമരം നിർത്തുന്നുവെന്നാണ് അന്ന് മാർക്സിസ്റ്റ് പാർട്ടി പറഞ്ഞത്. ഞാൻ മനസ്സിലാക്കിയിടത്തോളം, കക്കൂസുകൾ തിരുവനന്തപുരം നഗരത്തിൽ ആവശ്യത്തിനില്ലെങ്കിലും കേരളത്തിലെ മെഡിക്കൽ ഷോപ്പുകളിൽ പാംപേഴ്സ് ഇഷ്ടംപോലെ കിട്ടുന്ന ഒരു സമയമായിരുന്നു അത്. ആ സമരത്തിൽ പങ്കെടുക്കാൻ വരുന്ന ആളുകൾക്ക് മാർക്സിസ്റ്റ് പാർട്ടി പാംപേഴ്സ് എങ്കിലും വാങ്ങിക്കൊടുക്കാമായിരുന്നുവെന്നാണ് അതുസംബന്ധിച്ച് എനിക്ക് പറയാനുള്ളത്. മറ്റ് രാഷ്ട്രീയക്കാരിൽനിന്നും

വളരെ വ്യതിരിക്തത പുലർത്തുന്ന വ്യക്തിത്വമാണ് ശ്രീ. പിണറായി വിജയനെന്ന് നമ്മളെല്ലാവരും പറയുന്നുണ്ട്. പക്ഷെ അദ്ദേഹം കെ. എം. മാണിയെക്കുറിച്ച് 'അഴിമതി വീരൻ' എന്നാണ് പറഞ്ഞത്. അദ്ദേഹം നടത്തിയ പ്രസംഗം നമുക്കെല്ലാവർക്കുമറിയാം. എനിക്ക് ബഹുമാന്യനായ മുഖ്യമന്ത്രിയോട് ചോദിക്കാനുള്ളത്... നിയമസഭ പൊതുസ്വത്തല്ലെന്നാണ് സുപ്രീംകോടതിയിൽ വക്കീലിനെക്കൊണ്ട് നിങ്ങൾ പറയിപ്പിച്ചത്. ആ തൊലിക്കട്ടി അപാരംതന്നെയെന്നാണ് എനിക്ക് പറയാനുള്ളത്. ബഹുമാന്യനായ ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ ഒരു പ്രസംഗമുണ്ട്. എന്റെ ഓർമ്മ ശരിയാണെങ്കിൽ.. കെ. എം. മാണി ബജറ്റ് അവതരിപ്പിച്ച സമയത്ത് രാപ്പകൽ സമരത്തെ അഭിസംബോധന ചെയ്തുകൊണ്ടുള്ള പ്രസംഗമായിരുന്നു അത്. തിരുവനന്തപുരം കാഴ്ച ബംഗ്ലാവിലെ കാണ്ടാമൃഗം രണ്ട് ദിവസമായി ഭക്ഷണം കഴിച്ചിട്ടില്ലെന്നാണ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പ്രസംഗിച്ചത്. ഇപ്പോൾ തിരുവനന്തപുരത്തെ കാഴ്ചബംഗ്ലാവിൽ ആ കാണ്ടാമൃഗം ഉണ്ടെങ്കിൽ എത്ര ദിവസമായി അത് ഭക്ഷണം കഴിക്കാത്തതെന്ന് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രിയോട് ചോദിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ന്യൂനപക്ഷ സ്കോളർഷിപ്പിന്റെ കാര്യം ഞാൻ വിശദീകരിക്കുന്നില്ല. എന്താണ്

നിങ്ങൾ ന്യൂനപക്ഷ വിഭാഗത്തോട് പറയുന്നത്? ഏത് ദജ്ജാൽ വന്നാലും നിങ്ങളെ സംരക്ഷിക്കാൻ ഞങ്ങളുണ്ട്. ഇപ്പോൾ, ന്യൂനപക്ഷത്തിന്റെ എല്ലാ അവകാശങ്ങളും കവർന്നെടുത്തു. ന്യൂനപക്ഷങ്ങൾ ഒരു കാര്യത്തിലും സങ്കടപ്പെടേണ്ടതില്ല, നിങ്ങളുടെ എല്ലാ അവകാശങ്ങളും ഞങ്ങൾ സംരക്ഷിക്കുമെന്നാണ് ബഹുമാന്യനായ മുഖ്യമന്ത്രി പറയുന്നത്. പണ്ട് തെങ്ങിൽനിന്ന് വീണ് മരിച്ച ഒരാളുടെ മൃതശരീരം കൊണ്ടുപോകുകയായിരുന്നു. എന്ത് പറ്റിയതാണെന്ന് വഴിയിൽ ഉണ്ടായിരുന്ന ആളുകൾ ചോദിച്ചു. ഒന്നും പറ്റിയില്ല, തെങ്ങിൽനിന്നും വീണ് ശരീരത്തിൽ തല മാത്രം പോയി. അതാണ്, മുഖ്യമന്ത്രി ഇങ്ങനെ പറയുമ്പോൾ എനിക്ക് പറയാൻ തോന്നുന്നത്. ന്യൂനപക്ഷങ്ങളോട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഇപ്പോഴത്തെ നിലപാട് ഇതാണ്. ശ്രീ. നരേന്ദ്ര മോദിയെ താങ്കൾ വിശ്വസിക്കരുതെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് പറയാനുള്ളത്. ഡൽഹിയിൽ പോയപ്പോൾ വളരെ നല്ല സ്വീകരണമാണ് ശ്രീ. നരേന്ദ്രമോദി നല്കിയതെന്നാണ് മുഖ്യമന്ത്രി പറയുന്നത്. മുഖ്യമന്ത്രി ഡൽഹിയിൽവച്ച് കണ്ടപ്പോൾ, ശ്രീ. നരേന്ദ്രമോദി പറഞ്ഞത് നിങ്ങളുടെ കോവിഡ് പ്രതിരോധ പ്രവർത്തങ്ങൾ നല്ല

രീതിയിലാണ് മുന്നോട്ട് പോകുന്നതെന്നാണ്. മുഖ്യമന്ത്രി തിരിച്ചുവന്നപ്പോൾ, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ മോശമാണെന്നാണ് കേന്ദ്രസർക്കാർ പറഞ്ഞത്. ഞങ്ങളുടെ എല്ലാവരുടെയും പ്രിയങ്കരനായ നേതാവ് സി. എച്ച്. മുഹമ്മദ് കോയ സാഹിബ് ഇപ്പോൾ ശ്രീ. നരേന്ദ്രമോദി പ്രതിനിധാനം ചെയ്യുന്ന ആർ.എസ്.എസ്.-നെക്കുറിച്ച് "ബഹറിൽ മുസല്ലയിട്ട് നിസ്കരിച്ചാലും, ആർ.എസ്.എസ്.-നെ നിങ്ങൾ വിശ്വസിക്കരുതെന്നാണ് പറഞ്ഞത്. അത് ഞാൻ ഈ അവസരത്തിൽ ഓർത്തുപോകുകയാണ്. 'ബഹർ' എന്നാൽ സമുദ്രം എന്നാണ്, ശ്രീ. എ. എൻ. ഷംസീറിന് മനസ്സിലായിട്ടുണ്ടാവും എന്ന് ഞാൻ കരുതുന്നു. സമുദ്രത്തിൽ മുസല്ലയിട്ട് ആർ. എസ്. എസ്.-കാർ നിസ്കരിച്ച് കാണിച്ചാലും, ആർ. എസ്. എസ്.-നെ ഞങ്ങൾ വിശ്വസിക്കുകയില്ലെന്നാണ് വർഷങ്ങൾക്കുമുമ്പ് സി. എച്ച്. മുഹമ്മദ് കോയ സാഹിബ് പറഞ്ഞത്. പക്ഷെ നമ്മുടെ മുഖ്യമന്ത്രിക്ക് ആർ. എസ്. എസ്. നെ ഇപ്പോഴും മനസ്സിലായിട്ടില്ല. നമ്മുടെ ഭരണഘടനയിൽ 'റൂൾ ഓഫ് ലോ' എന്നാണ് പറയുന്നത്. പക്ഷെ ഇവിടെയുള്ളത്, 'ലോ ഓഫ് ദ റൂളറാണ്'. ഞാനത് വിശദീകരിച്ച് പറയുന്നില്ല. മനസ്സിലാക്കേണ്ടവർ മനസ്സിലാക്കും എന്നാണ് എനിക്ക് പറയാനുള്ളത്.

വിജിലൻസിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണ്? നിങ്ങൾക്ക് അനഭിമതരായ മുൻ എം.എൽ.എ.-മാരെയും മുൻ മന്ത്രിമാരെയും അറസ്റ്റ് ചെയ്യുന്നു. അവരുടെ വീടുകൾ റെയ്ഡ് ചെയ്യുന്നു. എത്ര പരാതികൾ ഇപ്പോൾ വിജിലൻസിൽ കെട്ടിക്കിടക്കുന്നുണ്ട്? പലരും പരാതികൾ അയച്ചുകൊണ്ടിരിക്കുകയാണ്. ആ പരാതികളുടെ അവസ്ഥയെന്താണ്? വിജിലൻസ് അന്വേഷണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ ഈ അടുത്ത കാലത്ത് ഒരു ഉത്തരവ് ഇറക്കിയിട്ടുണ്ട്. അത് നേരത്തേയുള്ളതാണ്. ആ ഉത്തരവിൽ പറയുന്നത്, വിജിലൻസ് അന്വേഷണത്തിന് സർക്കാരിന്റെ അനുമതി വേണം. മാത്രവുമല്ല, വിജിലൻസ് കേസുമായി ബന്ധപ്പെട്ട് ചീഫ് സെക്രട്ടറി, ഹോം സെക്രട്ടറി എന്നിവരടങ്ങുന്ന ഒരു വെരിഫിക്കേഷൻ കമ്മിറ്റി വേണം. പല സംസ്ഥാനങ്ങളിലും ഈ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് പ്രസ്തുത കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

State of the House എന്നാണ് പോലീസ് സ്റ്റേഷനെ പറയുന്നത്. അതൊരു വീടാണ്. പക്ഷേ ഇവിടെ ആ വീട്ടിലിപ്പോൾ നാഥനില്ല. കേസുകൾ രജിസ്റ്റർ ചെയ്യുന്നില്ല. നമ്മൾ പരാതിയുമായി ചെന്നാൽ രസീത് തരുന്നില്ല. നാഥനില്ലാ കളരി. അതെന്തുകൊണ്ടാണ്? ആർക്കും ആരെയും ഭയമില്ല.

സ്ത്രീകളുടെയും കുട്ടികളുടെയും പരാതി കിട്ടിയാൽ കേസെടുക്കണം, കൃത്യവിലോപം കാട്ടിയാൽ നടപടിയെടുക്കണം എന്നാണ് ലളിതകുമാരി കേസിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി പറഞ്ഞിട്ടുള്ളത്. ഇത് നമ്മുടെ ഐ.പി.സി.-യിലൊക്കെ പറഞ്ഞിട്ടുണ്ട്. ഐ.പി.സി. 354 (എ)... വക്കീലായ ശ്രീ. സണ്ണി ജോസഫ് എന്റെ അടുത്തിരിക്കുന്നുണ്ട്. 354 (എ) മുതൽ (ബി) വരെയുള്ള വകുപ്പ്, 356 (എ) മുതൽ (ഇ) വരെയുള്ള വകുപ്പ്. ഇതിൽ രണ്ടാമത്തേത് ബലാത്സംഗം, ഐ.പി.സി. 376 ലൈംഗിക പീഡനം. കേസെടുത്തിട്ടില്ലെങ്കിൽ കേസെടുക്കാത്ത ഉദ്യോഗസ്ഥനെതിരെ 166 (എ) പ്രകാരം Cognisable offence ആയി കേസെടുക്കണം. ഞാൻ ചോദിക്കട്ടെ, ഈ സർക്കാർ അങ്ങനെ ഏതെങ്കിലും ഉദ്യോഗസ്ഥനെതിരെ കേസെടുത്തിട്ടുണ്ടോ? കേരള പോലീസ് ആക്റ്റിലും ഇത് പറയുന്നുണ്ട്.

സീനിയർ സിറ്റിസൺ നിങ്ങൾ പേടിക്കേണ്ട, ഞങ്ങളുടെ പോലീസ് വരും പട്ടാളം വരും എന്നാണ് അവരോട് പറയുന്നത്. സീനിയർ സിറ്റിസൺമാരുടെ ക്ഷേമം അന്വേഷിച്ച് ഒരു സാധാ പോലീസുകാരനെയെങ്കിലും നിങ്ങൾ അവരുടെ വീടുകളിലേയ്ക്ക് അയയ്ക്കാറുണ്ടോ?

പോലീസ് സ്റ്റേഷനുകളിൽ ഒരുപാട് ഡെസ്കുകളുണ്ട്. സ്ത്രീകൾക്ക് ഡെസ്ക്, കുട്ടികൾക്ക് ഡെസ്ക്, ഭിന്നശേഷിക്കാർക്ക് ഡെസ്ക്. ഏതെങ്കിലുമൊരു പോലീസ് സ്റ്റേഷനിൽ ഡെസ്ക് പോയിട്ട് ഒരു സ്റ്റൂൾ പോലുമുണ്ടോ; പിന്നെ പിങ്ക് പോലീസ്, പിങ്ക് പട്രോൾ. ഇതൊന്നും ഇല്ല. ഇതിന്റെയൊന്നും കണ്ടിന്യുവിറ്റിയില്ല. ബഹുമാന്യനായ നമ്മുടെ മുഖ്യമന്ത്രിയെ ചില പോലീസ് ഉദ്യോഗസ്ഥർ തെറ്റിദ്ധരിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സോപ്പിൽ മയങ്ങുന്ന ആളാണെന്ന് ഞാൻ പറയുന്നില്ല. പക്ഷേ, ചില പോലീസ് ഉദ്യോഗസ്ഥർ നമുക്ക് പിങ്ക് പോലീസുണ്ടാക്കണം, പിങ്ക് പട്രോളുണ്ടാക്കണം എന്നൊക്കെ പറഞ്ഞ് മുഖ്യമന്ത്രിയെ തെറ്റിദ്ധരിപ്പിക്കുകയാണ്.

ഞാൻ ദീർഘിപ്പിക്കുന്നില്ല. ഇന്നിപ്പോൾ കേരള പോലീസ് എന്നൊന്ന് നമ്മുടെ സംസ്ഥാനത്തില്ല, Kerala Political Police ആണ്. ഈ സഭയിൽ അംഗമായിരുന്ന അഡ്വ. കെ. എൻ. എ. ഖാദറിനെതിരെ വ്യാജ വാട്സ്അപ്പ് സന്ദേശം സോഷ്യൽ മീഡിയയിൽ പ്രചരിക്കപ്പെടുകയുണ്ടായി. ഇതുസംബന്ധിച്ച് അദ്ദേഹം മലപ്പുറം ജില്ലാ പോലീസ് മേധാവിക്ക് പരാതി നൽകിയിട്ട് മാസങ്ങൾ കഴിഞ്ഞു. പക്ഷേ ഇതുവരെയും പ്രതികളെ

കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വിതരണം ചെയ്ത കോഴപ്പണത്തെക്കുറിച്ചുള്ള ചർച്ചകളൊക്കെ ഇവിടെ നടക്കുന്നുണ്ട്. എന്റെ മണ്ഡലത്തിൽ നിയമസഭാ തെരഞ്ഞെടുപ്പിന്റെ തലേദിവസം രാത്രി എല്ലാ വീടുകളിലും പണം നൽകി. അത് പുതിയൊരു അടവാണ്. സാധാരണ ഇങ്ങനെ തെരഞ്ഞെടുപ്പിൽ പണം നൽകുന്ന ആളുകൾ പറയുന്നത്, ഞങ്ങളുടെ ചിഹ്നത്തിൽ ഞങ്ങളുടെ പാർട്ടിക്ക് വോട്ട് ചെയ്യണമെന്നാണ്. ഇത് പുതിയൊരു തന്ത്രമാണ്. നിങ്ങൾ ഈ പണം ഉപയോഗിച്ച് തെരഞ്ഞെടുപ്പിന്റെ ദിവസം കോഴിയും മട്ടനുമൊക്കെ വാങ്ങി നല്ല ബിരിയാണി കഴിച്ച് ഇരുന്നോളണം. വോട്ട് ചെയ്യാൻ പോകരുത് എന്നാണ്. ഞാൻ ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നേരിട്ട് പരാതി നൽകിയിട്ടുണ്ട്. അത് ചെയ്തത് എൽ.ഡി.എഫ്.-ന്റേയോ യു.ഡി.എഫ്.-ന്റേയോ ആളുകളല്ല. അപ്പോൾ ആരാണ് അത് ചെയ്തതെന്നതുസംബന്ധിച്ച് വ്യക്തമാണ്. അതിനെതിരെ ഒരു അന്വേഷണത്തിന് ഉത്തരവിടാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കഴിഞ്ഞോ? അതാണ് രാവിലെ പറഞ്ഞത്. ബി.ജെ.പി.-യും എൽ.ഡി.എഫ്.-ഉം തമ്മിലുള്ള ബാന്ധവമാണ് ഇതൊക്കെ

സൂചിപ്പിക്കുന്നത് എന്നാണ് എനിക്ക് പറയുവാനുള്ളത്. അതുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഒരുകാരണവശാലും എനിക്ക് അനുകൂലിക്കാൻ പറ്റില്ല. ഇതിനെ ശക്തിയുക്തം എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. തോമസ് കെ. തോമസ്: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. കേരളത്തിലെ ജനങ്ങളുടെ അടിസ്ഥാനപരമായ പ്രശ്നങ്ങളിൽ ശക്തമായ നിലപാടുകളും തീരുമാനങ്ങളും കൈക്കൊണ്ട ഒരു സർക്കാരിന്റെ തുടർ ഭരണമാണിത്. ജനകീയ പ്രശ്നങ്ങളെ കണ്ടറിഞ്ഞ് പരിഹരിക്കുന്നതിലും അവയെ ചേർത്തുനിർത്തുന്നതിലും ഈ സർക്കാർ കാണിക്കുന്ന സമീപനം ജനങ്ങൾ രണ്ടുകയ്യും നീട്ടി സ്വീകരിച്ചിരിക്കുകയാണ്. എനിക്ക് ഏറ്റവുമധികം സന്തോഷം തോന്നിയത്, ബഹുമാനപ്പെട്ട സ്പീക്കറിന്റെ സ്ഥാനത്തിരിക്കുമ്പോൾ പലപ്രാവശ്യം ബെല്ലടിച്ച ആളുകളും ഇവിടെ സംസാരിക്കുമ്പോൾ സമയം വളരെ നീട്ടിയെടുക്കുന്നുണ്ട്. എനിക്ക് അങ്ങനെ എടുക്കാമോ ഇല്ലയോ എന്നറിയില്ല. അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയെന്നേയുള്ളൂ.

പ്രളയവും കോവിഡ് മഹാമാരിയും തകർത്തെറിഞ്ഞ കേരളത്തെ

പുതുക്കിപ്പണിയുന്ന ധീരമായ നടപടികളാണ് ഈ സർക്കാർ നടത്തിവരുന്നത്. പ്രതിപക്ഷത്തിരിക്കുന്ന എന്റെ പല സുഹൃത്തുക്കളും കിഫ്ബിയെ വാതോരാതെ കളിയാക്കിയിട്ടുള്ളവരാണ്. ഇന്ന് എന്താണ് യാഥാർത്ഥ്യം? 66,000 കോടി രൂപ. ഞാൻ വരുന്നത് കുട്ടനാട് എന്ന പ്രദേശത്തുനിന്നാണ്. വെള്ളത്താൽ ചുറ്റപ്പെട്ട സ്ഥലമാണെങ്കിലും കുടിക്കാൻ വെള്ളമില്ലാത്തതും ഏറ്റവും പാവപ്പെട്ടവരും ദരിദ്രരുമായ ആളുകൾ താമസിക്കുന്ന പ്രദേശമാണത്. എന്റെ പ്രദേശത്ത് സത്യത്തിൽ വികസനം കടന്നുവന്നത് കിഫ്ബി തുടങ്ങിയതിനുശേഷമാണ്. അതുകൊണ്ടാണ് വാതോരാതെ ആ വിഷയമൊന്ന് സംസാരിക്കണമെന്ന് വിചാരിക്കുന്നത്. ഇവിടെ പോലീസ് സ്റ്റേഷനെക്കുറിച്ച് പറഞ്ഞുപറഞ്ഞ് എല്ലാവരും ഒരു പരുവത്തിലായിരിക്കുകയാണ്. ഞാനും ആ ഒരു വിഷയംതന്നെ എടുക്കണമെന്നൊന്നും ഇല്ലല്ലോ; കിഫ്ബി വന്നതിൽപ്പിന്നെ ഞങ്ങൾക്ക് പുതിയ പാലങ്ങൾ ലഭിക്കാൻ തുടങ്ങി. ഒരുപാട് അടിസ്ഥാന സൗകര്യങ്ങൾ വികസനത്തിനായി...., ഒരുപാട് നാളുകൾക്കുശേഷമാണ് മൂന്നോ നാലോ പോലീസ് സ്റ്റേഷൻതന്നെ നല്ല രീതിയിൽ കുട്ടനാട്ടിൽ വരാനിടയായത്. അതിന്റെയെല്ലാം ഉദ്ഘാടനത്തിന് അവരെന്നെ വിളിച്ചിരുന്നു. ഞാൻ

പോയി. വളരെ അടിസ്ഥാന സൗകര്യമുള്ള പോലീസ് സ്റ്റേഷനുകളാണ്. എന്റെ സഹോദരനായ ശ്രീ. എൻ. എ. നെല്ലിക്കുന്ന് പറഞ്ഞു, അവിടെ ഒരു സ്റ്റൂളുണ്ടോയെന്ന്. സ്റ്റൂളല്ല, പോലീസ് സ്റ്റേഷനിൽ എല്ലാ സംവിധാനവുമുണ്ട്. അദ്ദേഹം പോലീസ് സ്റ്റേഷനിൽ കയറാത്തതുകൊണ്ടായിരിക്കും അവിടെ സ്റ്റൂളുണ്ടോ ഇല്ലയോയെന്ന് അറിയാൻ സാധിക്കാത്തത്. വളരെ നല്ല രീതിയിൽ പോലീസുകാരുടെ ഇടപെടലുകൾ, സർക്കിൾ ഇൻസ്പെക്ടറുടെ ഇടപെടൽ, വളരെ നല്ല രീതിയിലുള്ള സമീപനം കുട്ടനാട്ടിൽ ഈ കഴിഞ്ഞ കുറേ കാലങ്ങളായി ലഭിക്കുന്നു. തീർച്ചയായും കിഫ്ബി പദ്ധതി വന്നതോടുകൂടി പോലീസ് സ്റ്റേഷന്റെയും പാലങ്ങളുടെയും മറ്റ് കെട്ടിടങ്ങളുടെയും നിലവാരം മാറി.

എക്സൈസ് വകുപ്പ് എന്നുപറയുന്ന ഡിപ്പാർട്ടുമെന്റ് കുട്ടനാട്ടിലുമുണ്ട്. 2.50 കോടി രൂപ ഇക്കഴിഞ്ഞ പ്രാവശ്യം കിഫ്ബിയിൽനിന്ന് അനുവദിച്ചിട്ടുണ്ട്. ഞാൻ അവിടെപ്പോയി കണ്ടപ്പോൾ, സത്യത്തിൽ അവർ വെള്ളത്തിലാണ് കിടക്കുന്നത്. അതും പോലീസുകാരാണല്ലോ. എക്സൈസുകാർ പോലീസുകാരല്ലേ; ലോക്കൽ പോലീസ് മാത്രമല്ലല്ലോ പോലീസ്. മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, വിജിലൻസ്, സി.ഐ.ഡി. എന്നിവരൊക്കെയും

പോലീസുകാർ തന്നെയാണല്ലോ. എനിക്ക് കുവൈറ്റിലെ അനുഭവംവച്ചുകൊണ്ട് ഒരുകാര്യം പറയാനുള്ളത്, ഒരു പോലീസ് സ്റ്റേഷൻ എന്നുപറയുന്നത് മൂന്ന് ഡിപ്പാർട്ടുമെന്റാണ്. ഇവിടെ എങ്ങനെയാണെന്ന് എനിക്കറിയില്ല. ലോക്കൽ പോലീസ്, ഇൻവെസ്റ്റിഗേഷൻ ഡിപ്പാർട്ടുമെന്റ്, സി.ഐ.ഡി. എന്നിങ്ങനെ മൂന്ന് ഡിപ്പാർട്ടുമെന്റായിട്ടാണ് കുവൈറ്റിലുള്ളത്. ഒരു കാര്യത്തിന് ചെന്നാൽ വളരെ നല്ല സമീപനവും സ്നേഹ രീതിയിലുള്ള ഇടപെടലുകളുമാണ് പോലീസ് സ്റ്റേഷനിൽനിന്നും നമുക്കവിടെ കിട്ടിക്കൊണ്ടിരിക്കുന്നത്. ഇവിടെയും അതിനേക്കാൾ അപ്പുറമായിട്ട് ലഭിക്കുന്ന ഒരു സന്ദർഭമാണ് ഈ കാലഘട്ടങ്ങളിലുള്ളതെന്ന് എനിക്ക് തീർച്ചയായും പറയാൻ സാധിക്കും. പോലീസ് സ്റ്റേഷന്റെ പ്രത്യേകത, അത് നല്ല രീതിയിലാകുവാൻ കാരണം ശക്തനായ ഒരു മുഖ്യമന്ത്രി കേരളത്തിന് ഉള്ളതുകൊണ്ടുമാത്രമാണ്. വേറെയൊരു കാര്യവും അതിന് പറയാനില്ല. കാരണം, എല്ലാ പോലീസുകാർക്കും കർക്കശമായ നടപടി എടുക്കുമെന്നുള്ള ബോധമുള്ളതുകൊണ്ട് നല്ല രീതിയിൽ പ്രവർത്തിക്കാൻ സാധിക്കുന്നുണ്ട്.

കിഫ്ബിയെക്കുറിച്ച് പറഞ്ഞുവന്നതുകൊണ്ട് സ്കൂളുകളെക്കുറിച്ച് എനിക്ക് പറയാതിരിക്കാനാവില്ല. എന്റെ നിയോജക മണ്ഡലത്തിൽ കിടങ്ങറ

ഗവൺമെന്റ് സ്കൂൾ എന്നൊരു സ്കൂളുണ്ട്. ഇപ്പോൾ അതറിയപ്പെടുന്നത് ഇന്റർനാഷണൽ സ്കൂൾ എന്നാണ്. ഞാൻ കഴിഞ്ഞ പ്രാവശ്യം അവിടെ പോയിരുന്നു. സ്മാർട്ട് ക്ലാസ്സ് റൂം, അതിന്റെ രീതികൾ, സംവിധാനങ്ങൾ എല്ലാം കണ്ടപ്പോൾ വളരെ നല്ല രീതിയിൽ പണി കഴിപ്പിച്ചിരിക്കുന്നൊരു സ്കൂളാണ്. ഇങ്ങനെ അടിസ്ഥാനമായിട്ടുള്ള കാര്യങ്ങളൊക്കെ വികസിപ്പിച്ചുകൊണ്ട് പോകുന്ന ഒരു ഗവൺമെന്റാണ് എന്റെ ഗവൺമെന്റ്. അതുകൊണ്ട് എല്ലാ രീതിയിലും ഈ ധനാഭ്യർത്ഥനകളെ നമുക്ക് പിന്താങ്ങിയേ കഴിയൂ.

റോഡുകളും പാലങ്ങളും ഏറ്റവും ഗുണനിലവാരത്തോടുകൂടി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാൻ കഴിഞ്ഞു. എന്റെ മണ്ഡലമായ കുട്ടനാട്ടിൽ 12 പാലങ്ങളാണ് പണിതുകൊണ്ടിരിക്കുന്നത്. എന്റെ സഹോദരനും മുൻ എം.എൽ.എ.-യുമായ തോമസ് ചാണ്ടിയുടെ ഭവനവും എന്റെ ഭവനവും കുട്ടനാട്ടിലാണ്. ഒരേ വീടാണ്. ഇന്നുവരെ ഒരു സൈക്കിൾ വന്നിട്ടില്ല. ആദ്യമായി, നാളുകൾക്കുശേഷം വന്നതാണ് മുണ്ടക്കൽ പാലം. അത് ഈ സർക്കാർ വന്നതിനുശേഷമാണ് വന്നതെന്ന് മനസ്സിലാക്കണം. ആദ്യമായി കൊണ്ടുവന്നൊരു പാലമാണ്. അതിന്റെ പണി

പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു. ചാവറ റോഡും സി ബ്ലോക്ക് റോഡും കിഫ്ബിയിലൂടെയാണ് വന്നിരിക്കുന്നത്. ഇവർ പറയുന്നത് കിഫ്ബി എല്ലാം കടലാസാണെന്നാണ്. പിന്നെ ഈ പ്രവർത്തനങ്ങളും ഈ സംവിധാനങ്ങളും എവിടെനിന്ന് വന്നു? ഇതൊരു പ്രത്യേകതയുള്ള ഗവൺമെന്റാണ് എന്നാണ് എനിക്ക് പറയുവാനുള്ളത്. തങ്ക ലിപികളാൽ എഴുതേണ്ടൊരു കാര്യമാണ്, മുഖ്യമന്ത്രിയായിരുന്നുകൊണ്ട് മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത ഏക വ്യക്തി കേരള ചരിത്രത്തിലുണ്ടെങ്കിൽ അത് സഖാവ് പിണറായി വിജയനാണ്. അല്ലാതെ മറ്റാർക്കും ആ പദവി കിട്ടില്ല. അത് സത്യസന്ധമായിട്ടുള്ളൊരു കാര്യമാണ്. കാരണം അദ്ദേഹത്തെ അടുത്തറിഞ്ഞെങ്കിലേ അത് നമുക്ക് മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. ഇവിടെ പല ആളുകളും അദ്ദേഹത്തെക്കുറിച്ച് പല രീതിയിൽ പറയുന്നത് കേട്ടു. എനിക്ക് ആ സഹോദരങ്ങളോട് സഹതാപം മാത്രമേയുള്ളൂ. കാരണം, ഞാനും കോൺഗ്രസ്സായിരുന്നുവല്ലോ; അതുകഴിഞ്ഞാണല്ലോ വിട്ട് ഇങ്ങോട്ട് വന്നത്.

സർക്കാർ ആശുപത്രികളും പൊതുവിദ്യാലയങ്ങളും... നിങ്ങൾക്ക് എന്തെങ്കിലും പറയാനുണ്ടെങ്കിൽ ഞാൻ പറഞ്ഞുകഴിഞ്ഞിട്ട് പറഞ്ഞുകൊള്ളൂ.

കുഴപ്പമില്ല. ഞാൻ പുതിയ ആളാണ്. ഇടയ്ക്ക് കയറി സംസാരിച്ചാൽ എന്റെ സംസാരം തെറ്റും. അനുഭവ പരിചയമുള്ളവരും പരിചയസമ്പന്നരുമായ ആൾക്കാരോടൊക്കെ സംസാരിച്ചോട്ടെ.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... അദ്ദേഹത്തിന്റെ സംസാരം തെറ്റിക്കരുത്.

ശ്രീ. തോമസ് കെ. തോമസ്: സർ, സർക്കാർ ആശുപത്രികളും പൊതുവിദ്യാലയങ്ങളും ഏറ്റവും മെച്ചപ്പെട്ട പ്രവർത്തനങ്ങളാണ് നടത്തുന്നത്. കോവിഡ് മഹാമാരിയെ പ്രതിരോധിക്കാനും മരണനിരക്ക് വലിയ തോതിൽ നിയന്ത്രിക്കാനും നമ്മുടെ ശക്തമായ ആരോഗ്യ രംഗത്തിന് കഴിഞ്ഞിട്ടുണ്ട്. ഓരോ മേഖല പരിശോധിക്കുമ്പോഴും ഗുണപരമായ മാറ്റങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. കൃഷി മേഖലയെ കുറിച്ച് പറയാതിരിക്കാനാകില്ല. ശ്രീ. പി. പ്രസാദ് എന്ന ആരാധ്യനായ മിനിസ്റ്റർ, അതുപോലെ ഇറിഗേഷൻ മിനിസ്റ്റർ, എന്റെ സഹോദരനായ സജി ചെറിയാൻ മിനിസ്റ്റർ, പൊതുമരാമത്ത് വകുപ്പുമന്ത്രി എന്നിവരെല്ലാം കുട്ടനാടിന് ആവശ്യമായ കാര്യങ്ങൾ ചെയ്യുവാൻ അവിടെ വന്നു. തീർച്ചയായും ആരാധ്യനായ മുഖ്യമന്ത്രിയോട് എനിക്ക് പ്രത്യേകമായ കടപ്പാടും സ്നേഹവുമുണ്ട്. കാരണം,

അദ്ദേഹത്തിന്റെ നിർദ്ദേശ പ്രകാരമാണ് ഇവരെല്ലാം വന്നത്.

ഒന്നുരണ്ട് മിനിറ്റ് സമയംകൂടി നൽകണം. കാരണം ഈ സമയത്ത് പറഞ്ഞെങ്കിലേ ഇവിടെ ഇരിക്കുന്നവർ ശ്രദ്ധിക്കുകയുള്ളൂ. അങ്ങ് കുട്ടനാട്ടിൽനിന്നും മത്സരിച്ച ആളാണല്ലോ, അപ്പോൾ തീർച്ചയായിട്ടും അനുഭാവപൂർവ്വമായൊരു സഹകരണമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

എല്ലാവർക്കും ശുദ്ധജലം വീടുകളിലെത്തിക്കുമെന്ന് വാക്കുകൊടുത്തതാണ്. ഇതിനുവേണ്ടി സ്ഥലം വാങ്ങി കാര്യങ്ങളെല്ലാം ആദ്യമായി ചെയ്തത് തോമസ് ചാണ്ടി, എം.എൽ.എ. ആയിരുന്ന സമയത്താണ്. അന്ന് പൂപ്പള്ളി എന്നുപറയുന്ന സ്ഥലത്ത് ആരാധ്യനായ സി.പി.ഐ.-യുടെ നേതാവ് ശ്രീ. കാനം രാജേന്ദ്രന് ഒരു സ്വീകരണം നൽകിയപ്പോൾ, 15 വർഷത്തേയ്ക്ക് ശ്രീ. പിണറായി വിജയനെ ഈ കസേരയിൽനിന്ന് മാറ്റാൻ ആർക്കും കഴിയുകയില്ലെന്ന് തോമസ് ചാണ്ടി പറഞ്ഞു. അദ്ദേഹം അങ്ങനെ പറഞ്ഞപ്പോൾ എനിക്കത് ഭയങ്കര അത്ഭുതമായി തോന്നി. തോമസ് ചാണ്ടി മരിച്ചു പോയതിനാൽ അദ്ദേഹം പറഞ്ഞ ഈ കാര്യം സാധിക്കാതിരിക്കാനുമാകില്ല. ഇപ്പോൾ 6 വർഷമേ ആയിട്ടുള്ളൂ, ഇനി 9 വർഷം കൂടിയുണ്ട്. അതുകൊണ്ട് എനിക്ക് നല്ല ഉറച്ച

വിശ്വാസമാണ്, കുട്ടനാട് രക്ഷപ്പെടുമെന്ന കാര്യത്തിൽ എനിക്ക് സംശയമൊന്നുമില്ല.

പോലീസ് സേനയെ നവീകരിക്കാനുള്ള വലിയ ശ്രമങ്ങളാണ് ഈ സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. പോലീസ് സേനയ്ക്ക് നൽകുന്ന പിന്തുണ നമ്മുടെ ക്രമസമാധാന രംഗത്ത് സമഗ്രമായ മാറ്റത്തിന് കാരണമാകുമെന്നതിൽ സംശയമില്ല. ഞാൻ വിദേശരാജ്യങ്ങൾ സന്ദർശിച്ചിട്ടുള്ളതുകൊണ്ട് അവിടുത്തെ സ്ഥിതിയും എനിക്ക് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. ഇന്ത്യയിലെ നമ്പർ വൺ ആയ കേരള പോലീസ്, പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനും ഇടപെടുന്നതിനും കുറ്റകൃത്യങ്ങൾ തടയുന്നതിനും ശാസ്ത്രീയമായി തെളിയിക്കുന്നതിനുമെല്ലാം കുറേക്കൂടി മെച്ചപ്പെട്ട നിലയിൽ ഉയരുന്നതിന് അവർക്കെല്ലാ പിന്തുണയും നൽകേണ്ടതുണ്ട്. അങ്ങനെ പിന്തുണ നൽകുന്ന ഒരു സർക്കാർ അധികാരത്തിലിരിക്കുമ്പോൾ ജനമൈത്രി പോലീസും സ്റ്റുഡന്റ് പോലീസുമൊക്കെ നടപ്പിലാക്കിയ സർക്കാർ അവരുടെ പ്രവർത്തനങ്ങൾക്കും ക്ഷേമത്തിനും വലിയ പ്രാധാന്യം നൽകുന്നുണ്ട്. ആ നിലയിൽ നൽകുന്ന പ്രോത്സാഹനങ്ങൾ നമ്മുടെ നാടിന് ഐശ്വര്യപൂർണ്ണമായ ഒരു നല്ല നാളെയെ

രൂപപ്പെടുത്താൻ കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. ഇതിന് കരുത്തും ആർജ്ജവവുമുള്ള ഒരു മുഖ്യമന്ത്രിയാണ് നമുക്കുള്ളത്. അതുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു, നന്ദി നമസ്കാരം.

ശ്രീമതി സി. കെ. ആശ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ധനാഭ്യർത്ഥനകൾക്കുള്ള പ്രമേയത്തെ ഞാൻ പൂർണ്ണമായും പിന്താങ്ങുന്നു. എനിക്കുമുമ്പ് നടന്ന പ്രസംഗങ്ങളെല്ലാം ശ്രദ്ധിച്ചിരുന്നപ്പോൾ എനിക്ക് തൊട്ടുമുമ്പ് യു.ഡി.എഫ്.-ന്റെ ഭാഗത്തുനിന്നും പ്രസംഗിച്ച ബഹുമാനപ്പെട്ട അംഗം എൻ. എ. നെല്ലിക്കുന്നിന്റെ പ്രസംഗം കേട്ടപ്പോൾ വിചിത്രമായാണ് എനിക്ക് ഫീൽ ചെയ്തത്. അദ്ദേഹം ഇവിടെ പറഞ്ഞ ഒരു പ്രസ്താവന, നമുക്കുവേണ്ടിയുള്ള ഒരു ഉപദേശം ശ്രീ. നരേന്ദ്ര മോദിയെ ഒരു കാരണവശാലും നിങ്ങൾ വിശ്വസിക്കരുതെന്നുള്ളതാണ്. അങ്ങനെ അദ്ദേഹം പറയുമ്പോൾ കഴിഞ്ഞ ചില കാര്യങ്ങൾ എനിക്ക് ഓർമ്മ വന്നു. ശ്രീ. നരേന്ദ്ര മോദിയെ വിശ്വസിക്കരുതെന്ന് ഇവിടെ വന്ന് പ്രസംഗിച്ച ശ്രീ. എൻ. എ. നെല്ലിക്കുന്നിന്റെ രാഷ്ട്രീയഗുരുവോ അല്ലെങ്കിൽ നേതാവോ ആയിട്ടുള്ള, വർഗ്ഗീയതയ്ക്കെതിരെ യുദ്ധം വെട്ടാൻ ഡൽഹിക്ക് വണ്ടികയറി

പരാജയപ്പെട്ട് മടങ്ങിവന്ന് എം.എൽ.എ. ആയിരിക്കുന്ന നേതാവ്, ഇവിടുത്തെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുവേണ്ടി മുഖ്യമന്ത്രി ദുരിതാശ്വാസ ഫണ്ട് സ്വരൂപിച്ച സമയത്ത് അദ്ദേഹത്തിന്റെ പങ്ക് ശ്രീ. നരേന്ദ്ര മോദിയുടെ കയ്യിലല്ലേ കൊടുത്തത്. ഇത്രയും പറയുമ്പോൾ പേര് വ്യക്തമാണല്ലോ; ചന്തു തോറ്റത് യുദ്ധം വെട്ടി അഭിമാനത്തോടെയാണ്, എന്നാൽ ഇത് തോറ്റ മടങ്ങിപ്പോരുകയാണ് ചെയ്തത്. അത് ആരാണെന്ന് പറയാതെതന്നെ പ്രസക്തമാണ്. ഞാൻ ആ പേര് പരാമർശിക്കാൻ തയ്യാറാകുന്നില്ല. ഞാൻ അത്രയും പറഞ്ഞിട്ടുണ്ട് മനസ്സിലാക്കാം, ആ കാര്യത്തെപ്പറ്റി ബോധ്യമുള്ള എം.എൽ.എ.-മാരാണ് ഈ സഭയിലുള്ളതെന്നതുകൊണ്ട് ഞാൻ പേര് വെളിവാക്കാൻ ആഗ്രഹിക്കുന്നില്ല. അതുപോലെ അദ്ദേഹത്തിന്റെ മുന്നണിയിലുള്ളവരാണ് കേന്ദ്ര സർക്കാരിന്റെ ഏറ്റവും വലിയ അജണ്ടയായ അയോദ്ധ്യ ക്ഷേത്രനിർമ്മാണത്തിന്റെ ഫണ്ടിലേയ്ക്ക് സംഭാവന നൽകിയത്. ആ ക്ഷേത്ര നിർമ്മാണത്തിന്റെ ശിലാന്യാസ ചടങ്ങിലേയ്ക്ക് തങ്ങളെ വിളിച്ചില്ലായെന്ന് വിതുമ്പിക്കരഞ്ഞ നേതാക്കളുടെ മുന്നണിയിൽ നിന്നുകൊണ്ട് ഇദ്ദേഹം ഇവിടെ പറഞ്ഞ ഈ പ്രസ്താവന എത്രത്തോളം ഇരട്ടമുഖമാണ് വെളിവാക്കുന്നതെന്നാണ് എനിക്ക്

അതേപ്പറ്റി പറയാനുള്ളത്. ഈ ഇരട്ടത്താപ്പ് ജനങ്ങൾ മനസ്സിലാക്കിയതുകൊണ്ടാകണം നമുക്ക് 99-ഉം ബാക്കി വളരെക്കുറച്ച്, എത്രയെന്ന് ഞാൻ പറയാതെ നിങ്ങൾക്ക് അറിയാം. അവിടെ ഇരിക്കേണ്ട ആ സാഹചര്യത്തിലേയ്ക്ക് വന്നതെന്നുള്ളതാണ് എനിക്ക് അതിനെപ്പറ്റി പരാമർശിക്കാനുള്ളത്.

പോലീസ്, ജയിലുകൾ, അതിനോടനുബന്ധിച്ചുള്ള അച്ചടി, വാർത്താവിനിമയ വിഷയങ്ങളെല്ലാം സംബന്ധിച്ചുള്ള ധനാഭ്യർത്ഥനയാണുള്ളത്. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കുന്നതിനും ക്രമസമാധാനപാലനം. കുറ്റകൃത്യങ്ങളിൽ പ്രതികൾക്ക് ശിക്ഷ ഉറപ്പാക്കുംവിധം ശാസ്ത്രീയ മാർഗ്ഗങ്ങളിലൂടെയുള്ള തെളിവ് ശേഖരണം, ഉന്നത ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി അന്വേഷണ സംഘങ്ങൾ രൂപീകരിച്ച് കുറ്റവാളികളെ ഉടൻ പിടികൂടി ശിക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ തുടങ്ങിയവ നടപ്പിലാക്കിക്കൊണ്ട് കേരളം ക്രമസമാധാന പാലനത്തിലും മികച്ച ഭരണ നിർവ്വഹണത്തിനും രാജ്യത്തിന് മാതൃകയായി മാറുന്ന കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. പോലീസ് സേനയുടെ ആധുനികവത്കരണം ഈ സർക്കാരിന്റെ മുഖമുദ്രയാണ്. നമ്മുടെ

രാജ്യത്തിന്റെ പോലീസ് സേനയെ ചിട്ടപ്പെടുത്തിയത് ബ്രിട്ടീഷുകാരാണെന്നുള്ള വസ്തുത നമുക്കറിയാം. അവരുടെ രാജ്യത്ത് 'ലണ്ടൻ ബോബി' എന്നറിയപ്പെടുന്ന ജനസൗഹൃദ പോലീസിനെ സൃഷ്ടിച്ചപ്പോൾ ഇന്ത്യയിലും അയർലാന്റിലും അടക്കം അവർ ജനവിരുദ്ധ പോലീസിനെയാണ് സൃഷ്ടിച്ചത്. പോലീസിന്റെ ഇടയിൽ ഇന്നും നിലനിൽക്കുന്ന സ്റ്റാന്റിംഗ് ഓർഡറും അതോടൊപ്പം പണിഷ്മെന്റ് നിയമങ്ങളെപ്പറ്റിയും നമുക്കുമെല്ലാം നല്ല ധാരണയുള്ളതാണ്. ഇതെല്ലാം കാലഘട്ടത്തിനനുസരിച്ച് മാറ്റപ്പെടേണ്ടതാണെന്നുള്ളത് തന്നെയാണ് വസ്തുത. എന്നാൽ വളരെ വലിയ മാറ്റങ്ങൾ ഇന്ന് അതിനുള്ളിൽ നടക്കുന്നുണ്ട്. ജനാധിപത്യ പ്രക്രിയയിൽ ജനാധിപത്യപരമായി ജനസൗഹൃദപരമായി പോലീസിനെ മാറ്റിയെടുക്കാൻ പോലീസ് സേനയുടെ ആധുനികവത്കരണം കൊണ്ട് സാധ്യമാകുമെന്നുള്ളതുകൊണ്ടാണ് സർക്കാരിന്റെ പ്രഖ്യാപിത നയമായിത്തന്നെ അതിനെ മാറ്റിയിട്ടുള്ളത്. ഇവിടെ പലരും പരാമർശിച്ചതുപോലെ പോലീസിനെ കേവലം മർദ്ദനോപാധിയായി മാത്രം കണ്ടുകൊണ്ടിരുന്ന കാലത്തുനിന്നും ജനമൈത്രി പോലീസ് വരെ എത്തി നിൽക്കുന്ന പ്രവർത്തനങ്ങൾ ശ്ലാഘനീയമാണെന്ന് പറയാതെ തരമില്ല.

സേനയുടെ ആധുനികവൽക്കരണ കാലഘട്ടത്തിൽ അവർ നടപ്പിലാക്കിയ പ്രവർത്തനങ്ങളെക്കൂടി നാം പരിശോധിക്കേണ്ടതായുണ്ട്. ഒട്ടേറെ പ്രവർത്തനങ്ങൾ അതുമായി ബന്ധപ്പെട്ട് നടത്തിക്കൊണ്ടാണ് ഇന്ന് പോലീസ് സേന നാം കാണുന്ന അഭിമാനകരമായ നേട്ടങ്ങളിലേയ്ക്ക്, ഇവിടെ അതേപ്പറ്റി എല്ലാവരും സൂചിപ്പിച്ചു, അവർക്ക് കിട്ടിയ അവാർഡുകളെപ്പറ്റി സൂചിപ്പിച്ചതുകൊണ്ട് ഞാൻ ആ വിഷയത്തിലേയ്ക്ക് കടക്കുന്നില്ല. എങ്ങനെയാണ് ആ നേട്ടത്തിലേയ്ക്ക് കടന്നുവന്നതെന്നുള്ളത് നമുക്ക് പരിശോധിക്കാം. സ്ത്രീധനത്തിന്റെ പേരിലുള്ള പീഡനങ്ങളെപ്പറ്റിയും അത് സംബന്ധിച്ചുള്ള മരണങ്ങളെപ്പറ്റിയുമൊക്കെയുള്ള വാർത്തകൾ മാധ്യമങ്ങളിലും നമ്മുടെ സമൂഹത്തിലുമൊക്കെ നിറഞ്ഞു നിൽക്കുന്ന ദുഃഖകരമായ സാഹചര്യത്തിലാണ് നാം ഈ സഭ ചേരുന്നത്. കേരളത്തിലെ സ്ത്രീധന പീഡനത്തിന്റെ കണക്കും അതുപോലെ കുട്ടികൾ പീഡനത്തിന് ഇരയാകുന്ന കണക്കുമെല്ലാം ഇവിടെ ആദ്യം സംസാരിച്ച ബഹുമാനപ്പെട്ട അംഗം സൂചിപ്പിക്കുകയുണ്ടായി. കേരളത്തിൽ എന്തുകൊണ്ടാണ് ആ കണക്ക് അത്രയേറെയാണെന്നു പറയുന്നത്. അത് താരതമ്യം ചെയ്യുന്നത് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളുമായിട്ടാണ്. ഉത്തരേന്ത്യൻ

സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ കണക്ക് കൂടുതലാണെന്ന് പറയുന്നതിന്റെ അർത്ഥം, ഇവിടെ ക്രമസമാധാനപാലനം അല്ലെങ്കിൽ സ്ത്രീസുരക്ഷിതത്വം, കുട്ടികളുടെ സുരക്ഷിതത്വം ശരിയായ രീതിയിൽ നടപ്പിലാക്കുന്നില്ലെന്ന് സ്ഥാപിക്കുന്നതിനുവേണ്ടിയാണ്. ഞാൻ മനസ്സിലാക്കുന്നൊരു കാര്യം കേരളത്തിൽ ഇതെല്ലാം കൃത്യമായി രേഖപ്പെടുത്തുന്നുണ്ട് എന്നാണ്. പോലീസ് സ്റ്റേഷനുകളിൽ അതിന്റെയൊരു രേഖ പരാതികളുടെ എണ്ണം; പരാതി കൊടുക്കുന്നതിനായി ജനങ്ങൾക്ക് അവബോധനം നടത്തുന്നുണ്ട്. പക്ഷെ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ഇത് റെക്കാർഡ് ചെയ്യപ്പെടുന്നില്ലെന്നുള്ളതുകൊണ്ടാണ് അവിടെ കേരളത്തെക്കാൾ കുറഞ്ഞ ഒരു സംഖ്യയാണെന്ന് കണക്കുകൾ നിരത്തി നമുക്ക് കൊണ്ടുവരാൻ സാധിക്കുന്നത്. തീർച്ചയായും ഇവിടെ പോലീസിന്റെ നല്ലൊരു ഇടപെടൽ, ഞാൻ നേരത്തെ പറഞ്ഞതുപോലെ സ്ത്രീ സൗഹൃദ പോലീസ് സ്റ്റേഷനും കുട്ടികൾക്ക് സൗഹൃദമായിട്ടുള്ള അന്തരീക്ഷവുമെല്ലാം പോലീസ് സ്റ്റേഷനിൽ ഉള്ളതുകൊണ്ട് ഈ കേസ്സുകളെല്ലാംതന്നെ പോലീസിൽ റെക്കാർഡ് ചെയ്യപ്പെടുന്നു. അതുകൊണ്ട് നമുക്ക് അതിന്റെ എണ്ണം കൂടുതലായി കണക്കുകളിലൂടെ ഉണ്ടാകുന്നുയെന്നുള്ളതാണ് അതിന്റെ

വസ്തുതയെന്നാണ് എനിക്ക് മനസ്സിലാക്കുന്നത്. അത്തരത്തിൽ രേഖപ്പെടുത്തുന്ന കേസ്സുകൾ കൃത്യമായി അന്വേഷിക്കുകയും ഒരു കാരണവശാലും കുറ്റവാളികൾ രക്ഷപ്പെടാത്ത രീതിയിലുള്ള വകുപ്പുകൾ ചേർത്തുകൊണ്ട് അവരെ മാതൃകാപരമായി ശിക്ഷിക്കുന്നതിനുള്ള നടപടികളിലേയ്ക്ക് പോകുന്നതിന് ഈ സർക്കാർ എടുത്തിട്ടുള്ള മേൽക്കൈ പ്രവർത്തനങ്ങൾ പ്രശംസനീയമാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

കോവിഡിന്റെ പശ്ചാത്തലത്തിൽ വിദ്യാഭ്യാസ രീതിയിൽ വലിയ മാറ്റങ്ങളാണ് ഉണ്ടായിരിക്കുന്നത്. കുട്ടികൾക്ക് മൊബൈൽ ഫോൺ കൊടുക്കരുത്, ഇന്റർനെറ്റ് യൂസ് ചെയ്യാൻ കുട്ടികളെ അനുവദിക്കരുത്, ഒരു കാരണവശാലും അവർക്ക് ഇന്റർനെറ്റ് കൊടുക്കരുത് എന്നെല്ലാം മുൻകാലങ്ങളിൽ പറഞ്ഞിരുന്നുവെങ്കിൽ ഇന്ന് രക്ഷിതാക്കളെല്ലാവരും അല്ലെങ്കിൽ പൊതുസമൂഹമാകെ അതെല്ലാം കൊടുക്കുന്നതിനുവേണ്ടി നിർബന്ധിതരാകുകയാണ്. കുട്ടികളുടെ ഇടയിൽ ഒട്ടേറെ പ്രശ്നങ്ങൾ അതുസംബന്ധിച്ച് ഉണ്ടാകുമ്പോൾ കുട്ടികളുടെ ഓൺലൈൻ ഉപയോഗം സംശയമുണർത്തുന്നുവെങ്കിൽ മാതാപിതാക്കളെ സഹായിക്കാൻ പോലീസ് സൈബർ വിഭാഗമുണ്ടെന്നുള്ളത് ഒരു രക്ഷിതാവുകൂടിയായ എനിക്ക്

വളരെയേറെ ആശ്വാസമുണ്ടാകുന്ന കാര്യമാണ്. പൊതുസമൂഹത്തിൽ കുട്ടികൾ വഴിതെറ്റി വളരാതിരിക്കുന്നതിനുവേണ്ടി പോലീസ് നടത്തുന്ന ഏറ്റവും വലിയ ഒരു കാര്യമായിത്തന്നെ തീർച്ചയായും ഞാൻ അതിനെ കാണുകയാണ്. ഇ-കൊമേഴ്സ് സഹായത്തോടെ സാമ്പത്തിക കുറ്റകൃത്യങ്ങൾ വ്യാപകമായി നടക്കുന്നുണ്ടെന്ന് നമുക്കറിയാം. എ.ടി.എം. തട്ടിപ്പുകൾ, വ്യാജ ഫേസ്ബുക്ക് പ്രൊഫൈലുകൾ ഉപയോഗിച്ചുള്ള തട്ടിപ്പുകൾ, സ്വകാര്യ ചിട്ടിയുടെയും ബ്ലേഡ് പലിശക്കാരുടെയും തട്ടിപ്പുകൾ, ഓഹരിക്കമ്പോളത്തിലെ കബളിപ്പിക്കലുകൾ തുടങ്ങിയവ വ്യാപകമായ സാഹചര്യത്തിൽ സൈബർ-സാമ്പത്തിക കുറ്റകൃത്യങ്ങൾ അന്വേഷിക്കുവാൻ പരിശീലനം നേടിയ ഇക്കണോമിക് റഫറൻസ് വിംഗ് രൂപീകരിക്കുമെന്നുള്ള തീരുമാനം വളരെ ഉചിതമായതാണെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. വ്യാജ പ്രൊഫൈൽ അക്കൗണ്ട് വഴി ദിനംപ്രതി സാമ്പത്തിക തട്ടിപ്പ് നടക്കുന്ന സാഹചര്യത്തിൽ ഈ തീരുമാനം ഏറ്റവും ഉചിതമാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പോലീസ് ടെക്നോളജി സെന്റർ തുടങ്ങുമെന്ന പ്രഖ്യാപനവുമുണ്ട്. കേസന്വേഷണവുമായി ബന്ധപ്പെടുന്ന പതിനൊന്ന് വിഭാഗങ്ങളെ ഒന്നിപ്പിച്ചുകൊണ്ട് ഒറ്റക്കുടക്കീഴിൽ കൊണ്ടുവന്ന് അന്വേഷണത്തിന്റെ

എല്ലാഘട്ടങ്ങളേയും ഏറ്റവും നല്ലരീതിയിൽ ബന്ധപ്പെടുത്തിക്കൊണ്ടുപോകുന്നതിന് ഈ തീരുമാനം സഹായകരമാകും. പോലീസിന്റെ ആധുനികവത്കരണത്തിലേയ്ക്ക് കൈപിടിച്ചുയർത്തുന്ന കാര്യങ്ങളാണാണിത്. പറയുവാനാണെങ്കിൽ ഇനിയുമേറെയുണ്ട്, 'ഹോപ്പ്, 'കവചം', 'മാലാഖ', 'ചിരി', 'ഒരുവയറൂട്ടാം', 'പ്രശാന്തി' തുടങ്ങിയവ പോലീസ് സേന ഇന്ന് നടത്തുന്ന പദ്ധതികളാണ്, അവയെക്കുറിച്ച് ഞാൻ വിശദീകരിക്കുന്നില്ല. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളെല്ലാം ചെയ്യതുകൊണ്ടാണ് കുറ്റകൃത്യങ്ങൾ കുറയുന്നത്. 2011 മേയ് മാസം മുതൽ 2016 മേയ് മാസം വരെ റിപ്പോർട്ട് ചെയ്യപ്പെട്ട കൊലപാതകക്കേസുകൾ 1791 ആയിരുന്നെങ്കിൽ, 2016 ജൂൺ മുതൽ 2021 ജനുവരിവരെയുള്ള കേസുകൾ 1378 എണ്ണമായി ചുരുക്കാൻ കഴിഞ്ഞു. 2011-16 കാലയളവിലെ ഭവനഭേദനക്കേസുകൾ 15241 ആയിരുന്നെങ്കിൽ 2016-21 കാലയളിൽ അത് 10424 എണ്ണമായി ചുരുക്കാൻ കഴിഞ്ഞു. മോഷണം 22124-ൽനിന്നും 15884 എണ്ണമായും കവർച്ചാക്കേസുകൾ 385-ൽനിന്നും 327 എണ്ണമായും ചുരുക്കുവാൻ സാധിച്ചുവെന്നത് പോലീസ് സേന ഇത്തരത്തിൽ ഇടപെടലുകൾ നടത്തിയതുകൊണ്ടാണ്. ജയിലുകളും ഒട്ടേറെ

പരിഷ്കരണങ്ങൾക്ക് പാത്രീഭവിച്ചുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ അതിനെയെല്ലാം കൂടുതൽ നല്ലനിലയിലേയ്ക്ക് ഉയർത്തുന്നതിനുവേണ്ടിയുള്ള ധനാഭ്യർത്ഥന മുഖ്യമന്ത്രി നടത്തിയിരിക്കുകയാണ്. അതിനെ പൂർണ്ണമായും പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എ. എൻ. ഷംസീർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. വിശ്വവിഖ്യാതനായ അമേരിക്കൻ എഴുത്തുകാരൻ Sidney Sheldon പോലീസിനെക്കുറിച്ച് നടത്തിയ ഒരു ഉദ്ധരണിയുണ്ട്, " My heroes are those who risk their lives every day to protect our world and make it a better place - police, firefighters and members of our armed forces." police are our heroes, പോലീസ് എന്തുകൊണ്ട് ഹീറോകൾ ആകുന്നു? അതിന്റെ ഉത്തരം കേരളത്തിലെ പോലീസ് നടപ്പിലാക്കിയ ചില പരിഷ്കാരങ്ങളാണ്. കേരളത്തിലെ പോലീസിനെ താരതമ്യം ചെയ്യാൻ സാധിക്കും, ഞാനിന്ന് ഗൂഗിളിൽ തെരഞ്ഞപ്പോൾ ലോകത്തിൽ ഏറ്റവും മികച്ച പോലീസ് സേനയുള്ളത് ജപ്പാനിലാണെന്ന് മനസ്സിലായി. ജപ്പാനിലെ പോലീസ് highly trained and least corrupted - ആണ്. അതിന് സമാനമായി കേരളത്തിലെ പോലീസും highly trained -

ആണ്, least corrupted - ഉം ആണ്. അതോടൊപ്പം കേരള പോലീസ് നടപ്പിലാക്കിയ പദ്ധതിയായ 'HOPE'-ന്റെ അർത്ഥം പ്രതീക്ഷയെന്നാണ്. കഴിഞ്ഞ അഞ്ചുവർഷക്കാലം കേരളത്തിലെ പോലീസ് നടപ്പിലാക്കിയ 'HOPE' എന്ന പദ്ധതി സ്കൂളുകളിൽനിന്നും കൊഴിഞ്ഞുപോകുന്ന കുട്ടികളെ വിദ്യാഭ്യാസ മേഖലയിൽ തിരിച്ചെത്തിക്കുന്ന പദ്ധതിയാണ്. അത് കേരളത്തിലെ പോലീസിനെ ഹീറോസ് ആക്കുന്നുണ്ട്. മറ്റൊന്ന് കേരളത്തിലെ പോലീസ് കവചമായിരുന്നു. ദുർബ്ബലവിഭാഗത്തിൽപ്പെട്ട കുട്ടികൾ ശാരീരികമായും ലൈംഗികമായും പീഡിപ്പിക്കപ്പെട്ടുമ്പോൾ അവരെ സംരക്ഷിക്കാൻ കേരളത്തിലെ പോലീസ് 'കവചം' പദ്ധതി നടപ്പിൽ വരുത്തി, അതുകൊണ്ടാണ് കേരള പോലീസ് ഹീറോകളാകുന്നത്. കേരളത്തിലെ പോലീസ് മാലാഖമാരാണ്, കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് 'മാലാഖ'. ഇത്തരം പദ്ധതികൾകൊണ്ടാണ് കേരളത്തിലെ പോലീസ് ഹീറോകളായി മാറിയത്. പൊല്ലാപ്പ് (POLAPP) എന്നൊരു വാക്കുണ്ട്, ആ വാക്കിന്റെ പ്രയോഗം മലയാളത്തിൽ ഒരല്പം ബുദ്ധിമുട്ടുള്ളതാണെങ്കിലും അത് സൂചിപ്പിക്കുന്നത്, 'പോലീസ് ആപ്പ് ' എന്നാണ്. പോലീസ് ആപ്പ്

നടപ്പിലാക്കിയ സംസ്ഥാനമാണ് കേരളം. ലോക്ക്ഡൗൺ കാലത്ത് ആരായിരുന്നു താങ്ങുംതണലുമായി ഉണ്ടായിരുന്നത്? 'Round the Clock'- ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്നവർക്ക് ചില പോരായ്മകൾ ഉണ്ടായേക്കാം. ആ പോരായ്മകൾ തിരുത്തിക്കാനാവശ്യമായ നടപടികളും അവരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ട്. ഞാൻ ജനപ്രതിനിധിയായിരുന്നതിനാൽ ലോക്ക്ഡൗൺ കാലത്തും പോലീസ് നടത്തിയ സേവനങ്ങളെപ്പറ്റി എനിക്ക് പറയാൻ കഴിയും. കോഴിക്കോടുനിന്നും ഒരു പ്രധാന മെഡിസിൻ ആവശ്യമായി വന്നു, പോലീസ് ഓഫീസർമാരെ വിളിച്ചപ്പോൾത്തന്നെ യാതൊരു ഉപേക്ഷയുംകൂടാതെ ആവശ്യക്കാരന്റെ വീട്ടിലേയ്ക്ക് മരുന്ന് എത്തിച്ചുകൊടുത്തു, ഇതും പോലീസാണ്. നേരത്തെ ഇവിടെ പലരും പരാമർശിച്ച ഒരു പദ്ധതിയാണ് 'ചിരി'. കുട്ടികൾക്ക് ഈ കാലഘട്ടത്തിൽ മാനസിക സംഘർഷമുണ്ട്. കോവിഡിന്റെ പാർശ്വഫലമായി വിഷാദരോഗമുണ്ട്, അത് കുട്ടികളെ വലിയ രീതിയിൽ ബാധിക്കുന്നുണ്ട്. ആത്മഹത്യാ പ്രവണതയുള്ള കുട്ടികളെ പിന്തിരിപ്പിക്കാനുള്ള 'ചിരി' എന്ന പദ്ധതി പോലീസ് ആവിഷ്കരിച്ചതാണ്. ഭയമില്ലാതെ ഏതൊരാൾക്കും പോലീസ് സ്റ്റേഷനിൽ

പോകാൻ സാധിക്കുമെന്നതാണ് കേരളത്തിന്റെ പ്രത്യേകത. ആ സാഹചര്യം ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് പിണറായി സർക്കാർ നടപ്പിലാക്കിയെന്നതാണ് കേരളത്തിന്റെ നേട്ടം. ലോക്ക്ഡൗൺ കാലത്ത് അവശ്യസാധന കിറ്റും ഭക്ഷണവും നമ്മുടെ പോലീസ് എത്തിച്ചുനൽകിയില്ലേ? വിശന്ന് വയറുകായുന്നവർക്ക് ഭക്ഷണവുമായി പോകുന്ന പോലീസിനെ നിങ്ങൾക്കാർക്കെങ്കിലും സങ്കൽപ്പിക്കാൻ കഴിയുമോയെന്ന കാര്യം പോലീസിനെ വിമർശിക്കുന്നവരോട് ഞാൻ വിനയത്തോടെ ചോദിക്കുകയാണ്. ഇതായിരുന്നു കേരളത്തിലെ പോലീസ്. പോലീസിന് എന്തെല്ലാം അവാർഡുകൾ കിട്ടി. നിങ്ങളുടെ കാലത്ത് കേരളത്തിലെ പോലീസിന് ലഭിച്ചത് സ്കോച്ച് വിസ്കിയാണ്. അത് മുതലാളിമാരുടെ കേസ് ഒതുക്കിയതിനായിരുന്നു. ഞങ്ങളുടെ കാലത്തെ പോലീസിന് ലഭിച്ചത് സ്കോച്ച് അവാർഡാണ് (SKOCH AWARDS). കേരളത്തിലെ പോലീസ് സ്കോച്ച് അവാർഡുകൾ വാരിക്കൂട്ടി. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന കാലത്ത് തുടങ്ങിയ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി ശ്രീ. പിണറായി വിജയന്റെ ഭരണകാലത്ത് വളരെ ഫലപ്രദമായി നടപ്പിലാക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ പ്രസംഗം

കേൾക്കുന്നില്ലെങ്കിലും അദ്ദേഹത്തിനുവേണ്ടി പോലീസ് വകുപ്പിന്റെ തലവന്മാർ ഉൾപ്പെടെയുള്ളവർ അത് കേൾക്കുന്നുണ്ട്. നേരത്തെ പലരും സൂചിപ്പിച്ചതുപോലെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി എയ്ഡഡ് സ്കൂളുകളിലേയ്ക്കുകൂടി വ്യാപിപ്പിക്കണം. ഈ പദ്ധതി കേരളത്തിനകത്തുണ്ടാക്കിയ മാറ്റം നമുക്കാർക്കും അവഗണിക്കാൻ സാധിക്കില്ല. അതുപോലെ COPS TODAY INTERNATIONAL-ന്റെ പോലീസ് എക്സലൻസ് അവാർഡ് കേരള പോലീസിന് ലഭിച്ചു. ജനമൈത്രി പോലീസ് നടത്തിയ പ്രവർത്തനം നമുക്കാർക്കെങ്കിലും നിഷേധിക്കാൻ സാധിക്കുമോ? ലോക്ക്ഡൗൺ കാലത്ത്, തെരുവിൽ അലഞ്ഞുതിരിഞ്ഞ് നടക്കുന്നവരെ ജനമൈത്രി പോലീസ് കൊണ്ടുപോയി ഡെസ്റ്റിറ്റ്യൂട്ട് ക്യാമ്പുകൾ തുടങ്ങി. ഇത്തരത്തിലുള്ള മാറ്റത്തിന് നേതൃത്വം കൊടുക്കാൻ പിണറായിയുടെ കാലത്തെ പോലീസിന് സാധിച്ചു. കേരള പോലീസിന്റെ Cyberdome പദ്ധതിക്ക് ഡിജിറ്റൽ ട്രാൻസ്മിഷൻ അവാർഡ് ലഭിച്ചു, FICCI SMART Policing Award -ഉം ലഭിച്ചു. ഇങ്ങനെ നിരവധി അവാർഡുകൾ കഴിഞ്ഞ അഞ്ചുവർഷക്കാലം ശ്രീ. പിണറായി വിജയന്റെ കാലത്തെ പോലീസ് നേടിയെടുത്തു. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ

സ്ത്രീപീഡനത്തെക്കുറിച്ച് സൂചിപ്പിച്ചു. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ വാക്കുകളിൽ ആത്മാർത്ഥതയുണ്ടെങ്കിൽ, സ്ത്രീപീഡനക്കേസുകളിലെ പ്രതികൾക്കായി കോടതിയിൽ ഹാജരാകരുതെന്ന് അദ്ദേഹത്തിന്റെ സഹപ്രവർത്തകരോട് പറയണം. അങ്ങനെ പറയാൻ ധൈര്യമുണ്ടോ; എന്റെയൊരു സഹസാമാജികൻ സ്ത്രീപീഡനക്കേസിൽപ്പെട്ട പ്രതിക്കുവേണ്ടി കോടതിയിൽ വക്കാലത്ത് വച്ചില്ലേ; ഇത് ഭൂഷണമാണോ? ഇങ്ങനെ ചെയ്തിട്ട് സ്ത്രീപീഡനം കൂടുന്നുവെന്ന് പറഞ്ഞ് കരഞ്ഞതുകൊണ്ട് കാര്യമില്ല. 'പൊട്ടിക്കൽ' -നെക്കുറിച്ച് ശ്രീ. എൻ. ഷംസുദ്ദീൻ ഇവിടെ പരാമർശിച്ചു. അന്വേഷണം നടക്കട്ടെ, ഞങ്ങളുടെ കൈകൾ ശുദ്ധമാണ്. പൊട്ടിക്കലിന്റെ അന്വേഷണം മുന്നോട്ടുപോകുമ്പോൾ എത്തുക മലപ്പുറത്തായിരിക്കുമെന്നതിൽ ഒരു സംശയവും വേണ്ട. 'അതിന്റെ വേരങ്ങ് കുന്നാപുരത്താണ് ' എന്നുപറഞ്ഞപോലെ ഇതിന്റെ വേര് മലപ്പുറത്താണ്. ഇക്കാര്യം പോലീസ് കൃത്യമായി അന്വേഷിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും പോലീസ് തലവന്മാരോടും ഞങ്ങൾ പറയുന്നത് സ്വർണ്ണക്കടത്തുമായി ബന്ധപ്പെട്ട അന്വേഷണം നടക്കണമെന്നാണ്. അങ്ങനെ വരുമ്പോൾ ചിലരുടെ മുഖം വികൃതമാകും, ചിലരുടെ മുഖം വാടും. അതേതായാലും ഈ ഭാഗത്ത്

ഇരിക്കുന്നവരുടേതായിരിക്കില്ലെന്ന് ഞങ്ങൾക്ക് ഉറപ്പിച്ചുപറയാൻ സാധിക്കും. ജയിലുകളിൽനിന്നും ആളുകളെ പുറത്തുവിടുന്നതിനെക്കുറിച്ച് ചോദിച്ചു, മമ്പറം ദിവാകരനെ തുറന്നുവിട്ടത് ആരാണെന്ന് നിങ്ങൾ പറയണം. മമ്പറം ദിവാകരൻ ശിക്ഷിക്കപ്പെട്ട ആളായിരുന്നല്ലോ? അദ്ദേഹത്തിന്റെ ശിക്ഷാകാലാവധി പൂർത്തിയാക്കിയിട്ടാണോ തിരിച്ചുവന്നതെന്ന് കോൺഗ്രസ് നേതാക്കന്മാർ പറയണം. നിങ്ങൾ തുറന്നുവിട്ടില്ലേ? ജയിൽ നവീകരിക്കുന്നതിനെക്കുറിച്ച് ശ്രീ. എൻ. ഷംസുദ്ദീൻ ചോദിച്ചു. ഉത്തരം വളരെ ലളിതമാണ്, ഇഞ്ചിക്കൃഷി നടത്തിയ ആളില്ലേ; അദ്ദേഹം അവിടെപ്പോകുമ്പോൾ സുഖമായി കിടക്കട്ടേ, അതുപോലെ സ്വർണ്ണം കടത്തിയ ആളും അവിടെപ്പോയി കിടക്കട്ടേ. മണിമാളികയിൽ താമസിച്ചവർ ജയിലിൽ പോകുമ്പോഴുള്ള അവസ്ഥ നിങ്ങൾ ആലോചിക്കണം. രാവിലെ ടോയ്‌ലറ്റിൽ പോകാൻ ക്യൂ നിൽക്കണം. ഞങ്ങൾക്ക് ജയിലിൽ കിടന്ന് ശീലമുള്ളതാണ്, നിങ്ങൾക്കതൊന്നും ശീലമില്ലാത്തതാണല്ലോ. ജയിലിനകത്ത് നവീകരണം നടക്കണം. ജയിൽ എന്നാലെന്താണ്? അത് റീഫോർമേഷൻ സെന്ററാണെന്ന് ഇപ്പോഴും പലർക്കും അറിയില്ല. പോലീസിൽ വംശീയതയുണ്ടെന്ന് ഇവിടെ പറഞ്ഞു, Provincial Armed

Constabulary (PAC) എന്ന വാക്ക് കേട്ടിട്ടുണ്ടോയെന്ന് ഞാൻ ബഹുമാനപ്പെട്ട മണ്ണാർക്കാട് എം.എൽ.എ.-യോട് ചോദിക്കുകയാണ്; അത് ആരുടേതായിരുന്നു? ഉത്തർപ്രദേശിലെ പോലീസ് സേനയാണത്. പ്രധാനമന്ത്രിമാരെ ഈ രാജ്യത്തിന് സംഭാവന ചെയ്ത ഉത്തർപ്രദേശിൽ Provincial Armed Constabulary ഉണ്ടായിട്ടും മുസ്ലീം ലീഗ് മിണ്ടിയോ; മുസ്ലീം ജനവിഭാഗത്തെ കൊല്ലാനുണ്ടാക്കിയ ആ സേനയെക്കുറിച്ച് നിങ്ങൾ മിണ്ടിയോ? ഐ.എൻ.എൽ. -നോട് ഒരല്പം കെറുവ് നമ്മുടെ ശ്രീ. എൻ. എ. നെല്ലിക്കുന്നിനുണ്ടാകും. ഒരുപക്ഷേ ഇപ്പുറത്തായിരുന്നുവെങ്കിൽ സല്യൂട്ട് കിട്ടേണ്ടതല്ലേ? സഹപ്രവർത്തകൻ മന്ത്രിയായത് സഹിക്കുന്നില്ല. മറ്റൊരു കാര്യം പറയട്ടെ, മൂപ്പരെ ആരും നമ്പരുത്, ഞങ്ങൾ ഒന്നിച്ച് വൈകുന്നേരം ചായകുടിച്ചതാണ്, പിറ്റേന്ന് അദ്ദേഹം ലീഗിലായിരുന്നു. കാസർഗോഡ് വച്ച് ഞങ്ങളെല്ലാവരും ഒന്നിച്ചുപോയി ചായകുടിച്ചതിന്റെ പിറ്റേദിവസത്തെ പത്രം എടുത്തുനോക്കിയപ്പോൾ കണ്ട വാർത്ത 'നെല്ലിക്കുന്ന് ലീഗിലേയ്ക്ക് ' എന്നാണ്. അതുകൊണ്ട് ഏതുസമയത്താണ് ഐ.എൻ.എൽ.-ലേയ്ക്ക് തിരച്ചുവരികയെന്ന് പറയാൻ കഴിയില്ല. അതുകൊണ്ട് മൂപ്പരെ നമ്പണ്ടായെന്നുമാത്രമേ എനിക്ക് ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളൂ.

സി.പി.ഐ. (എം) -നെ സംബന്ധിച്ചാണെങ്കിൽ, ഞങ്ങൾ പറയുന്നത് ഏത് അന്വേഷണവും നടക്കട്ടെയെന്നാണ്. അന്വേഷണം നടത്തി പാർട്ടിയുമായി ബന്ധമുള്ള ആരെങ്കിലുമുണ്ടെങ്കിൽ പിടിച്ചോട്ടെയെന്നാണ് ഞങ്ങൾ പറയുന്നത്, അതിലൊന്നും ഒരു തടസ്സവും ഞങ്ങളുടെ ഭാഗത്തുനിന്നുണ്ടാകില്ല. ഞങ്ങളുടെ ഭാഗത്തുള്ള ആരെങ്കിലും ക്വട്ടേഷന്റെ ഭാഗമായിട്ടുണ്ടെങ്കിൽ പിടിക്കട്ടെ. മറിച്ച് നെഞ്ചത്ത് കൈവച്ച് കോൺഗ്രസിന് പറയാൻ സാധിക്കുമോ 2009-ലെ പാർലമെന്റ് തെരഞ്ഞെടുപ്പ് അട്ടിമറിക്കാൻ തൃശ്ശൂരിൽനിന്നും ഗുണ്ടകളെയിറക്കിയത് ആരായിരുന്നുവെന്ന്? ഇതൊന്നും കേരളീയ സമൂഹം മറന്നിട്ടില്ലെന്നുമാത്രമേ ഈ വേളയിൽ സൂചിപ്പിക്കാനുള്ളൂ. ഇന്ന് നിയമസഭയിൽ ഏറ്റവും പ്രധാനപ്പെട്ടൊരു വിഷയം ചർച്ച ചെയ്യാമെന്ന് വിചാരിച്ചു. PEGASAS-നെ (Partnership to Enhance General Aviation Safety, Accessibility and Sustainability) സംബന്ധിച്ചാണത്. പെഗസസ് എന്നുവച്ചാൽ എന്താണ്? പെഗസസ് എന്നത് സ്പൈവെയർ ആണ്. അത് ഇസ്രയേലി സ്പൈവെയർ ആണ്. ആ സ്പൈവെയറിന് മുമ്പായി, ഈ കാര്യം ചോർത്തിയതാരാണ്; സ്പൈവെയർ ഇപ്പോഴാണ് കണ്ടെത്തിയത്. ലോകരാഷ്ട്രത്തിന്റെ തലവന്മാരുൾപ്പെടെ അത് ചോർത്തുകയാണ്. എന്നാൽ

ആരായിരുന്ന സ്പൈവെയറിന്റെ predecissor; ഇപ്പോൾ നമ്മൾ മോദിയെ കുറ്റപ്പെടുത്തും. ശ്രീ. നരേന്ദ്ര മോദി ഏകാധിപതിയാണ്. മോദിയുടെ ഏകാധിപത്യത്തിന് ഞങ്ങൾ എതിരാണ്. മോദിയെ എത്രയുംപെട്ടെന്ന് അധികാരത്തിൽനിന്ന് പുറത്തിറക്കാൻ കഴിയുമോ? ആ ജനാധിപത്യ പ്രക്ഷോഭത്തിന്റെ മുന്നിൽ ഇടതുപക്ഷമുണ്ടാകുമെന്ന് അസന്നിഗ്ദ്ധമായി ഞങ്ങൾ പ്രഖ്യാപിക്കുകയാണ്. എന്നാൽ മോദിയുടെ predecissor രാജീവ് ഗാന്ധിയാണ്. 1986-ൽ ഇന്ത്യൻ യൂണിയന്റെ പ്രസിഡന്റായ ഗ്യാനി സെയിൽസിംഗിന്റെ ടെലിഫോൺ ചോർത്തിയതാരാണ്; രാഷ്ട്രപതിയുടെ ഫോൺ ചോർത്തിയതാരാണ്; അന്ന് മൊബൈൽ ഫോൺ ഉണ്ടായിരുന്നില്ല. ലാന്റ് ലൈൻ മാത്രമാണുള്ളത്. 1988-ൽ രാമകൃഷ്ണ ഹെഗ്ഡെയെ നിങ്ങൾ എന്തിന് രാജി വയ്പ്പിച്ചു; 1991-ൽ രാജീവ് ഗാന്ധിയുടെ ഫോൺ ടാപ് ചെയ്തു; അദ്ദേഹത്തിന്റെ ഫോൺ ടാപ് ചെയ്തുവെന്ന് പറഞ്ഞ് ചന്ദ്രശേഖരനെ നിങ്ങൾ രാജിവയ്പ്പിച്ചില്ലേ; ഇതൊക്കെ ഞങ്ങളെകൊണ്ട് പറയിപ്പിക്കണോ; കോൺഗ്രസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; ഞാനൊന്ന് ചോദിച്ചോട്ടെ, വയനാടൻ പ്രധാനമന്ത്രി ശ്രീ. രാഹുൽ ഗാന്ധിയുടെ ഫോൺ ചോർത്തിയാൽ എന്തെങ്കിലും ഒന്ന് മിണ്ടണ്ടേ; ഒന്നറക്കെ കരയാൻ ഒന്ന്

ഒച്ചവയ്ക്കാൻപോലും കോൺഗ്രസിന് ശക്തിയില്ലാതെവന്നു. അദ്ദേഹം വയനാട്ടിൽനിന്നല്ലേ ജയിച്ചുപോയത്. ഇക്കാര്യത്തിൽ ശ്രീ. പി. കെ. ബഷീർ എങ്കിലും ഒന്ന് മിണ്ടണ്ടെ, അദ്ദേഹംകൂടി ഉൾപ്പെടുന്ന മണ്ഡലമല്ലേ; ഒരക്ഷരം മിണ്ടിയില്ലല്ലോ; ഇവിടെ ശ്രീ. രാഹുൽ ഗാന്ധിയുടെ ഫോൺ ചോർത്തി, കോൺഗ്രസ്സ് ദേശീയാടിസ്ഥാനത്തിൽ 'C' എന്ന് സൂചിപ്പിക്കുന്നത് കോമയാണ്. കേരളത്തിലെത്തുമ്പോൾ അത് കോംപ്രമൈസ്. ബി.ജെ.പി.-യുമായി കോംപ്രമൈസുള്ളതുകൊണ്ടാണ് ശ്രീ. രാഹുൽ ഗാന്ധിയുടെ ഫോൺ ചോർത്തിയപ്പോഴും കേരളത്തിനകത്തൊരു പ്രതിഷേധംപോലും ഉയർത്താൻ നിങ്ങൾക്ക് സാധിക്കാതിരുന്നത്. നിങ്ങളെ രക്ഷിക്കാൻ ആർക്കും സാധിക്കില്ല. ഏതായാലും ഒരുകാര്യം ഞാനുറപ്പിച്ച് പറയാം. ശ്രീ. രാഹുൽ ഗാന്ധിയുടെ ഫോൺചോർത്തിയിട്ടും ഒരു പ്രതിഷേധം ഉയർത്താനുള്ള ശക്തിപോലും ഇന്ത്യൻ നാഷണൽ കോൺഗ്രസ് എന്ന രാഷ്ട്രീയപ്രസ്ഥാനത്തിന് ഈ രാജ്യത്തിനകത്ത് ഇല്ലാതെപോകുന്നതിൽ സങ്കടമുണ്ട് എന്നുള്ളതാണ്. അതോടൊപ്പം ഒരുകാര്യംകൂടി സൂചിപ്പിക്കാം.

<u>മി.സ്പീക്കർ:</u> ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, പ്രസംഗം

കഴിഞ്ഞതിനുശേഷം പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാം.

ശ്രീ. എ. എൻ. ഷംസീർ: ഈ ഫോൺ ചോർത്തൽ പെഗസസിന് മുമ്പ് കേരളത്തിലുണ്ടായിരുന്നു. പതിമൂന്നാം നിയമസഭയിൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എത്ര പേരുടെ ഫോൺ ചോർത്തി. ആ ഒരു സ്പൈവെയർ ഉപയോഗിച്ചുകൊണ്ട്, അന്ന് ചർച്ചയായിരുന്നില്ലേ; അന്ന് നിരവധിപേരുടെ ഫോൺ ചോർത്തിയെന്ന് കേരളീയ സമൂഹം ചർച്ച ചെയ്തതല്ലേ; അക്കാര്യങ്ങളെല്ലാം അതുമായി ബന്ധപ്പെട്ടുകൊണ്ട് ചർച്ച ചെയ്യണമെന്നാണ് ഇവിടെ സൂചിപ്പിക്കാനുള്ളത്. അതോടൊപ്പം ഇവിടെ കള്ളകേസുകൾ സംബന്ധിച്ച് സൂചിപ്പിച്ചു. യു.എ.പി.എ.- നിയമം നിങ്ങൾ എടുത്തില്ലേ; ഭീകരവാദ വിരുദ്ധ നിയമത്തിനെതിരെ 14-ാം നിയമസഭയിൽ ശബ്ദമുയർത്തിയ കോൺഗ്രസ്സിനോട് എനിക്ക് ചോദിക്കാനുള്ളത്, ഇവിടെ ഇരിക്കുന്ന പയ്യന്നൂർ എം.എൽ.എ. ശ്രീ. ടി. ഐ. മധുസൂദനൻ, ഭീകരവാദിയാണോ; അദ്ദേഹത്തിനെതിരെയും നിങ്ങൾ യു.എ.പി.എ.- ചുമത്തിയില്ലേ; നിങ്ങൾക്ക് എന്ത് ധാർമ്മികതയാണുള്ളത്. അതുമാത്രമല്ല ശ്രീ. കെ. പി. മോഹനൻ ഇവിടെ ഇരിക്കുന്നുണ്ട്, ബി.ജെ.പി.-ക്കാർക്കെതിരെ കൊളവല്ലൂർ പോലീസ് സ്റ്റേഷനിൽ വിനോദിന്റെ

കൊലപാതകത്തിൽ ആദ്യം ശ്രീ. രമേശ് ചെന്നിത്തല യു.എ.പി.എ.-എടുത്തു. പിന്നീട് ഒരുഘട്ടത്തിൽ ശ്രീ. രമേശ് ചെന്നിത്തലയും ആർ.എസ്.എസ്.-ഉം തമ്മിൽ കോംപ്രമൈസ് ആയി. യു.എ.പി.എ. കേസ് പിൻവലിച്ചുകൊടുത്തു, ഇതല്ലേ നിങ്ങളുടെ ധാർമ്മികത. അതുകൊണ്ട് ജനാധിപത്യത്തിൽ, ജനാധിപത്യവിരുദ്ധ പ്രവർത്തനം ഓരോ ഘട്ടത്തിലും നടത്തിയ രാഷ്ട്രീയപ്രസ്ഥാനം കോൺഗ്രസ് ആണ്. കോൺഗ്രസിനെ രക്ഷിക്കാൻ സാധിക്കുമെന്ന് ആരും വിശ്വസിക്കുന്നില്ല. 14-ാം നിയമസഭയിൽ നിങ്ങൾ തകരുമെന്ന് പറഞ്ഞപ്പോൾ അന്നുണ്ടായിരുന്ന ശ്രീ. കെ. മുരളീധരൻ അന്ന് എന്നെ പരിഹസിച്ചു. നിങ്ങൾക്ക് എല്ലാകാലത്തും പ്രതിപക്ഷത്ത് ഇരിക്കാൻ ഭാഗ്യമുണ്ടാകുമെന്നാണ് എന്റെ വിശ്വാസം. അതുപോലെതന്നെ ഓരോ നിരയിലും ഓരോ പ്രതിപക്ഷ നേതാവ് ഉണ്ടാകട്ടെയെന്ന് മാത്രം ആശംസിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ശ്രീ. എ. എൻ. ഷംസീർ സംസാരിച്ചതിനിടയ്ക്ക് ഞാൻ ആരുടെയോ ഫോൺചോർത്തിയെന്ന് ഇവിടെ

പറഞ്ഞു. ആ കാലഘട്ടത്തിൽ ഫോൺ ചോർത്തിയിട്ടുണ്ട്. ഫോൺ ചോർത്താനുള്ള പ്രധാനപ്പെട്ട കാരണം ഒരു കേസിലുൾപ്പെട്ട പ്രതിയെ ട്രാക്ക് ചെയ്തു. ആ പ്രതിയുടെ ഫോൺ ആണ് അന്നത്തെ പോലീസ് ചോർത്തിയത്. ആ പ്രതിയുമായി ഇന്ററാക്ഷൻ ഉണ്ടായിരുന്ന മറ്റ് ചിലരുടെക്കൂടി സംസാരം ഇതിനകത്ത് വന്നുപെട്ടു. അത് ശ്രീ. എ. എൻ. ഷംസീർ ആണെന്നുള്ളത് ഇപ്പോൾ എനിക്ക് പിടികിട്ടി.

ശ്രീ. പി. ടി. തോമസ്: സർ, പ്രധാനപ്പെട്ട തലശ്ശേരി അംഗം സംസാരിച്ചപ്പോൾ ശ്രീ. രാഹുൽ ഗാന്ധിയെ സംബന്ധിച്ച്, പെഗസസിന്റെ ഫോൺ ചോർത്തലിനെക്കുറിച്ച് കോൺഗ്രസ്സ് ഒന്നും മിണ്ടിയില്ലായെന്നുള്ള രീതിയിൽ പരാമർശം നടത്തി.

മി.സ്പീക്കർ: പോയിന്റ് ഓഫ് ഓർഡർ എന്താണ്?

ശ്രീ. പി. ടി. തോമസ്: സർ, ഇന്ത്യയിലെ എല്ലാ രാജ്ഭവനുകളുടെയും മുന്നിൽ കോൺഗ്രസ് പാർട്ടി ശക്തമായ പ്രതിഷേധം നടത്തിയിരുന്നു. അങ്ങ് പത്രം വായിക്കണം, അല്ലാതെ സഭയെ തെറ്റിദ്ധരിപ്പിക്കാൻ പാടില്ല.

ശ്രീ. രമേശ് ചെന്നിത്തല: ബഹുമാനപ്പെട്ട സ്പീക്കർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. സംസ്ഥാനത്തിന്റെ

ക്രമസമാധാനനില അനുദിനം വഷളായിക്കൊണ്ടിരിക്കുകയാണ്. ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷിതത്വം ഉറപ്പാക്കാൻ ബാധ്യതയുള്ള ഗവൺമെന്റ് അക്കാര്യത്തിൽ പരാജയപ്പെട്ടിരിക്കുകയാണ്. ഇന്ന് കാസർഗോഡ് പട്ടാപ്പകൽ ഒരു വൻ കവർച്ചയുണ്ടായി, അതിന്റെ ദൃശ്യങ്ങൾ മാധ്യമങ്ങളിൽ വന്നുകൊണ്ടിരിക്കുകയാണ്. അതുപോലെ ബ്ലെയ്ഡ് മാഫിയയുടെ ഗുരുതരമായ പീഡനംകാരണം നെന്മാറയിൽ ഒരു കർഷകൻ ആത്മഹത്യചെയ്തതും ഇന്നാണ്. സ്ത്രീ പീഡനങ്ങൾ വർദ്ധിക്കുന്നു, കുട്ടികൾക്കുനേരെയുള്ള അതിക്രമങ്ങൾ വർദ്ധിക്കുന്നു, ഗുണ്ടാമാഫിയ സംഘങ്ങൾ അഴിഞ്ഞാടുന്നു, സ്വർണ്ണ കള്ളക്കടത്ത് സംഘങ്ങൾ യഥേഷ്ടം അവരുടെ പ്രവർത്തനങ്ങൾ നടത്തിവരുന്നു, തട്ടിപ്പ് സംഘങ്ങളും ബ്ലെയ്ഡ് മാഫിയകളും അരങ്ങ് തകർക്കുകയാണ്. സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങൾ ഓരോ ദിവസവും നമ്മൾ പത്രങ്ങളിൽ വായിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാന്യനായ ഗവർണർ ഒരു ഉപവാസം നടത്തേണ്ടിവന്നത് സാമൂഹ്യ നവോത്ഥാനത്തിന്റെ ഭാഗമായിട്ടാണെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞത്. ഇതുവരെയും കേരളത്തിലെ ഒരു ഗവർണറും ഇത്തരത്തിലുള്ള ഒരു ഉപവാസം നടത്തിയിട്ടില്ല.

അവർക്കാർക്കും സാമൂഹ്യ അവബോധം ഇല്ലാത്തവരല്ലെന്ന് നമുക്ക് പറയാൻ കഴിയില്ല. ഈ നാട്ടിലെ സ്ത്രീകൾ നേരിടുന്ന സ്ത്രീധനപീഡനം, സ്ത്രീപീഡനങ്ങൾ എല്ലാം കണ്ട് മനസ്സ് വിഷമിച്ചിട്ടാണ് ഗവർണർ ഉപവാസത്തിനിരിക്കേണ്ട സാഹചര്യം ഉണ്ടായതെന്ന് പരസ്യമായി സമ്മതിച്ചില്ലെങ്കിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് ഉൾക്കൊള്ളണമെന്നാണ് എനിക്ക് പറയാനുള്ളത്. സ്ത്രീസുരക്ഷയ്ക്കുവേണ്ടി ഗവർണർ ഉപവാസമിരിക്കുമ്പോഴാണ് ഈ ക്യാബിനെറ്റിലെ ഒരു മന്ത്രി സ്ത്രീപീഡനകേസ് ഒതുക്കി തീർക്കാൻവേണ്ടി ശ്രമിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് ആ കേസ് ചീറ്റിപോയെന്ന് ഒരിക്കലും പറയാൻ പാടില്ലായിരുന്നു. അങ്ങയെപ്പോലൊരാൾ ആ സ്ഥാനത്തിരുന്നുകൊണ്ട് പറയാനുള്ള ഒരു വാചകമല്ല അത്. ഒരു സ്ത്രീ തന്റെ കൈയ്ക്ക് പിടിച്ചെന്ന് പറഞ്ഞ് ഒരു പരാതികൊടുക്കുമ്പോൾ ആ കേസിൽ ഇടപെട്ട മന്ത്രിയെ ന്യായീകരിക്കുന്നത് എനിക്ക് മനസിലാകും, പക്ഷെ ആ കേസ് ചീറ്റിപ്പോയിയെന്ന് പറഞ്ഞാൽ അങ്ങ് പോലീസിന് കൊടുക്കുന്ന മെസ്സേജ് എന്താണെന്ന് കേട്ട് കേരളത്തിലെ ജനങ്ങൾ അത്ഭുതപ്പെട്ടിരിക്കുകയാണ്. സ്ത്രീപീഡനം നടത്തിയ എം.എൽ.എ.-മാരെ സംരക്ഷിച്ച ചരിത്രം നമ്മൾ

കണ്ടിട്ടുണ്ട്. കഴിഞ്ഞ നിയമസഭയിലുണ്ടായിരുന്ന ഒരു എം.എൽ.എ.യ്ക്കുണ്ടായ അനുഭവം അങ്ങേയ്ക്കറിയാവുന്നതാണ്. അങ്ങ് സ്പീക്കറായിരുന്ന ആളാണ്. അങ്ങേയ്ക്കറിയാം, അങ്ങയുടെ ജില്ലയിലാണ്. പീഡനത്തിന് നേതൃത്വം കൊടുത്ത എം.എൽ.എ.യ്ക്കെതിരെ ഒരു സ്ത്രീ പരാതി കൊടുത്തിട്ട് ആ എം.എൽ.എ.-യെ എന്തുചെയ്തു? വനിതാ കമ്മീഷന്റെ ചെയർപേഴ്സൺ പറയുന്നത് പോലീസും കോടതിയുമൊക്കെ ഞങ്ങളുടെ പാർട്ടിയാണെന്നാണ്. ആ എം.എൽ.എ. ഇപ്പോഴും സംസ്ഥാന ജില്ലാകമ്മിറ്റിയുടെ ഉന്നതനേതാവായി തുടരുകയാണ്. വാളയാറിൽ എട്ടുംപൊട്ടും തിരിയാത്ത രണ്ടുപെൺകുട്ടികളെ കൊന്നസംഭവം കേരളത്തിന്റെ മനഃസാക്ഷിയെ ഞെട്ടിപ്പിച്ചതല്ലേ? വാളയാറിലെ അമ്മ തല മുണ്ഡനം ചെയ്ത് ഈ ഗവൺമെന്റിനെതിരെ നടത്തിയ സമരം കേരളത്തിലെ ജനങ്ങൾ മറന്നിട്ടില്ല. ആ പോലീസ് ഉദ്യോഗസ്ഥർക്ക് പ്രൊമോഷൻ കൊടുക്കുകയാണുണ്ടായത്. ആ കേസിലുൾപ്പെട്ട ഉദ്യോഗസ്ഥരെ ശിക്ഷിക്കുന്നതിന് പകരം അവർക്ക് മെച്ചപ്പെട്ട പരിഗണനയാണ് ഗവൺമെന്റ് നൽകിയത്. വാളയാറിലെ ക്രൂരതയ്ക്ക് ശക്തമായ നടപടി സ്വീകരിക്കാത്തതുകൊണ്ട് വണ്ടിപ്പെരിയാറിൽ ഒരു ഡി.വൈ.എഫ്.ഐ.-ക്കാരൻ പാവപ്പെട്ട പെൺകുട്ടിയെ കൊന്ന്

കുഴിച്ചുമൂടിയ സംഭവമുണ്ടായി. അവിടെ ഞങ്ങളെല്ലാം പോയിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കുട്ടികളുടെ മാതാപിതാക്കളെ ഫോണിൽ വിളിച്ച് സംസാരിച്ചതായി എന്നോടുപറഞ്ഞു. പോലീസ് അന്വേഷണം നല്ല നിലയിലാണ് നടക്കുന്നത്, സംശയം വേണ്ട. സർക്കിൾ ഇൻസ്പെക്ടറോട് ഞാൻ ചോദിച്ചു. സർക്കിൾ ഇൻസ്പെക്ടറുടെ പ്രവർത്തനങ്ങളെ ജനങ്ങൾ അഭിനന്ദിക്കുകയാണ്. നിരവധി കേസുകൾ തെളിയിച്ചിട്ടുള്ള ആ സർക്കിൾ ഇൻസ്പെക്ടറെ വ്യക്തിപരമായി എനിക്ക് നേരത്തെ അറിയാവുന്നതാണ്. ആ കുട്ടിക്കുണ്ടായ അനുഭവം നാളെ കേരളത്തിൽ ഏതെങ്കിലുമൊരു കുട്ടിക്ക് ഉണ്ടാകാൻ പാടുണ്ടോ? കുട്ടികൾക്കും സ്ത്രീകൾക്കുംനേരെയുള്ള അതിക്രമങ്ങൾ മഴവെള്ളപ്പാച്ചിൽ പോലെയാണ് സംസ്ഥാനത്തുണ്ടായിക്കൊണ്ടിരിക്കുന്നത്. States records 627 child rapes in five months - അഞ്ചുമാസത്തിനിടയിൽ 627 പീഡന കേസുകളാണ് കുട്ടികൾക്കുനേരെയുണ്ടായത് എന്നാണ് പോലീസ് പറയുന്നത്. Websites offering child sex abusive material that used to have 600 hits per hour is increased steeply to 1300-1400 hits per hour. നമ്മുടെ സംസ്ഥാനത്ത് കുട്ടികൾക്കുനേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നതിനെക്കുറിച്ച് നമ്മൾ ആലോചിക്കണം. Police have also

find steep rise in number of people's access in websites with child sexual abusive materials during the lockdown days of last year. കഴിഞ്ഞവർഷം ലോക്ക്ഡൗണിലായിരുന്ന കാലഘട്ടത്തിൽ പെൺകുട്ടികൾക്കുനേരെ അതിക്രമങ്ങളുടെ വർദ്ധിച്ചുവരുന്ന കണക്കാണ് പോലീസിന്റെ വെബ്സൈറ്റിലൂടെ നമുക്ക് കാണാൻ കഴിയുന്നത്. അഞ്ചുവർഷത്തെ ശരാശരി കണക്കെടുത്താൽ സർവ്വകാല റെക്കോർഡാണ് ഇക്കാര്യത്തിലുള്ളത്. ബാലികമാർക്കുനേരെയുള്ള പീഡനം 2016-ൽ -968, 2019-ൽ 1313, 2020-ൽ 1143, 2021 മെയ് വരെ -627 എന്നിങ്ങനെയാണ് കണക്ക്. കഴിഞ്ഞ അഞ്ചുവർഷത്തിനിടെ പീഡനത്തിനിരയായി സ്ത്രീകൾ കൊല്ലപ്പെട്ടത്-66, സ്ത്രീപീഡന കേസുകൾ-15143, സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങൾ 2017-ൽ 2856, 2018-ൽ 2046, 2019-ൽ 2991, 2020-ൽ 2715, 2021-ൽ മെയ് വരെ 1050. കേരളചരിത്രത്തിൽ ഇത്രയേറെ സ്ത്രീപീഡനങ്ങൾ ഒരു കാലഘട്ടത്തിലും ഉണ്ടായിട്ടില്ല. എന്നിട്ടും ഭരണപക്ഷത്തുനിന്നും പറയുന്നത് കേരളത്തിലെല്ലാം ഭദ്രമാണെന്നാണ്. സ്ത്രീകൾക്ക് സഞ്ചരിക്കാനും സുരക്ഷിതമായി കഴിയാനുമുള്ള സാഹചര്യമുണ്ടായി എന്നുപറഞ്ഞാൽ ആര് വിശ്വസിക്കും? ബഹുമാനപ്പെട്ട

മുഖ്യമന്ത്രി പറഞ്ഞത് സംസ്ഥാനത്ത് ഒരു സ്ത്രീയ്ക്കും തലയ്ക്ക് കീഴിൽ വാക്കത്തി വച്ച് ഇനി ഉറങ്ങേണ്ടി വരില്ലെന്നാണ്. വാക്കത്തിയല്ല മിസ്റ്റർ പിണറായി വിജയൻ, തോക്ക് വച്ച് കിടന്നുറങ്ങേണ്ട സ്ഥിതിയാണ് ഇന്ന് കേരളത്തിലുള്ളത്. സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നു. അപരാജിത പോർട്ടൽ, മിസ്ഡ് കോൾ സംവിധാനം ഇതെല്ലാം ഒരു പ്രഹസനമായി മാറിക്കൊണ്ടിരിക്കുകയാണ്. പിങ്ക് പോലീസ് സംവിധാനം വിജയിക്കട്ടെ. കഴിഞ്ഞ ദിവസമാണത് ഉദ്ഘാടനം ചെയ്തത്. ഇതിനൊന്നും നമ്മളാരും എതിരല്ല, ഓരോ കാലഘട്ടത്തിലും ഓരോ തരത്തിലുള്ള നവീന പ്രവർത്തനങ്ങൾക്ക് പോലീസ് നേതൃത്വം കൊടുക്കാറുണ്ട്. ഇന്നിവിടെ നടക്കുന്നത് എന്താണ്? സ്വർണ്ണം തട്ടിയെടുക്കുന്നത് പൊട്ടിക്കൽ, ഓപ്പറേഷൻ കുഴൽപ്പണം, ഗുണ്ടാവിളയാട്ടം, ട്രഷറി തട്ടിപ്പ്, പ്രളയഫണ്ട് തട്ടിപ്പ് ഇവയെല്ലാമാണ്. കൊടകരയിലെ കുഴൽപ്പണകേസ് സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. ബി.ജെ.പി.യും സി.പി.ഐ.(എം)-യും തമ്മിലുണ്ടായിരിക്കുന്ന ധാരണയാണ് പുറത്തുവന്നിരിക്കുന്നത്. പ്രതിയാകേണ്ട കെ. സുരേന്ദ്രൻ സാക്ഷിയാകുന്നു; എന്ത് മറിമായമാണിത്? പ്രതിയായി നിൽക്കേണ്ട സുരേന്ദ്രൻ എങ്ങനെ സാക്ഷിയാകുന്നു?

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ പറയുന്നത്, നാളെ അന്വേഷിച്ചിട്ട് പിന്നീട് പ്രതിയാക്കേണ്ടിവന്നാൽ പ്രതിയാക്കുമെന്നാണ്. അങ്ങ് ഇന്ന് ശ്രീ. സുരേന്ദ്രനെ ഡിഫെന്റ് ചെയ്തതോടുകൂടി പോലീസിന് കൊടുക്കുന്ന മെസ്സേജ് വളരെ ക്ലിയറല്ലേ? ഇത് ഒത്തുകളിയാണെന്നതിൽ സംശയമുണ്ടോ? സംസ്ഥാനത്തെ മൂന്ന് എം.എൽ.എ.-മാർക്കെതിരായി ഭീഷണിക്കത്ത് വന്നിരിക്കുന്നു. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ മുൻ ആഭ്യന്തര വകുപ്പുമന്ത്രിയാണ്. അദ്ദേഹം ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന കാലത്ത് അന്വേഷിച്ച ടി. പി. ചന്ദ്രശേഖരൻ കേസിന്റെ പേരിൽ അതിലെ പ്രതികളാണെന്ന് സംശയിക്കേണ്ട ആളുകൾ അദ്ദേഹത്തെയും അദ്ദേഹത്തിന്റെ കുടുംബത്തെയും ഇല്ലായ്മ ചെയ്യുമെന്ന് പറഞ്ഞ് കത്ത് അയച്ചിരിക്കുന്നു. ഭരണപക്ഷത്തിരിക്കുന്ന എന്റെ സുഹൃത്തുമായ ശ്രീ. പി. പി. ചിത്തരഞ്ജൻ എം.എൽ.എ.-യെ കൊല്ലുമെന്ന് പറഞ്ഞുകൊണ്ട് എം.എൽ.എ. ക്വാർട്ടേഴ്സിലേയ്ക്ക് കത്ത് അയയ്ക്കുന്നു. ശ്രീമതി കെ. കെ. രമയെയും ശ്രീ. വേണുവിനെയും കൊല്ലുമെന്ന് പറഞ്ഞ് കത്ത് അയച്ചിരുന്നു. ടി. പി. ചന്ദ്രശേഖരന്റെ മകന്റെ തല തെങ്ങിന്റെ പൂക്കുല ചിതറിക്കുന്നതുപോലെ ചിതറിക്കുമെന്നുപറഞ്ഞുകൊണ്ട് കത്ത് അയയ്ക്കുന്നു.

ഈ മൂന്ന് കാര്യങ്ങളിൽ പോലീസ് എന്തുനടപടി സ്വീകരിച്ചുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടി പ്രസംഗത്തിൽ പറയണം. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ മുൻ ആഭ്യന്തര വകുപ്പുമന്ത്രിയും കേരളത്തിലെ സീനിയറായ പൊളിറ്റിക്കൽ ലീഡറുമാണ്. അദ്ദേഹത്തിന്റെ കുടുംബത്തെ വകവരുത്തുമെന്നുപറഞ്ഞ സംഭവത്തിൽ അദ്ദേഹംതന്നെ അങ്ങേയ്ക്ക് കത്ത് തന്നു. പക്ഷേ ഒരന്വേഷണവുമുണ്ടായിട്ടില്ലെന്നാണ് ഞങ്ങൾക്കറിയാൻ കഴിയുന്നത്. വിശദാംശങ്ങൾ അങ്ങേയ്ക്ക് പറയാൻ കഴിയുന്നതാണ്. ശ്രീ. എ. എൻ. ഷംസീർ, രാമനാട്ടുകരയിലെ സ്വർണ്ണം പൊട്ടിക്കൽ കേസ്, അത് എവിടെ വേണമെങ്കിലും വരട്ടെ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അന്വേഷിക്കാൻ പറയണം. ഇത് മഞ്ഞുമലയുടെ ഒരറ്റം മാത്രമാണ്. ക്വട്ടേഷൻ സംഘങ്ങളും സ്വർണ്ണക്കള്ളക്കടത്തുകേസും ഡി.വൈ.എഫ്.ഐ.യും തമ്മിലുള്ള അവിശുദ്ധ ബന്ധത്തിന്റെ എറ്റവും വലിയ ഉദാഹരണമാണ് പൊട്ടിക്കൽ കേസ് എന്നുപറയുന്നത്. അതിന്റെ വസ്തുതകൾ പുറത്തുവരട്ടെ, ആകാശ് തില്ലങ്കേരിയെപ്പോലെയുള്ളവർ ഭീഷണി മുഴക്കിയപ്പോൾ എന്തുകൊണ്ട് ശ്രീ. എ. എൻ. ഷംസീറിന് ഒരു വാചകം ഇതിനെതിരായി പറയാൻ കഴിഞ്ഞില്ല? എന്തുകൊണ്ട് മിണ്ടിയില്ല?

പത്രസമ്മേളനം നടത്തി ഞങ്ങളെല്ലാം തുറന്നുപറയുമെന്ന് പറഞ്ഞപ്പോൾ ഒറ്റയക്ഷരം മിണ്ടാൻ കഴിഞ്ഞില്ല. ഇന്ന് ആരാണ് ജയിലുകൾ ഭരിക്കുന്നത്? ജയിലുകൾ ഭരിക്കേണ്ടത് ജയിൽ നിയമങ്ങളാണ്; ജയിൽ ഉദ്യോഗസ്ഥരാണ്. ജയിൽ ഉദ്യോഗസ്ഥർ കൊലപ്പുള്ളികളുടെ ആജ്ഞാനുവർത്തികളായി മാറാൻ പാടില്ല. ദൗർഭാഗ്യവശാൽ ഇന്ന് കേരളത്തിലെ ജയിലുകളിൽ ഇത് നടന്നുകൊണ്ടിരിക്കുന്നുവെന്നുള്ളതാണ് ഏറ്റവും വലിയ പ്രശ്നം. അത് തടയാൻ കഴിയണം. ഇവിടെ സൂചിപ്പിച്ചത് ശരിയാണ്. ജയിൽ ഇന്ന് കറക്ഷണൽ സർവ്വീസാണ്. അവിടെ പോകുന്ന കൊലപ്പുള്ളികൾ മുഴുവൻ കൊലപ്പുള്ളികളായി നിൽക്കണമെന്ന് ആരും പറയുന്നില്ല. അവരെ നല്ലവരായി പ്രവർത്തിക്കാൻ പ്രോത്സാഹിപ്പിക്കുകയാണ് ചെയ്യേണ്ടത്. പക്ഷേ ദൗർഭാഗ്യവശാൽ ഇന്ന് ഈ ഗവൺമെന്റ് എല്ലാ തരത്തിലും കൊലപ്പുള്ളികളുടെ കയ്യിലേയ്ക്ക് ജയിലിന്റെ ഭരണം കൊടുക്കുന്നു. വളരെ ദൗർഭാഗ്യകരമായ സംഭവങ്ങളാണ് ജയിലിലുണ്ടാകുന്നത്. മദ്യം, കഞ്ചാവ്, മറ്റ് മാരകായുധങ്ങൾ എന്നിവയെല്ലാം ജയിലിൽനിന്ന് പിടിച്ചെടുക്കുന്ന സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നു. ഇത് ജയിലിന് ഗുണകരമാണോയെന്ന് ആലോചിക്കണം. ഒരു കാര്യംകൂടി

പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. നമ്മുടെ സംസ്ഥാനത്ത് ഇന്ന് വിജിലൻസ് എന്നൊരു വകുപ്പുണ്ടോ; ആ വകുപ്പ് എന്ത് പ്രവർത്തനം നടത്തുന്നു? ബഹുമാനപ്പെട്ട മുഖ്യമന്ത്രി, വിജിലൻസ് ഡിപ്പാർട്ടുമെന്റിലേയ്ക്ക് സാധാരണക്കാരൻ ഇന്ന് പരാതി കൊടുത്താൽ ഒരു അന്വേഷണവും നടക്കുന്നില്ല. ആകെ നടക്കുന്നത് രാഷ്ട്രീയ പ്രതിയോഗികൾക്കെതിരായിട്ടുള്ള അന്വേഷണങ്ങൾ മാത്രമാണ്. എന്റെ പേരിൽ അഞ്ച് വിജിലൻസ് അന്വേഷണമുണ്ട്. അഞ്ചുവർഷമായി ഒന്നിനും ഒരു തുമ്പും കിട്ടിയിട്ടില്ല. ഒന്നുകിൽ നിങ്ങൾ എന്റെ പേരിൽ കേസ് രജിസ്റ്റർ ചെയ്യണം. അല്ലെങ്കിൽ ആ കേസുകൾ ക്ലോസ് ചെയ്യണം. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എന്നെപ്പോലെ എത്രയോ രാഷ്ട്രീയ നേതാക്കന്മാരുടെ പേരുകളിൽ നിങ്ങൾ കേസെടുത്തിട്ടുണ്ട്. രാഷ്ട്രീയ പ്രതിയോഗികളുടെ വായടച്ചുപൂട്ടാനുള്ള ശ്രീ. നരേന്ദ്ര മോദിയുടെ തന്ത്രം ശ്രീ. പിണറായി വിജയൻ പ്രയോഗിക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. നിങ്ങൾ ഷാജിയുടെ കാര്യം പറഞ്ഞല്ലോ. നിരവധി രാഷ്ട്രീയ നേതാക്കന്മാർക്കെതിരെ നിങ്ങൾ കേസ്സെടുത്തിട്ടുണ്ട്. ഡൽഹിയിലെ ഏറ്റവും വലിയ ഹിന്ദി പത്രമാണ് 'ദൈനിക് ജാഗരൺ'. കൊവിഡ് കാലത്ത് ഗംഗാനദിയിലൂടെ ഒഴുകിപ്പോയ

ശവശരീരങ്ങളുടെ ഫോട്ടോ കൊടുത്തതിന്റെ പേരിൽ, ഇന്ന് ശ്രീ. നരേന്ദ്ര മോദി ഗവൺമെന്റ് 9 കേന്ദ്രങ്ങളിൽ 'ദൈനിക് ജാഗരൺ'-ന് എതിരായി ഇൻകം ടാക്സ് റെയ്ഡ് നടത്തുകയുണ്ടായി. രാഷ്ട്രീയ പ്രതിയോഗികളെ അടിച്ചമർത്താനുള്ള ഉപകരണങ്ങളായി ഇത്തരം ഏജൻസികളെ വിനിയോഗിക്കുന്ന കഥകളാണ് ഇന്ത്യയിലും കേരളത്തിലും കണ്ടുകൊണ്ടിരിക്കുന്നത്. വിജിലൻസിനെ രാഷ്ട്രീയപ്രേരിതമായി ഉപയോഗിക്കരുത്. കുറെ നാളുകളായി നിങ്ങൾ ഇത് ചെയ്തുകൊണ്ടിരിക്കുന്നു. കേരളത്തിലുണ്ടായ ഒരു അഴിമതിയും നിങ്ങൾ അന്വേഷിക്കുന്നില്ല. പക്ഷേ രാഷ്ട്രീയ എതിരാളികളെ ഇല്ലാതാക്കാനും അടിച്ചമർത്താനുംവേണ്ടി വിജിലൻസിനെ ഉപയോഗിക്കുകയാണ്. കേരളത്തിലെ വിജിലൻസ് ഏത് കേസാണ് അടുത്തകാലത്ത് തെളിയിച്ചിട്ടുള്ളത്; ഏത് പ്രധാനപ്പെട്ട കേസാണ് ഏറ്റെടുത്തിട്ടുള്ളത്; ഏത് അഴിമതിയാണ് കണ്ടെത്തിയിട്ടുള്ളത്? രാഷ്ട്രീയപ്രേരിതമായി രാഷ്ട്രീയ വിരോധം തീർക്കാൻവേണ്ടിമാത്രം ആജ്ഞാനുവർത്തികളായ പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ചുകൊണ്ട് വിജിലൻസിനെ നിശ്ശബ്ദമാക്കുന്ന ഒരു പ്രവർത്തനമാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. ഇത് മാറണം. വിജിലൻസിനെ കൂടുതൽ

കാര്യക്ഷമതയുള്ള ഏജൻസിയാക്കി മാറ്റണം. അഴിമതി തടയാൻവേണ്ടിയിട്ടാണ് വിജിലൻസ്. അത് ഏറ്റെടുക്കണമെന്നുമാത്രം ഞാൻ അഭ്യർത്ഥിക്കുന്നു. ഈ ധനാഭ്യർത്ഥനകളെ ശക്തമായി എതിർക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കേരള നിയമസഭയുടെ ചരിത്രത്തിൽ ഇതുപോലൊരു ചർച്ച ആഭ്യന്തര വകുപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ച് ഉണ്ടായിരിക്കാനിടയില്ല. കാരണം എല്ലാ ഘട്ടത്തിലും ഒരുപാട് വിമർശനങ്ങൾക്ക് വിധേയമാകുന്നതാണ് ആഭ്യന്തര വകുപ്പും പോലീസിന്റെ പ്രവർത്തനവും. പക്ഷേ ഇവിടെ പ്രതിപക്ഷാംഗങ്ങൾ സംസാരിക്കുമ്പോൾ അതല്ല കണ്ടത്. അത്രമാത്രം നമ്മുടെ സംസ്ഥാനത്ത് പോലീസ് ജനോന്മുഖമായി മാറിയിരിക്കുന്നു എന്നതിന്റെ സാക്ഷ്യപത്രമായി ഈ പ്രസംഗങ്ങൾ വന്നിരിക്കുകയാണ്. ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണനാണ് തുടങ്ങിയത്. ചില കേസുകളും കാര്യങ്ങളും പറഞ്ഞ് അതിനെ ചുറ്റിനിന്നു എന്നല്ലാതെ മറ്റ് കാര്യങ്ങളെക്കുറിച്ച് പലർക്കും ഒന്നും പറയാനുണ്ടായിരുന്നില്ല. പോലീസ് സംവിധാനം നമ്മുടെ സംസ്ഥാനത്ത് ഉൾപ്പെടെ എല്ലായിടത്തും നിരവധി സംവിധാനങ്ങൾ കൂടിച്ചേർന്നുകൊണ്ടുള്ള ഒന്നാണ്. അവയെല്ലാം ഫലപ്രദമായി ചലിക്കുമ്പോഴാണ് പോലീസ്

ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്ന ഒന്നായി വികസിക്കുകയുള്ളൂ. ഇവിടെ നടന്ന ചർച്ചയിൽ പൊതുവെ എല്ലാ വശങ്ങളിലേയ്ക്കും കടന്നുപോകുന്നതായി കണ്ടില്ല. ഓരോ മേഖലയെയും അതിന്റെ സവിശേഷ പ്രാധാന്യത്തോടെ കാണുന്ന നയമാണ് സർക്കാർ സ്വീകരിക്കുന്നത്. അതുകൊണ്ടുതന്നെ ഓരോ സംവിധാനത്തിലെയും പ്രശ്നങ്ങൾ എന്തെന്ന് മനസ്സിലാക്കി അവ പരിഹരിച്ച് മുന്നോട്ട് പോകുന്നതിനാണ് ശ്രമിക്കുന്നത്. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുകയും നാട്ടിൽ സമാധാനം ഉറപ്പുവരുത്തുകയും ചെയ്യുക എന്നത് ജനജീവിതം സമാധാനപരമായി മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള പ്രധാനമായ ഉത്തരവാദിത്തമായി പോലീസ് ഏറ്റെടുക്കാനുള്ളതാണ്. ഈ കൃത്യനിർവഹണം നടത്തുന്നതോടൊപ്പം ജനങ്ങളുടെ എല്ലാ ദുരന്തങ്ങളിലും അവരുടെ സഹായിയായി പ്രവർത്തിക്കുന്ന സംവിധാനമായി പോലീസ് സംവിധാനത്തെയാകെ മാറ്റിയെടുക്കാൻ കഴിഞ്ഞു എന്നതാണ് ഇക്കാലത്തെ ഏറ്റവും വലിയ പ്രത്യേകത. നമ്മുടെ രാജ്യത്തെ പൊതുവായ സാഹചര്യം പരിശോധിച്ചാൽ രാജ്യത്തെ ഏറ്റവും മികച്ച ക്രമസമാധാനം പുലരുന്ന സംസ്ഥാനമായി കേരളത്തെ മാറ്റാനായിട്ടുണ്ട്. വർഗീയ പ്രചരണങ്ങളും

സംഘർഷങ്ങളും സൃഷ്ടിക്കാൻ ബോധപൂർവമായ ശ്രമങ്ങൾ ഇവിടെ നടന്നിട്ടുണ്ട്. എന്നാൽ അത്തരം ഘട്ടങ്ങളിലും കേരളത്തെ വർഗീയ സംഘർഷങ്ങളിൽനിന്ന് മുക്തമാക്കുന്നതിന് കഴിഞ്ഞു എന്നത് അഭിമാനകരമായ നേട്ടം തന്നെയായിരുന്നു. അതുതന്നെയാണ് നമ്മുടെ ബഹുമാന്യരായ പ്രതിപക്ഷാംഗങ്ങൾ ഈ ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കുമ്പോൾ മറ്റൊന്നും പോലീസിനെതിരായി പറയാനില്ലാതിരുന്നത് എന്നത് നാം പ്രത്യേകം കാണണം. ഈ സർക്കാർ അധികാരമേറ്റ മേയ് 20-ന് ശേഷം നമ്മുടെ സംസ്ഥാനത്ത് ഏതെങ്കിലും തരത്തിലുള്ള വലിയ തോതിലുള്ള രാഷ്ട്രീയ സംഘർഷങ്ങൾ ഉയർന്നുവന്നിട്ടില്ല. മാത്രമല്ല, രാഷ്ട്രീയ കൊലപാതകമെന്ന് ആരോപിക്കുന്ന ഒരു സംഭവവും ഉണ്ടായിട്ടില്ല. പ്രശ്നങ്ങൾ ഉയർന്നുവന്ന എല്ലാ സ്ഥലങ്ങളിലും സമാധാനം സ്ഥാപിക്കാനുള്ള എല്ലാ ശ്രമങ്ങളും പോലീസിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. പോലീസ് പ്രളയകാലത്ത് വഹിച്ച പങ്കും ഇപ്പോൾ കോവിഡ് കാലത്ത് തുടർച്ചയായി വഹിച്ചുകൊണ്ടിരിക്കുന്ന പങ്കുമെല്ലാം നമ്മുടെ നാട്ടിലെ ജനങ്ങളാകെ അങ്ങേയറ്റം മാതൃകാപരമായി കാണുന്ന ഒന്നാണ്. ഭക്ഷണമെത്തിക്കുന്നതിനും മരുന്ന് എത്തിക്കുന്നതിനും മറ്റ് എല്ലാ

രക്ഷാപ്രവർത്തനങ്ങളിലും സജീവമായി ഒരു ജനകീയ സേനാ സംവിധാനമെന്ന നിലയിൽ പ്രവർത്തിക്കാൻ പോലീസിന് കഴിഞ്ഞു എന്നതാണ് കാണാൻ കഴിയുന്ന പ്രത്യേകത. ആ നേട്ടം തുടർന്നും മുന്നോട്ട് കൊണ്ടുപോകുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമായിരിക്കും. ഇവിടെ ചർച്ചകളിൽ പ്രധാനമായും ഉയർന്നുവന്നത് പോലീസിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള കാര്യങ്ങളല്ല. പോലീസ് സംവിധാനത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള ചില നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. അത് സ്വാഭാവികമായും സ്വീകരിക്കുന്നതാണ്. അതുമായി ബന്ധപ്പെട്ട് ആവശ്യമായ ഇടപെടൽ നടത്തുന്നതുമാണ്. ഒരു പ്രധാന പ്രശ്നമായി ഇവിടെ ഉയർന്നുവന്നത് സ്വർണക്കള്ളക്കടത്തുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ അറിയാത്തതുകൊണ്ടാണോ അജ്ഞത നടിക്കുന്നത് എന്നറിയില്ല. നമ്മുടെ രാജ്യാന്തര അതിർത്തി കടന്ന, കസ്റ്റംസ് ഡ്യൂട്ടി അടയ്ക്കാതെ കൊണ്ടുവരുന്ന സാധന-സാമഗ്രികളെയാണല്ലോ കള്ളക്കടത്ത് വഴി കൊണ്ടുവരുന്നു എന്ന് സാധാരണയായി പറയുന്നത്. ഇത് നിയന്ത്രിക്കാനുള്ള സമ്പൂർണ അധികാരവും അവകാശവും കേന്ദ്ര സർക്കാരിനാണ്. ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിൽ യൂണിയൻ

ലിസ്റ്റിലാണ് കസ്റ്റംസ് ഉൾപ്പെടുന്നത്. യൂണിയൻ ലിസ്റ്റിലെ ഇനം 83 പ്രകാരമാണ് കസ്റ്റംസ് ഡ്യൂട്ടി ചുമത്തപ്പെടുന്നത്. കസ്റ്റംസ് ഡ്യൂട്ടി വെട്ടിപ്പ് തടയുന്നതിനാണ് കസ്റ്റംസ് പ്രിവന്റീവ് യൂണിറ്റ്, ഡയറക്ടറേറ്റ് ഓഫ് റവന്യൂ ഇന്റലിജൻസ് എന്നീ വകുപ്പുകൾ കേന്ദ്ര ധനമന്ത്രാലയത്തിന്റെ ഭാഗമായുള്ളത്. അതുകൊണ്ടുതന്നെ സ്വർണക്കള്ളക്കടത്ത് ഇല്ലാതാക്കുന്നതിന് കേന്ദ്ര സർക്കാരിനും അതിന്റെ ഏജൻസികൾക്കുമാണ് അധികാരം. ആ അധികാരം സംസ്ഥാന സർക്കാരിനല്ല. ഇവയുടെ മേൽനോട്ടം മറികടന്നുകൊണ്ട് വിമാനത്താവളങ്ങൾക്ക് പുറത്ത് ഡ്യൂട്ടി അടയ്ക്കാതെ കൊണ്ടുവരുന്ന സ്വർണത്തിന്റെ വിറ്റഴിക്കൽ പല തരത്തിലുള്ള ക്രമസമാധാന പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട് എന്നത് വസ്തുതയാണ്. ഇതിന്റെ അടിസ്ഥാന കാരണം കേന്ദ്ര സർക്കാർ വകുപ്പായ കസ്റ്റംസിന്റെ കണ്ണ് വെട്ടിച്ചുകൊണ്ട് സ്വർണക്കടത്ത് നടത്താൻ ആസൂത്രിത സംഘങ്ങൾക്ക് കഴിയുന്നു എന്നതാണ്. ഇത്തരത്തിൽ കടത്തിക്കൊണ്ടുവരുന്ന സ്വർണം കൈക്കലാക്കാൻ ഗുണ്ടാ സംഘങ്ങൾ തയ്യാറെടുക്കുകയും അതുകാരണം ചില അക്രമ സംഭവങ്ങൾ ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. ഇത്തരം ക്രിമിനൽ ഗുണ്ടാ സംഘങ്ങളുടെ പ്രവർത്തനത്തെ നിയമത്തിന്റെ നിലവിലുള്ള എല്ലാ

വ്യവസ്ഥകളും പാലിച്ചുകൊണ്ട് സംസ്ഥാന സർക്കാർ ശക്തമായി നേരിടുന്ന രീതിയാണ് സ്വീകരിക്കുന്നത്. ഇപ്പോൾത്തന്നെ ഇതുസംബന്ധിച്ച് വിശദമായ അന്വേഷണം പോലീസ് നടത്തിക്കൊണ്ടിരിക്കുകയാണ്. 21.06.2021-ന് രാമനാട്ടുകരയിൽവച്ചുണ്ടായ അപകടത്തിൽ അഞ്ച് യുവാക്കൾ കൊല്ലപ്പെട്ട സംഭവത്തിൽ ഫറോക്ക് പോലീസ് സ്റ്റേഷനിൽ IPC 379, 304(A) വകുപ്പുകൾ പ്രകാരം Cr. 342/2021 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. തുടർന്ന് മറ്റ് ഒൻപത് പേരെ പ്രതികളാക്കി IPC 399 വകുപ്പ് പ്രകാരം കരിപ്പൂർ പോലീസ് സ്റ്റേഷനിൽ Cr. 175/2021 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിൽ ഒൻപതുപേരടങ്ങുന്ന പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചിട്ടുണ്ട്. തുടർന്ന് അഞ്ചുപേരെക്കൂടി ഉൾപ്പെടുത്തി അന്വേഷണ സംഘം വിപുലപ്പെടുത്തി. പതിനെട്ട് പ്രതികളെ തിരിച്ചറിഞ്ഞിട്ടുണ്ട്, പതിനാറ് പേരെ അറസ്റ്റ് ചെയ്ത് നിയമനടപടി സ്വീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് ചെയ്യാനാകുന്ന എല്ലാ കാര്യങ്ങളും ചെയ്തുകൊണ്ടിരിക്കുന്നു എന്നാണ് ഇതെല്ലാം വ്യക്തമാക്കുന്നത്. ഇവിടെ ചർച്ചയിൽ ചില പേരുകൾ പരാമർശിച്ചവരെയെല്ലാം നിയമത്തിന് മുന്നിൽ കൊണ്ടുവന്നത് പോലീസ്

നടപടിയാണ് എന്നതും മറക്കരുത്. കള്ളക്കടത്ത് നടത്തുന്നത് കേന്ദ്ര നിയമത്തിന്റെ ലംഘനമാണെങ്കിലും അതിനെത്തുടർന്ന് ഇവിടെ നടത്തുന്ന കുറ്റകൃത്യങ്ങൾ തടയാൻ സംഘടിത കുറ്റകൃത്യങ്ങൾ തടയൽ നിയമം കൊണ്ടുവരാൻ സാധിക്കുമോ എന്നത് സംസ്ഥാന സർക്കാർ ഗൗരവമായി ആലോചിച്ച് വരികയുമാണ്. ചിലരെ സി.പി.ഐ.(എം.) പുറത്താക്കിയ കാര്യം ഇവിടെ ചർച്ചയിൽ പറയുകയുണ്ടായി. ഇത്തരം കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ടവർ പാർട്ടിയുമായി ബന്ധപ്പെട്ടവരല്ല എന്ന കാര്യം വ്യക്തമാക്കുകയാണുണ്ടായത്. എന്നാൽ ഇത്തരത്തിലൊരു നിലപാട് സ്വീകരിക്കാൻ കഴിയുന്നുണ്ടോ എന്നത് ഈ വിമർശനം ഉന്നയിച്ചവർ സ്വയം വിമർശനപരമായി പരിശോധിക്കുന്നത് നല്ലതാണ്. ആരെയെങ്കിലും ജനങ്ങളുടെ മുന്നിൽ തുറന്നുകാണിക്കാൻ നിങ്ങൾ ഏതെങ്കിലും ഘട്ടത്തിൽ തയ്യാറായിട്ടുണ്ടോ? ഗുണ്ടാ-ലഹരി മാഫിയകളുടെ പ്രവർത്തനം തടയുന്നതിന് ശക്തമായ നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിക്കുന്നത്. ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ ആ കാര്യം പരാമർശിക്കുകയുണ്ടായി. IPC-യിലെയും NDPS (Narcotic Drugs and Psychotropic Substances)Act-ലെയും വിവിധ വകുപ്പുകൾ പ്രകാരം കേസ്

രജിസ്റ്റർ ചെയ്ത് പ്രതികളെ അറസ്റ്റ് ചെയ്ത് നിയമ നടപടികൾക്ക് വിധേയമാക്കുന്നുണ്ട്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 305 പേരെ KAAPA (Kerala Anti-social Activities (Prevention) Act) 'എ' നിയമത്തിലെ 3-ാം വകുപ്പ് പ്രകാരം കരുതൽ തടങ്കലിൽ പാർപ്പിച്ചിട്ടുണ്ട്, 36 പേർക്കെതിരെ നടപടി സ്വീകരിച്ചും വരുന്നുണ്ട്. ഇവിടെ അദ്ദേഹം മലപ്പുറത്ത് പെരിന്തൽമണ്ണയിലുണ്ടായ ഒരു പ്രശ്നം ചൂണ്ടിക്കാണിക്കുകയുണ്ടായി. പെരിന്തൽമണ്ണ താഴേക്കോട് സ്വദേശി കുമ്മിണി എന്ന് വിളിക്കുന്ന സുഹൈൽ എന്നയാൾ അസമയത്ത് വാതിലിൽ മുട്ടിയെന്നും മര്യാദയില്ലാതെ സംസാരിച്ചുവെന്നുമുള്ള കാര്യത്തിന് പെരിന്തൽമണ്ണ സ്വദേശിനി 10-07-2021-ന് സ്റ്റേഷനിൽ എത്തിയിരുന്നു. എന്നാൽ നിയമ നടപടി ആവശ്യമില്ലെന്ന് ഇവർ പറഞ്ഞതുപ്രകാരം പ്രതിയെ താക്കീത് ചെയ്ത് വിട്ടു. തുടർന്ന് മാധ്യമങ്ങളിലൂടെയുള്ള വെളിപ്പെടുത്തലിലാണ് ലൈംഗികാതിക്രമം എന്ന ആരോപണം വരുന്നത്. അതിനെത്തുടർന്ന് സുഹൈലിനെതിരെ POCSO (Protection of Children from Sexual Offences) ആക്ട് ഉൾപ്പെടെയുള്ളവ ചുമത്തി ക്രൈം നം. 573/2021 ആയി കേസ് രജിസ്റ്റർ ചെയ്ത് തുടർനടപടി സ്വീകരിച്ചിട്ടുണ്ട്. കുട്ടിയെ

മനഃശാസ്ത്രജ്ഞനെക്കൊണ്ട് കൗൺസിലിംഗ് നടത്തിയിട്ടുണ്ട്. മൊഴിയിൽ വ്യക്തത വരുത്തി കേസ് മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള നടപടിയാണ് പോലീസ് സ്വീകരിക്കുന്നതെന്നാണ് അവരുടെ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുള്ളത്. കസ്റ്റഡി മരണത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ നിയമപ്രകാരമുള്ള നടപടികൾ പാലിച്ചുകൊണ്ട് നിയമ നടപടികളും വകുപ്പുതല നടപടികളും സ്വീകരിക്കുകയാണ് ചെയ്യുന്നത്. ഇതുകൂടാതെ റിപ്പോർട്ട് ആകുന്ന എല്ലാ കസ്റ്റഡിമരണ കേസ്സുകളുടെയും അന്വേഷണം സി.ബി.ഐ.-യ്ക്ക് വിടാൻ സർക്കാർ നേരത്തെതന്നെ തീരുമാനിച്ചതാണ്. കസ്റ്റഡിയിലുള്ളവരെ പീഡിപ്പിക്കുന്നത് ഒഴിവാക്കാൻ എല്ലാ പോലീസ് സ്റ്റേഷനുകളിലും സിസിടിവി ക്യാമറകൾ സ്ഥാപിക്കാനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. ബഹുഭൂരിപക്ഷം പോലീസ് സ്റ്റേഷനുകളിലും ഇത് പൂർത്തീകരിച്ചിട്ടുണ്ട്.

സ്ത്രീ സുരക്ഷയെ സംബന്ധിച്ചുള്ള കാര്യങ്ങൾ ചിലർ ചർച്ചയിൽ ഉയർത്തിക്കൊണ്ടുവന്നിരുന്നു. ഇക്കാര്യത്തിൽ വ്യക്തമായ പദ്ധതിയാണ് സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. സ്ത്രീ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ഏതൊക്കെ ആളുകളെ സംബന്ധിച്ച് എന്തെല്ലാം ആരോപണങ്ങൾ

വന്നിട്ടുണ്ട് എന്നുള്ള കാര്യത്തിലേയ്ക്കൊന്നും ഇപ്പോൾ ഞാൻ കടക്കുന്നില്ല. സംസ്ഥാനത്ത് സ്ത്രീ സുരക്ഷയ്ക്ക് അതീവ പ്രാധാന്യം കൊടുത്തുകൊണ്ട് നിരവധി പദ്ധതികൾ കേരള പോലീസ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വനിതാ പോലീസ് സ്റ്റേഷൻ, വനിതാ സെൽ, വനിതാ ബറ്റാലിയൻ, അപരാജിത, പിങ്ക് പോലീസ്, നിഴൽ, വനിതാ സ്വയം പ്രതിരോധ സംഘം, വനിതാ ബീറ്റ് ഓഫീസർമാർ എന്നിവയെല്ലാം സ്ത്രീ സുരക്ഷ മുൻനിർത്തി പോലീസ് നടപ്പാക്കിയ പദ്ധതികളാണ്. സ്ത്രീധനവുമായി ബന്ധപ്പെട്ട ഉപദ്രവങ്ങൾ, സൈബർ ലോകത്തെ അതിക്രമങ്ങൾ, പൊതുഇടങ്ങളിലെ അവഹേളനങ്ങൾ തുടങ്ങി സ്ത്രീകൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേരള പോലീസ് രൂപം നൽകിയ പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട് 2021 ജൂലൈ 19-ന് നിലവിൽ വന്നു. പൊതുനിരത്തുകളിൽ സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പുവരുത്തുന്നതിനായി നടപ്പിലാക്കിയ പദ്ധതിയാണ് പിങ്ക് പോലീസ് പട്രോൾ. ക്യാമറ, ജി.പി.എസ്. എന്നിങ്ങനെ ആധുനിക സൗകര്യങ്ങളോടുകൂടിയ വാഹനങ്ങളാണ് പിങ്ക് പോലീസിനായി നൽകിയിട്ടുള്ളത്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ

തടയുന്നതിന് അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ കേരള പോലീസ് ആവിഷ്കരിച്ച പദ്ധതിയാണ് വനിതാ സ്വയം പ്രതിരോധ സംഘം. സ്കൂൾ, കോളേജ്, റസിഡന്റ്സ് അസോസിയേഷൻ, കുടുംബശ്രീ യൂണിറ്റുകൾ മുതലായ സ്ഥലങ്ങളിൽ കേരള പോലീസിന്റെ വനിതാ സ്വയം പ്രതിരോധ സംഘം സൗജന്യ ക്ലാസ്സുകൾ ലഭ്യമാക്കുന്നു. കേരളത്തിലെ 19 പോലീസ് ജില്ലകളിലും വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ സേവനം ഇത്തരം പരിശീലനങ്ങൾക്ക് പൂർണ്ണമായും സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ട്. ഗാർഹിക പീഡനം, സ്ത്രീധനം തുടങ്ങിയവയുമായി ബന്ധപ്പെട്ട പരാതികൾ സ്വീകരിക്കുന്നതിന് പ്രത്യേക സംവിധാനം പോലീസ് ഒരുക്കിയിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ നേരിടുന്ന ആർക്കും മേൽവിലാസത്തിൽ പരാതി നൽകാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. 1500-ഓളം പരാതികളാണ് ഇതിൽ വന്നിട്ടുള്ളത്. 250-ഓളം പരാതികൾ സ്ത്രീധനവുമായി ബന്ധപ്പെട്ടതാണ്. ഇക്കാര്യങ്ങളിൽ ഇടപെട്ടുകൊണ്ട് മുന്നോട്ടുപോകുന്ന നടപടി സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരത്ത് പോലീസ് ആസ്ഥാനത്ത് പോലീസ് കമാൻഡ് സെന്റർ കേന്ദ്രമായാണ് ഈ പ്രത്യേക സംവിധാനത്തിന്റെ പ്രവർത്തനം നടക്കുന്നത്.

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ അന്വേഷിക്കുന്നതിനും മേൽനടപടികൾ സ്വീകരിക്കുന്നതിനുമായി സംസ്ഥാനതലത്തിൽ സ്റ്റേറ്റ് വനിതാ സെൽ പ്രവർത്തിച്ചുവരുന്നു. ഇതേ ലക്ഷ്യത്തോടുകൂടി ജില്ലകളിലും വനിതാ സെൽ ഉണ്ട്. കൂടാതെ എല്ലാ ജില്ലകളിലും ഒരു വനിതാ പോലീസ് സ്റ്റേഷൻ വീതവും സ്ഥാപിച്ചിട്ടുണ്ട്. സാധാരണ ലോക്കൽ പോലീസ് സ്റ്റേഷനുള്ള അധികാരങ്ങൾ തന്നെയാണ് വനിതാ പോലീസ് സ്റ്റേഷനും നൽകിയിരിക്കുന്നത്. നിലവിലെ വനിതാ പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ, നാളിതുവരെ എൻ.ജെ.ഡി. ഉൾപ്പെടെ 770 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പോലീസ് കോൺസ്റ്റബിൾ തസ്തികയിലെ ഒഴിവുകൾക്കുപുറമെ പ്രൊമോഷൻ തസ്തികകളിലുണ്ടാകാവുന്ന ഒഴിവുകളും പൂർണ്ണമായും ഉൾപ്പെടുത്തി റിപ്പോർട്ട് ചെയ്യുകയാണുണ്ടായത്. റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിൽ 736 ശിപാർശകൾ പി.എസ്.സി.-യിൽനിന്നും ലഭിച്ചതിൽ 551 പേർ പരിശീലനം നേടിവരുന്നു. യഥാസമയം ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള സർക്കാർ നടപടിയുടെ ഭാഗമായി ഒഴിവുകൾ സംബന്ധിച്ചുള്ള പരിശോധന എല്ലാ ആഴ്ചയും പോലീസ് ആസ്ഥാനത്ത് നടന്നുവരുന്നു. അന്തിമമായ വിശകലനം നടത്തി അന്യത്രസേവനം,

ദീർഘകാല അവധി തുടങ്ങിയവ പരിശോധിച്ച് ഒഴിവുകൾ കണ്ടെത്തി പൂർണ്ണമായും റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്യുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2016-ൽ കഴിഞ്ഞ സർക്കാർ അധികാരമേൽക്കുമ്പോൾ പോലീസ് സേനയിലെ വനിതകളുടെ അംഗബലം 6% ആയിരുന്നു. പുതിയ റിക്രൂട്ട്മെന്റ് പൂർത്തിയാകുമ്പോൾ വനിതകളുടെ അംഗബലം 9.61% ആകും. പടിപടിയായി പതിനഞ്ച് ശതമാനമായി ഉയർത്താനുള്ള നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. പോലീസിന്റെ പൊതുജനങ്ങളോടുള്ള പെരുമാറ്റത്തെക്കുറിച്ച് ബഹുമാന്യനായ ഒരു അംഗം ഇവിടെ പരാമർശിക്കുകയുണ്ടായി. പോലീസിനെ ആധുനികവത്കരിക്കുന്നതിനും ജനാധിപത്യ മൂല്യങ്ങൾ കൂടുതൽ ഉൾക്കൊണ്ടുകൊണ്ട് മുന്നോട്ടുപോകുന്നതിനും ഉതകുന്ന തരത്തിൽ പോലീസ് പരിശീലനത്തെ മാറ്റിയെടുക്കാനായിട്ടുണ്ട്. പോലീസ് സബ് ഇൻസ്പെക്ടർ, കോൺസ്റ്റബിൾ, എന്നിവരുടെ പരിശീലനത്തിലാണ് ഈ മാറ്റങ്ങൾ വരുത്തിയത്. ആ നടപടി ഇനിയും തുടരും. പൊതുജനങ്ങൾക്കും സമൂഹത്തിന്റെ താഴേത്തട്ടിലുള്ള അവശ വിഭാഗങ്ങൾക്കും സ്ത്രീകൾക്കും കുട്ടികൾക്കും നീതി ലഭിക്കുക എന്ന ലക്ഷ്യത്തോടെ പരിശീലനാർത്ഥികളുടെ

മനോഭാവത്തിൽ കാതലായ മാറ്റമുണ്ടാക്കുന്നതിന് ഉതകുന്ന തരത്തിലാണ് ഈ മാറ്റം വരുത്തിയത്. പോലീസിന് പൊതുജനങ്ങളുമായുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കൃത്യനിർവ്വഹണം സുഗമമാക്കുന്നതിനും പോലീസ്-പൊതുജന ബന്ധം മെച്ചപ്പെടുത്തുന്നതിനും സോഫ്റ്റ് സ്കിൽ മൊഡ്യൂളുകൾ ഉൾപ്പെടുത്തി പരിശീലനങ്ങൾ നൽകിവരുന്നുണ്ട്. സബ് ഇൻസ്പെക്ടർ ട്രെയിനികളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അവരുടെ പ്രാക്ടിക്കൽ ട്രെയിനിംഗ് കാലാവധി പത്തര മാസമായി ഉയർത്തി. മുൻകാലത്ത് പരിശീലകരെ ഉൾപ്പെടുത്തിയിരുന്നില്ല. ആ രീതിക്ക് മാറ്റം വന്നിട്ടുണ്ട്. വനിതാ പരിശീലകർ പുരുഷ-വനിതാ ട്രെയിനികൾക്ക് പരിശീലനം നൽകിവരുന്ന സ്ഥിതിയുണ്ടാക്കിയിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ വളർന്നുവരുന്ന അതിക്രമങ്ങളുടെ പശ്ചാത്തലത്തിൽ ഇത്തരം കേസ്സുകൾ കൈകാര്യം ചെയ്യുമ്പോൾ ഇരയുടെ ഭാഗത്തുനിന്ന് ചിന്തിച്ചുകൊണ്ട് അവർക്ക് പരമാവധി പരിരക്ഷ നൽകുന്നതിനുള്ള പരിശീലനം പോലീസുദ്യോഗസ്ഥർക്ക് നൽകിവരുന്നുണ്ട്.

സൈബർ ക്രൈം, സാമ്പത്തിക കുറ്റകൃത്യങ്ങൾ, മനുഷ്യക്കടത്ത്, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമം തുടങ്ങിയവ ഫലപ്രദമായി

തടയുന്നതിനുള്ള പാഠ്യപദ്ധതികൾ സബ് ഇൻസ്പെക്ടർമാരുടെ പുതുക്കിയ സിലബസ്സിൽ ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ പ്രസ്തുത വിഷയങ്ങളിൽ പ്രാവീണ്യമുള്ള നാഷണൽ പോലീസ് അക്കാഡമി പോലെയുള്ള സ്ഥാപനങ്ങളിലെ അദ്ധ്യാപകരുടെ സേവനവും ഉപയോഗപ്പെടുത്താറുണ്ട്. ഐ.ടി. ട്രെയിനിംഗ്, സി.സി.റ്റി.എൻ.എസ്. (Crime and Criminal Tracking Network and Systems), സൈബർ ഫോറൻസിക്, സൈബർ ക്രൈം, ഡിസ്ക് ഫോറൻസിക് തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തിയും Bureau of Police Research and Development (BPRD), MHA, National Police Academy എന്നീ സ്ഥാപനങ്ങളിലെ വിദഗ്ദ്ധരുമായി സഹകരിച്ചും നിരവധി ട്രെയിനിംഗ് കോഴ്സുകൾ നൽകിവരുന്നുണ്ട്. ട്രെയിനിംഗിനും തുടർന്നുള്ള പോലീസ് സേവനങ്ങൾക്കുമുള്ള ന്യൂനതകൾ കണ്ടെത്തി മാറ്റം വരുത്തുന്നതിലേയ്ക്കായി ഒരു റിസർച്ച് ആന്റ് പബ്ലിക്കേഷൻ വിംഗ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നിയമപരമായ ക്രമസമാധാന പ്രശ്നങ്ങളെ ജനാധിപത്യപരമായി നേരിടുന്നതിനും പൗരന്മാരുടെ മനുഷ്യാവകാശം സംരക്ഷിച്ചുകൊണ്ടുള്ള പോലീസ് പ്രവർത്തനങ്ങൾക്കുംവേണ്ടിയുള്ള പ്രായോഗിക പരിശീലനം കേരള

പോലീസ് അക്കാഡമിവഴി പരിശീലനാർത്ഥികൾക്ക് നൽകിവരുന്നുണ്ട്. പോലീസ് അക്കാഡമിയിൽ ക്ലാസ്സുകൾ ഇ-ലേണിംഗ് മൊഡ്യൂളിലേയ്ക്ക് മാറ്റിവരുന്നതും അക്കാഡമിയിലെ എല്ലാ പരീക്ഷകളും ഓൺലൈൻ ആക്കിയിട്ടുള്ളതുമാണ്. പരിശീലനാർത്ഥികൾക്ക് പാഠ്യവിഷയങ്ങളുടെ നോട്ടുകളും മറ്റും സ്മാർട്ട് ഫോൺവഴി നൽകിവരുന്നുണ്ട്. നിയമ വിഷയങ്ങളിലും ശാസ്ത്രവിഷയങ്ങളിലും ലഭ്യമായിട്ടുള്ള എല്ലാ പ്രധാന ഓൺലൈൻ ജേണലുകളും ഇലക്ട്രോണിക് ബുക്കുകളും ട്രെയിനിംഗ് വീഡിയോകളും ട്രെയിനികൾക്ക് ലഭ്യമാകുന്ന വിധത്തിൽ കേരള പോലീസ് അക്കാഡമി ക്യാമ്പസിൽ wi-fi സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. വർദ്ധിച്ചുവരുന്ന തീവ്രവാദ മാവോയിസ്റ്റ് ഭീഷണി ഉയർത്തുന്ന വെല്ലുവിളികളെ നേരിടുന്നതിന് പോലീസ് ഉദ്യോഗസ്ഥരെ പ്രാപ്തരാക്കുന്നതിനുവേണ്ടി കേരള പോലീസ് അക്കാഡമിയിൽ Counter-IED training centre പ്രവർത്തനം ആരംഭിച്ചു. വിവിധതരം സ്ഫോടക വസ്തുക്കൾ കണ്ടെത്തുന്നതിനും സുരക്ഷിതമായി കൈകാര്യം ചെയ്യുന്നതിനും അവ നിർവ്വീര്യമാക്കുന്നതിനുമുള്ള സംസ്ഥാനത്തിലെ ആദ്യ സംയോജിത പരിശീലന കേന്ദ്രമാണിത്. പോലീസ് കോൺസ്റ്റബിൾമാരുടെ

ട്രെയിനിംഗിനായി രണ്ട് ട്രെയിനിംഗ് സെന്ററുകൾ, ആർമറർ ട്രെയിനിംഗ് സ്കൂൾ, ഇന്റലിജൻസ് ട്രെയിനിംഗ് സ്കൂൾ എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ ജില്ലാ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കാൻ 280 ലക്ഷം രൂപയും ഇന്റഗ്രേറ്റഡ് ട്രെയിനിംഗ് സെന്റർ നിർമ്മിക്കാനായി 6 കോടി രൂപയും ട്രെയിനിംഗ് സംബന്ധമായ അടിസ്ഥാന സൗകര്യ വികസനത്തിന് കേരള പോലീസ് അക്കാഡമിക്ക് 3.50 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. പോലീസ് സേനാംഗങ്ങൾക്ക് മെച്ചപ്പെട്ട പരിശീലനം ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടെ ഇന്റഗ്രേറ്റഡ് പോലീസ് റിക്രൂട്ട് ട്രെയിനിംഗ് സെന്റർ രൂപീകരിച്ചിട്ടുണ്ട്. ഇൻസ്പെക്ടർമാരുടെ കേഡറിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിനുമുമ്പ് എല്ലാ സബ് ഇൻസ്പെക്ടർമാരും നിർബന്ധിത പ്രീ-പ്രൊമോഷൻ പരിശീലന പരിപാടിക്ക് വിധേയമാകുന്നത് ഉചിതമായിരിക്കുമെന്ന് മനസ്സിലാക്കി വിവിധ വിഷയങ്ങളിൽ എസ്.ഐ.-മാർക്ക് കേരള പോലീസ് അക്കാഡമി (KEPA), പോലീസ് ട്രെയിനിംഗ് കോളേജ് എന്നീ സ്ഥാപനങ്ങളിൽവച്ച് പ്രീ-പ്രൊമോഷൻ ട്രെയിനിംഗ് നടത്തുന്നതിനായി നിർദ്ദേശവും നൽകിയിട്ടുണ്ട്.

പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടിവേണമെന്ന് ചില അംഗങ്ങൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്തുന്നതിനുമായി സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ഇൻസ്പെക്ടർ-എസ്.എച്ച്.ഒ. സംവിധാനം ഏർപ്പെടുത്തുകയും എസ്.എച്ച്.ഒ.-യുടെ കീഴിൽ ക്രമസമാധാനത്തിന് പ്രത്യേകമായും ക്രൈം ഇൻവെസ്റ്റിഗേഷന് പ്രത്യേകമായും ചുമതല നൽകി ഓരോ സബ് ഇൻസ്പെക്ടർമാരെ നിയമിക്കുകയും ക്രൈം ഇൻവെസ്റ്റിഗേഷൻ സബ് ഇൻസ്പെക്ടറുടെ കീഴിൽ ഇൻവെസ്റ്റിഗേഷൻ ടീം പ്രവർത്തിച്ചുവരികയും ചെയ്യുകയാണ്. പോലീസുകാരുടെ ജോലിഭാരം വർദ്ധിക്കുന്നുവെന്ന പ്രശ്നം ബഹുമാന്യനായ ഒരംഗം ചൂണ്ടിക്കാണിക്കുകയുണ്ടായി. പോലീസ് ഉദ്യോഗസ്ഥരുടെ ജോലിഭാരം ലഘൂകരിക്കുന്നതിനായി പോലീസ് സ്റ്റേഷനിൽ പ്രവൃത്തിയെടുത്തുവരുന്ന പോലീസ് ഉദ്യോഗസ്ഥരുടെ പ്രവർത്തന സമയം 8 മണിക്കൂറായി നിജപ്പെടുത്താൻ സർക്കാർ തത്വത്തിൽ തീരുമാനിക്കുകയും ഘട്ടംഘട്ടമായി സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ ടി സമയക്രമം നടപ്പിലാക്കിവരികയുമാണ്. പോലീസിന്റെ

ജോലിഭാരം കുറയ്ക്കുന്നതിനായി സേനയുടെ അംഗബലത്തിലും വർദ്ധനവുണ്ടാക്കിയിട്ടുണ്ട്. ആയതിനായി മുൻ സർക്കാരിന്റെ കാലയളവിൽ 4193 സ്ഥിരം തസ്തികകളും 853 താൽക്കാലിക തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന വ്യവസായ സംരക്ഷണ സേനയിൽ 100 സ്ഥിരം തസ്തികകൾ സൃഷ്ടിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുമുണ്ട്. ഈ സർക്കാർ അധികാരത്തിലെത്തിയശേഷം 49 തസ്തികകൾ പോലീസ് വകുപ്പിൽ സൃഷ്ടിച്ചിട്ടുണ്ട്. പോലീസ് സംവിധാനത്തെ ആധുനികവൽക്കരിക്കുന്നതിനുള്ള പദ്ധതികൾ പോലീസ് രംഗത്ത് നടപ്പിലാക്കിയിട്ടുണ്ട്. അതനുസരിച്ച് പോലീസിന്റെ സാങ്കേതിക വൈദഗ്ധ്യം വികസിപ്പിക്കുന്ന പദ്ധതികൾക്ക് ഇക്കാലയളവിൽ സർക്കാർ നേതൃത്വം നൽകിയിട്ടുമുണ്ട്. വിവിധ പോലീസ് പ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്നതിനുള്ള ഉപകരണങ്ങൾ വികസിപ്പിക്കുന്നതിന് കൃത്രിമബുദ്ധി സാങ്കേതികവിദ്യയ്ക്ക് നിർണ്ണായക പങ്കുണ്ട്. ഡാറ്റകൾ, ഫോട്ടോഗ്രാഫുകൾ, സി.സി.ടി.വി. ഫൂട്ടേജുകൾ, കുറ്റകൃത്യവുമായി ബന്ധപ്പെട്ട രേഖകൾ, തെളിവ് ഫയലുകൾ തുടങ്ങിയവ അതിവേഗം വിശകലനം ചെയ്യാൻ ഈ സാങ്കേതികവിദ്യമൂലം സാധിക്കുന്നതുകൊണ്ട് കേസ്സന്വേഷണങ്ങൾ ഫലപ്രദമാക്കാനും പഴുതില്ലാത്ത

കുറ്റപത്രം തയ്യാറാക്കാനും സാധിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ഡ്രോൺ സാങ്കേതികവിദ്യയെയും അതിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റത്തെയുംകുറിച്ച് പഠിക്കുക എന്ന ലക്ഷ്യത്തോടെ ഒരു ഡ്രോൺ ഫോറൻസിക് ആന്റ് റിസർച്ച് സെന്റർ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. Unmanned aerial vehicles അല്ലെങ്കിൽ ഡ്രോണുകളുമായി ബന്ധപ്പെട്ട എല്ലാ ഉപകരണങ്ങളും സാങ്കേതികമായും ശാസ്ത്രീയമായും പരിശോധിക്കുന്ന ഇടമാക്കി മാറ്റാനും അന്വേഷണ ഏജൻസികൾക്ക് രാജ്യത്തിന്റെ സുരക്ഷയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ചുണ്ടാകുന്ന ഭീഷണി ചെറുക്കാനും കുറ്റകൃത്യവുമായി ബന്ധപ്പെട്ട വിഷയങ്ങളിന്മേൽ ആവശ്യവും ശാസ്ത്രീയവുമായ തെളിവ് നൽകാനും ഈ സ്ഥാപനത്തിന് കഴിയും. ഡ്രോൺ ഉപയോഗിച്ചുള്ള ആക്രമണങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഡ്രോണിന്റെ സഞ്ചാരപഥവും മറ്റ് വിവരങ്ങളും ശാസ്ത്രീയമായി പരിശോധിക്കുന്നതിന് കേരള പോലീസ് സൈബർ ഡോമിന്റെ നേതൃത്വത്തിൽ ഡ്രോൺ ഫോറൻസിക് ലാബ് ആരംഭിക്കുന്നു. പൊതുജനങ്ങൾക്ക് മികച്ച സേവനം നൽകാൻ സാധിക്കുന്നവിധം സ്മാർട്ട് പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇലക്ട്രോണിക്

ഉപകരണംവഴി പരാതി നൽകാം. ഒരു സ്മാർട്ട് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള താൽക്കാലിക എസ്റ്റിമേറ്റ് ഏകദേശം 300 ലക്ഷം രൂപ വരും. ഓൺലൈനായി പോലീസിന് പരാതിയും അപേക്ഷയും നൽകുന്ന സംവിധാനം വിപുലപ്പെടുത്തും. പോലീസ് സ്വീകരിച്ച നടപടികൾ പോലീസ് പോർട്ടലിൽനിന്നുതന്നെ ഡൗൺലോഡ് ചെയ്യാൻപറ്റുന്ന സംവിധാനം ശക്തിപ്പെടുത്തികൊണ്ട്, പോലീസ് സ്റ്റേഷനിൽ പോകാതെ ജനങ്ങൾക്ക് പരാതികൾ നൽകാനും അതിന്റെ നടപടികൾ മനസ്സിലാക്കാനും കഴിയുന്ന സാഹചര്യമുണ്ടാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. കൂടുതൽ പോലീസ് സ്റ്റേഷനുകൾ സൃഷ്ടിക്കുകയെന്നതല്ല, മറിച്ച് നിലവിലുള്ള സ്റ്റേഷനുകളിൽ ആധുനികവൽക്കരണത്തിലൂടെ എല്ലാവരുടെയും പരാതികൾ പരിഹരിക്കുന്നതിനുള്ള സംവിധാനമാക്കി മാറ്റാനാണ് ഉദ്ദേശിക്കുന്നത്. കേരള ജനതയ്ക്ക് സുരക്ഷിതവും കാര്യക്ഷമവുമായ ഗതാഗത സംവിധാനങ്ങൾ ഒരുക്കുന്നതിനായി കേരള പോലീസ് അതിനൂതന സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തി നടപ്പിൽവരുത്തുന്ന സംവിധാനമാണ് ഇന്റഗ്രേറ്റഡ് ഡിജിറ്റൽ ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം. മനുഷ്യവിഭവശേഷി പരമാവധി കുറച്ചുകൊണ്ട് കൂടുതലായും അത്യാധുനിക ഓട്ടോമേറ്റഡ്

സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തി റോഡ് നിയമങ്ങളും ചട്ടങ്ങളും പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്താനാണ് കേരള പോലീസ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. നിയമാനുസൃതമായ വേഗതാപരിധിയിൽ കവിഞ്ഞ് വാഹനം ഓടിക്കുകയോ ഗതാഗത സിഗ്നലുകൾ ലംഘിച്ച് വാഹനം ഓടിക്കുന്നതുമൂലമോ ട്രാഫിക് നിയമങ്ങൾ ലംഘിക്കുന്ന ഡ്രൈവർമാരെ തിരിച്ചറിയുകയും പിഴ ചുമത്തുകയും ചെയ്യുന്നതിലൂടെ റോഡുകൾ സുരക്ഷിതമാക്കുകയെന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം.

സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന പശ്ചാത്തലത്തിൽ അവ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനും സൈബർ കുറ്റാന്വേഷണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി 19 സൈബർ പോലീസ് സ്റ്റേഷനുകൾ, 3 സൈബർ ഡോമുകൾ, ഹൈടെക് സൈബർ ക്രൈം എൻക്വറി സെൽ എന്നിവ കൂട്ടിച്ചേർത്ത് ഒരു സൈബർ ക്രൈം ഇൻവെസ്റ്റിഗേഷൻ ഡിവിഷൻ (സി.സി.ഐ.ഡി.) ആരംഭിക്കുന്നതിനും സേനയ്ക്കുള്ളിൽ സൈബർ സംബന്ധമായ പ്രവർത്തനങ്ങൾക്ക് ടെക്നിക്കൽ സപ്പോർട്ട് നൽകുന്നതിനായി ഒരു cyber operations and security division

ആരംഭിക്കുന്നതിനുമുള്ള നടപടികൾ പരിശോധിച്ചുവരികയാണ്. ഡാർക്ക് നെറ്റ് വഴി ഡ്രഗ്സ് വിൽപ്പന, ഭീകരവാദ പ്രവർത്തനങ്ങൾ, child pornography, ransomware, malware attack തുടങ്ങിയ നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. ഇത് തടയുന്നതിനായി സൈബർ ഡോമിന്റെ റിസർച്ച് ആന്റ് അനാലിസിസ്സ് വിഭാഗത്തിന്റെ നേതൃത്വത്തിൽ ഡാർക്ക് നെറ്റ് അനാലിസിസ്സിനുവേണ്ടി ഒരു ബേസിക്ക് ടൂൾ ഡെവലപ് ചെയ്തിട്ടുണ്ട്. നിലവിലുള്ള ഫീച്ചറുകൾക്കുപുറമെ ഈ ടൂളിനോടുകൂടി കൂടുതൽ ഫീച്ചറുകൾ ഉൾപ്പെടുത്തിയുള്ള ടൂൾ ഡെവലപ്മെന്റ് Hac'KP 2021-ന്റെ ഭാഗമായി നടന്നുവരുന്നുണ്ട്. സാമൂഹ്യ മാധ്യമങ്ങൾ, ഡാർക്ക് നെറ്റ് തുടങ്ങിയ ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ വ്യാപകമായ രീതിയിൽ കുട്ടികളുടെ അശ്ലീല ചിത്രങ്ങൾ പ്രചരിപ്പിക്കുന്നതിനെത്തുടർന്ന് നടത്തിയ അന്വേഷണങ്ങളിൽ പ്രാദേശിക കുട്ടികളുടെ ചിത്രങ്ങളും ഇത്തരത്തിൽ പ്രചരിക്കുന്നതായി കേരള പോലീസ് സി.സി.എസ്.ഇ. (Counter Child Sexual Exploitation) യൂണിറ്റ് കണ്ടെത്തിയിട്ടുണ്ട്. അന്വേഷണങ്ങളിലൂടെ ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ രക്ഷിതാക്കളെ വിവരങ്ങൾ പറഞ്ഞുമനസ്സിലാക്കുകയും കുട്ടികളെ വിദഗ്ദ്ധ കൗൺസിലിംഗിനായി നിർദ്ദേശിക്കുകയും ചെയ്യുന്നു.

കൂടാതെ അന്താരാഷ്ട്ര സംഘടനകളുടെ സഹായത്തോടെ ഇന്റർനെറ്റിൽനിന്നും കുട്ടികളുടെ ഇത്തരം അശ്ലീലചിത്രങ്ങൾ നീക്കം ചെയ്യാനും സി.സി.എസ്.ഇ. യൂണിറ്റ് ശ്രമിക്കുന്നുണ്ട്. പോലീസിനെ കൂടുതൽ ജനകീയവൽക്കരിക്കുകയെന്നതാണ് സംസ്ഥാന സർക്കാരിന്റെ നയം. ക്രമസമാധാന പരിപാലനം ജനങ്ങളുടെകൂടി ആവശ്യമാണെന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ അവരെക്കൂടി സഹകരിപ്പിച്ചുകൊണ്ട് മുന്നോട്ടുപോകുക എന്ന കാഴ്ചപ്പാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽകൂടിയാണ് സോഷ്യൽ പോലീസിംഗ് സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നത്.

കേരളത്തിൽ നടപ്പാക്കിയ ഏറ്റവും മികച്ച പദ്ധതിയാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി. എയ്ഡഡ് മേഖലയിലുള്ള സ്കൂളുകളിൽ ഈ വർഷം എസ്.പി.സി. അനുവദിക്കാൻ സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഈ അദ്ധ്യയന വർഷത്തിൽ എയ്ഡഡ് സ്കൂളുകളിലുൾപ്പെടെ ആകെ 197 സ്കൂളുകളിലാണ് എസ്.പി.സി. പദ്ധതി അനുവദിക്കാൻ സർക്കാർ ഉത്തരവായിട്ടുള്ളത്. എസ്.പി.സി. പദ്ധതി

നിലവിൽ 515 ഗവൺമെന്റ് സ്കൂളുകളിലും 264 എയ്ഡഡ് സ്കൂളുകളിലും 24 അൺഎയ്ഡഡ് സ്കൂളുകളിലുമായി ആകെ 803 സ്കൂളുകളിലാണ് പ്രവർത്തിക്കുന്നത്. 197 സ്കൂളുകളിൽ പദ്ധതി അനുവദിക്കുന്നതിനുള്ള അപേക്ഷ സ്വീകരിച്ച് അതിന്റെ സൂക്ഷ്മ പരിശോധന നടന്നുവരികയാണ്. UNICEF-ന്റെ അംഗീകാരവും അവർകൂടി പങ്കാളിയാകുന്ന പദ്ധതിയും ഈ വർഷം നടപ്പാക്കും. പോലീസിൽനിന്ന് പരിശീലകരെ നൽകാനാകുന്നില്ലെന്ന പ്രശ്നമാണ് സ്റ്റുഡന്റ് പോലിസ് സംവിധാനം കൂടുതൽ സ്കൂളുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് പ്രധാന തടസ്സമായി നിൽക്കുന്ന ഘടകങ്ങളിലൊന്ന്. ഇത് പരിഹരിക്കുന്നതിന് പോലീസിൽനിന്ന് വിരമിച്ച സന്നദ്ധതയുള്ളവരെ ഇതിനായി ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കും. സ്റ്റേഷനുകളുടെ പ്രവർത്തനത്തിൽ തടസ്സമില്ലാതെ സ്റ്റുഡന്റ് പോലീസ് സംവിധാനം വ്യാപിപ്പിക്കുന്നതിന് സഹായിക്കും.

പോലീസ് സേനയുടെ ഉത്തരവാദിത്തം വിപുലപ്പെടുത്തുന്നതിനനുസരിച്ചും എണ്ണം വർദ്ധിക്കുന്നതിനനുസരിച്ചും മിനിസ്റ്റീരിയൽ വിഭാഗം കൂടുതൽ ശാക്തീകരിക്കേണ്ടതുണ്ട്. പോലീസ് സേനാംഗങ്ങളുടെയും പൊതുജനങ്ങളുടെയും വിഷയങ്ങൾ കൈകാര്യം

ചെയ്യുന്ന ജില്ലാ ബറ്റാലിയൻ ആസ്ഥാനങ്ങളിൽ മിനിസ്റ്റീരിയൽ ജീവനക്കാരുടെ അംഗബലത്തിന്റെ കുറവ് പരിഹരിക്കുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി വനിതാ ബറ്റാലിയൻ കണ്ണൂർ സിറ്റി, കണ്ണൂർ റൂറൽ എന്നിവിടങ്ങളിലേയ്ക്ക് സർക്കാർ 49 തസ്തികകൾ പുതിയതായി അനുവദിക്കുകയുണ്ടായി. ക്രൈംബ്രാഞ്ച് നവീകരണത്തിന്റെ ഭാഗമായി അഞ്ച് ജൂനിയർ സൂപ്രണ്ട് തസ്തികകളെ സീനിയർ സൂപ്രണ്ട് തസ്തികകളായി ഉയർത്തി. പുതിയ 49 തസ്തികകളുടെ പ്രയോജനം നിലവിലെ അതാത് കാറ്റഗറിയിലുള്ള റാങ്ക് ലിസ്റ്റിലെ ഉദ്യോഗാർത്ഥികൾക്ക് നിയമനത്തിനായി ലഭിക്കും. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്വഴി നടത്തിക്കൊണ്ടിരുന്ന ക്യാമ്പ് ഫോളോവർമാരുടെ നിയമനം സുതാര്യമാക്കുന്നതിന്റെ ഭാഗമായി പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തരമാക്കുകയും അവരുടെ നിയമനത്തിനായി വിശേഷാൽ ചട്ടം രൂപീകരിക്കുകയും ചെയ്തു. കേരളത്തിലെ ആദ്യത്തെ ആഭ്യന്തര മന്ത്രിയായിരുന്ന ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യരുടെ നാമധേയത്തിൽ പോലീസ് മ്യൂസിയം ആരംഭിച്ചു. അവിടെ കേരള പോലീസിന്റെ വികാസ പരിണാമങ്ങളുടെ ചരിത്രം സജ്ജീകരിച്ചിട്ടുണ്ട്. പോലീസിന്റെ ചരിത്രത്തെ

സംബന്ധിച്ച് ഗവേഷണം നടത്തുന്നവർക്ക് ആവശ്യമായ വിവരങ്ങളും രേഖകളുടെ പകർപ്പുകളും ലഭ്യമാക്കുന്ന സംവിധാനമാക്കി പോലീസ് മ്യൂസിയത്തെ വികസിപ്പിക്കണമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കേരള പോലീസിന്റെ സവിശേഷ സംവിധാനമായി പ്രവർത്തിക്കുന്ന വിഭാഗമാണ് അശ്വാരൂഢസേന. ഈസേനയുടെ സംരക്ഷണത്തിനാവശ്യമായ നടപടികൾ സർക്കാർ നടപ്പിലാക്കുന്നതാണ്. അതിനാവശ്യമായ ഫണ്ട് ഉറപ്പുവരുത്തുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കേസ് അന്വേഷണത്തിൽ സവിശേഷ പങ്കുവഹിക്കുന്ന വിഭാഗമാണ് ഡോഗ് സ്ക്വാഡുകൾ. ഇവയുടെ പരിപാലനത്തിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്. പുതിയ ഇനത്തിൽപ്പെട്ട നായ്ക്കുട്ടികളെക്കൂടി ഉൾപ്പെടുത്തി സേന വിപുലീകരിച്ചിട്ടുണ്ട്. പോലീസ് സേനയുടെ ഭാഗമായ ബാൻഡ് ആന്റ് ഓർക്കസ്ട്ര വിഭാഗം നവീകരിക്കുന്ന നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിനായി വിശേഷാൽ ചട്ടം രൂപീകരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരമുള്ള നിയമനം അവസാനിപ്പിച്ച് പി.എസ്.സി. മുഖാന്തരമാക്കാനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതോടൊപ്പം ദേശഭക്തി ഗാനങ്ങളും ബോധവത്കരണ

ഗാനങ്ങളും അവതരിപ്പിക്കാൻ കഴിയുന്ന ഗാനമേള സംഘത്തെയും രൂപപ്പെടുത്തി മുന്നോട്ടുപോകുന്നതിനുള്ള നടപടികൾ സ്വീകരിക്കും. കേസ് അന്വേഷണത്തിന് ശാസ്ത്രീയമായ തെളിവുകൾ വിശകലനം ചെയ്യുന്നതിന് ഫോറൻസിക് സയൻസ് ലബോറട്ടറികളുടെ പ്രവർത്തനം ഏറെപ്രധാനമാണ്. ഇവയുടെ കാര്യക്ഷമമായ പ്രവർത്തനം കേസ് അന്വേഷണം ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് സഹായിക്കും. ഫോറൻസിക് ലബോറട്ടറിയുടെ വിവിധ ഡിവിഷനുകളിലായി നിലവിൽ 15817 കേസ്സുകളാണ് അവശേഷിക്കുന്നത്. ഈ സാഹചര്യത്തെ മറികടക്കുന്നതിനും സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ അൻപത് സയന്റിഫിക് ഓഫീസർമാരുടെയും ആറ് അസിസ്റ്റന്റ് ഡയറക്ടർമാരുടെയും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഒഴിവുകൾ എത്രയുംവേഗത്തിൽ നികത്തുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. സൈബർ കേസ്സുകൾ വേഗത്തിൽ പരിശോധിക്കാൻവേണ്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്. എട്ട് സയന്റിഫിക് ഓഫീസർമാർക്ക് ഇതിനുവേണ്ടിയിട്ടുള്ള ട്രെയിനിംഗ് നൽകിവരുന്നു. സ്റ്റേറ്റ് സൈബർ ഫോറൻസിക് ലാബ്

തുറക്കുന്നതോടുകൂടി ഒരേസമയം കൂടുതൽ സൈബർ കേസ്സുകൾ പരിശോധിക്കാൻ കഴിയുന്നതാണ്. നിലവിലുള്ള ഉദ്യോഗസ്ഥർ അധികസമയം പ്രവർത്തിച്ച് കേസ്സുകൾ പരമാവധി കുറയ്ക്കാൻവേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനാവശ്യമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നതാണ്.

പൊതുപ്രവർത്തകർക്കെതിരെ ഭീഷണിയുയർത്തിയ പ്രശ്നത്തെക്കുറിച്ച് ഇവിടെ പരാമർശിക്കുകയുണ്ടായി. ബഹുമാന്യനായ മന്ത്രി ശ്രീ. കെ. രാധാകൃഷ്ണനെ ഭീഷണിപ്പെടുത്തിയ സംഭവത്തിൽ കേസ്സെടുത്തിട്ടുണ്ട്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ വധഭീഷണി മുഴക്കി കത്തയച്ചുവെന്നതിന്റെ പേരിൽ IPC 507 വകുപ്പുപ്രകാരം ക്രൈം 1754/2021 ആയി കോട്ടയം വെസ്റ്റ് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. വടകര എം.എൽ.എ.-യെയും മകനെയും അപായപ്പെടുത്തുമെന്ന ഭീഷണി കത്ത് ലഭിച്ചതിന്റെ പേരിൽ IPC 153, 507 വകുപ്പുകൾ പ്രകാരം വടകര പോലീസ് സ്റ്റേഷനിൽ ക്രൈം 685/2021 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. കാസർഗോഡ് രാജകുമാരി ജൂവലറിയിൽ

കവർച്ച നടന്നതുമായി ബന്ധപ്പെട്ട് 26/07/2021-ൽ മഞ്ചേശ്വരം പോലീസ് സ്റ്റേഷനിൽ IPC 395, 457, 461 എന്നീ വകുപ്പുകൾപ്രകാരം ക്രൈം 391/2021 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. പാലക്കാട് കൊല്ലംകോട് പോലീസ് സ്റ്റേഷൻ പരിധിയിൽ 56 വയസ്സുള്ള കണ്ണൻകുട്ടിയെന്ന ആൾ ആത്മഹത്യ ചെയ്തതുമായി ബന്ധപ്പെട്ട് ക്രിമിനൽ നടപടിക്രമം 174 വകുപ്പുപ്രകാരം കൊല്ലംകോട് പോലീസ് സ്റ്റേഷനിൽ ക്രൈം 364/2021 ആയി കേസ് രജിസ്റ്റർ ചെയ്ത് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

വിജിലൻസിനെക്കുറിച്ച് ആരും പരാമർശിക്കാതെ പോകുമെന്നുള്ള ആശങ്ക എനിക്കുണ്ടായിരുന്നു. ഏതായാലും അവസാനം സംസാരിച്ച ബഹുമാന്യനായ രമേശ് ചെന്നിത്തല ആ കുറവ് പരിഹരിച്ചു. അഴിമതിരഹിത കേരളം കെട്ടിപ്പടുക്കുകയെന്ന സർക്കാർ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് സംവിധാനത്തെ ഫലപ്രദമാക്കി മുന്നോട്ടുകൊണ്ടുപോകുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. വിജിലൻസ് സംബന്ധമായ കേസ്സുകൾ ദീർഘമായി കെട്ടികിടക്കുന്നുവെന്നതാണ് അദ്ദേഹം ചൂണ്ടിക്കാണിച്ച പ്രധാനപ്പെട്ട പ്രശ്നം. അത് പരിഹരിക്കുന്നതിനുള്ള

ശക്തമായ ഇടപെടലാണ് സർക്കാർ നടത്തുന്നത്. ഓൺലൈൻ സംവിധാനത്തിലൂടെ ഫയലുകൾ സമയബന്ധിതമായി അതിവേഗതീർപ്പ് കൽപ്പിക്കുന്നതിനായി വെബ് അധിഷ്ഠിത ഇന്റേണൽ അഡ്മിനിസ്ട്രേറ്റീവ് പ്രോസസിംഗ് സിസ്റ്റം ആരംഭിച്ചിട്ടുണ്ട്. ഡിജിറ്റൽ തെളിവുകളുടെ ആധികാരികത പരിശോധിക്കുന്നതിന് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സൈബർ സെല്ലുകൾ ആരംഭിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥർ തമ്മിലുള്ള ആശയവിനിമയം വേഗത്തിലാക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ ഓഫീസുകളിൽ വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അന്വേഷണ ഉദ്യോഗസ്ഥർക്കായി ഡിജിറ്റൽ ക്യാമറയും രഹസ്യ നിരീക്ഷണത്തിനുള്ള സാങ്കേതിക ഉപകരണങ്ങളും കമ്പ്യൂട്ടറുകളും മറ്റ് ആധുനിക ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് പരാതി സമർപ്പിക്കുന്നതിന് ടോൾ ഫ്രീ നമ്പറും വാട്സ്ആപ്പ് നമ്പറും ഏർപ്പെടുത്തിയിട്ടുണ്ട്. ഇ-പെറ്റീഷനും ഇതോടൊപ്പം ഏർപ്പെടുത്തിയിട്ടുണ്ട്. കൈക്കൂലി ആവശ്യപ്പെടുന്ന ഉദ്യോഗസ്ഥർക്കെതിരെ പൊതുജനങ്ങളിൽനിന്നും ലഭിക്കുന്ന പരാതിയുടെ അടിസ്ഥാനത്തിൽ ട്രാപ്പ്

കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നുണ്ട്. സംവിധാനങ്ങളിലെ അപാകതകൾ സംബന്ധിച്ച് സോഷ്യ് റിപ്പോർട്ട് തയ്യാറാക്കി ബന്ധപ്പെട്ട ഓഫീസുകളിൽ സംസ്ഥാന വ്യാപകമായി മിന്നൽ പരിശോധന നടത്തുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ ആവശ്യമായ ശിപാർശകൾ ചേർത്ത് സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നുണ്ട്. സർക്കാർ ബന്ധപ്പെട്ട വകുപ്പുകൾ മുഖാന്തരം നടപടി സ്വീകരിച്ചുവരുന്നുണ്ട്. പൊതുഇടങ്ങളിലും സ്കൂളുകളിലും ബോധവത്കരണ പദ്ധതികളും ആരംഭിച്ചിട്ടുണ്ട്.

ജയിലുകളിലെ കാര്യവുമായി ബന്ധപ്പെട്ട് എനിക്ക് പറയാനുള്ളത്, തടവുകാരെ മാനസാന്തരപ്പെടുത്തി ഉത്തമ പൗരൻമാരാക്കി മാറ്റുന്നതിനുതകുന്ന സംവിധാനമായാണ് ആധുനികഘട്ടത്തിൽ ജയിലുകളെ വിഭാവന ചെയ്തിരിക്കുന്നത്. ഇതിനുതകുന്നവിധം ഈ സംവിധാനത്തെ മാറ്റുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. ഇപ്പോഴും കേരളത്തിലെ സെൻട്രൽ ജയിലുകളിൽ പാർപ്പിടശേഷിയെക്കാൾ പന്ത്രണ്ട് ശതമാനം അധികംപേർ അന്തേവാസികളായിട്ടുണ്ട്. ആധുനിക കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ അർഹതപ്പെട്ടവർക്ക് പരോൾ അനുവദിക്കുകായെന്നത്

പ്രധാനമായാണ് കാണുന്നത്. അതുകൊണ്ട് തടവുകാർക്കും അവരുടേതായ ജനാധിപത്യ അവകാശങ്ങളുണ്ട്. ആ അവകാശങ്ങൾ പാലിക്കുന്നതിന് സർക്കാർ ശ്രദ്ധിച്ചിട്ടുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: സർ, തടവുകാർക്ക് അവരുടെ ജനാധിപത്യ അവകാശങ്ങളുണ്ട്. അതിന് ആരും എതിരല്ല, കറക്ഷണൽ സർവ്വീസുമാണ്. ഞങ്ങൾ ഇവിടെ  പ്രധാനമായും ഉന്നയിച്ച പ്രശ്നം, ചിലയാളുകൾക്ക് പരോൾ നൽകുകയില്ല. സ്ത്രീപീഡന കേസ്സുകളിൽപ്പെട്ടവർ, ജീവപരിന്ത്യം കേസ്സുകളിൽപ്പെട്ടവർ, കുട്ടികൾക്കെതിരായിട്ടുള്ള അതിക്രമങ്ങളിൽ പ്രതികളായവർ തുടങ്ങിയ ചില കാറ്റഗറിയിലെ ആളുകൾക്ക് പരോൾ നൽകാറില്ല. എന്നാൽ ഇവർക്ക് വളരെ വ്യാപകമായ തോതിൽ പരോൾ കൊടുക്കുന്നുവെന്നുള്ളതാണ് പരാതിയായി ഉയർന്നുവന്നിരിക്കുന്നത്. അക്കാര്യം ഗവൺമെന്റിന്റെയും  മുഖ്യമന്ത്രിയുടെയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് തിരുത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, കോവിഡ് വലിയതോതിൽ വ്യാപിക്കുന്നുണ്ടെങ്കിലും, നമ്മുടെ സംസ്ഥാനത്തെ ജയിലുകളിൽ ആരും കോവിഡ് മുഖാന്തിരം മരണപ്പെടേണ്ടി വന്നിട്ടില്ല. കോവിഡ് വ്യാപനം

കൂടുതലുണ്ടാകുന്ന അവസ്ഥയുണ്ടായിട്ടില്ല. യഥാർത്ഥത്തിൽ സ്വീകരിച്ച നടപടി ജയിൽ അധികൃതരുടെ ഭാഗത്തുനിന്നുമുള്ള ശിപാർശയായിരുന്നു. ഹൈക്കോടതിയടക്കം ബന്ധപ്പെട്ട് സ്വീകരിച്ച നടപടിയാണിത്. ആളുകളെ ജയിലിൽ കൂട്ടത്തോടെ പാർപ്പിക്കുന്നതിനുപകരം കഴിയാവുന്നത്ര പരോൾ നൽകി കോവിഡ് ഘട്ടത്തിൽ പുറത്തുനിർത്തുകയാണ് ചെയ്തത്. സർക്കാർ ഏതെങ്കിലും ആളുകൾക്ക് അങ്ങനെ പ്രത്യേകമായി പരോൾ കൊടുക്കുകയല്ല ചെയ്യുന്നത്. സർക്കാരിന്റെ സവിശേഷമായ അധികാരം ഉപയോഗിച്ച് ആർക്കെങ്കിലും പരോൾ അനുവദിക്കാതെ ജയിൽ അധികൃതരുടെ ശിപാർശയുടെ ഭാഗമായി ഓരോ ജയിലിൽ നിന്നും അർഹതയുള്ള ആളുകളെ അയച്ചിട്ടുണ്ട്, അങ്ങനെ അയച്ചതിൽ അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ അർഹതയില്ലാത്ത ആരെങ്കിലും ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അത് പരിശോധിച്ചശേഷം മാത്രമേ പറയാൻ കഴിയുകയുള്ളൂ. ഇപ്പോൾ എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അങ്ങ് പറയുന്നതുപോലെ പരോൾ ക്രമമനുസരിച്ച് പോകാനായി അവർക്ക് അവകാശവും നിയമവും അനുവദിക്കുന്നുണ്ട്. ഇപ്പോൾ ഇവിടെ സൂചിപ്പിച്ചതുപോലെ, ഏതെങ്കിലും

സാഹചര്യത്തിലോ കോവിഡിന്റെ പശ്ചാത്തലത്തിലോ പരോൾ അനുവദിച്ചെങ്കിൽ അവർക്ക് പോലീസ് എസ്കോർട്ട് പരോളാണ് അനുവദിക്കേണ്ടത്. അത് അനുവദിക്കുന്നതിനുള്ള പ്രൊവിഷൻ നിലനിൽക്കുകയാണെങ്കിലും ഇവിടെ ആർക്കും അങ്ങനെ കൊടുത്തതായി തോന്നിയിട്ടില്ല.

ശ്രീ. പിണറായി വിജയൻ: സർ, അങ്ങയെപ്പോലുള്ള ഒരാൾ ഇങ്ങനെയൊക്കെ പറഞ്ഞാൽ എന്താണ് ചെയ്യുക? മരണപ്പെട്ട ആളിന്റെ മകനാണ് ജയിലിലുള്ളതെന്ന് വിചാരിക്കുക. ആ മകന് മൃതദേഹം കാണണമെങ്കിൽ ജയിലധികൃതർ എസ്കോർട്ടോടുകൂടി പോയി മൃതദേഹം കണ്ട് തിരിച്ചുവരാനുള്ള സൗകര്യമൊരുക്കും. ഇവിടെ അങ്ങനെയല്ല, കുറെക്കാലത്തേയ്ക്ക് പരോൾ അനുവദിച്ച് പറഞ്ഞുവിടുകയാണ്. ശ്രീ. രമേശ് ചെന്നിത്തല ഉന്നയിച്ചതുപോലെ ഏതെങ്കിലും തരത്തിൽ തെറ്റായ നടപടികളുണ്ടായിട്ടുണ്ടെങ്കിൽ അത് പരിശോധിക്കാം. രണ്ട് കാര്യങ്ങളും വ്യത്യസ്ഥമാണ്. അക്കാര്യങ്ങൾ പിന്നീട് സംസാരിക്കാം.

സെൻട്രൽ ജയിലിലെ പാർപ്പിട ശേഷിയെക്കാൾ പന്ത്രണ്ട് ശതമാനം ആളുകൾ അന്തേവാസികളായിട്ടുണ്ടെന്നാണ് നാം കാണേണ്ട ഒരു വസ്തുത.

ജയിലിനെ സംബന്ധിച്ച ആധുനിക കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ അർഹതപ്പെട്ടവർക്ക് പരോൾ അനുവദിക്കുകയാണ് ഇപ്പോൾ ചെയ്തുവരുന്നത്. 2014-ലെ ജയിൽ ചട്ടം 400 പ്രകാരം ശിക്ഷാ തടവുകാരന്റെ അടുത്ത ബന്ധുക്കളുടെ മരണം, മരണാസന്നമായ രോഗാവസ്ഥ, വിവാഹം എന്നിവയ്ക്ക് പോലീസ് റിപ്പോർട്ടിന്റെയും മറ്റും അടിസ്ഥാനത്തിൽ അടിയന്തര അവധിയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. ജയിൽ ചട്ടം 400-ൽ വിവക്ഷിക്കുന്ന ആവശ്യങ്ങൾക്ക് മാത്രമേ ജയിലിൽനിന്ന് അടിയന്തര പരോൾ അനുവദിച്ചിട്ടുള്ളൂ. കൊറോണ വൈറസ് വ്യാപന പശ്ചാത്തലത്തിൽ വിചാരണ തടവുകാർക്കുൾപ്പെടെ അവധിയോ ഇടക്കാല ജാമ്യമോ നൽകണമെന്നത് സുപ്രീംകോടതിയുടെ നിർദ്ദേശമാണ്. അല്ലാതെ സംസ്ഥാന സർക്കാർ സ്വയമേവ തീരുമാനിച്ചതല്ല. അതിന്റെ അടിസ്ഥാനത്തിൽ ജയിൽ അന്തേവാസികൾക്ക് പരോൾ ലഭിച്ചിട്ടുണ്ട്. അത് മറ്റെന്തെങ്കിലും സമ്മർദ്ദത്തിന്റെ അടിസ്ഥാനത്തിലല്ല. ജയിലിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയെന്നത് അവർക്ക് മാനസാന്തരം വരുത്തുന്നതിന് പ്രധാനമാണെന്ന് സർക്കാർ കാണുന്നു. ജയിലുമായി ബന്ധപ്പെട്ട കമ്മീഷനുകൾ ഇക്കാര്യം എടുത്തുപറഞ്ഞിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ

നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്. മലപ്പുറം തവനൂർ സെൻട്രൽ പ്രിസൺ പുതുതായി ഈ വർഷം പൂർണ്ണതോതിൽ പ്രവർത്തനമാരംഭിക്കും. തവനൂരിൽ 32 കോടി 85 ലക്ഷം രൂപ ചെലവഴിച്ചാണ് നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളത്. ജയിൽ സുരക്ഷ വർദ്ധിപ്പിക്കുന്നതിന് കാലാകാലങ്ങളിൽ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. കഴിഞ്ഞ അഞ്ചുവർഷത്തിനിടെ 272 അസിസ്റ്റന്റ് പ്രിസണർ ഓഫീസർ തസ്തികയും 103 ഡെപ്യൂട്ടി പ്രിസണർ ഓഫീസർ തസ്തികയും പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്. ജയിൽ സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി ആധുനിക സുരക്ഷാ സംവിധാനങ്ങളായ സി.സി.ടി.വി. സിസ്റ്റം, വീഡിയോ കോൺഫറൻസിംഗ് സംവിധാനം, പവർ ഫെൻസിംഗ്, മെറ്റൽ ഡിറ്റക്ടർ, ബാഗേജ് സ്കാനർ തുടങ്ങിയവ സ്ഥാപിച്ചു. 51 ജയിലുകളിൽ സി.സി.ടി.വി. സംവിധാനം സ്ഥാപിച്ചു. സംസ്ഥാനത്തെ കോടതികളെയും ജയിലുകളെയും ബന്ധിപ്പിച്ചുള്ള വീഡിയോ കോൺഫറൻസിംഗ് സംവിധാനം നിലവിൽ വന്നു. 373 കോടതികളിലും 53 ജയിലുകളിലും 87 സ്റ്റുഡിയോകളിലുമായി 460 ലൊക്കേഷനുകളിലാണ് മേൽപ്പടി സംവിധാനം സ്ഥാപിച്ചിട്ടുള്ളത്. ജയിൽ സുരക്ഷ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, കണ്ണൂർ സെൻട്രൽ

പ്രിസണുകളിൽ പവർ ഫെൻസിംഗ് സ്ഥാപിച്ചിട്ടുണ്ട്. മറ്റ് പ്രധാന ജയിലുകളിലും ഈ സംവിധാനം സ്ഥാപിക്കുന്നത് സജീവ പരിഗണനയിലാണ്. ജീവപര്യന്തം ശിക്ഷാ പ്രതികൾ ദീർഘവും അനിശ്ചിതവുമായ കാലഘട്ടം കഴിച്ചുകൂട്ടുമ്പോഴുണ്ടാകുന്ന മാനസിക സമ്മർദ്ദവും വീർപ്പുമുട്ടലുകളും ലഘൂകരിക്കുന്നതിന് താരതമ്യേന മെച്ചപ്പെട്ട കൂലിയും സൗകര്യങ്ങളും തടവുകാർക്ക് നൽകിയും ശിഷ്ട ജീവിതത്തിൽ പ്രതീക്ഷ നൽകിയും അവരുടെ പുനരധിവാസ പ്രക്രിയ ത്വരിതപ്പെടുത്തുക വഴി കറക്ഷണൽ സേവനങ്ങളുടെ ലക്ഷ്യം സാക്ഷാത്ക്കരിക്കാൻ ശ്രമിച്ചുവരുന്നുണ്ട്. നിലവിൽ മൂന്ന് സെൻട്രൽ പ്രിസൺ ആന്റ് കറക്ഷണൽ ഹോമുകളിൽ ആശുപത്രിയും ആശുപത്രി വാർഡും പ്രവർത്തിക്കുന്നുണ്ട്. ആശുപത്രികളെ ആധുനികവത്ക്കരിക്കുന്നതിനും കൂടുതൽ തസ്തികകൾ അനുവദിച്ച് തടവുകാർക്ക് മെച്ചപ്പെട്ട ചികിത്സ ഉറപ്പാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കും.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, അങ്ങ് തടവുകാരുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തി കറക്ഷണൽ സർവ്വീസാക്കി മാറ്റുന്നതിനെക്കുറിച്ചാണ് സംസാരിക്കുന്നത്. ജയിൽ സൂപ്രണ്ടുമാരും ജെയിൽ

ഡി.ജി.പി. മാരും പരാതിപ്പെട്ട സത്യവാങ്മൂലം കൊടുത്ത കേസിൽ ചില പ്രത്യേകമായ ജയിൽപ്പുള്ളികൾക്ക് പ്രത്യേകമായി പ്രിവിലേജ് ജയിലിനകത്ത് കിട്ടുന്നതായും, അവർക്ക് പ്രത്യക ഭക്ഷണം, ലഹരിമരുന്ന്, മദ്യം, മൊബൈൽ ഫോൺ തുടങ്ങിയ സൗകര്യങ്ങൾ കിട്ടുന്നതായും, അവർ അവിടെയിരുന്നുകൊണ്ട് പുറത്ത് ക്വട്ടേഷൻ സ്വീകരിക്കുന്നതായും ചില സ്വർണ്ണക്കള്ളക്കടത്ത് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ഇടപെടുന്നതായുമുള്ള ഗൗരവകരമായ പരാതി നമ്മുടെ ജയിലുകളെക്കുറിച്ച് വന്നിട്ടുണ്ട്. അങ്ങ് പരിശോധിച്ചിട്ടുണ്ടോ; അതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അത്തരം ചില വാർത്തകൾ വന്ന ഘട്ടത്തിൽത്തന്നെ ജയിൽ ഡി.ജി.പി.-യടക്കമുള്ളവരുമായി കാര്യങ്ങൾ ചർച്ചചെയ്യുകയും ആവശ്യമായ ശക്തമായ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ ഭാഗമായുള്ള നടപടികൾ ജയിൽ ഡി.ജി.പി-യുടെ ഭാഗത്തുനിന്നുമുണ്ടായിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഏറ്റവും കൂടുതൽ ജനങ്ങൾ വിലമതിക്കുന്ന ഒരു ഫോഴ്സാണ് ഫയർ ഫോഴ്സെന്നത് നമുക്കെല്ലാവർക്കുമറിയാം. ഇവിടെ ഫയർ ആന്റ് റെസ്ക്യൂ വിഭാഗം, ഹോം ഗാർഡുകൾ, സിവിൽ ഡിഫൻസ് എന്നിവയുടെയെല്ലാം

പ്രവർത്തനങ്ങളുടെ നിയന്ത്രണവും ഏകോപനവും കേരള ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് ഡിപ്പാർട്ടുമെന്റാണ് നിർവ്വഹിക്കുന്നത്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് അഗ്നിരക്ഷാ വകുപ്പ് പൊതുസ്ഥലങ്ങൾ അണുവിമുക്തമാക്കുക, ജീവൻ രക്ഷാമരുന്നുകളുടെ വിതരണം, നിരാലംബർക്ക് ആഹാരവിതരണം, ആംബുലൻസ് സേവനം തുടങ്ങിയ വിവിധങ്ങളായ പ്രവർത്തനങ്ങൾ ചെയ്ത് മുന്നണിപ്പോരാളികളായി പ്രവർത്തിച്ചുവരുന്നുണ്ട്. ആദ്യഘട്ടത്തിൽ അണുനശീകരണം, മരുന്നുവിതരണം ഇതെല്ലാം നടത്തിയിരുന്നു. ഈ സാഹചര്യത്തിൽ ഫയർസ്റ്റേഷനുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മുൻഗണനാ ലിസ്റ്റ് നേരത്തെ തയ്യാറാക്കിയിരുന്നു. അവ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. ഓരോ ഫയർ സ്റ്റേഷനിലും 50 പേർ ഉൾക്കൊള്ളുന്ന സിവിൽ ഡിഫൻസ് വോളന്റിയർമാരെ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയാണ്. ഇവർക്ക് അപകടകരമായ സാഹചര്യങ്ങളിൽ പ്രവർത്തിക്കുന്നതിനുള്ള പ്രത്യേക പരിശീലനവും നൽകുന്നുണ്ട്. ദുരന്തഘട്ടങ്ങളിൽ അടിയന്തരമായി പ്രാഥമിക കാര്യങ്ങൾ ചെയ്യാൻ പാകത്തിലാണ് സിവിൽ ഡിഫൻസ് ഒരുക്കിയിട്ടുള്ളത്. 2400 സിവിൽ

ഡിഫൻസ് വോളന്റിയർമാരുടെ സംസ്ഥാന തലംവരെയുള്ള പരിശീലന പരിപാടികൾ പൂർത്തീകരിച്ചിട്ടുണ്ട്. മലയോരമേഖലയിൽ ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവ ഉണ്ടാകുന്ന സന്ദർഭങ്ങളിൽ ദുർഘടമായ പാതയിലൂടെ സഞ്ചരിച്ച് രക്ഷാപ്രവർത്തകരെയും രക്ഷാപ്രവർത്തന ഉപകരണങ്ങളും എത്തിക്കുന്നതിനുതകുന്ന 30 മൾട്ടി യൂട്ടിലിറ്റി വെഹിക്കിൾ, 30 ജീപ്പ്, 18 ആംബുലൻസ്, 10 ഫോം ടെൻഡർ (Foam tender) ഉൾപ്പെടെ പുതുതായി 88 വാഹനങ്ങൾ സേനയുടെ ഭാഗമായിട്ടുണ്ട്. ഉയരം കൂടിയ കെട്ടിടങ്ങളിൽ രക്ഷാ പ്രവർത്തനത്തിനും അഗ്നിശമനത്തിനുമായുള്ള turntable ladder വാങ്ങുന്നതിന് ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ജില്ലാ തലത്തിൽ മൺസൂൺ പ്രിപ്പറേഷൻ പ്ലാനും സമ്മർ പ്രിപ്പറേഷൻ പ്ലാനും പ്രത്യേകമായി തയ്യാറാക്കി വർഷാവർഷം പുതുക്കി വരുന്നത് ദുരന്ത പ്രതിരോധ പ്രവർത്തനങ്ങളിൽ മുതൽക്കൂട്ടാണ്. ജലരക്ഷയുമായി ബന്ധപ്പെട്ട് scuba diving-ൽ പ്രത്യേക പരിശീലനം നൽകി എല്ലാ ജില്ലകളിലും വിദഗ്ദ്ധ scuba ടീമിനെ വാർത്തെടുത്തിട്ടുണ്ട്. വകുപ്പിന്റെ പ്രവർത്തനങ്ങളിൽ പൊതുജനങ്ങൾ എത്രമാത്രം സംതൃപ്തരാണെന്ന് പരിശോധിക്കുന്നതിനായി Customer Satisfaction

survey നടത്തിയിട്ടുണ്ട്. ഇതിന്റെ കാര്യങ്ങൾ പരിശോധിച്ച് ആവശ്യമായ ഇടപെടൽ സർക്കാർ നടത്തുന്നതാണ്. ഇതിനെ കൂടുതൽ ജനകീയവത്കരിക്കുന്ന നടപടിയുമായി സർക്കാർ മുന്നോട്ടുപോകും.

അച്ചടി വകുപ്പിനെക്കുറിച്ച് കൂടുതൽ പരാമർശമൊന്നും ഉണ്ടായിട്ടില്ല. അച്ചടിയുടെ കാര്യത്തിൽ സാങ്കേതിക വിദ്യ ഏറെ വികസിച്ച് വന്നിട്ടുണ്ട്. ഈ സാധ്യതകളെ ആകെ ഉപയോഗപ്പെടുത്തുന്നവിധം സർക്കാരിന്റെ അച്ചടി സംവിധാനങ്ങൾ ആധുനികവത്കരിക്കപ്പെട്ടിട്ടില്ല എന്ന പ്രശ്നം നിലനിൽക്കുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനുള്ള സമീപനങ്ങൾ സ്വീകരിക്കുന്നതാണ് ഇക്കാര്യത്തിൽ സർക്കാർ സ്വീകരിക്കുന്ന നയം. ഇങ്ങനെ നടപ്പിലാക്കുമ്പോൾ നിലവിലുള്ള ജീവനക്കാരെ സംരക്ഷിക്കുകയും അവർക്ക് പുനർപരിശീലനം നൽകിക്കൊണ്ടുള്ള നടപടികൾ സ്വീകരിക്കാനുമാണ് സർക്കാർ ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തെ സർക്കാർ അച്ചടിസ്ഥാപനങ്ങളെ ആധുനികവത്കരിക്കുന്നതിന് ഒരു കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കിഫ്ബിയുടെ സഹായത്തോടെ 100 കോടി രൂപയുടെ പദ്ധതിയാണ് ഇതിനുവേണ്ടി തയ്യാറാക്കുന്നത്. അത് പ്രാവർത്തികമാകുന്നതോടെ നമ്മുടെ സർക്കാർ പ്രസ്സുകൾ കൂടുതൽ

കാര്യക്ഷമമായി പ്രവർത്തിക്കുന്ന സാഹചര്യമുണ്ടാകും. മറ്റ് കൂടുതൽ കാര്യങ്ങളിലേയ്ക്ക് ഇപ്പോൾ ഞാൻ കടക്കുന്നില്ല. സംസാരിക്കുമ്പോൾ പറഞ്ഞ കുറച്ച് പ്രശ്നങ്ങളുണ്ട്. അതിലേയ്ക്ക് ഇപ്പോൾ കടക്കുന്നില്ല. ഈ ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XII -പോലീസ്

മി. സ്പീക്കർ: സർവ്വശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), അബ്ദുൽ ഹമീദ് പി., യു. എ. ലത്തീഫ്, മഞ്ഞളാംകുഴി അലി, കെ. പി. എ. മജീദ്, പി. സി. വിഷ്ണുനാഥ്, ടി. സിദ്ദിഖ്, പി. കെ. ബഷീർ, പി. ടി. തോമസ്, എ. പി. അനിൽകുമാർ, സണ്ണി ജോസഫ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, പി. കെ. കുഞ്ഞാലിക്കുട്ടി, അൻവർ സാദത്ത്, ഡോ. മാത്യു കുഴൽനാടൻ, എം. വിൻസെന്റ്, സജീവ് ജോസഫ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, എൻ. ഷംസുദ്ദീൻ, നജീബ് കാന്തപുരം, പി. ഉബൈദുള്ള, കുറുക്കോളി മൊയ്തീൻ, എൻ. എ. നെല്ലിക്കുന്ന്, കെ. കെ. രമ, സനീഷ്കുമാർ ജോസഫ്, റോജി. എം. ജോൺ, ടി. ജെ. വിനോദ്, ഐ. സി ബാലകൃഷ്ണൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XII-ാം ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

(ആരും പ്രസ്സ് ചെയ്തില്ല)

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ

1. ശ്രീ. അഹമ്മദ് ദേവർകോവിൽ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക

4. ശ്രീ. ജി. ആർ. അനിൽ
5. ശ്രീ. കെ. ആൻസലൻ
6. ശ്രീ. ആന്റണി ജോൺ
7. ശ്രീ. ആന്റണി രാജു
8. ശ്രീ. എം. എസ്. അരുൺകുമാർ
9. ശ്രീമതി സി. കെ. ആശ
10. ശ്രീ. കെ. ബാബു (നെന്മാറ)
11. ശ്രീ. പി. ബാലചന്ദ്രൻ
12. ശ്രീ. കെ. എൻ. ബാലഗോപാൽ
13. ഡോ. ആർ. ബിന്ദു
14. ശ്രീ. ഇ. ചന്ദ്രശേഖരൻ
15. ശ്രീമതി ജെ. ചിഞ്ചുറാണി
16. ശ്രീ. പി. പി. ചിത്തരഞ്ജൻ
17. ശ്രീമതി ദെലീമ
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
20. ശ്രീ. സി. കെ. ഹരീന്ദ്രൻ
21. ശ്രീ. കെ. ടി. ജലീൽ
22. ശ്രീമതി കാനത്തിൽ ജമീല
23. ശ്രീ. ജി. എസ്. ജയലാൽ
24. ഡോ. എൻ. ജയരാജ്
25. ശ്രീ. കെ. യു. ജനീഷ് കുമാർ
26. ശ്രീ. ജോബ് മൈക്കിൾ
27. ശ്രീ. വി. ജോയി
28. ശ്രീ. ഒ. ആർ. കേളു

29. ശ്രീ. കെ. കൃഷ്ണൻകുട്ടി
30. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
31. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
32. ശ്രീ. കോവൂർ കുഞ്ഞുമോൻ
33. ശ്രീ. ലിന്റോ ജോസഫ്
34. ശ്രീ. ടി. ഐ. മധുസൂദനൻ
35. ശ്രീ. പി. മമ്മിക്കുട്ടി
36. ശ്രീ. എം. എം. മണി
37. ശ്രീ. മാത്യു ടി. തോമസ്
38. ശ്രീ. കെ. ജെ. മാക്സി
39. ശ്രീ. പി. എ. മുഹമ്മദ് റിയാസ്
40. ശ്രീ. കെ. പി. മോഹനൻ
41. ശ്രീ. എ. സി. മൊയ്തീൻ
42. ശ്രീ. സി. സി. മുകുന്ദൻ
43. ശ്രീ. ഡി. കെ. മുരളി
44. ശ്രീ. മുരളി പെരുനെല്ലി
45. ശ്രീ. പി. നന്ദകുമാർ
46. ശ്രീ. എം. നൗഷാദ്
47. ശ്രീ. എ. പ്രഭാകരൻ
48. ശ്രീ. പ്രമോദ് നാരായൺ
49. ശ്രീ. വി. കെ. പ്രശാന്ത്
50. ശ്രീ. പി. പ്രസാദ്
51. ശ്രീ. കെ. ഡി. പ്രസേനൻ
52. ശ്രീമതി യു. പ്രതിഭ
53. ശ്രീ. കെ. രാധാകൃഷ്ണൻ

54. ശ്രീ. പി. ടി. എ. റഹീം
55. ശ്രീ. എ. രാജ
56. ശ്രീ. എം. രാജഗോപാലൻ
57. ശ്രീ. കെ. രാജൻ
58. ശ്രീ. പി. രാജീവ്
59. ശ്രീ. കെ. കെ. രാമചന്ദ്രൻ
60. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
61. ശ്രീ. ടി. പി. രാമകൃഷ്ണൻ
62. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
63. ശ്രീ. റോഷി അഗസ്റ്റിൻ
64. ശ്രീ. കെ. എം. സച്ചിൻദേവ്
65. ശ്രീ. സജി ചെറിയാൻ
66. ശ്രീ. എച്ച്. സലാം
67. ശ്രീമതി ശാന്തകുമാരി കെ.
68. ശ്രീ. വി. ശശി
69. ശ്രീ. എ. കെ. ശശീന്ദ്രൻ
70. ശ്രീ. ഐ. ബി. സതീഷ്
71. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ
72. ശ്രീ. എ. എൻ. ഷംസീർ
73. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
74. ശ്രീ. വാഴൂർ സോമൻ
75. ശ്രീ. പി. വി. ശ്രീനിജൻ
76. ശ്രീ. ജി. സ്റ്റീഫൻ
77. ഡോ. സുജിത് വിജയൻപിള്ള
78. ശ്രീ. കെ. വി. സുമേഷ്

79. ശ്രീ. പി. പി. സുമോദ്
80. ശ്രീ. വി. ആർ. സുനിൽ കുമാർ
81. ശ്രീ. പി. എസ്. സുപാൽ
82. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
83. ശ്രീ. തോമസ് കെ. തോമസ്
84. ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ
85. ശ്രീ. വി. എൻ. വാസവൻ
86. ശ്രീമതി വീണാ ജോർജ്ജ്
87. ശ്രീ. ഇ. കെ. വിജയൻ
88. ശ്രീ. പിണറായി വിജയൻ
89. ശ്രീ. എം. വിജിൻ
90. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

<u>പ്രതികൂലിക്കുന്നവർ</u>

1. ശ്രീ. അബ്ദുൽ ഹമീദ് പി.
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. മഞ്ഞളാംകുഴി അലി
4. ശ്രീ. എ. പി. അനിൽ കുമാർ
5. ശ്രീ. അനൂപ് ജേക്കബ്
6. ശ്രീ. അൻവർ സാദത്ത്
7. ശ്രീ. എ. കെ. എം. അഷ്റഫ്
8. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ )
9. ശ്രീ. പി. കെ. ബഷീർ
10. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
11. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

12. ശ്രീ. ടി. വി. ഇബ്രാഹിം
13. ശ്രീ. പി. ജെ. ജോസഫ്
14. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
15. ശ്രീ. സി. ആർ. മഹേഷ്
16. ശ്രീ. കെ. പി. എ. മജീദ്
17. ശ്രീ. മാണി സി. കാപ്പൻ
18. ഡോ. മാത്യു കുഴൽനാടൻ
19. ശ്രീ. കുറുക്കോളി മൊയ്തീൻ
20. ശ്രീ. മോൻസ് ജോസഫ്
21. ശ്രീ. നജീബ് കാന്തപുരം
22. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
23. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
24. ശ്രീ. രമേശ് ചെന്നിത്തല
25. ശ്രീമതി കെ. കെ. രമ
26. ശ്രീ. റോജി എം. ജോൺ
27. ശ്രീ. സജീവ് ജോസഫ്
28. ശ്രീ. എൻ. ഷംസുദ്ദീൻ
29. ശ്രീ. സനീഷ്കുമാർ ജോസഫ്
30. ശ്രീ. വി. ഡി. സതീശൻ
31. ശ്രീ. ഷാഫി പറമ്പിൽ
32. ശ്രീ. ടി. സിദ്ദിഖ്
33. ശ്രീ. സണ്ണി ജോസഫ്
34. ശ്രീ. പി. ടി. തോമസ്
35. ശ്രീ. പി. ഉബൈദുള്ള
36. ശ്രീ. എം. വിൻസെന്റ്

37. ശ്രീ. ടി. ജെ. വിനോദ്

38. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 90

പ്രതികൂലിക്കുന്നവർ - 38

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XIII - ജയിലുകൾ

മി. സ്പീക്കർ: സർവ്വശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), എൻ. ഷംസുദ്ദീൻ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, പി. ടി. തോമസ്, ടി. വി. ഇബ്രാഹിം, മോൻസ് ജോസഫ്, പി. കെ. ബഷീർ, പി. കെ. കുഞ്ഞാലിക്കുട്ടി, കെ. പി. എ. മജീദ്, യു. എ. ലത്തീഫ്, കുറുക്കോളി മൊയ്തീൻ, പി. ഉബൈദുള്ള, മഞ്ഞളാംകുഴി അലി, അബ്ദുൽ ഹമീദ് പി., നജീബ് കാന്തപുരം, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, എൻ. എ. നെല്ലിക്കുന്ന്, കെ. കെ. രമ, ഡോ. മാത്യു കുഴൽനാടൻ, റോജി എം. ജോൺ, പി. സി. വിഷ്ണുനാഥ്, സണ്ണി ജോസഫ്, ടി. സിദ്ദിഖ്, എം. വിൻസെന്റ്, ടി. ജെ. വിനോദ്, ഐ. സി. ബാലകൃഷ്ണൻ, എൽദോസ് പി. കുന്നപ്പിള്ളിൽ, സനീഷ്കുമാർ ജോസഫ്, അൻവർ സാദത്ത്,

എ. പി. അനിൽകുമാർ, സജീവ് ജോസഫ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XIII-ാം ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

(ആരും പ്രസ്സ് ചെയ്തില്ല)

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ</u>

1. ശ്രീ. അഹമ്മദ് ദേവർകോവിൽ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. ജി. ആർ. അനിൽ
5. ശ്രീ. കെ. ആൻസലൻ
6. ശ്രീ. ആന്റണി ജോൺ
7. ശ്രീ. ആന്റണി രാജു
8. ശ്രീ. എം. എസ്. അരുൺകുമാർ
9. ശ്രീമതി സി. കെ. ആശ
10. ശ്രീ. കെ. ബാബു (നെന്മാറ)
11. ശ്രീ. പി. ബാലചന്ദ്രൻ
12. ശ്രീ. കെ. എൻ. ബാലഗോപാൽ
13. പ്രൊഫ. ആർ. ബിന്ദു
14. ശ്രീ. ഇ. ചന്ദ്രശേഖരൻ
15. ശ്രീമതി ജെ. ചിഞ്ചുറാണി
16. ശ്രീ. പി. പി. ചിത്തരഞ്ജൻ
17. ശ്രീമതി ദെലീമ
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
20. ശ്രീ. സി. കെ. ഹരീന്ദ്രൻ
21. ശ്രീ. കെ. ടി. ജലീൽ
22. ശ്രീമതി കാനത്തിൽ ജമീല
23. ശ്രീ. ജി. എസ്. ജയലാൽ

24. ഡോ. എൻ. ജയരാജ്
25. ശ്രീ. കെ. യു. ജനീഷ് കുമാർ
26. ശ്രീ. ജോബ് മൈക്കിൾ
27. ശ്രീ. വി. ജോയി
28. ശ്രീ. ഒ. ആർ. കേളു
29. ശ്രീ. കെ. കൃഷ്ണൻകുട്ടി
30. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
31. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
32. ശ്രീ. കോവൂർ കുഞ്ഞുമോൻ
33. ശ്രീ. ലിന്റോ ജോസഫ്
34. ശ്രീ. ടി. ഐ. മധുസൂദനൻ
35. ശ്രീ. പി. മമ്മിക്കുട്ടി
36. ശ്രീ. എം. എം. മണി
37. ശ്രീ. മാത്യു ടി. തോമസ്
38. ശ്രീ. കെ. ജെ. മാക്സി
39. ശ്രീ. പി. എ. മുഹമ്മദ് റിയാസ്
40. ശ്രീ. കെ. പി. മോഹനൻ
41. ശ്രീ. എ. സി. മൊയ്തീൻ
42. ശ്രീ. സി. സി. മുകുന്ദൻ
43. ശ്രീ. ഡി. കെ. മുരളി
44. ശ്രീ. മുരളി പെരുനെല്ലി
45. ശ്രീ. പി. നന്ദകുമാർ
46. ശ്രീ. എം. നൗഷാദ്
47. ശ്രീ. എ. പ്രഭാകരൻ
48. ശ്രീ. പ്രമോദ് നാരായൺ

49. ശ്രീ. വി. കെ. പ്രശാന്ത്
50. ശ്രീ. പി. പ്രസാദ്
51. ശ്രീ. കെ. ഡി. പ്രസേനൻ
52. ശ്രീമതി യു. പ്രതിഭ
53. ശ്രീ. കെ. രാധാകൃഷ്ണൻ
54. ശ്രീ. പി. ടി. എ. റഹീം
55. ശ്രീ. എ. രാജ
56. ശ്രീ. എം. രാജഗോപാലൻ
57. ശ്രീ. കെ. രാജൻ
58. ശ്രീ. പി. രാജീവ്
59. ശ്രീ. കെ. കെ. രാമചന്ദ്രൻ
60. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
61. ശ്രീ. ടി. പി. രാമകൃഷ്ണൻ
62. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
63. ശ്രീ. റോഷി അഗസ്റ്റിൻ
64. ശ്രീ. കെ. എം. സച്ചിൻദേവ്
65. ശ്രീ. സജി ചെറിയാൻ
66. ശ്രീ. എച്ച്. സലാം
67. ശ്രീമതി ശാന്തകുമാരി കെ.
68. ശ്രീ. വി.ശശി
69. ശ്രീ. എ. കെ. ശശീന്ദ്രൻ
70. ശ്രീ. ഐ. ബി. സതീഷ്
71. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ
72. ശ്രീ. എ. എൻ. ഷംസീർ
73. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

74. ശ്രീ. വാഴൂർ സോമൻ
75. ശ്രീ. പി. വി. ശ്രീനിജൻ
76. ശ്രീ. ജി. സ്റ്റീഫൻ
77. ഡോ. സുജിത് വിജയൻപിള്ള
78. ശ്രീ. കെ. വി. സുമേഷ്
79. ശ്രീ. പി. പി. സുമോദ്
80. ശ്രീ. വി. ആർ. സുനിൽ കുമാർ
81. ശ്രീ. പി. എസ്. സുപാൽ
82. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
83. ശ്രീ. തോമസ് കെ. തോമസ്
84. ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ
85. ശ്രീ. വി. എൻ. വാസവൻ
86. ശ്രീമതി വീണാ ജോർജ്ജ്
87. ശ്രീ. ഇ. കെ. വിജയൻ
88. ശ്രീ. പിണറായി വിജയൻ
89. ശ്രീ. എം. വിജിൻ
90. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

<u>പ്രതികൂലിക്കുന്നവർ</u>

1. ശ്രീ. അബ്ദുൽ ഹമീദ് പി.
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. മഞ്ഞളാംകുഴി അലി
4. ശ്രീ. എ. പി. അനിൽ കുമാർ
5. ശ്രീ. അനൂപ് ജേക്കബ്

6. ശ്രീ. അൻവർ സാദത്ത്
7. ശ്രീ. എ. കെ. എം. അഷ്റഫ്
8. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ )
9. ശ്രീ. പി. കെ. ബഷീർ
10. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
11. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
12. ശ്രീ. ടി. വി. ഇബ്രാഹിം
13. ശ്രീ. പി. ജെ. ജോസഫ്
14. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
15. ശ്രീ. സി. ആർ. മഹേഷ്
16. ശ്രീ. കെ. പി. എ. മജീദ്
17. ശ്രീ. മാണി സി. കാപ്പൻ
18. ഡോ. മാത്യു കുഴൽനാടൻ
19. ശ്രീ. കുറുക്കോളി മൊയ്തീൻ
20. ശ്രീ. മോൻസ് ജോസഫ്
21. ശ്രീ. നജീബ് കാന്തപുരം
22. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
23. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
24. ശ്രീ. രമേശ് ചെന്നിത്തല
25. ശ്രീമതി കെ. കെ. രമ
26. ശ്രീ. റോജി എം. ജോൺ
27. ശ്രീ. സജീവ് ജോസഫ്
28. ശ്രീ. എൻ. ഷംസുദ്ദീൻ
29. ശ്രീ. സനീഷ്കുമാർ ജോസഫ്
30. ശ്രീ. വി. ഡി. സതീശൻ

31. ശ്രീ. ഷാഫി പറമ്പിൽ
32. ശ്രീ. ടി. സിദ്ദിഖ്
33. ശ്രീ. സണ്ണി ജോസഫ്
34. ശ്രീ. പി. ടി. തോമസ്
35. ശ്രീ. പി. ഉബൈദുള്ള
36. ശ്രീ. എം. വിൻസെന്റ്
37. ശ്രീ. ടി. ജെ. വിനോദ്
38. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ:

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | - | 90 |
| പ്രതികൂലിക്കുന്നവർ | - | 38 |
| നിഷ്പക്ഷത പാലിക്കുന്നവർ | - | ആരുമില്ല. |

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XIV -സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും

മി. സ്പീക്കർ: സർവ്വശ്രീ. പി. കെ. ബഷീർ, കെ. പി. മജീദ് , പി. കെ. കുഞ്ഞാലിക്കുട്ടി, മോൻസ് ജോസഫ്, ടി. വി. ഇബ്രാഹിം, എൻ. എ. നെല്ലിക്കുന്ന്, മഞ്ഞളാംകുഴി അലി, കുറുക്കോളി മൊയ്തീൻ, എൻ. ഷംസുദ്ദീൻ, ശ്രീ. പി. ഉബൈദുള്ള, നജീബ് കാന്തപുരം, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, അബ്ദുൽ ഹമീദ്. പി., കെ. കെ. രമ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, എ.

പി. അനിൽ കുമാർ, അൻവർ സാദത്ത്, എൽദോസ് പി. കുന്നപ്പിള്ളിൽ, ഐ. സി. ബാലകൃഷ്ണൻ, ടി. ജെ. വിനോദ്, സി. ആർ. മഹേഷ്, സനീഷ്കുമാർ ജോസഫ്, പി. സി. വിഷ്ണുനാഥ്, എം. വിൻസെന്റ്, ടി. സിദ്ദിഖ്, സണ്ണി ജോസഫ്, പി. ടി. തോമസ്, ഡോ. മാത്യു കുഴൽനാടൻ, കെ. ബാബു (തൃപ്പൂണിത്തുറ), സജീവ് ജോസഫ്, റോജി എം. ജോൺ, എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XIV-ാം ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

(ആരും പ്രസ്സ് ചെയ്തില്ല)

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ</u>

1. ശ്രീ. അഹമ്മദ് ദേവർകോവിൽ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. ജി. ആർ. അനിൽ
5. ശ്രീ. കെ. ആൻസലൻ
6. ശ്രീ. ആന്റണി ജോൺ
7. ശ്രീ. ആന്റണി രാജു
8. ശ്രീ. എം. എസ്. അരുൺകുമാർ
9. ശ്രീമതി സി. കെ. ആശ
10. ശ്രീ. കെ. ബാബു (നെന്മാറ)
11. ശ്രീ. പി. ബാലചന്ദ്രൻ
12. ശ്രീ. കെ. എൻ. ബാലഗോപാൽ
13. പ്രൊഫ. ആർ. ബിന്ദു
14. ശ്രീ. ഇ. ചന്ദ്രശേഖരൻ
15. ശ്രീമതി ജെ. ചിഞ്ചുറാണി
16. ശ്രീ. പി. പി. ചിത്തരഞ്ജൻ
17. ശ്രീമതി ദെലീമ

18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
20. ശ്രീ. സി. കെ. ഹരീന്ദ്രൻ
21. ശ്രീ. കെ. ടി. ജലീൽ
22. ശ്രീമതി കാനത്തിൽ ജമീല
23. ശ്രീ. ജി. എസ്. ജയലാൽ
24. ഡോ. എൻ. ജയരാജ്
25. ശ്രീ. കെ. യു. ജനീഷ് കുമാർ
26. ശ്രീ. ജോബ് മൈക്കിൾ
27. ശ്രീ. വി. ജോയി
28. ശ്രീ. ഒ. ആർ. കേളു
29. ശ്രീ. കെ. കൃഷ്ണൻകുട്ടി
30. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
31. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
32. ശ്രീ. കോവൂർ കുഞ്ഞുമോൻ
33. ശ്രീ. ലിന്റോ ജോസഫ്
34. ശ്രീ. ടി. ഐ. മധുസൂദനൻ
35. ശ്രീ. പി. മമ്മിക്കുട്ടി
36. ശ്രീ. എം. എം. മണി
37. ശ്രീ. മാത്യു ടി. തോമസ്
38. ശ്രീ. കെ. ജെ. മാക്സി
39. ശ്രീ. പി. എ. മുഹമ്മദ് റിയാസ്
40. ശ്രീ. കെ. പി. മോഹനൻ
41. ശ്രീ. എ. സി. മൊയ്തീൻ
42. ശ്രീ. സി. സി. മുകുന്ദൻ

43. ശ്രീ. ഡി. കെ. മുരളി
44. ശ്രീ. മുരളി പെരുനെല്ലി
45. ശ്രീ. പി. നന്ദകുമാർ
46. ശ്രീ. എം. നൗഷാദ്
47. ശ്രീ. എ. പ്രഭാകരൻ
48. ശ്രീ. പ്രമോദ് നാരായൺ
49. ശ്രീ. വി. കെ. പ്രശാന്ത്
50. ശ്രീ. പി. പ്രസാദ്
51. ശ്രീ. കെ. ഡി. പ്രസേനൻ
52. ശ്രീമതി യു. പ്രതിഭ
53. ശ്രീ. കെ. രാധാകൃഷ്ണൻ
54. ശ്രീ. പി. ടി. എ. റഹീം
55. ശ്രീ. എ. രാജ
56. ശ്രീ. എം. രാജഗോപാലൻ
57. ശ്രീ. കെ. രാജൻ
58. ശ്രീ. പി. രാജീവ്
59. ശ്രീ. കെ. കെ. രാമചന്ദ്രൻ
60. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
61. ശ്രീ. ടി. പി. രാമകൃഷ്ണൻ
62. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
63. ശ്രീ. റോഷി അഗസ്റ്റിൻ
64. ശ്രീ. കെ. എം. സച്ചിൻദേവ്
65. ശ്രീ. സജി ചെറിയാൻ
66. ശ്രീ. എച്ച്. സലാം
67. ശ്രീമതി ശാന്തകുമാരി കെ.

68. ശ്രീ. വി.ശശി
69. ശ്രീ. എ. കെ. ശശീന്ദ്രൻ
70. ശ്രീ. ഐ. ബി. സതീഷ്
71. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ
72. ശ്രീ. എ. എൻ. ഷംസീർ
73. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
74. ശ്രീ. വാഴൂർ സോമൻ
75. ശ്രീ. പി. വി. ശ്രീനിജൻ
76. ശ്രീ. ജി. സ്റ്റീഫൻ
77. ഡോ. സുജിത് വിജയൻപിള്ള
78. ശ്രീ. കെ. വി. സുമേഷ്
79. ശ്രീ. പി. പി. സുമോദ്
80. ശ്രീ. വി. ആർ. സുനിൽ കുമാർ
81. ശ്രീ. പി. എസ്. സുപാൽ
82. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
83. ശ്രീ. തോമസ് കെ. തോമസ്
84. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ
85. ശ്രീ. വി. എൻ. വാസവൻ
86. ശ്രീമതി വീണാ ജോർജ്ജ്
87. ശ്രീ. ഇ. കെ. വിജയൻ
88. ശ്രീ. പിണറായി വിജയൻ
89. ശ്രീ. എം. വിജിൻ
90. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

<u>പ്രതികൂലിക്കുന്നവർ</u>

1. ശ്രീ. അബ്ദുൽ ഹമീദ് പി.
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. മഞ്ഞളാംകുഴി അലി
4. ശ്രീ. എ. പി. അനിൽ കുമാർ
5. ശ്രീ. അനൂപ് ജേക്കബ്
6. ശ്രീ. അൻവർ സാദത്ത്
7. ശ്രീ. എ. കെ. എം. അഷ്റഫ്
8. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ )
9. ശ്രീ. പി. കെ. ബഷീർ
10. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
11. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
12. ശ്രീ. ടി. വി. ഇബ്രാഹിം
13. ശ്രീ. പി. ജെ. ജോസഫ്
14. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
15. ശ്രീ. സി. ആർ. മഹേഷ്
16. ശ്രീ. കെ. പി. എ. മജീദ്
17. ശ്രീ. മാണി സി. കാപ്പൻ
18. ഡോ. മാത്യു കുഴൽനാടൻ
19. ശ്രീ. കുറുക്കോളി മൊയ്തീൻ
20. ശ്രീ. മോൻസ് ജോസഫ്
21. ശ്രീ. നജീബ് കാന്തപുരം
22. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
23. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

24. ശ്രീ. രമേശ് ചെന്നിത്തല
25. ശ്രീമതി കെ. കെ. രമ
26. ശ്രീ. റോജി എം. ജോൺ
27. ശ്രീ. സജീവ് ജോസഫ്
28. ശ്രീ. എൻ. ഷംസുദ്ദീൻ
29. ശ്രീ. സനീഷ്കുമാർ ജോസഫ്
30. ശ്രീ. വി. ഡി. സതീശൻ
31. ശ്രീ. ഷാഫി പറമ്പിൽ
32. ശ്രീ. ടി. സിദ്ദിഖ്
33. ശ്രീ. സണ്ണി ജോസഫ്
34. ശ്രീ. പി. ടി. തോമസ്
35. ശ്രീ. പി. ഉബൈദുള്ള
36. ശ്രീ. എം. വിൻസെന്റ്
37. ശ്രീ. ടി. ജെ. വിനോദ്
38. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ - 90

പ്രതികൂലിക്കുന്നവർ - 38

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

<u>ധനാഭ്യർത്ഥന നമ്പർ XXIII - വാർത്താ വിതരണവും പ്രചരണവും</u>

<u>മി. സ്പീക്കർ</u>: സർവ്വശ്രീ. പി. കെ. ബഷീർ, അബ്ദുൽ ഹമീദ്. പി., കെ. പി. എ. മജീദ്, യു. എ. ലത്തീഫ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, എ.

പി. അനിൽകുമാർ, കെ. കെ രമ, എൻ. ഷംസുദ്ദീൻ, പി. ഉബൈദുള്ള, നജീബ് കാന്തപുരം, മഞ്ഞളാംകുഴി അലി, എൻ. എ. നെല്ലിക്കുന്ന്, കുറുക്കോളി മൊയ്തീൻ, ടി. സിദ്ദിഖ്, സണ്ണി ജോസഫ്, മോൻസ് ജോസഫ്, കെ. ബാബു (തൃപ്പൂണിത്തുറ), പി. ടി. തോമസ്, എം. വിൻസെന്റ്, പി. സി. വിഷ്ണുനാഥ്, സജീവ് ജോസഫ്, സനീഷ്കുമാർ ജോസഫ്, സി. ആർ. മഹേഷ്, ടി. ജെ. വിനോദ്, ഐ. സി. ബാലകൃഷ്ണൻ, എൽദോസ് പി. കുന്നപ്പിള്ളിൽ, അൻവർ സാദത്ത്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, ഡോ. മാത്യു കുഴൽനാടൻ, റോജി എം. ജോൺ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XXIII-ാം ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

(ആരും പ്രസ്സ് ചെയ്തില്ല)

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വാർത്താ വിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള

ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ

1. ശ്രീ. അഹമ്മദ് ദേവർകോവിൽ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. ജി. ആർ. അനിൽ
5. ശ്രീ. കെ. ആൻസലൻ
6. ശ്രീ. ആന്റണി ജോൺ
7. ശ്രീ. ആന്റണി രാജു
8. ശ്രീ. എം. എസ്. അരുൺകുമാർ
9. ശ്രീമതി സി. കെ. ആശ
10. ശ്രീ. കെ. ബാബു (നെന്മാറ)
11. ശ്രീ. പി. ബാലചന്ദ്രൻ
12. ശ്രീ. കെ. എൻ. ബാലഗോപാൽ

13. പ്രൊഫ. ആർ. ബിന്ദു
14. ശ്രീ. ഇ. ചന്ദ്രശേഖരൻ
15. ശ്രീമതി ജെ. ചിഞ്ചുറാണി
16. ശ്രീ. പി. പി. ചിത്തരഞ്ജൻ
17. ശ്രീമതി ദെലീമ
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
20. ശ്രീ. സി. കെ. ഹരീന്ദ്രൻ
21. ശ്രീ. കെ. ടി. ജലീൽ
22. ശ്രീമതി കാനത്തിൽ ജമീല
23. ശ്രീ. ജി. എസ്. ജയലാൽ
24. ഡോ. എൻ. ജയരാജ്
25. ശ്രീ. കെ. യു. ജനീഷ് കുമാർ
26. ശ്രീ. ജോബ് മൈക്കിൾ
27. ശ്രീ. വി. ജോയി
28. ശ്രീ. ഒ. ആർ. കേളു
29. ശ്രീ. കെ. കൃഷ്ണൻകുട്ടി
30. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
31. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
32. ശ്രീ. കോവൂർ കുഞ്ഞുമോൻ
33. ശ്രീ. ലിന്റോ ജോസഫ്
34. ശ്രീ. ടി. ഐ. മധുസൂദനൻ
35. ശ്രീ. പി. മമ്മിക്കുട്ടി
36. ശ്രീ. എം. എം. മണി
37. ശ്രീ. മാത്യു ടി. തോമസ്

38. ശ്രീ. കെ. ജെ. മാക്സി
39. ശ്രീ. പി. എ. മുഹമ്മദ് റിയാസ്
40. ശ്രീ. കെ. പി. മോഹനൻ
41. ശ്രീ. എ. സി. മൊയ്തീൻ
42. ശ്രീ. സി. സി. മുകുന്ദൻ
43. ശ്രീ. ഡി. കെ. മുരളി
44. ശ്രീ. മുരളി പെരുനെല്ലി
45. ശ്രീ. പി. നന്ദകുമാർ
46. ശ്രീ. എം. നൗഷാദ്
47. ശ്രീ. എ. പ്രഭാകരൻ
48. ശ്രീ. പ്രമോദ് നാരായൺ
49. ശ്രീ. വി. കെ. പ്രശാന്ത്
50. ശ്രീ. പി. പ്രസാദ്
51. ശ്രീ. കെ. ഡി. പ്രസേനൻ
52. ശ്രീമതി യു. പ്രതിഭ
53. ശ്രീ. കെ. രാധാകൃഷ്ണൻ
54. ശ്രീ. പി. ടി. എ. റഹീം
55. ശ്രീ. എ. രാജ
56. ശ്രീ. എം. രാജഗോപാലൻ
57. ശ്രീ. കെ. രാജൻ
58. ശ്രീ. പി. രാജീവ്
59. ശ്രീ. കെ. കെ. രാമചന്ദ്രൻ
60. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
61. ശ്രീ. ടി. പി. രാമകൃഷ്ണൻ
62. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

63. ശ്രീ. റോഷി അഗസ്റ്റിൻ
64. ശ്രീ. കെ. എം. സച്ചിൻദേവ്
65. ശ്രീ. സജി ചെറിയാൻ
66. ശ്രീ. എച്ച്. സലാം
67. ശ്രീമതി ശാന്തകുമാരി കെ.
68. ശ്രീ. വി. ശശി
69. ശ്രീ. എ. കെ. ശശീന്ദ്രൻ
70. ശ്രീ. ഐ. ബി. സതീഷ്
71. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ
72. ശ്രീ. എ. എൻ. ഷംസീർ
73. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
74. ശ്രീ. വാഴൂർ സോമൻ
75. ശ്രീ. പി. വി. ശ്രീനിജൻ
76. ശ്രീ. ജി. സ്റ്റീഫൻ
77. ഡോ. സുജിത് വിജയൻപിള്ള
78. ശ്രീ. കെ. വി. സുമേഷ്
79. ശ്രീ. പി. പി. സുമോദ്
80. ശ്രീ. വി. ആർ. സുനിൽ കുമാർ
81. ശ്രീ. പി. എസ്. സുപാൽ
82. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
83. ശ്രീ. തോമസ് കെ. തോമസ്
84. ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ
85. ശ്രീ. വി. എൻ. വാസവൻ
86. ശ്രീമതി വീണാ ജോർജ്ജ്
87. ശ്രീ. ഇ. കെ. വിജയൻ

88. ശ്രീ. പിണറായി വിജയൻ

89. ശ്രീ. എം. വിജിൻ

90. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

<u>പ്രതികൂലിക്കുന്നവർ</u>

1. ശ്രീ. അബ്ദുൽ ഹമീദ് പി.
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. മഞ്ഞളാംകുഴി അലി
4. ശ്രീ. എ. പി. അനിൽ കുമാർ
5. ശ്രീ. അനൂപ് ജേക്കബ്
6. ശ്രീ. അൻവർ സാദത്ത്
7. ശ്രീ. എ. കെ. എം. അഷ്റഫ്
8. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ )
9. ശ്രീ. പി. കെ. ബഷീർ
10. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
11. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
12. ശ്രീ. ടി. വി. ഇബ്രാഹിം
13. ശ്രീ. പി. ജെ. ജോസഫ്
14. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
15. ശ്രീ. സി. ആർ. മഹേഷ്
16. ശ്രീ. കെ. പി. എ. മജീദ്
17. ശ്രീ. മാണി സി. കാപ്പൻ
18. ഡോ. മാത്യു കുഴൽനാടൻ
19. ശ്രീ. കുറുക്കോളി മൊയ്തീൻ

20. ശ്രീ. മോൻസ് ജോസഫ്
21. ശ്രീ. നജീബ് കാന്തപുരം
22. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
23. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
24. ശ്രീ. രമേശ് ചെന്നിത്തല
25. ശ്രീമതി കെ. കെ. രമ
26. ശ്രീ. റോജി എം. ജോൺ
27. ശ്രീ. സജീവ് ജോസഫ്
28. ശ്രീ. എൻ. ഷംസുദ്ദീൻ
29. ശ്രീ. സനീഷ്കുമാർ ജോസഫ്
30. ശ്രീ. വി. ഡി. സതീശൻ
31. ശ്രീ. ഷാഫി പറമ്പിൽ
32. ശ്രീ. ടി. സിദ്ദിഖ്
33. ശ്രീ. സണ്ണി ജോസഫ്
34. ശ്രീ. പി. ടി. തോമസ്
35. ശ്രീ. പി. ഉബൈദുള്ള
36. ശ്രീ. എം. വിൻസെന്റ്
37. ശ്രീ. ടി. ജെ. വിനോദ്
38. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ - 90
പ്രതികൂലിക്കുന്നവർ - 38
നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

<u>മി. സ്പീക്കർ</u>: ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 ജൂലൈ 27-ാം തീയതി രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.20-ന് പിരിഞ്ഞു.)

******